സന്ന്യാസവും വത്തിക്കാൻ സൂനഹദോസും




.069


ഫാ. കമിൽ, സി. എം. ഐ.

Cover Printed at
Deepika Press,
Kottayam–686 001

Cover design:
Rev. Sr. Celin S.A.B.S.

സന്യാസവും വത്തിക്കാൻ സൂനഹദോസും





—ഫാദർ കമിൽ സി. എം. ഐ.

SANYASAUM -VATICAN SUNAHADOSUM

(Malayalam)

AUTHOR

FR. CAMIL C. M. I.

First Edition

February 1973

Published by:

Santhome Publications

St. Thomas Mount, Calicut-12.

Printed at

ST. THOMAS PRESS

Marikunnu, Calicut.

Distributors:

Deepika Book House

Kottayam.

Vimala Book Centre

Amalapuri, Calicut-1.

Price - Rs. 4-00

m/271.069
CAM

Nihil Obstat:

REV. FR. THEOPHANE C. M. I.

REV. FR. JOSEPH KANJIRAMATTATHIL C. M. I.

Imprimi Potest:

REV. FR. PAULINUS C. M. I.

PROVINCIAL.

അവതാരിക

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹത്തും ബൃഹത്തുമായ സംഭവമെന്നു പ്രകീർത്തിതമാണു് 2-ാം വത്തിക്കാൻ കൗൺസിൽ. തിരുസ്സഭയുടെ അകത്തും പുറത്തും വിശ്വവ്യാപകമായ പരിവർത്തനത്തിനു് അതു കളമൊരുക്കി. 1962 ഒക്ടോബർ 11-നു് ചിരകാലപ്രതീക്ഷിതമായ 2-ാം വത്തിക്കാൻ കൗൺസിൽ ഉൽഘാടനം ചെയ്യപ്പെട്ട പ്പോഴം അതിന്റെ ഉപജ്ഞാതാവായ പോപ്പു ജോൺ ഉദ്ഘോരണം ചെയ്തു: ''സഭയെ അധുനാധുനീകരിക്കുക''

പോപ്പുജോണും പോളം ആറാമനും ആവിഷ്കരിച്ച നവീകരണ പ്രക്രിയയുടെ സർവ്വതോന്മുഖമായ സാക്ഷാത്ക്കരണമാണു് 2-ാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച 16 പ്രമാണരേഖകളം. അതിൽ ഒട്ടും അപ്രധാനമല്ല സന്യാസസഭാനവീകരണത്തേയും അനുരൂപണത്തേയും (Renewal and adaptation) ലക്ഷ്യംവച്ചുള്ള ''Perfectae Caritatis'' എന്നുള്ള ഡിക്രി. വത്തിക്കാൻ കൗൺസിലിന്റെ നവീകരണപ്രക്രിയയ്ക്കനുയോജ്യമായി അനുരൂപണങ്ങളും ആഭിമുഖ്യങ്ങളും ഉണ്ടാകേണ്ടതു് എപ്രകാരമെന്നു ചൂണ്ടിക്കാണിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണു് സാതിശയം ഒരു നലംതികഞ്ഞ ധ്യാനപ്രസംഗകനുമായ ഫാദർ കമിൽ സി. എം. ഐ. യുടെ ''സന്യാസം വത്തിക്കാൻ കൗൺസിലിനുശേഷം'' എന്നതു്.

സന്യസ്തർ ക്രിസ്തുവിനോടും സഭയോടും കൗൺസിലിനോടുമുള്ള വിശ്വസ്തത (fidelity) അനുനം അനുസ്യൂതം

പാലിക്കുവാൻ ചെയ്യേണ്ടവ എന്തെല്ലാമെന്നു് ഗ്രന്ഥകർത്താവു വ്യക്തമാക്കുകയാണു്. ക്രിസ്തുവിലും സഭയിലും കേന്ദ്രീകൃതമായ ഒരു ആരാധനാപരമായ ജീവിതമാണു് സന്യാസം. ഓരോ വ്രതങ്ങളും അനുഷ്ഠാനങ്ങളും എപ്രകാരം ഒരു സന്യാസിയെ താദാത്മ്യജീവിതത്തിനു സഹായിക്കുന്നുവെന്നു് ശക്തമായ ഭാഷയിൽ വിശദീകരിക്കുന്ന ഈ ഗ്രന്ഥത്തിൽ സന്യാസസാമൂഹ്യജീവിതത്തിൽ ദൈവശാസ്ത്രം, ദിവ്യകാരുണ്യസമൂഹം, സന്യാസികളിൽ ഉണ്ടാകേണ്ട പ്രേഷിതാഭിമുഖ്യം ആദിയായ കാലികവും നൂതനവുമായ വിഷയങ്ങളും വിദഗ്ധമായി ലളിതസുന്ദരമായ ഭാഷയിൽ ഗ്രന്ഥകർത്താവു് അവതരിപ്പിച്ചിട്ടുണ്ടു്. സന്യാസനവീകരണപ്രക്രിയാവലയത്തിലുള്ള എല്ലാവരും- അധികാരികളും അധീനരും- അവശ്യം വായിച്ചിരിക്കേണ്ട ഒരു അമൂല്യഗ്രന്ഥമാണു് ഫാദർ കമിലിന്റെ ''സന്യാസം, വത്തിക്കാൻ സൂനഹദോസിനുശേഷം'' എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണു്.

ശാസ്ത്രോത്പ്രേരിതമായ ആധുനികയുഗം മൂല്യത്തകർച്ചയുടെ ഒരു കാലഘട്ടംകൂടിയാണു്. 2-ാം വത്തിക്കാൻ കൗൺസിലിനുശേഷം സന്യാസജീവിതത്തിൽ ഉണ്ടാകേണ്ട ആഭിമുഖ്യങ്ങളെ സംബന്ധിച്ചു് പലരുടേയും ഇടയിൽ ചില ചിന്താക്കുഴപ്പങ്ങളും ഉണ്ടായിട്ടുണ്ടു്, തത്ഫലമായി ഇന്നു് സന്യസ്തരിലും അടിസ്ഥാനതത്വങ്ങളിൽ ചില പാളിച്ചകളും സംഭവിച്ചുകൊണ്ടിരിക്കുന്നു. തിരുസ്സഭയിൽ എല്ലാവരും വിശുദ്ധിക്കായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന പ്രഖ്യാപനം സന്യാസജീവിതത്തിന്റെ പ്രസക്തിയെ സംബന്ധിച്ചിടത്തോളം ചിലരിലെല്ലാം ചില ചിന്താക്കുഴപ്പം ഉണ്ടാക്കിയിരിക്കാം. എന്നാൽ സന്യാസജീവിതം കാലഹരണപ്പെട്ടിട്ടില്ലായെന്നു് വത്തിക്കാൻകൗൺസിൽ

തന്നെ അസന്നിഗ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചിട്ടുണ്ട് സന്യാസ നവീകരണത്തെപ്പറ്റിയുള്ള ഡിക്രിയിൽ. സന്യാസജീവിതം യുഗാന്ത്യക്ഷയോന്മുഖ പ്രകൃതിയോട് (eschatalogical character) കൂടിയതാണ്. വരുവാനിരിക്കുന്ന ലോകത്തിന്റെ ഒരുടയാളം (signum) ആണ്. തന്മൂലം സന്യാസം ഒരു ക്ലേശമായാണ് വാച്യാർത്ഥത്തിൽ, സമൂഹമെന്ന നിലയിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന ഒന്നായിരിക്കണം സന്യാസജീവിതം. ഇങ്ങനെ സഭാസംബന്ധമായ മറ്റു തലങ്ങളിലെന്നതുപോലെ താത്വികമായും ദൈവശാസ്ത്രപരമായും സന്യാസജീവിതത്തെപ്പറ്റിയുള്ള വീക്ഷണത്തിലും സമീപനത്തിലും അല്പമൊരു വ്യത്യാസം വന്നിട്ടുണ്ട് കൗൺസിലിനുശേഷം. പക്ഷേ അന്തസ്സത്ത (essence) അന്നും ഇന്നും ഒന്നുതന്നെ.

കേരള സന്യാസസഭകളുടെ നവീകരണത്തിനും നവോത്ഥാനത്തിനും തികച്ചും സഹായകരമായ ഒരു വിശിഷ്ട ഗ്രന്ഥം കേരളസഭയ്ക്കു കാഴ്ചവെച്ച ഗ്രന്ഥകർത്താവിനെ ആത്മാർത്ഥമായി അനുമോദിക്കുകയും ഗ്രന്ഥത്തിനു പ്രചുര പ്രചാരം ആശംസിക്കുകയും ചെയ്യുകൊള്ളുന്നു.

മാന്നാനം
സെപ്റ്റ. 3, '72

ഫാ. ജോസഫ് ജെയിംസ്
C. M. I.
പ്രിൻസിപ്പൽ,
ടെയിനിംഗ് കോളേജ്, മാന്നാനം.

മുഖവുര

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നവീകരണ പ്രക്രിയ കത്തോലിക്കാസഭാജീവിതത്തിൽ വിപ്ലവാത്മകമായ പരിവർത്തനങ്ങളും ഉളവാക്കിക്കൊണ്ടിരിക്കുന്ന ഒരു ദശാസന്ധിയിലാണു് നാം ജീവിക്കുന്നതു്. സന്ന്യാസജീവിതത്തിലും ഇപ്രകാരമുള്ള പരിവർത്തനങ്ങളും ഉണ്ടായേ മതിയാവൂ. അതു് സ്വാഭാവികമാണു്. എന്നാൽ ഏതു് നവീകരണവും അന്ത്യപ്രാപ്തിക്കു സഹായകമായിരിക്കണമല്ലോ. ''പുരോഗമനം'' അന്ത്യത്തോടുള്ള സമീപനം എന്നാണു് നിർവചിക്കുക. സന്ന്യാസ നവീകരണം സന്ന്യാസജീവിതത്തിന്റെ അന്ത്യങ്ങളായ ദൈവമഹത്വം, സഭാസേവനം, ആത്മരക്ഷ, സ്വയവിശുദ്ധി എന്നീ ലക്ഷ്യങ്ങളുടെ നേർക്കുള്ളതായിരിക്കണം.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ലക്ഷ്യമെന്താണു്? എന്നു് കരിക്കൽ കർദ്ദിനാളന്മാർ ജോൺ മാർപ്പാപ്പാതിരുമേനിയോടു് ചോദിച്ചു. അപ്പോഴും പ. പിതാവു് അതിനു് മറുപടി പറയാതെ അദ്ദേഹം ഇരുന്നു് വായിച്ചിരുന്ന ലൈബ്രറിയുടെ അടച്ചു് കിടന്ന ജനാലകളും ചെന്നു് തുറന്നിട്ടു് അവരോടു് ''സ്വല്പം പ്രകാശവും മന്ദമാരുതനും പ്രവേശിക്കുന്നതിനാണെന്നു്'' പറഞ്ഞു. എന്നാൽ പ. പിതാവു് വെളിച്ചവും മന്ദമാരുതനും പ്രവേശിക്കുവാനായി തുറന്ന ജാലകത്തിലൂടെ ഒരു പ്രചണ്ഡമാരുതൻ അടിച്ചു് കയറുകയാണു്. അതിന്റെ ശക്തിയിൽ കത്തോലിക്കാസഭയുടെ മൗലീകമായ ചില തത്വസംഹിതകളെത്തന്നെ പുരോഗമനവാദികളും ചോദ്യം ചെയ്യുവാൻ മുതിർന്നിരിക്കു

കയാണു് എന്നു് 1970—ൽ യൂണിവേഴ്സു് പത്രത്തിൽ വായിക്കുകയുണ്ടായി. തങ്ങളെ മാത്രമാണു് പുരോഗമനത്തിന്റെ വക്താക്കളെ എന്നവകാശപ്പെടുന്ന ചില വൈദികരും സന്യാസികളും പൗരോഹിത്യത്തിന്റെയും സന്യാസത്തിന്റെയും പരിപാവനമായ മൂല്യങ്ങളെത്തന്നെ അവഹേളിക്കുന്നതും ചിലപ്പോഴെങ്കിലും കേൾക്കാം.

യഥാർത്ഥത്തിൽ കൗൺസിൽ വിശുദ്ധീകരിച്ചുള്ള ആഹ്വാനമാണു് നല്കിയിട്ടുള്ളതു്. വിപ്ലവാത്മകമായ പരിവർത്തനങ്ങളുടെ യുഗത്തിൽ അഥവാ ചാന്ദ്രയുഗത്തിലും സന്യാസം സാർത്ഥകമാണു്. ഇതു് ദൈവത്തിലും ക്രിസ്തുവിലും, സഭയിലും കേന്ദ്രീകൃതമായ ആരാധനാപരമായ ജീവിതമെന്നു് ഈ ഗ്രന്ഥത്തിൽ സമർത്ഥിച്ചിരിക്കുന്നു. സന്യാസവ്രതങ്ങളും മനുഷ്യന്റെ ബൗദ്ധികവും മാനസികവുമായ വികാസത്തിനു് സഹായകമാണെന്നും കാലോചിതമായ നവീകരണത്തിന്റെ രംഗം എന്താണെന്നും ചൂണ്ടികാണിക്കുന്നുണ്ടു്. കേരളത്തിലെ സന്യാസികളിൽ ഏതാദ്യശ്യമായ ഒരു നവീകരണത്തിനു് ഈ ഗ്രന്ഥം സ്വല്പമെങ്കിലും സഹായകമാകുമെങ്കിൽ ഞാൻ കൃതകൃത്യനായിക്കൊള്ളാം. ഗ്രന്ഥരചനയിൽ സഹായിച്ചിട്ടുള്ള എല്ലാവർക്കും ഹൃദയംഗമമായ കൃതജ്ഞത. പ്രത്യേകിച്ചു് ഇതിന്റെ പ്രസാധനം ഏറ്റെടുത്ത സാന്തോം പബ്ലിക്കേഷന്റെ ഭാരവാഹികളോടും മേരിക്കുന്നു് സെന്റു് തോമസു് പ്രസ്സു് ഭാരവാഹികളോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഫാ. കമിൽ സി. എം. ഐ.

വിഷയവിവരം.

അദ്ധ്യായം		പേജ്
	അവതാരിക.	
	മുഖവുര	
1.	സന്യാസം കാലഹരണപ്പെട്ട ജീവിതാദർശമോ?	1
2.	ജീവിക്കുന്ന വൈരുദ്ധ്യമോ	13
3.	സന്യാസം വത്തിക്കാൻ സൂനഹദോസിനു ശേഷം	24
4.	സന്യാസ സൗഭാഗ്യം	36
5.	സന്യാസാഹ്വാനം	46
6.	സന്യാസ ജീവിത മൂല്യങ്ങൾ	55
7.	ക്രിസ്തുവിനോടും, സഭയോടും, കൗൺസിലിനോടും വിശ്വസ്തരായിരിക്കുക	66
8.	സന്യാസ സാമൂഹ്യ ജീവിതത്തിന്റെ ദൈവശാസ്ത്രം	77
9.	സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ	87
10.	സന്യാസ സാഹോദര്യം	100
11.	അഭിമുഖീകരണം	109
12.	ദിവ്യകാരുണ്യസമൂഹം	120
13.	മറിയം സന്യാസികളുടെ ജീവിതത്തിൽ	128
14.	കെനോസിസ്: ജീവിക്കുക	135
15.	മിശിഹായുടെ പെസഹാരഹസ്യം ജീവിക്കുക	141
16.	നമ്മുടെ ആഹ്വാനം	152
17.	പ്രേഷിതാഭിമുഖ്യം	159
18.	താക്കോൽ	168
19.	ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ	177
20.	അരൂപിയിൽ ദരിദ്രർ	186
21.	സന്യാസസഭയുടെ ചൈതന്യം	194

അദ്ധ്യായം ഒന്ന്.

സന്യാസം കാലഹരണപ്പെട്ട ജീവിതാദർശമോ?

ഇന്ന് തിരുസ്സഭ അവളുടെ ചരിത്രത്തിലെ ഏറ്റവും വിധിനിർണ്ണായകമായ ഒരു പ്രതിസന്ധിയെതരണം ചെയ്യുകയാണ്. ലോകവും ഒരു പ്രതിസന്ധിയിലൂടെ നീങ്ങുന്നു. ലോകത്തിന്റെ ഭാവിഭാഗധേയങ്ങളും തിരുസഭയോടു് അവഗാഢംബന്ധിതമത്രെ. ആധുനികലോകം ഒരു സംഘർഷാവസ്ഥയിൽ (tension) എത്തിച്ചേർന്നിരിക്കുന്നു. ഭൗമികവും പാരത്രീകവും കാലികവും സനാതനവും തമ്മിൽ സംഘർഷമുണ്ട്. അധികാരികളും അധീനരും, വ്യക്തികളും സമൂഹവും, സമൂഹവും മറ്റു സമൂഹങ്ങളും തമ്മിലും രാഷ്ട്രവുംഇതരരാഷ്ട്രങ്ങളും തമ്മിലും സംഘർഷംനിലനില്ക്കുന്നു. അതിനു് ചില അടിസ്ഥാനകാരണങ്ങളുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നവീകരണപ്രക്രീയയെ ചിലർ തെറ്റിദ്ധരിച്ചു എന്നുള്ളതാണു് അതു്. സൂനഹദോസു് സ്വതന്ത്രസ്വതന്ത്രമായ ഒരു ജീവിതത്തിനുള്ള അനുവാദപത്രിക നല്കിയതായിട്ടാണു് ചിലർ മനസ്സിലാക്കിയിരിക്കുന്നതു്.

ലക്ഷ്യബോധമാണു് ജീവിതത്തെ അർത്ഥപൂർണ്ണവും മനോഹരവുമാക്കിതീർക്കുന്നതു്. ഇന്നു് ലോകത്തിൽ പല

ക്കും ജീവിതലക്ഷ്യമില്ല. 1971 ജനവരിമാസം ഒന്നാംതീയതി ഒരു പത്രപ്രതിനിധി ചില്ലറോടെല്ലാം ഒരു ചോദ്യം ചോദിച്ചു[1], നിങ്ങളെന്തിനാണു് ഈ ലോകത്തിൽജനിച്ചിരിക്കുന്നതു്.? എന്നായിരുന്നു ചോദ്യം. ഏറ്റവുംനല്ല ഉത്തരത്തിനു് സമ്മാനം നല്കുന്നതാണു് എന്നും പത്രപ്രതിനിധി അറിയിച്ചിരുന്നു. അയാളം ഒരു വിദ്യാസമ്പന്നനായ ഉദ്യോഗസ്ഥനെ സമീപിച്ചു് ആദ്യമായി ഈ ചോദ്യം ചോദിച്ചു. അപ്പോളം അയാളം കോപപൂർവ്വം പ്രതിവചിച്ചു. ''എനിക്കു് ഇപ്പോളം അതിനു ഉത്തരം പറയുവാൻ സാദ്ധ്യമല്ല. വേറെ ജോലിയുണ്ടു്'' എന്നു്. രണ്ടാമതായി അയാളം ഒരു സ്ത്രീയോടാണു് ചോദിച്ചതു്. അവളംപറഞ്ഞു ഞാൻ ജീവിക്കുവാൻവേണ്ടിയാണു് ജനിച്ചിരിക്കുന്നതു്. ''മൂന്നാമതു് ഒരു വിദ്യാർത്ഥിയോടു് ചോദിച്ചു. അപ്പോളം അവൻ ഇപ്രകാരം ഉത്തരംനല്കി. ഞാൻ ദൈവത്തെ അറിയുവാനും സ്നേഹിച്ചു് സേവിക്കുവാനും നിത്യമായി അവിടുത്തെ പ്രാപിക്കുവാനുമാണു് ജനിച്ചിരിക്കുന്നതു്. ആ വിദ്യാർത്ഥിയുടെ ഉത്തരം സമ്മാനർഹമായിതീർന്നു. ആധുനികലോകത്തിലെ മൂന്നു് തരക്കാരായ വ്യക്തികളെയാണു് ഈ മൂന്നു് പേരും പ്രതിനിധീകരിക്കുന്നതു്. ഒന്നാമത്തെ തരക്കാർ യാതൊരുലക്ഷ്യബോധവും ഇല്ലാതെ ജീവിക്കുന്നു. രണ്ടാമത്തെക്കൂട്ടർക്കു് ഭൗമികമാത്രമായ ലക്ഷ്യമെയുള്ളു. എന്നാൽ ഏറ്റവും മഹനീയവും പൂർണ്ണവുമായ ലക്ഷ്യത്തോടെ ജീവിക്കുന്നവരാണു് മൂന്നാമത്തെ ഗണത്തിൽപ്പെട്ടവർ.

സന്യാസത്തിലും ആദ്യത്തെ രണ്ടു് ഗണത്തിൽപെട്ടവരെ പ്രതിനിധീകരിക്കുന്ന ചുരുക്കംചിലരുണ്ടാകാം. തന്മൂലമത്രെ സന്യാസവും ഇന്നു് ഒരു പ്രതിസന്ധിഘട്ടത്തെ തരണംചെയ്യുന്നതു്. സാവ്ത്രിക പ്രതിസന്ധിയിൽ നി

(1) India, January·1971

ന്നും ലോകത്തെ മോചിപ്പിക്കുന്നതിനു് ആഗോളവ്യാപകമായ ഒരാദ്ധ്യാത്മിക വിപ്ലവം അലയടിച്ചുയരണം. അതാണു് അജോർണമെന്തോ (Aggiornamento) അഥവാ അധുനാതനീകരണം. ക്രിസ്തുനാഥൻ ഗിരിപ്രഭാഷണത്തിൽ അരുളിചെയ്തതുപോലെ തിരുസഭയെ ഒരു ദീപമായി മാനവരാശിയുടെ മുമ്പിൽ അവതരിപ്പിച്ചു് അതിന്റെ ദീപ്തിയിൽ സമാകൃഷ്ടമായി മാനവരാശിമുഴുവനും ക്രിസ്തുവിൽ ഏകീഭവിക്കുന്ന ഒരു നവയുഗം പടുത്തുയർത്തണം. സന്ന്യാസസഭകളുടെ നിയമങ്ങളും പൊളിച്ചെഴുതിയതുകൊണ്ടോ- വസ്ത്രധാരണത്തിൽ മാറ്റംവരുത്തിയതുകൊണ്ടോ മറ്റു് ബാഹ്യവും ഉപരിപ്ലവവുമായ മാറ്റങ്ങളും വരുത്തിയതുകൊണ്ടോ ഈ നവീകരണം സംജാതമാവുകയില്ല. ചിലർ ബാഹ്യമാത്രമായ നവീകരണത്തിലാകൃഷ്ടരാണു്. തന്നിമിത്തം കാതലായ ആദ്ധ്യാത്മികനവീകരണം സംജാതമാകാതിരിക്കുന്നു.

വത്തിക്കാൻ സൂനഹദോസു് തിരുസഭയെക്കുറിച്ചുള്ള ഡിക്രിയിൽ സഭയിൽ എല്ലാവരും വിശുദ്ധിയിലേയ്ക്കു ക്ഷണിക്കപ്പെട്ടവരാണു് എന്നു് പ്രഖ്യാപിച്ചു. മുൻകാലങ്ങളിൽ വൈദികരും സന്ന്യാസികളും മാത്രമാണു് പരിപൂർണ്ണതയ്ക്കായി ക്ഷണിക്കപ്പെട്ടവർ എന്നായിരുന്നു പരിഗണിച്ചിരുന്നതു്. എല്ലാവരും വിശുദ്ധിയിലേയ്ക്കു് ക്ഷണിക്കപ്പെട്ടവരാണെങ്കിൽ സന്ന്യാസജീവിതത്തിന്റെ ആവശ്യമെന്താണു് എന്നൊരു പ്രശ്നമുദിക്കുന്നു. ഒരു ക്രിസ്ത്യാനി ജ്ഞാനസ്നാന സ്വീകരണത്തിനുശേഷം സത്താപരമായി (Substantially) വിശുദ്ധനാണു് എന്നായിരുന്നു തിരുസഭയുടെ പൗരാണികമായ വിശ്വാസം. വി. പൗലോസു് അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ ആദിമക്രൈസ്തവരെ വിശുദ്ധർ എന്നാണു് അഭിസംബോധന ചെയ്തിരുന്നതു്. എന്നാൽ ആ വിശുദ്ധി

അനുദിന ജീവിതത്തിൽ കൂടുതൽ ദീപ്തിമത്താവുകയോ അതിന്റെ കാന്തി മങ്ങുകയോ ചെയ്യുന്നു. ജ്ഞാനസ്നാനത്തിൽ ചെയ്ത തെരഞ്ഞെടുപ്പിനു് (option) വിധേയമായിരിക്കണം പിന്നീടുള്ള ഓരോ പ്രവർത്തനവും. എല്ലാവരുടെയും വിശുദ്ധി ഒന്നു തന്നെയാണെങ്കിലും മാർഗ്ഗം വിഭിന്നമാണു്. വിശുദ്ധിയുള്ള പ്രതിബന്ധങ്ങളും പലതും സന്യാസ വ്രതങ്ങളുംവഴി ദൂരീകരിക്കുന്നതിനാൽ വിശുദ്ധി പ്രാപിക്കുന്നതിനുള്ള ഏറ്റവും സുഗമമായ മാർഗ്ഗമാണു് സന്യാസം. അതു് ജ്ഞാനസ്നാപ്രതങ്ങളുടെ പരിപൂർണ്ണമായ സാത്ഥകമാക്കലാണു് അഥവാ പൂർത്തീകരണമാണു്.

സന്യാസം ദൈവത്തിന്റെ സവിശേഷമായ ഒരു ദാനമത്രെ. "Religious life is the existential gift of God to his Church"(2) സന്യാസം ദൈവം തിരുസഭയ്ക്കു നല്കുന്ന അസ്തിത്വപരമായ ഒരു ദാനമാണു്. അതിനാൽ തിരുസഭ ലോകത്തിൽ ഉള്ളടത്തോളംകാലം സന്യാസജീവിതവും ഉണ്ടായിരിക്കും. ക്രിസ്തീയജീവിതത്തിനു് ഒരു സംഭാഷണ സ്വഭാവമുണ്ടു്. (dialogal character) മിശിഹാവഴി പിതാവു് ലോകത്തിനു് നൽകിയ ആഹ്വാനത്തിനുള്ള പ്രത്യുത്തരമാണു് ക്രിസ്തീയ ജീവിതം. തിരുസഭയുടെ ഭാഗത്തുനിന്നും പിതാവിനും, മിശിഹായ്ക്കും നല്കുന്ന പരിപൂർണ്ണവും ഉന്നതവുമായ പ്രത്യുത്തരമാണു് (response) സന്യാസം. സന്യാസജീവിതമില്ലെങ്കിൽ അതു് അപൂർണ്ണമായിരിക്കും.

മിശിഹായുടെ ജനനസഹചര്യം കന്യാവ്രതം, അനുസരണം, ദാരിദ്ര്യം എന്നിവയാൽ സമലംകൃതമായിരുന്നു.

---

(2) Rev. Fr. Ladislaus. M. Orsay, S. M. Open to the Spirit. Religious Life atfer II Vatican. P. 88.

മിശിഹായുടെ വ്യക്തിത്വത്തിന്റെ തുടർച്ചയാണു് തിരുസഭ അഥവാ മൗതികക്രിസ്തു. സഭ ലോകത്തിൽ അവളുടെ ദൗത്യം നിർവഹിക്കുന്നിടത്തോളം ഈ ഭാവങ്ങളാൽ അവളും അനുഗ്രഹീതയായിരിക്കണം. "ലോകത്തിലുള്ളതെല്ലാം ശരീരത്തിന്റെ ദുരാശയാകുന്നു. കണ്ണുകളുടെ ദുരാശയാകുന്നു. ലൗകികാഭിമാനവും (ആകുന്നു.) ഇവ പിതാവിൽ നിന്നുള്ളവയല്ല. ലോകത്തിൽനിന്നു തന്നെയുള്ളവയാകുന്നു. ലോകംതന്നെയും അതിന്റെ ദുരാശയും കടന്നുപോകുന്നു. ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവൻ എന്നേയ്ക്കും നിലനില്ക്കുന്നു. (I. യോഹ: II. 16–17). ലോകത്തെയും അതിലുള്ള യാതൊന്നിനെയും നിങ്ങൾ സ്നേഹിക്കരുതു്. ലോകത്തെ സ്നേഹിക്കുന്നവനിൽ പിതാവിന്റെ സ്നേഹമില്ല. (I. യോ: II 15) ഇപ്രകാരമുള്ള ലോകത്തിന്റെ ത്രിവിധ ദുരാശകളെയും കീഴടക്കുവാനുള്ള മാർഗ്ഗമാണു് സന്യാസജീവിതം. ആത്മരക്ഷയ്ക്കുള്ള പ്രതിബന്ധമായ ലോകം പിശാചു് ശരീരം എന്നീ ത്രിവിധ ശത്രുക്കളുടെ അഭിയോഗത്തിൽനിന്നും നമ്മെ രക്ഷിയ്ക്കുന്നതിനു് ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണു് സന്യാസം.

മനുഷ്യനിൽ മൂന്നു് പ്രധാനപ്പെട്ട പ്രവണതകളുണ്ടു് എന്നാണു് ആധുനിക മനഃശാസ്ത്രപണ്ഡിതന്മാരുടെ അഭിമതം. (W. F. Cunningham. The Pivotal Problem of Education) ഒന്നാമത്തേതു് സ്വന്തം ജീവൻ സംരക്ഷിക്കുന്നതിനുള്ള പ്രവണതയാണു്. അതിനുവേണ്ടിയാണു് നാം വസ്ത്രവുകകടം സമ്പാദിയ്ക്കുകയും ഭക്ഷണം കഴിയ്ക്കുകയും മറ്റും ചെയ്യുന്നതു്. രണ്ടാമത്തേതു് ലൈംഗിക സുഖഭോഗങ്ങളിലേയ്ക്കുള്ള പ്രവണതയത്രെ. മറ്റുള്ളവരുടെമേൽ ആധിപത്യം വഹിക്കുന്നതിനു് അഥവാ ഭരിയ്ക്കുന്നതിനുള്ള പ്രവണതയാണു് മൂന്നാമത്തേതു്. എന്നാൽ

മതപരമായ ജീവിതത്തിനു് ഇവയെ നിയന്ത്രിയ്ക്കുവാൻ സാധിയ്ക്കും. (Fr. Emett Carter-Psychology and Cross) ഈ മൂന്നു് പ്രവണതകളുടെമേലും ആധിപത്യം സ്ഥാപിച്ചു് വിജയം കൈവരിക്കുന്നതിനു് സന്യാസവ്രതങ്ങളാം നമ്മെ സഹായിക്കുന്നു.(3) അതിനുള്ള മൂന്നു് പരത്യാഗമാണു് വ്രതത്രയം.

പരിമിതാത്ഥത്തിൽ സന്യാസജീവിതം നമ്മെ ആദിമാതാപിതാക്കന്മാരുടെ സൗഭാഗ്യാവസ്ഥയിലേയ്ക്കു യർത്തുന്നു. ആദിമാതാപിതാക്കന്മാരിൽ മൂന്നു് വിധേയത്വങ്ങളുണ്ടായിരുന്നു എന്നാണു്. വി. തോമസ്സു് അകീനാസ്സു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. അവർ പ്രസാദവരജീവൻവഴി ദൈവതിരുമനസ്സിനോടുള്ള പരിപൂർണ്ണവിധേയത്വത്തിൽ വർത്തിച്ചിരുന്നു. തൽഫലമായി വേറെ രണ്ടു് വിധേയത്വങ്ങളും അവർക്കു് ലഭിച്ചു. അവരുടെ ശരീരം ആത്മാവിനു് പരിപൂർണ്ണ വിധേയമായിരുന്നു. ശാരീരികവും ആത്മീകവുമായ എല്ലാ കഴിവുകളും പ്രവണതകളും (faculties and passions) സുബുദ്ധിയുടെ നിയന്ത്രണത്തിൽ കഴിഞ്ഞു. ഇതിനാണു് മനുഷ്യസ്വഭാവത്തിന്റെ അവികലത (integrity of man) എന്നു് പറയുന്നതു്. എന്നാൽ പാപംവഴി അതെല്ലാം കുളഞ്ഞു കുളിച്ചു, പാപത്താൽ ദൈവതിരുമനസ്സിനോടുള്ള വിധേയത്വം അവർക്കു് നഷ്ടപ്പെട്ടു. തദ്ഫലമായി മറ്റു് രണ്ടു് വിധേയത്വങ്ങളും അപ്രാപ്യമായി. ജ്ഞാനസ്നാനത്തിൽ ഭാഗികമായി നമുക്കു് അവ ലഭിക്കുന്നു. സഹനവും മരണവും പാപഫലത്തിൽ അവശേഷിക്കുന്നുണ്ടു്. സന്യാസവ്രതങ്ങൾവഴി

---

(3). Fr. Vitus Giani. O. F. M. Cap. For a Better religious life Threefold renunciation for threefold Triamph. P 22

ഈ മൂന്നു വിധേയത്വങ്ങളും കൂടുതൽ വ്യാപകമായി നമുക്കു പുനഃപ്രാപിക്കാവുന്നതാണു്. അനുസരണംവഴി എപ്പോഴും ദൈവതിരുമനസ്സിനോടു വിധേയമായി വർത്തിക്കുവാൻ കഴിയും. കന്യാവ്രതംവഴി ശരീരത്തെ ആത്മാവിനു വിധേയമാക്കാം. ആത്മാവിന്റെയും ശരീരത്തിന്റെയും കഴിവുകളെ സുബുദ്ധിയുടെ നിയന്ത്രണത്തിൽ കൊണ്ടുവരാവുന്നതാണു്.

പാപത്തിനു മുൻപു് ആദിമാതാപിതാക്കന്മാക്കു് സ്വഷ്ടവസ്തുക്കളെ ദൈവത്തെ പ്രാപിക്കുവാനുള്ള സോപാനമായിരുന്നു. എന്നാൽ പാപഫലമായി അതെ വസ്തുക്കളെ തന്നെ നമ്മെ ദൈവത്തിൽനിന്നും അകറ്റുന്നതിനു കാരണഭൂതമായി. സന്യാസദാരിദ്ര്യംവഴി വീണ്ടും ലൗകിക വസ്തുക്കളെ സ്രഷ്ടാവിനെ പ്രാപിക്കുവാനുള്ള ചവിട്ടുപടിയായി മാത്രം നാം വിനിയോഗിക്കുന്നു. ക്രിസ്തുവിന്റെ ചൈതന്യത്തിൽ ജീവിച്ചാൽ മാത്രമെ ആ സൗഭാഗ്യം കരഗതമാവുകയുള്ളു. വി. ഫ്രാൻസിസ്സു് റോമ്മൻ പ്രീഫെക്ടായിരുന്നു. അദ്ദേഹം വിധവയായ മാതാവിന്റെ ഏകപുത്രനും. എങ്കിലും അദ്ദേഹത്തിനു് ശരിയായ സമാധാനവും സൗഭാഗ്യവും ലഭിക്കാതെ കഴിഞ്ഞു. ഒരു ദിവസം അദ്ദേഹം രാത്രിസമയത്തു് റോമ്മാപട്ടണത്തിലൂടെ സഞ്ചരിക്കുമ്പോൾ സന്യാസികളും കാനോനാനമസ്ക്കാരം പാടുന്നതു് ശ്രവിച്ചു. അപ്പോൾ അദ്ദേഹം മനസ്സിലാക്കി അവക്കു് പരിപൂർണ്ണമായ സമാധാനവും സൗഭാഗ്യവുമുണ്ടെന്നു്. അതിനാൽ ഫ്രാൻസിസ്സു് സന്യാസജീവിതം സമാശ്ലേഷിക്കുവാൻ തീരുമാനിച്ചു. മാതാവിനെ വിവരം അറിയിക്കുന്നു. മാതാവിന്റെ ഹിതത്തിനെതിരായിത്തന്നെ അദ്ദേഹം സന്യാസജീവിതത്തിൽ പ്രവേശിച്ചു. പരിപൂർണ്ണമായ സൗഭാഗ്യവും സമാധാനവും അനുഭവൈദ്യമാ

യി. അദ്ദഹം ഒരു വിശ്രുതനായിതീർന്നു. ''എന്റെ ദൈവമെ അങ്ങു് സന്യാസജീവിതസൗഭാഗ്യം ലോകത്തിന്റെ ദൃഷ്ടിയിൽനിന്നു് വളരെ വിവേകപൂർവ്വം മറച്ചു് വച്ചിരിക്കുന്നു. അല്ലാഞ്ഞാൽ ലോകജീവിതത്തിനു് ആളുകളുണ്ടാവുകയില്ല'' എന്നു് വി. ലോറൻസു് ജസ്റ്റീനിയൻ പ്രസ്താവിച്ചിട്ടുണ്ടു്.

ദൈവത്തിൽനിന്നും പ്രത്യേകമായ ഒരു ആദ്ധ്യാത്മികദൗത്യം ലഭിച്ചിട്ടുള്ളവർക്കാണു് ദൈവം സന്യാസദൈവവിളിയുടെ ദാനം നൽകുന്നതു്.(1) അതു് പരിശുദ്ധാത്മാവിന്റെ ചലനാത്മകപ്രവർത്തനഫലമാണു്. നിങ്ങളല്ല എന്നെ തെരഞ്ഞെടുത്തതു്. ഞാനാണു് നിങ്ങളെ തെരഞ്ഞെടുത്തതു്. (വി. യോഹ: XV 16) എന്നു് മിശിഹാ അപ്പസ്തോലന്മാരോടു് അരുളിച്ചെയ്തു. ഇതുപോലെ നാമല്ല ദൈവത്തെ തെരഞ്ഞെടുത്തതു്. മറിച്ചു് സന്യാസജീവിതത്തിന്റെ ദാനം നൽകിക്കൊണ്ടു് ദൈവംതന്നെ നമ്മുടെ ജീവിതത്തിലേയ്ക്കു് പ്രവേശിക്കുകയാണു്. ദൈവവുമായിട്ടുള്ള കൂടുതൽ അഗാധമായ വൈയ്യക്തികബന്ധത്തിലേയ്ക്കു് നമ്മെ നയിക്കുന്ന ഒരു ദാനമത്രെ സന്യാസം.

സന്യാസജീവിതത്തിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനം മിശിഹായുടെ ജീവിതവും അവിടത്തെ പ്രബോധനങ്ങളുമാണു്. അവിടന്നു് അനുസരണം, വിരക്തി, ദാരിദ്ര്യം എന്നീ സുവിശേഷോപദേശങ്ങളുടെ പരമോന്നതമായ മാതൃകയായിരുന്നു. ഗിരിപ്രഭാഷണത്തിലെ അഷ്ടഭാഗ്യങ്ങളും സകല മാനവരാശിയ്ക്കും പ. ത്രിത്വം നിത്യമായി ആഘോഷിക്കുന്ന സ്നേഹത്തിലേയ്ക്കുള്ള ഒരു ക്ഷണമാണു്.

(4). Rev. Fr. Ladislam. M Orsay. Ibid. P. 21

LIBRARY ACHARY

യഹൂദജനത്തിൽ രാജാക്കന്മാരും പ്രവാചകന്മാരും ഉണ്ടായിരുന്നു. മിശിഹാ സ്ഥാപിച്ച സഭയിൽ രാജത്വം പ്രധാനമായി പത്രോസും പ്രവാചകത്വം പ. കന്യകയും പ്രതിനിധാനം ചെയ്യുന്നു. പ. കന്യകയുടെ പ്രവാചകത്വം ഇന്നു് സന്യാസിനീസന്യാസികാ തുടരുന്നു. അതിനാൽ പരിശുദ്ധകന്യക സന്യാസജീവിതത്തിന്റെ പ്രഥമമാതൃക (Photo-type) യാണെന്നു പറയാം. സന്യാസത്തിന്റെ ദൈവശാസ്ത്രപരമായ മറ്റൊരടിസ്ഥാനം ആദിമക്രൈസ്തവരുടെ ജീവിതമാണു.. "വിശ്വസിച്ചിരുന്നവരെല്ലാം ഒരുമിച്ചുകൂടി. അവർക്കുണ്ടായിരുന്നതെല്ലാം പൊതുവിലുള്ളവയായിരുന്നു. സമ്പാദ്യമുണ്ടായിരുന്നവർ അതു് വിറ്റു് ഓരോരുത്തരും ആവശ്യമായിരുന്നതുപോലെ ഭാഗിച്ചുകൊടുത്തു. അവർ എല്ലാദിവസവും ഏകമനസ്സോടെ ദേവാലയത്തിൽ ദീർഘനേരം ചെലവിടുകയും വീട്ടിൽ ബലിയപ്പം മുറിക്കുകയും, സന്തോഷത്തോടും, ഹൃദയനിഷ്കപടതയോടുംകൂടി ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തിരുന്നു. നമ്മുടെ കർത്താവു് രക്ഷ രക്ഷപ്രാപിക്കേണ്ടവരെ എല്ലാദിവസവും സഭയിൽ വർദ്ധിപ്പിച്ചുകൊണ്ടുമിരുന്നു. (നടപടി II 44-47) വിശ്വസിച്ചിരുന്ന ജനക്കൂട്ടത്തിനു് ഒരാത്മാവും ഒരു മനസ്സുമായിരുന്നു. അവരിൽ ഒരുത്തനും താൻ നേടിയിരുന്ന സമ്പാദ്യങ്ങളെപ്പറ്റി അവ സ്വന്തമാകുന്നു എന്നു് പറഞ്ഞിരുന്നില്ല മറിച്ചു്, അവർക്കുണ്ടായിരുന്നതെല്ലാം പൊതുവിലുള്ളവയായിരുന്നു. (നടപടി IV. 32) ക്രിസ്തുനാഥൻ ഈലോകത്തിൽ അവതീർണ്ണനായതു് പരിത്രാണകൃത്യം നിവ്വഹിച്ചു് ദൈവപുത്രരുടെ ഒരു പരിപൂർണ്ണ സമൂഹത്തിനു് രൂപം കൊടുക്കുവാനാണു്. സഭയുടെ ഹൃദയമാകുന്ന സന്യാസസമൂഹങ്ങളാണു് ആ പരിപൂർണ്ണസമൂഹം.

തിരുസഭയുടെ പ്രബോധനങ്ങളും മാഗ്നിദ്ദേശങ്ങളും സന്യാസജീവിതത്തിന്റെ പരിപോഷണത്തിനു് സഹായിച്ചിട്ടുണ്ടു്. വിശുദ്ധരുടെ ജീവിതമാതൃകയും പ്രബോധനങ്ങളും സന്യാസജീവിതത്തിനു് ഈടുറ്റ സംഭാവനകളും നല്കി. സന്യാസജീവിതംവഴി നാം മിശിഹായോടുകൂടി രക്ഷണീയകർമ്മത്തിൽ സഹകരിക്കുകയാണു്. അതു് ക്രിസ്തുവിനോടുള്ള പരിപൂർണ്ണ ഏകീഭാവമാണു്. സന്യാസികളുടെ ഏറ്റവും വലിയ നിയമം സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുകയാണെന്നു് രണ്ടാം വത്തിക്കാൻ സൂനഹദോസു് പ്രഖ്യാപിച്ചിരിക്കുന്നു.

സന്യാസവ്രതങ്ങളുടെ അനുഷ്ഠാനം ഒരു വ്യക്തിയെ സഭയുമായി അവഗാഢമായ ഐക്യത്തിൽ എത്തിക്കുന്നു. എല്ലാ ക്രൈസ്തവർക്കും തങ്ങളുടെ ക്രൈസ്തവമായ കടമകളും കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിനുള്ള പ്രചോദനം സിദ്ധിക്കുന്നതിനു് സന്യാസജീവിതം ഒരടയാളമായിരിക്കുന്നു(5) എന്നാണു് സൂനഹദോസു് തിരുസഭയെക്കുറിച്ചുള്ള ഡിക്രിയിൽ പ്രസ്താവിക്കുന്നതു്. സന്യാസവ്രതങ്ങളും മനുഷ്യൻ വിലമതിക്കുന്ന ചില മൂല്യങ്ങളുടെ പരിത്യാഗം ഉൾക്കൊള്ളുന്നുണ്ടെങ്കിലും അതു് വ്യക്തിവികാസത്തിനു് ഒരിക്കലും പ്രതിബന്ധമല്ല എന്നും സൂനഹദോസു് വ്യക്തമാക്കി: വ്യക്തിസ്വാതന്ത്ര്യത്തിനു് സൂനഹദോസു് എല്ലാ ഡിക്രികളിലും പ്രാധാന്യം കൊടുത്തിട്ടുണ്ടു് സഭയിൽ അധികാരം കൂടുതൽ പ്രജാധിപത്യപരമായ മാർഗ്ഗത്തിൽ വിനിയോഗിക്കണമെന്നുമുള്ള ചിന്താഗതിയ്ക്കും ഇന്നു പ്രാമുഖ്യം സിദ്ധിച്ചു. ഒരു നല്ല ലോകത്തെ രൂപീകരിയ്ക്കുവാൻ എല്ലാ ക്രൈസ്തവർക്കുമുള്ള ഉത്തരവാദിത്വത്തെ

---

(5) കൗൺസിൽ പ്രമാണരേഖകളും തിരുസഭ: No. 44.

സ്നേഹദോസ് ഉന്നിപ്പറഞ്ഞിട്ടുണ്ട്[6]. അതിനാൽ സന്യാസികളും അതിനായി പരിശ്രമിക്കുന്നതോടൊപ്പം തങ്ങളുടെ ജീവിതം വഴി ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന കാര്യം വിസ്മരിക്കാതിരിക്കേണ്ടതാണ്.

ആധുനികയുഗത്തിൽ ചുരുക്കം ചില സന്യാസികളുടെയും വൈദികരുടെയും ജീവിതത്തിലുണ്ടായിട്ടുള്ള തകർച്ചയുടെ കാരണം (Identity Crisis) തങ്ങളുടെ ദൈവവിളിയുടെ മാഹാത്മ്യത്തെയും ഔത്യത്തെയുംപ്പറ്റി ശരിയായ ബോദ്ധ്യമില്ലാത്തതാണ്. വത്തിക്കാൻ സൂനഹദോസ് ദൈവജനത്തിന്റെ സാവ്ത്രികമായ പൗരോഹിത്യത്തിനു പ്രാധാന്യം നൽകിയതും, ശാസ്ത്രപുരോഗമനവും, ആദ്ധ്യാത്മികതയിലുള്ള പുതിയ ആഭിമുഖ്യങ്ങളും ഇന്നത്തെ സാമൂഹ്യജീവിതത്തിൽ വൈദികരുടെയും സന്യാസികളുടെയും ജീവിതത്തിനു വേണ്ടത്ര പ്രസക്തിയില്ലെന്നുള്ള മിഥ്യാധാരണയും ചിലരിലെല്ലാം കയറിപ്പറ്റിയിട്ടുണ്ട്. വൈദികരെക്കാളും, സന്യാസികളെക്കാളും ചില രംഗങ്ങളിലെങ്കിലും അൽമേയർക്കു കൂടുതൽ സേവനം ചെയ്യുവാനുള്ള കഴിവും സാഹചര്യങ്ങളും വർദ്ധിച്ചിരിക്കുകയാണ്. എന്നിരുന്നാലും ഇന്നും സന്യാസം കാലഹരണപ്പെട്ടിട്ടില്ല. അതിന്റെ ഔത്യവും മഹത്വവും നിത്യനൂതനമായിത്തന്നെ നിലകൊള്ളുമെന്നു മേൽപ്രസ്താവിച്ചവയിൽനിന്നും മനസ്സിലാക്കാം.

"മിശിഹായുടെ ദിവ്യാഹ്വാനത്തിനു ഇന്നു വിലയിടിഞ്ഞുപായിരിക്കുകയാണെന്നു പറയാൻ ആർക്കു ധൈര്യമുണ്ടാകും? ക്രിസ്തുസ്നേഹത്തിന്റെ സർവ്വാതിശായിയായ പ്രാമുഖ്യത്തിനു സാക്ഷ്യംവഹിക്കുന്ന സന്യാസികളെക്കൂടാ

---

(6) Hugo. J. O. Connell. C. S. S. R. P. H. D.
Keeping your balance in the modern Church P. 21

തെ എങ്ങനെ തിരുസഭയ്ക്ക് മുമ്പോട്ട് നീങ്ങുവാൻ കഴിയും? ഇത്തരം ദീപശിഖകളുടെ പ്രോപൂരമില്ലാതെവന്നാൽ ലോകത്തിനു തീരാനഷ്ടം അനുഭവപ്പെടില്ലെന്നോ? ഏതു തടസ്സത്തെയും സുധീരം തരണംചെയ്യാൻപോരുന്ന സ്വാതന്ത്ര്യത്തോടുകൂടി ദൈവരാജ്യം പ്രഖ്യാപനംചെയ്യുന്ന വിശ്വദീപങ്ങളാണു സന്യാസികൾ.(7)

അതിനാൽ സന്യാസം കാലഹരണപ്പെട്ട ഒരു ജീവിതാദർശമല്ല എന്നു നമുക്കു സയുക്തികം അനുമിക്കാം.

1970-ലെ ഒലിവിസ് വേംഡ് ആസ്ട്രേലിയാക്കാരി ടീസാ 1972 ആരംഭത്തിൽ ഇംഗ്ലണ്ടിലുള്ള ഒരു സിസ് സ്റ്റേർഷ്യൻ കന്യകാലയത്തിൽ ചേർന്നു. അവൾ ഒരു സ്കൂളദ്ധ്യാപികയായിരുന്നു. അവളുടെ സൗന്ദര്യം, സമ്പത്തു്, സ്ഥാനമാനങ്ങൾ, ലൗകികപ്രതാപം എന്നിവയെക്കാൾ അവളുടെ ഹൃദയത്തെ സംതൃപ്തമാക്കുന്ന് എന്തോ ഒന്നു് സന്യസത്തിലുണ്ടെന്നു് അവൾ മനസ്സിലാക്കി. ഇതുപോലെ പലരുമുണ്ടു് തിരുസഭയിൽ.

---

(7) സന്യാസ നവീകരണത്തെ സംബന്ധിച്ച ആറാം പൗലോസു് മാപ്പാപ്പായുടെ ഉപദേശം. ഫാ. സിലുസു്. സി. എം. ഐ.

ജീവിക്കുന്ന വൈരുദ്ധ്യമോ?

"നിങ്ങളും ലോകത്തെ സ്നേഹിക്കുമെങ്കിൽ ലൗകികരായിരിക്കും, സ്വർഗ്ഗത്തെസ്നേഹിക്കുമെങ്കിൽ സ്വർഗ്ഗീയരായിരിയ്ക്കും, ദൈവത്തെസ്നേഹിക്കുമെങ്കിൽ "ദൈവങ്ങളായിരിയ്ക്കും" എന്നു് സഭാപിതാവും വേദപാരംഗതനുമായ വി. ആഗ്സ്തിനോസു് പ്രസ്താവിച്ചിരിക്കുന്നു. നാം സ്നേഹിയ്ക്കുന്നവസ്തുവും നാമും തമ്മിൽ ഒരു താദാത്മ്യപ്രാപ്തിയുണ്ടു് എന്നാണല്ലോ ആധുനികമനഃശാസ്ത്രപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നതു്. നാം നമ്മെക്കാൾ ഉന്നതമായ വസ്തുക്കളെയാണു് സ്നേഹിക്കുന്നതെങ്കിൽ അതിന്റെ ഔന്നത്യതലത്തിലേയ്ക്കു് നാം ഉയരും. മറിച്ചു നമ്മെക്കാൾ താഴ്ന്നപദവിയിലുള്ളവയെയാണു് നാം സ്നേഹിക്കുന്നതെങ്കിൽ അതിന്റെ അധഃപതനാവസ്ഥയിലേയ്ക്കു് നാം ചുഴിഞ്ഞിറങ്ങും. മനുഷ്യന്റെ സ്നേഹവിഷയമെന്തോ അതാണു് മനുഷ്യൻ എന്നാണു് വി. തോമസ്അകവിനാസിന്റെയും അഭിമതം. "നിങ്ങളുടെനിക്ഷേപം എവിടെയിരിയ്ക്കുന്നുവോ അവിടെ നിങ്ങളുടെ ഹൃദയവും ഇരിക്കുന്നു." (വി. മത്താ VI, 21) എന്നു് ദിവ്യഗ്രന്ഥവും അരുളിചെയ്തിട്ടുണ്ടല്ലൊ. നാം ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന വസ്തുവിനെച്ചുറ്റിപറ്റിയായിരിയ്ക്കും നമ്മുടെ ചിന്തയും സംസാരവുമെല്ലാം.

രണ്ടാം ലോകമഹായുദ്ധാനന്തരം 1946–ൽ പാരീസിലുള്ള നോട്ടർ ഡാംകത്തിഡ്രലിലെ നോമ്പുകാല പ്രസംഗങ്ങളം നടത്തുന്നതിനായി പാവനചരിതനായ കട്ടിനാം സുഹാർഡ്വറവ. ഫാ. റികാറർ. എസ്. ജെ. യെ ക്ഷണിച്ചുകയുണ്ടായി. അദ്ദേഹം രണ്ടാംലോകമഹായുദ്ധകാലത്ത് ഒരു സൈനികചാപ്പൈനായി സേവനം അനുഷ്ഠിച്ചിട്ടുള്ള വ്യക്തിയായിരുന്നു. ഫാ. റികാറർ അദ്ദേഹത്തിന്റെ നോമ്പുകാലപ്രസംഗങ്ങളം എല്ലാം സമാഹരിച്ച ഒരു ഗ്രന്ഥരൂപേണ പ്രസിദ്ധീകരിച്ചിട്ടുണ്ട്, അതിനു് അദ്ദേഹം നല്കിയ അഭിധാനം "ക്രിസ്ത്യാനി നാശനഷ്ടങ്ങളെ അഭിമുഖീകരിക്കുന്നു." (Christian facing the ruins) എന്നാണു്. ആ ഗ്രന്ഥത്തിൽ ഏറ്റവും ഹൃദയാവർജ്ജകമായ ഒരു സംഭവം അദ്ദേഹം രേഖപ്പെടുത്തുന്നു.

രണ്ടാം ലോകമഹായുദ്ധകാലത്തു് നാൻറസ് എന്നപട്ടണം ബോംബാക്രമണത്തിനു് വിധേയമായി. അവിടത്തെ ഏറ്റവും വലിയ ആശുപത്രിയായ ഹോട്ടൽ (Hotel Dieu) ഡിയ്വിന്റെ മുകളിൽ ഒരു ബോംബു് നിപതിച്ചു. ഉടനെ ആശുപത്രിക്കെട്ടിടം മുഴുവൻ നിലംപരിശായി. അവിടെ ഉണ്ടായിരുന്ന ഡോക്ടർമാരും രോഗികളും, നേഴ്സുമാരും, ബ. കന്യാസ്ത്രീകളുമെല്ലാം ആശുപത്രിയുടെ നാശനഷ്ടക്കൂമ്പാരത്തിനുള്ളിൽപ്പെട്ടു് മരിക്കുവാൻ തുടങ്ങുകയാണു്. സന്ധ്യാസമയത്തോടുകൂടിയാണു് ബോംബാക്രമണം നടന്നതു്. തദവസരത്തിൽ സമീപവാസികളം ചെറിയവിളക്കുകളം കത്തിച്ചുകൊണ്ടു് മരണവക്ത്രത്തിൽപ്പെട്ടവരെ രക്ഷിക്കുവാനായി ആശുപത്രിയിലേയ്ക്കു് ഓടിക്കൂടി. തത്സമയം അവർ അത്ഭുതകരമായ ഒരു കാഴ്ചയാണു് അവിടെ കണ്ടതു്. ആ നാശനഷ്ടക്കൂമ്പാരങ്ങളംക്കു് ഉപരിയായി ഒരു കൈമാത്രം ഉയർന്നുനിൽക്കുന്നു.

കൈയ്യിൽ ഒരു ജപമാലയും. മരണാസന്നനായ ആ വ്യക്തി ജപമാല ജപിക്കുകയാണു്. ജപമാലയുടെ മണികം അപ്പോഴും മന്ദംമന്ദം നീങ്ങുന്നു. അതുകണ്ടു് അത്ഭുതസ്തബ്ധരായി എല്ലാവരുംകൂടി ഇപ്രകാരം വിളിച്ചുപറഞ്ഞു. ''നിങ്ങളം ഭയപ്പെടേണ്ടാ. നിങ്ങളെ രക്ഷിക്കുവാനാണു് ഞങ്ങളം വന്നിരിക്കുന്നതു്''. ആ കരം ആരുടേതായിരുന്നോ ആ വ്യക്തി ഉടനെ പ്രതിവചിക്കുകയാണു്. ''എല്ലാവരെയും രക്ഷിച്ചതിനുശേഷം ഏറ്റവും അവസാനംമാത്രം എന്നെ രക്ഷിച്ചാൽമതി''.

ആരായിരുന്ന ആ വ്യക്തി?. എന്താണു് ആ വ്യക്തിക്കു് മരണത്തെപ്പോലും വെല്ലുവിളിച്ചുകൊണ്ടു് ഇപ്രകാരം സുധീരം ഉദീരണം ചെയ്യുവാൻ ചങ്കൂറ്റം ലഭിച്ച വസ്തുത? ആ വ്യക്തി ആശ്രുപത്രിയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന ഫീയ്ദെസാജു് (Files De Sages) എന്ന സന്യാസിനീസമൂഹത്തിൽപ്പെട്ട ഒരു കന്യാസ്ത്രീയായിരുന്നു. എന്താണു് അവക്കു് ഇത്രവലിയ ധൈര്യം പകർന്ന സംഗതി. അതു് ക്രിസ്തീയമായ വൈരുദ്ധ്യമാണു്. എവിടെയാണു് ഈ ക്രിസ്തീയമായ വൈരുദ്ധ്യം കാണുവാൻ സാധിക്കുക?- ഗിരിപ്രഭാഷണത്തിലെ ജീവിക്കുന്ന വൈരുദ്ധ്യങ്ങളിൽ: അന്നുവരെയുള്ള ലോകം പരിഗണിച്ചിരുന്നതു് ലോകത്തിൽ ഏറ്റവും സമ്പന്നർ ഭാഗ്യവാന്മാർ, അഥവാ ജഡികസുഖഭോഗങ്ങളിൽ ആമഗ്നരാകുന്നവർ ഭാഗ്യവാന്മാർ. ഉന്നതമായ സ്ഥാനമാനങ്ങളം സമലകരിക്കുന്നവർ ഭാഗ്യവാന്മാർ എന്നെല്ലാമാണു്. എന്നാൽ മിശിഹാനാഥൻ പ്രസ്തുത ചിന്താഗതികളെയെല്ലാം വെല്ലുവിളിച്ചുകൊണ്ടു് അരുളിച്ചെയ്തു. ''അരുപിയിൽ ദരിദ്രർ ഭാഗ്യവാന്മാർ. എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ

അവർ ദൈവത്തെക്കാണും. താഴ്മയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർ ഭൂമി അവകാശപ്പെടുത്തും. ക്രിസ്തീയ ജീവിത തത്വശാസ്ത്രമാണു് അതു്. മനുഷ്യജീവിതലക്ഷ്യം ക്ഷണഭംഗുരമായ ലൗകിക സുഖഭോഗങ്ങളാ ആസ്വദിക്കയല്ല പ്രത്യുതാ—നമ്മെത്തന്നെ പവിത്രീകരിക്കയാണു്. സാകല്യമായ മനുഷ്യജീവിതവീക്ഷണമത്രെ ഇവിടെ ദർശിക്കുന്നതു്.

മനുഷ്യൻ സ്വാഭാവികമായിത്തന്നെ ഒരു ആരാധകനാണു്. ദൈവത്തെ ആരാധിക്കാനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തെ ആരാധിക്കുന്നില്ലെങ്കിൽ ഏതെങ്കിലും സൃഷ്ടിയെ ആരാധിക്കാതിരിക്കയില്ല. ഇപ്രകാരം ആധുനിക മനുഷ്യൻ ദൈവത്തേയും ധാർമ്മിക മൂല്യങ്ങളേയും തൃണവൽഗണിച്ചുകൊണ്ടു് അവന്റെ ശ്രീകോവിലിൽ മൂന്നു ദേവന്മാരെയാണു് ഒരുമിച്ചു് പ്രതിഷ്ഠിച്ചിരിക്കുന്നതു്. അവ ധനം, ശരീരം, അധികാരം എന്നിവയാണു്. (1) ദ്രവ്യപൂജ സാർവ്വത്രികമായ നാശത്തിലേയ്ക്കായിരിക്കും ലോകത്തെ നയിക്കുക. ധനസംമ്പാദനത്തിനു വേണ്ടി എന്തക്രമവും അനീതിയും പ്രവർത്തിക്കുവാൻ ഇന്നു് പലരും സന്നദ്ധരാണു്. ദ്രവ്യപൂജയുടെ പരമകാഷ്ഠയാണു് കമ്മ്യൂണിസം. കമ്മ്യൂണിസം താത്വികമായി അതു പഠിപ്പിച്ചുകൊണ്ടു് പ്രാവർത്തികമാക്കുവാൻ പരിശ്രമിക്കുമ്പോഴും മറ്റു ചിലർ പ്രായോഗികജീവിതത്തിൽ അതു് പ്രകടമാക്കുന്നു.

രണ്ടാമത്തെ ആരാധന ശരീരപൂജയാണു്. മനുഷ്യൻ കേവലം ജഡികപൂരണത്തിനുള്ള ഒരു മൃഗമാണെന്നാണു് ഫ്രോയിഡിന്റെ തത്വസംഹിത. ഇന്നു് ചില കത്തോ

(1) Rev. Fr. Jean Muroux. The Meaning of Man. P. 3.

ലിക്കാവൈദികരും സന്യാസികളും തങ്ങളുടെ ദൈവവിളി നഷ്ടപ്പെടുത്തുന്നതിനു് ഈ തത്വസംഹിത കാരണമായിട്ടുണ്ടു്. ദാവീദിന്റെയും സോളമന്റെയും അധഃപതനത്തിനു കാരണവും മറ്റൊന്നല്ല. ഹെൻട്രിഎട്ടാമനും, മാർട്ടിൻലൂതറും ചാൾസ്ഡേവീസും ഫെററും മറ്റു് പലരേയും ആധുനിക ലോകത്തിൽതന്നെ കാണാം. ശരീരത്തെ പൂജിച്ചാൽ ആത്മാവിനെ നിഷ്പ്രയാസം ചെയ്യും. അതു് ശാരീരികവും ധാർമ്മികവുമായ നാശത്തിലേയ്ക്കും നയിക്കുന്നതാണു്.

അധികാരപൂജ ലോകത്തെ യുദ്ധത്തിലേയ്ക്കു് നയിക്കുന്നു. സമൂഹത്തിലും രാഷ്ട്രത്തിലും ലോകത്തിലും സമാധാനരാഹിത്യത്തിന്റെ കാരണം അധികാരപൂജയാണു്. ന്യായയുക്തമായ അധികാരത്തെ സമാദരിച്ചേ മതിയാവൂ. മനുഷ്യൻ സാമൂഹ്യജീവിയായിരിക്കുന്നിടത്തോളം അധികാരവും ഉണ്ടായിരിക്കും. ആധുനിക ലോകത്തിന്റെ ഈ ത്രിവിധ ആരാധനകൾക്കു് സന്യാസികൾ പരിഹാരമർപ്പിയ്ക്കുന്നു. തങ്ങളുടെ ജീവിതം വഴി. ദ്രവ്യപൂജയ്ക്കു് പരിഹാരമായി ദാരിദ്ര്യവും, ശരീരപൂജയ്ക്കു് പരിഹാരമായി കന്യാവ്രതവും അധികാരപൂജയ്ക്കു് പരിഹാരമായി അനുസരണവും അർപ്പിക്കുന്നു.

സന്യാസം ഒരു വേദസാക്ഷിത്വമാണു്. രക്തരഹിതവും നിരന്തരവുമായ ഒന്നാണെന്നുമാത്രം. "Vita religiosa est tota et completa dedicatio hominis Corporis et Animae ad Servitium Dei et hominis" സന്യാസജീവിതം ദൈവസേവനത്തിനും പരസേവനത്തിനുമായിട്ടുള്ള നമ്മുടെ ആത്മാവിന്റെയും ശരീരത്തിന്റെയും പരിപൂർണ്ണമായ ഒരു അർപ്പണമാണു് എന്നത്രെ വി. തോമസ്സു് അക്വീനാസിന്റെ അഭിമതം. സന്യാ

സന്യാസജീവിതത്തിനു് സഭാപരമായ ഒരു വശമുണ്ടു്. സഭാ സേവനമാണു് സന്യാസജീവിതത്തിന്റെ ലക്ഷ്യം. ക്രിസ്തുവിനോടുള്ള സ്നേഹമാണു് സന്യാസാഹ്വാനത്തിന്റെ ഉറവിടം. മിശിഹായോടു് സ്നേഹമുള്ളപ്പോഴും അവിടുത്തോടു, കൂടുതൽ കൂടുതൽ അടുക്കുവാനുള്ള അഭിവാഞ്ഛ നമ്മിൽ ഉളവാകും. ക്രിസ്തുവിനോടു് അടുക്കുന്നതിനുള്ള മാർഗ്ഗമാണു് സഭയോടുള്ള ഏകീഭാവം. ആ ബന്ധം കൂടുതൽ വ്യാപകമാക്കുവാൻ സംഘടിതമായ സന്യാസജീവിതം സഹായകമാകും. തിരുസഭയ്ക്കു് ഓരോ കാലത്തു് പ്രതിസന്ധിഘട്ടങ്ങൾ തരണം ചെയ്യേണ്ടതായി വന്നിട്ടുള്ള അവസരങ്ങളിൽ അതാതുകാലത്തെ ആവശ്യങ്ങൾക്കനുസരണമായി സന്യാസസങ്കേതം രൂപം കൊണ്ടിട്ടുണ്ടു്. വി. ബനഡിക്ടും അദ്ദേഹത്തിന്റെ സഭാംഗങ്ങളും പാശ്ചാത്യസംസ്കാരത്തെ പരിപോഷിപ്പിച്ചു. പതിമൂന്നാം നൂറ്റാണ്ടിലെ ധാർമ്മികാധഃപതനവും ലൗകായതികതയും നേരിടുന്നതിനു് വി. ഫ്രാൻസീസും അസീസി, വി. ഡോമിനിക്കും മുതലായ വിശുദ്ധർ സന്യാസസഭാസ്ഥാപനത്തിനായി രംഗപ്രവേശം ചെയ്തു. പതിനാറാം നൂറ്റാണ്ടിൽ നവീകരണപ്രസ്ഥാനത്തിന്റെ വേലിയേറ്റത്തിൽ സഭാസംരക്ഷണം ജീവിത ദൗത്യമായി സ്വീകരിച്ചുകൊണ്ടു് വി. ഇഗ്നേഷ്യസും വി. അമ്മത്രേസ്യായും അവരുടെ സഭാംഗങ്ങളും മുമ്പോട്ടുവന്നു. ഇന്നത്തെ യുഗത്തിൽ മദർ തെരേസായും അവരുടെ സഭാംഗങ്ങളും ചെയ്യുന്ന സേവനം സ്തുത്യർഹമാണല്ലൊ.

സന്യാസജീവിതത്തിനു് ഒരു മാനുഷികമായ വശമുണ്ടു്. (anthropological diamension) നമ്മുടെ മനുഷ്യസ്വഭാവത്തിന്റെ പൂർത്തീകരണമാണു് സന്യാസജീവിതത്തിന്റെ ഉദ്ദേശ്യം. മാനുഷികമായ എല്ലാ പൂർണ്ണത

കളും ഒരു സന്യാസിക്കും അത്യാവശ്യമാണു്. എന്നാൽ സ്വാഭാവികമായ പല പരിമിതികളും നമുക്കതിൽ പ്രതിബന്ധം സൃഷ്ടിക്കും. മാനുഷികമായ പൂർണ്ണതയ്ക്കു് ശാരീരികമായ പൂർണ്ണതയോടൊപ്പം, ജീവിതവീക്ഷണം, ഉത്തരവാദിത്വബോധം, വൈകാരികവും മാനസികവും ലൈംഗികവുമായ പക്വത എന്നിവയും കൂടിയേ തീരൂ. വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കു് ഉത്തരവാദിത്വബോധം ഇന്നു് കുറവായിട്ടാണു് കാണുന്നതു്. സന്യാസ രൂപീകരണത്തിലുള്ള ചില അപാകതകളും അതിനു് കാരണമാകുന്നുണ്ടു്. The modern form of asceticison is reasonable behaviour before obligation and responsible freedom.(2) ചുമതലകളുടെ മുമ്പിൽ യുക്തിപൂർണ്ണമായ പെരുമാറ്റവും ഉത്തരവാദിത്വപൂർണ്ണമായ സ്വാതന്ത്ര്യവുമാണു് ആധുനികമായ ആധ്യാത്മികജീവിതം എന്നു് ഫാ. കാംറാനർ പ്രസ്താവിച്ചിരിക്കുന്നു.

മാനുഷികമായ പക്വതയ്ക്കും പുറമെ ക്രിസ്തീയമായ പക്വതയും ആവശ്യമാണു്. സജീവമായ വിശ്വാസവും മറ്റു ക്രിസ്തീയസുകൃതങ്ങളും, ക്രിസ്തീയമായ ജീവിതവീക്ഷണവും ലഭിക്കണം. അതിനും ഉപരിയായി സന്യാസപക്വത ചിലതെല്ലാം ആവശ്യപ്പെടുന്നു. സർവ്വോപരി ആദ്ധ്യാത്മികമായ പക്വതയും അനുപേക്ഷണീയമത്രെ.

സന്യാസത്തിനു് ഒരു സാമൂഹ്യമായ ഘടകവുമുണ്ടു്. (Social diamension). മനുഷ്യനെ ഒരു സമൂഹമായിട്ടാണു് ദൈവം രക്ഷിക്കുന്നതും പവിത്രീകരിക്കുന്നതും. ആദിമ ക്രൈസ്തവരുടെ ഇടയിൽ സാമൂഹ്യമായ ആ ബോധം സജീവമായി നില നിന്നിരുന്നു. പൗരാണിക

(2) The life of the spirit. Changes in spirituality by. Fr. Thomas Sartoy. (1)

കാലത്തു് ഏകാന്തജീവിതം അനുഷ്ഠിച്ചിരുന്ന സന്യാസികളും ഉണ്ടായിരുന്നു. എന്നാൽ ഇന്നു് സഭ സാമൂഹ്യമായ സന്യാസജീവിതത്തെയാണു് പ്രോത്സാഹിപ്പിക്കുന്നതു്. സന്യാസജീവിതത്തിന്റെ നൈയ്യാമികമായ നിർവ്വചനം ''തിരുസഭ അംഗീകരിച്ച ഒരു നിയമമനുസരിച്ചു് പൊതുവായ കല്പനകൾക്കും പുറമെ, കന്യാവ്രതം, അനുസരണം, ദാരിദ്ര്യം എന്നീ സുവിശേഷോപദേശങ്ങളും അനുഷ്ഠിച്ചുകൊണ്ടുള്ള സുസ്ഥിരമായ സാമൂഹ്യജീവിതം'' എന്നാണല്ലോ. സാമൂഹ്യജീവിതത്തിൽ മാത്രമെ പ്രധാനപല സുകൃതങ്ങളും അഭ്യസിക്കുവാൻ സാധിക്കുകയുള്ളൂ. പ്രത്യേകിച്ചും, സ്നേഹം, സേവനം, ത്യാഗം മുതലായവ. കൂട്ടമായ ജീവിതമാണു് എന്റെ ഏറ്റവും വലിയ പ്രായശ്ചിത്തം എന്നു് വി. ജോൺ ബർക്കുമാൻസ് പറഞ്ഞിരുന്നു.

സന്യാസം സ്നേഹത്തിനായിട്ടുള്ള ഒരാഹ്വാനമാണു്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും പൂർണ്ണത പ്രാപിക്കണം. ക്രിസ്തീയമായ പൂർണ്ണത സ്നേഹത്തിന്റെ പൂർണ്ണതയാണല്ലൊ. ഈശോയെ സമീപിച്ചുകൊണ്ടു് ഒരു നിയമജ്ഞൻ ഏറ്റവും വലിയ കല്പന ഏതാണെന്നു ചോദിച്ചപ്പോൾ അവിടുന്നു് ഇപ്രകാരം അരുളിച്ചെയ്തു. ''നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ശക്തിയോടും കൂടി സ്നേഹിക്കുക. ഇതിനു സദൃശമായ രണ്ടാമത്തെ കല്പന നിന്നെപ്പോലെ തന്നെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക.'' (വി. മത്താ. XX, 37, മർക്കോ. XII. 30, ലൂക്കാ. X 27) സാധാരണ വിശ്വാസികളെ കടപ്പെടുത്തുന്നസംഗതി സന്യാസികളെ കൂടുതൽ ഗൗരവതരമായി കടപ്പെടുത്തുമല്ലൊ. മൂന്നു വ്രതങ്ങളും

ദൈവസ്നേഹത്തിലും പരസ്നേഹത്തിലും പുരോഗമിക്കുവാനുള്ള മാർഗ്ഗമാണു്.

മൊൺ. ഷീൻ രേഖപ്പെടുത്തുന്നു "ഒരു യുവതി കന്യകാലയത്തിൽ പ്രവേശിക്കുമ്പോഴും ഉടനെ തന്നെ ലോകർ പറയും അവൾ പ്രേമനൈരാശ്യം മൂലമാണു് കന്യകാലയത്തിൽ പ്രവേശിച്ചതെന്നു്. അതു് ശരിയാണു്. എന്നാൽ ഒരു പുരുഷനുമായിട്ടുള്ള സ്നേഹത്തിലല്ല അവൾക്കു് പ്രേമനൈരാശ്യം. പ്രത്യുതാ ലോകത്തിന്റെ മുഴുവൻ സ്നേഹം നശ്വരമാണു്. വഞ്ചനാത്മകമാണു്. ഏതാദ്ദശമായ ലോകത്തോടുള്ള സ്നേഹത്തിലാണു് അവൾക്കു് നൈരാശ്യമുണ്ടായതു്. എന്നാൽ അതു്വഴി അവൾ സ്നേഹം പരിത്യജിക്കുകയല്ല, മറിച്ചു് സ്നേഹംതന്നെയായ ദൈവവുമായി അവൾ ഒരാദ്ധ്യാത്മിക ബാന്ധവത്തിലേർപ്പെടുകയാണു്. (Mgr. F. J. Sheen World's First Love. Verginity and Love.)

സന്ന്യാസം ആധുനികലോകത്തോടുള്ള ഒരു വെല്ലുവിളിയാണു്. ലോകം വിലമതിക്കുന്നതെല്ലാം ചവിട്ടിമെതിച്ചുകൊണ്ടു്, സ്വ സംഗപരിത്യാഗികളായിട്ടാണു് അവർ ജീവിക്കുന്നതു്. ലോകത്തിന്റെ ദൃഷ്ടിയിൽ സന്ന്യാസം ഒരു ജീവിതം പാഴാക്കലായിരിക്കും എന്നാൽ ലോകജീവിതത്തിന്റെ ലക്ഷ്യവും അർത്ഥവും മറ്റുള്ളവരോടു് മൂകമായ ഭാഷയിൽ പ്രസംഗിക്കുന്ന ഒരു ക്ലാശയാണു് സന്ന്യാസി. സന്ന്യാസം പുണ്യപൂർണ്ണതയ്ക്കായിട്ടുള്ള ഒരാഹ്വാനവുമാണു് സാധാരണക്കാരുടെ ജീവിതലക്ഷ്യം നിത്യരക്ഷ പ്രാപിക്കുകയാണെന്നായിരുന്ന പൗരാണികമായ ചിന്താഗതി. എന്നാൽ വത്തിക്കാൻ സൂനഹദോസു് സഭയിൽ എല്ലാവരും പരിപൂർണ്ണതയ്ക്കായി ക്ഷണിക്കപ്പെട്ടിരിക്കുന്നു എന്നു" പ്രഖ്യാപിച്ചിട്ടുണ്ടു്. മറ്റുള്ളവർക്കു് പരി

പൂർണ്ണത ഒരു ആഹ്വാനമാണെങ്കിൽ സന്യാസികത്വം അതു് ഒരു കല്പനയാണു്. വ്രതം ചെയ്തശേഷം ഒരു സന്യാസി പരിപൂർണ്ണതയ്ക്കായി പരിശ്രമിക്കുന്നില്ലെങ്കിൽ അതു് ഗർഹണീയമായ ഒരു കൃത്യവിലോപമാണു്; കുറഞ്ഞവുമതെ എന്നതെ വി. തോമസ്സു് അക്വിനാസിന്റെ അഭിമതം (II. II. q- 166,)

ഒരിക്കൽ ഒരു താത്വികൻ ഹേറോദേസ്സു് രാജാവിനെ സന്ദർശിക്കുന്നതിനായി ചെന്നു. ഒരു ദൂതൻ മുഖേന രാജാവിനെ വിവരം ധരിപ്പിച്ചു. രാജാവു് താത്വികനു് സന്ദർശനം അനുവദിച്ചു. താത്വികൻ രാജാവിന്റെ സമീപത്തു ചെന്നപ്പോഴം ഹേറോദേസ്സു് താത്വികനോടു് തത്വശാസ്ത്രസംബന്ധമായ ചില ചോദ്യങ്ങളം ചോദിച്ചു. എന്നാൽ താത്വികനു് അതിനു് ശരിയായ ഉത്തരം പറയുവാൻ സാധിച്ചില്ല. അപ്പോഴം ഹേറോദേസ്സു് താത്വികനോടു് ഇപ്രകാരം പറഞ്ഞു "ഞാൻ താങ്കളിൽ ഒരു താത്വികന്റെ വസ്ത്രം കാണുന്നുണ്ടു്. പക്ഷേ, തത്വശാസ്ത്രമൊന്നുമില്ല." ഇതുപോലെ ഇന്നത്തെ സന്യാസികളോടു് "ഞാൻ നിങ്ങളിൽ സന്യാസവസ്ത്രം കാണുന്നുണ്ടു്. പക്ഷേ സന്യാസചൈതന്യമില്ല" എന്നു് ആരും പറയുന്നതിനിടയാകരുതു്. വസ്ത്രവും പട്ടവുമല്ല ഒരു സന്യാസിയെ സന്യാസിയാക്കുന്നതു്. ക്രിസ്തീയ സുകൃതങ്ങളുടെ പൂർണ്ണതയാണു് ലോകം സന്യാസികളിൽ നിന്നു് പ്രതീക്ഷിക്കുന്നതു്.

വി. ജരാർഡ്മജെല്ലായുടെ ഒരു മരുമകം സന്യാസസഭയിൽ പ്രവേശിക്കണമെന്നുള്ള ആഗ്രഹം വിശുദ്ധനോടറിയിച്ചു. ഉടനെ വിശുദ്ധൻ ചോദിച്ചു "എന്തിനാണു് സന്യാസസഭയിൽ പ്രവേശിക്കുന്നതെന്നു്" അവം ഉടനെ പ്രതിവചിച്ചു "ഞാൻ ഒരു വിശുദ്ധയാത്തിതീരു

ന്നതിനാണു് സന്യാസത്തിൽ പ്രവേശിക്കുന്നതു്. ഒരു വിശുദ്ധയായിത്തീരുന്നതിനാണു് സന്യാസത്തിൽ പ്രവേശിക്കുന്നതെങ്കിൽ അനുമോദനാർഹമാണു്. മറേറതെങ്കിലും ഉദ്ദേശ്യത്തോടുകൂടിയാണെങ്കിൽ പോകേണ്ട'' യെന്നാണു് വിശുദ്ധൻ പറഞ്ഞതു്. ആധുനിക ലോകവും സന്യാസിയിൽനിന്നും പ്രതീക്ഷിക്കുന്നതു് വിശുദ്ധിയാണു്. അല്ലെങ്കിൽ സന്യാസം കാപട്യമായിരിക്കും. ലോകത്തിന്റെ ദൃഷ്ടിയിൽ സന്യാസം ഒരു ജീവിതം പാഴാക്കലും ഒളിച്ചോട്ടവുമാണു്, സന്യാസി വിശുദ്ധിയുടെ കായ്പ്പും വിസ്മരിച്ചുകൊണ്ടു് ജീവിച്ചാൽ അതു് ഒരു നരകമായിരിക്കും. പരിപൂർണ്ണതയ്ക്കായി പരിശ്രമിക്കുന്നവർക്കു അതു് ഒരു ഭൗമ്യപറുദീസാ തന്നെയാണു്.

സന്യാസം സേവനത്തിനുള്ള ഒരാഹ്വാനമാണു്. ദൈവസേവനവും പരസേവനവുമാണു് സന്യാസത്തിന്റെ ലക്ഷ്യം. ആദ്ധ്യാത്മികവും ലൗകികവുമായ മണ്ഡലങ്ങളിൽ ദൈവജനത്തെ സേവിക്കണം. മദർ തെരേസായ്ക്കു് ജോൺമാർപ്പാപ്പായുടെ നാമത്തിലുള്ള സമ്മാനം നല്കിക്കൊണ്ടു് ആറാം പൗലോസു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചതു് 'മദർ തെരേസാ വിശ്വസാഹോദര്യത്തിന്റെ പ്രതീകമാണെന്നാണു്''. ഇതുപോലെ എല്ലാ സന്യാസിനീസന്യാസികളും വിശ്വസാഹോദര്യത്തിന്റെ പ്രതീകങ്ങളായിരിക്കണം.

അദ്ധ്യായം മൂന്ന്

സന്യാസം വത്തിക്കാൻ സൂനഹദോസിനു് ശേഷം

വത്തിക്കാൻ സൂനഹദോസിനുശേഷം സന്യാസം ഒരു പരിവർത്തനദശയെ തരണം ചെയ്യുകയാണു്. കത്തോലിക്കജീവിതത്തിൽ പൊതുവേ അതു് അനുഭവപ്പെടുന്നു. എങ്കിലും സന്യാസജീവിതത്തിലുള്ള പ്രതിസന്ധിയുടെ കാരണമെന്താണെന്നു് കൃത്യമായി പറയുവാൻ വിഷമമാണു്. പല കാരണങ്ങളും പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. വിശ്വാസതകർച്ച, പുരോഗമനത്തിന്റെ പേരിൽ പ്രാർത്ഥനയുടെ അഭാവം, പ. കുർബ്ബാനയോടുള്ള ഭക്തിക്കുറവു്, പ. കന്യകാമറിയത്തോടുള്ള ഭക്തി വിഗണിച്ചതു് ഇതെല്ലാം അതിനു് ഒരു പരിധിവരെ കാരണമായിരുന്നു. വത്തിക്കാൻ സൂനഹദോസിന്റെ ലക്ഷ്യം ഒരു വാക്കിൽ പ. പിതാവു് ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ വ്യക്തമാക്കുന്നു. തിരുസഭയെ ആധുനാധുനീകരിക്കുക (Aggiornaments) എന്നതാണു് സൂനഹദോസിന്റെ ലക്ഷ്യം,

ആദ്ധ്യാത്മികമായ ഒരു നവോത്ഥാനം ആഗോളവ്യാപകമായി ഉരുത്തിരിയണം. ലൗകായതികതത്ത്വത്തിലേയ്ക്കു് ആഞ്ഞടിയുന്ന ആധുനികലോകത്തിന്റെ മനഃസാക്ഷി

യെ തട്ടിയുണർത്തി അതിനെ ആദ്ധ്യാത്മീക പ്രബുദ്ധമാക്കുക. വത്തിക്കാൻ കൗൺസിൽ ആദ്ധ്യാത്മീകതയ്ക്കാണ് സന്യാസനവീകരണ ഡിക്രിയിലും മറ്റും പ്രാധാന്യം നല്കിയിരിക്കുന്നത്. സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുക എന്നതായിരിക്കട്ടെ സന്യാസികളുടെ ഏറ്റവും വലിയ നിയമം.'' വിപ്ലവാത്മകമായ പരിവർത്തനങ്ങളുടെ ഈ യുഗത്തിൽ അനശ്വരമായ, സനാതനമായ ചില മൂല്യങ്ങളും ഉണ്ടെന്നുള്ള വസ്തുത സന്യാസികളും അവരുടെ ജീവിതംവഴി ലോകത്തോട് പ്രഖ്യാപിക്കണം.

സന്യാസം ഭൗമികമായ എല്ലാ സാഹചര്യങ്ങളും സംഘർഷങ്ങളും അതീതമായി ഭൗമികത്തെക്കാളും പാരത്രികത്തിനും, കാലികത്തെക്കാളും സനാതനമായവയ്ക്കും മുൻഗണന നൽകേണ്ട ഒരു ജീവിതമാണ്. പുരോഗമനോന്മുഖമായ ഇന്നത്തെ ലോകത്തിലും ''സന്യാസജീവിതം ദൈവത്തിലും, ക്രിസ്തുവിലും സഭയിലും കേന്ദ്രീകൃതമായ ഒരു ആരാധനാപരമായ ജീവിതമാണ്. (1) തന്നിമിത്തം അതു് ഇന്നും പ്രസക്തമാണ്; ആവശ്യവുമത്രേ. നമ്മുടെ അസ്തിത്വം മുഴുവൻ ദൈവത്തിൽ കേന്ദ്രീകൃതമായിരിക്കണമെന്നുള്ള ഒരു ദൈവശാസ്ത്രപരമായ മനോഭാവമാണ് സന്യാസജീവിതം ''ഇന്നത്തെ ഓരോ ക്രൈസ്തവന്റെയും ഭൗത്യം നാസ്തികമായ ലോകത്തിനു് ദൈവത്തെ കാണിച്ചുകൊടുക്കുകയാണ്'' എന്നത്രെ കർത്തിനാൾ സുവനൻസ് ഒരിക്കൽ പ്രസ്താവിച്ചതു്. പ്രത്യേകമായി വൈദികരുടേയും സന്യാസികളുടേയും ജീവിതത്തിൽ അർത്ഥം നൽകുന്നതു് അതാണ്.

ആധുനിക ലോകം ദൈവത്തെ അംഗീകരിക്കുവാൻ

---

(1) Religious life after II Vatican
St. Paul Publications. P. 52-53.

വൈമുഖ്യം പ്രദർശിപ്പിക്കുന്നുണ്ടെങ്കിലും ദൈവികരായ വ്യക്തികളെ അംഗീകരിക്കുവാൻ സന്നദ്ധമാണു്. കേരളത്തിലെ ഒരു കത്തോലിക്കവൈദികനെ ഒരു സ്ഥലത്തു നിന്നു സ്ഥലം മാറ്റിയപ്പോഴും ഒരു കമ്മ്യൂണിസ്റ്റു് വാരികയിൽ ആ വൈദീകനെപ്പറ്റി ഒരു ലേഖനം എഴുതിയിട്ടു് ഉപസംഹരിച്ചതു് ഇപ്രകാരമാണു് 'എല്ലാ വൈദീകരും ഈ വൈദികനെപ്പോലെ ആയിരുന്നെങ്കിൽ' ഒരു വൈദ്യുതദീപം പ്രകാശിക്കണമെങ്കിൽ അതു് ശക്തിസംഭരണകേന്ദ്രവുമായി ബന്ധപ്പെട്ടിരിക്കണം. ഇതുപോലെ ഓരോ സന്യാസിയും മറ്റുള്ളവരെ പ്രകാശിപ്പിക്കണമെങ്കിൽ ആദ്ധ്യാത്മികജീവന്റെ പ്രഭവസ്ഥാനമായ ദൈവവുമായി ബന്ധപ്പെടണം. വി. ജോൺ വിയാനിയെപ്പറ്റി ഒരു വൈദികൻ വേറൊരു വൈദികനോടു് പറഞ്ഞതു് ഇപ്രകാരമാണു്. ''ദൈവം ആ മനുഷ്യനിൽ ജീവിക്കുന്നതു് ഞാൻ കണ്ടു.'' ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെപ്പറ്റി സമകാലീനർ പറഞ്ഞിരുന്നതു് ''അദ്ദേഹം ഒരു ദൈവീക മനുഷ്യനായിരുന്നു എന്നത്രെ''

''ആധുനിക മനുഷ്യനു് അല്പംകൂടി ആത്മാവു് ആവശ്യമുണ്ടു്'' (2) എന്നു് ബർഗ്സോൺ എന്ന യഹൂദതാത്വികൻ പ്രസ്താവിച്ചിരിക്കുന്നു. ലാസന്നെ എന്ന താത്വികൻ പറയുകയുണ്ടായി ആധുനികലോകത്തിൽ ദൈവം ഒരു പ്രതിസന്ധിഘട്ടത്തിലാണു്. നാസ്തികർ അവിടത്തെ അസ്തിത്വം നിഷേധിക്കുന്നു. മറ്റുചിലർ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിലും തങ്ങളുടെ ജീവിതംവഴി അതു പ്രഖ്യാപിക്കുന്നില്ല. കുറഞ്ഞപക്ഷം സന്യാസികളും വൈദികരുമെങ്കിലും തങ്ങളുടെ ജീവിതംവഴി ദൈവത്തെ പ്രഖ്യാപിക്കണം.

---

(2) World Crisis and Catholics. The gates of hell shall not prevail. by Joseph Folliet.

സന്യാസജീവിതം നമ്മെ ദൈവീകരാക്കിത്തീർക്കുന്നു. സന്യാസത്തിൽ ദൈവത്തെ അല്ലാതെ മറ്റൊന്നെങ്കിലും നാം അന്വേഷിച്ചാൽ നമുക്കു് യഥാർത്ഥമായസമാധാനമോ സൗഭാഗ്യമോ അനുഭവവേദ്യമാവുകയില്ല.

സന്യാസം ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു ജീവിതമാണു്. സന്യാസവ്രതങ്ങളും നമ്മിൽ ക്രിസ്തുവിലേയ്ക്കുള്ള ഒരു രൂപാന്തരീകരണം ഉളവാക്കുന്നു. വത്തിക്കാൻ സൂനഹദോസു് സന്യാസ നവീകരണത്തെക്കുറിച്ചുള്ള ഡിക്രിയിൽ പ്രഖ്യാപിച്ചിട്ടുള്ളതു് ഇപ്രകാരമത്രെ. "സന്യാസികളുടെ ഏറ്റവും വലിയ നിയമം സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുകയാണു്. വ്രതത്രയങ്ങളും വഴി ക്രിസ്തുവുമായിട്ടുള്ള ഒരഭിമുഖീകരണമാകുന്നു സന്യാസം. സന്യാസവ്രതങ്ങളും മൂന്നും നമ്മെ ക്രിസ്തുവിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കുന്നതിനു് സഹായിക്കുന്നു അനുസരണം ക്രിസ്തുവിന്റെ ജീവിതത്തിലേയ്ക്കുള്ള താക്കോലാണു്.[3] മിശിഹായുടെ ജീവിതം മുഴുവൻ അനുസരണത്തിന്റെ ജീവിതമായിരുന്നു. ജനനം മുതൽ കാൽവരിയിലെ കുരിശുമരണംവരെ.

ഒരു കന്യകയുടെ സന്തോഷം, മിശിഹായിലും, മിശിഹായോടുകൂടിയും ഈശോയ്ക്കുവേണ്ടിയും, ഈശോവഴിയുമാണു് എന്നു് വി. ആഗ്നസ്സീനോസും പ്രസ്താവിച്ചിരിക്കുന്നു. വിരക്തർ മിശിഹായുമായിട്ടുള്ള ഒരാദ്ധ്യാത്മിക വിവാഹത്തിലാണു് ഏർപ്പെടുന്നതു്. ശാരീരികവും ലൈംഗികവുമായ ബന്ധമല്ല. വി. അപ്പസ്തോലൻ കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ പ്രസ്താവിക്കുകയാണു്. "ഭാര്യയുള്ളവൻ ഭാര്യയെ പ്രസാദിപ്പിക്കുന്നതിനായി ലൗകികകാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നു. എന്നാൽ ഭാര്യയി

3) Fr. Francis J. Ripley. Priest of Christ. Chapter IX

ഭ്രാത്തവനാകട്ടെ തന്റെ കർത്താവിനെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി അക്കാര്യത്തിൽ ആകുലചിത്തനാകുന്നു. എന്നാൽ കന്യകയാകട്ടെ അവളുടെ ആത്മാവിലും ശരീരത്തിലും നിർമ്മലയായിരിക്കുന്നതിനു് തന്റെ കർത്താവിനെ പ്രസാദിപ്പിക്കുന്ന കാര്യത്തിൽ ആകുലചിത്തയാകുന്നു. (I. കോ. VII. 33—36)

ദാരിദ്ര്യം വഴി നാം ദരിദ്രനായ ക്രിസ്തുവിനെ അനുകരിക്കുന്നു. ലൗകികവസ്തുക്കളുടെ യഥാർത്ഥമായ വില ലോകത്തോടു് പ്രഖ്യാപിക്കുന്നു. മിശിഹാ ഈ ലോകത്തിലേയ്ക്കു വന്നതു് നമ്മെ ഒരു മഹനീയമായ പാഠം പഠിപ്പിക്കുവാനാണു്. നമ്മുടെ മഹത്വം നമുക്കു് എന്തുണ്ടു് എന്നതിലല്ല പ്രത്യുത നാം എന്താണു് എന്നതിലത്രെ അടങ്ങിയിരിക്കുന്നതു്: ദാരിദ്ര്യം വഴി ക്രിസ്തുവിന്റെ സ്വയം ശൂന്യമാക്കലിൽ (കെനോസിസിൽ) നാം പങ്കുചേരുന്നു. അവിടുന്നു് സർവ്വപ്രപഞ്ചങ്ങളുടെയും അധിനാഥനായിരുന്നിട്ടും ദരിദ്രരിൽ ദരിദ്രനായി, പരിത്യക്തരിൽ പരിത്യക്തനായി ഈലോകത്തിൽ ജീവിച്ചു. മിശിഹായുടെ ദാരിദ്ര്യം രാജകീയമായ ദാരിദ്ര്യമായിരുന്നു.'' ദൈവത്തിനു് പ്രാപഞ്ചിക വസ്തുക്കളിൽ യാതൊന്നും ആവശ്യമില്ല. ഇതുപോലെ ഏറ്റവും കുറച്ചു് ലൗകികവസ്തുക്കളാൽ സംതൃപ്തനാകുന്നവൻ ദൈവത്തോടു് സദൃശ്യനാകുന്നുവെന്നത്രേ സോക്രട്ടീസു് എന്ന യവന താത്വികന്റെ അഭിമതം. ഈശോ ധനികനായ യുവാവിനോടു് ''പരിപൂർണ്ണത പ്രാപിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റു് ദരിദ്രർക്കു കൊടുത്തിട്ടു് എന്നെ അനുഗമിക്കുക'' എന്നാണല്ലൊ അരുളിച്ചെയ്തതു്. ക്രിസ്തുവിനെ അനുഗമിക്കുന്നതിനും പരിപൂർണ്ണതാപ്രാപ്തിക്കും ദാരിദ്ര്യം അനുപേക്ഷണീയമാണെന്നു അവിടത്തെ ദിവ്യവചസ്സുകളും വ്യ

കുന്തമാക്കുന്നു. സന്യാസവ്രതങ്ങളും ഓരോന്നുംവഴി ക്രിസ്തുവിന്റെ ജീവിതത്തോടു താദാത്മ്യം പ്രാപിക്കുകയും ക്രിസ്തുവൽക്കരണപ്രക്രിയയ്ക്കു വിധേയരാവുകയും ചെയ്യുന്നു.

ഒരിക്കൽ ഒരു യുവതി ഒരു മഠാധിപയുടെ അടുക്കൽ ചെന്നു അവരുടെ സന്യാസജീവിതം ആശ്ലേഷിക്കുവാൻ ആഗ്രഹമുണ്ടെന്നുള്ള വിവരം അറിയിച്ചു. അവൾ ഒരു സമ്പന്നകുടുംബാംഗമായതിനാൽ മദർ അവളെ നിരുത്സാഹപ്പെടുത്തിയയച്ചു. ഭക്ഷണം, വസ്ത്രം, ശയനസൗകര്യങ്ങളും ഇവയിലെല്ലാം ഉണ്ടാകാവുന്ന വിഷമങ്ങളും സന്യാസജീവിതത്തിലെ മറ്റു പരുപരുത്ത വശങ്ങളും അവളെ പറഞ്ഞു കേൾപ്പിച്ചു. അതിനുശേഷം അവളോടു പറഞ്ഞു. കുഞ്ഞു ഒരു സമ്പന്നകുടുംബത്തിലെ അംഗമാണു. നിനക്കു വീട്ടിൽ ലഭിക്കുന്നതുപോലുള്ള ജീവിതസുഖസൗകര്യങ്ങളും ഇവിടെ ലഭിക്കുകയില്ല അതിനാൽ വൈവാഹികജീവിതത്തിൽ പ്രവേശിക്കുകയാണു നല്ലതു.

ആ യുവതി സ്വല്പസമയം ആലോചിച്ചശേഷം ''അമ്മേ ഇവിടെ വേറെ യാതൊന്നുമില്ലേ'' എന്നു ചോദിച്ചു. മദർ പ്രത്യുത്തരമായി ''ഇവിടെ കുഞ്ഞിനു തരുവാൻ വേറെ യാതൊന്നുമില്ല'' എന്നു പറഞ്ഞു. ഉടനെ ആ യുവതി ചോദിക്കുകയാണു ''അമ്മേ, ഇവിടെ ക്രൂശിതരൂപമില്ലേ?'' ഉണ്ടു എന്നു മറുപടി പറഞ്ഞപ്പോൾ 'അതുമാത്രം മതി എനിക്കു' എന്നാണു ആ യുവതി പ്രതിവചിച്ചതു. സന്യാസവ്രതത്രയം വഴി നാം ക്രൂശിതനായ ക്രിസ്തുവിനോടു സ്വയം ക്രൂശിക്കുകയാണു. മിശിഹായുള്ളവർ തങ്ങളുടെ ശരീരത്തെ അതിന്റെ സകല ദുരാശകളോടുംകൂടി കുരിശിൽ തറയ്ക്കുന്നു. (ഗാല. V. 24) എന്നു വി. പൗലോസ് ശ്ലീഹാ ഉൽബോധിപ്പിക്കുന്നുണ്ടല്ലൊ. ക്രൂശിതനോടുകൂടി സ്വയം ക്രൂശിക്കാതെ ആർക്കും ഉത്തമ സന്യാസി

കളോ വൈദികനോ ആകുവാൻ സാദ്ധ്യമല്ല. ഇപ്രകാരം ഓരോ സന്യാസാത്മാക്കളുടെയും പ്രവർത്തനം ക്രിസ്തുവിൽ കേന്ദ്രീകൃതവും ക്രിസ്തുവിനോടുകൂടിയും, ക്രിസ്തുവിനുവേണ്ടിയുമായിരിക്കണം. അപ്രകാരം ജീവിക്കുമ്പോൾ മിശിഹായിലേയ്ക്കുള്ള രൂപാന്തരീകരണവും പൂർണ്ണമാകുന്നു.

1970 ജനുവരി മാസത്തിൽ ലോകത്തിലുള്ള അറുനൂറോളം സന്യാസിനീസഭകളുടെ മദർജനറൽമാർ റോമിൽ സമ്മേളിച്ചപ്പോൾ പ. പിതാവ് അവർക്ക് നൽകിയ സന്ദേശമിതാണ്. "സുവിശേഷത്തോടും നിങ്ങളുടെ സഭാനിയമങ്ങളോടും പരിപൂർണ്ണ വിശ്വസ്തരായി നിങ്ങളുടെ ദിവ്യമണവാളന്റെ മുഖം ലോകത്തിനു കാണിച്ചു കൊടുക്കുക. (5) നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ ആധുനികലോകത്തിലെ ലോകവന്ദ്യരായ നേതാക്കളിൽ ഒരാളായി പരിഗണിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ മഹത്വത്തിനും, ജീവിത വിജയത്തിനും നിദാനം അദ്ദേഹം ക്രിസ്തുവിനെ ആത്മാർത്ഥമായി അനുകരിച്ചതാണ്. അദ്ദേഹംതന്നെ അതു് അംഗീകരിക്കുന്നുമുണ്ട്. നമ്മുടെ സന്യാസജീവിതവിജയം ക്രിസ്തുവിനെ പൂർണ്ണമായി അനുകരിച്ച് അവിടുത്തേയ്ക്ക് സാക്ഷ്യം വഹിക്കുന്നതിലാണ്.

സന്യാസം തിരുസഭയിൽ കേന്ദ്രീകൃതമായ ഒരു ജീവിതമായിരിക്കണം. പരിശുദ്ധാത്മാവ് ഏതെങ്കിലും ദാനം നൽകുമ്പോൾ നമ്മെ തിരുസഭയോട് കൂടുതൽ അടുപ്പിക്കുന്നു. മിശിഹായോടുള്ള സ്നേഹവും നമ്മെ സഭയിലേയ്ക്കാകർഷിക്കുന്നു. ക്രിസ്തുവിനോട് കൂടുതൽ അടുക്കുന്നതിനു് സഭയിൽ കേന്ദ്രീകൃതമായ ജീവിതമാണ് സഹായകം. "അനുസരണം സഭാസേവനത്തിനു് നമ്മെ പ്രതിഷ്ഠിക്കുന്നു

(5) The living word. Feb - March - 1970.

ഒരു ദാനമാണു്. വിരകു്തിയും ദാരിദ്ര്യവും നമുക്കു് നൽകുന്ന അത്രുപിയുടെ സ്വാതന്ത്ര്യം സഭയെ കൂടുതൽ വ്യകു്തമായി മനസ്സിലാക്കുവാൻ സഹായിക്കുന്നു. അതു് ദൈവീകവും മാനുഷീകവുമാണു്, ക്രിസ്തുവിന്റെ വ്യകു്തിത്വത്തിന്റെ തുടർച്ചയാണു് എന്നെല്ലാം ഗ്രഹിക്കുന്നു. ക്രിസ്തുവുമായി അവിടുത്തെ സഭയിൽ പരിത്രാണനകർമ്മത്തിൽ സഹകരിച്ചുകൊള്ളാമെന്നു നാം ഒരു ഉടമ്പടി ചെയ്യുകയാണു് (Covenant) അനുസരണം വഴി(6)

സഭാസേവനമാണു് വത്തിക്കാൻ സൂനഹദോസു് സന്യാസജീവിതത്തിന്റെ ലക്ഷ്യമായി പ്രസ്താവിച്ചിട്ടുള്ളതു്. സഭയെ പടുത്തുയർത്തുക ക്രിസ്തുവിന്റെ രാജ്യം വിസ്തൃതമാക്കുക. പ്രേഷിതപരമായ ഒരാഭിമുഖ്യം ഓരോ സന്യാസിക്കും അത്യന്താപേക്ഷിതമാണു്, അല്ലെങ്കിൽ സന്യാസം ധന്യമായിരിക്കുകയില്ല. വി. അമ്മത്രേസ്യാ വി. കാതറൈൻ ഓഫു് സീയന്നാ, വി. ഇഗ്നേഷ്യസു്, വി. വിൻസെന്റു് ഡി പോൾ, വി. ഡോൺബോസ്കോ, വി. കൊച്ചുത്രേസ്യാ, ദൈവദാസൻ ചാവറ കുര്യാക്കോസു് ഏലിയാസച്ചൻ മുതലായവരും സഭാസേവനത്തിനായി തങ്ങളുടെ ജീവിതം അർപ്പിച്ചവരാണു്. അപ്പർസഭാംബികയെ ആത്മാർത്ഥമായി സ്നേഹിച്ചവരാണു്. വി. അമ്മത്രേസ്യാ മരണാവസരത്തിൽ പ്രസ്താവിച്ചതു് "ഞാൻ സഭയുടെ പുത്രിയാണെന്നുള്ള അഭിമാനബോധത്തോടുകൂടി മരിക്കുന്നു" എന്നാണു്. ദൈവത്തോടുള്ള ഉത്തരവാദിത്വം കഴിഞ്ഞാൽ സഭയോടാണു് നമുക്കു പ്രധാനപ്പെട്ട കടമ. ദൈവജനത്തെ സേവിക്കുക. പഴമനിയമകാലത്തെ പ്രവാചകരുടെ ഔത്യമാണു് സന്യാസികൾക്കു് നിർവ്വഹിക്കുവാ

(6) Rev. Fr. Ladislans. M. Orsay. Open to the spirit. P. 66.

ണ്ടുള്ളതു്. നാം ആധുനികയുഗത്തിലെ പ്രവാചകരാണു്. സന്യാസികളും അവരുടെ ജീവിതം വഴി ഈലോകത്തെ ദൈവത്തിന്റെ നിത്യതയുമായി ബന്ധിക്കുന്നു. നിത്യമായ ദൈവരാജ്യത്തിന്റെ അടയാളങ്ങളും അഥവാ കൂടാശകളാണു് അവർ.

തിരുസ്സഭ അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും സന്യാസ സഭാംഗങ്ങളാണു് സഭാംബികയെ കൂടുതൽ തീഷ്ണതാപൂർവ്വം, വിശ്വസ്തതയോടെ സേവിച്ചിട്ടുള്ളതു്. ഓരോ നൂറ്റാണ്ടിലും സഭയുടെ ആവശ്യങ്ങളുംക്കനുസരിച്ചു് ഓരോ സന്യാസ സഭകളും ജന്മമെടുത്തു. അതിനാൽ ഇന്നും കത്തോലിക്കാസഭാമലർവാടിയിൽ സന്യാസ ജീവിതം അനുപേക്ഷണീയമാണു്. ''ഇന്നത്തെ സഭയ്ക്കു നിങ്ങളെക്കൊണ്ടു് ആവശ്യമുണ്ടു് എന്നാണു് പ. പിതാവു് ആറാം പൗലോസു് സന്യാസസഭാ മദർ ജനറൽമാരോടുള്ള ഉപദേശത്തിൽ അവരെ അനുസ്മരിപ്പിച്ചതു്. വത്തിക്കാൻ സൂനഹദോസു് കഴിഞ്ഞ ഉടനെ ലോകത്തിലുള്ള എല്ലാ സന്യാസ സഭാംഗങ്ങളോടുമായി പ. പിതാവു് പ്രസ്താവിച്ചതു് ''ഇന്നത്തെ ലോകത്തിന്റെ ആവശ്യങ്ങളും മനസ്സിലാക്കി സഭാസേവനത്തിനു് സന്നദ്ധരാവുക'' എന്നാണു്. നാം ആധുനികലോകത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ കരുത്തുറ്റവരായിരിക്കണം, സഭയെ സ്നേഹിക്കുകയും, അവളോടൊത്തു് ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുകൊണ്ടു്.

അവസാനമായി സന്യാസം ആരാധനാപരമായ ഒരു ജീവിതമാണു്. ദൈവമഹത്വമാണു് എല്ലാ സൃഷ്ടികളുടെയും ലക്ഷ്യം. ലോകം മുഴുവൻ ദൈവത്തിനു് ഒരു ആരാധന സമർപ്പിക്കുന്നു. മൂകജാതികളുംപോലും ദൈവ

ത്തെ സ്തുതിക്കുന്നുണ്ട്. എന്നാൽ സുബുദ്ധിയുള്ള മനുഷ്യൻ മാത്രം ദൈവത്തെ അറിഞ്ഞു് സ്നേഹിച്ചു് അവിടുത്തെ മഹത്വപ്പെടുത്തുന്നു. എല്ലാമനുഷ്യർക്കും അതിനു് കടമയുണ്ടു്. പ്രത്യേകിച്ചും ദൈവത്തിനർപ്പിതരായ സന്യാസികളും വൈദികരും മറ്റുള്ളവർക്കുവേണ്ടിയും അതു് നിവ്വഹിക്കുവാൻ ബാദ്ധ്യസ്ഥരാണു്. അവർ ലോകത്തിനും ദൈവത്തിനുമിടയിൽ മദ്ധ്യസ്ഥരായി വത്തിക്കണം.

സന്യാസവ്രതങ്ങളംവഴി ഒരു ആരാധനാസമൂഹത്തെയാണു് രൂപീകരിക്കുന്നതു്. ക്രിസ്തു പിതാവിനു് സ്വയം ഒരു ഹോമബലി അപ്പിച്ചു. അതുപോലെ സന്യാസികളുടെ ജീവിതം ഒരു ബലിയായിരിക്കണം. സന്യാസാർപ്പണം ഒരു ബലിയാണു്. അതിന്റെ തുടച്ചയായിരിക്കണം ജീവിതം. ഇൻഡ്യയിലെ നാഷണൽ സെമിനാർ ഉൽഘാടനം ചെയ്ത അവസരത്തിൽ മൊൺ. പീഞ്ഞദോളി പ്രസ്താവിച്ചതു് 'സഭയെ പ്രാത്ഥിക്കുന്ന ഒരു സമൂഹമായി ഓരോ ഗ്രാമത്തിലും സന്യാസികരം അവതരിപ്പിക്കണ' മെന്നാണല്ലൊ. ദിവ്യബലി, കാനോനിക പ്രാത്ഥന, ജപമാല മുതലായ ആരാധനക്രമപരമായ പ്രാർത്ഥനകരം വഴി സന്യാസികരം ആ കർത്തവ്യം നിർവഹിക്കണം. ഇന്നു് ജോലിയുടെപേരിൽ അഥവാ നവീകരണത്തിന്റെപേരിൽ പ്രാർത്ഥനാജീവിതം പരിത്യജിക്കുന്ന സന്യാസികരം തങ്ങളുടെ മൗലികമായ ഈ കടമ വിസ്മരിക്കുകയാണു്. പരി. പിതാവു് പന്ത്രണ്ടാം പീയൂസു് അരുളിച്ചെയ്തിട്ടുള്ളതുപോലെ അതു് പ്രവർത്തനത്തിന്റെ പാഷണ്ഡതയാണു്. [ഫാ. ചാൾസ്ഡേവീസ് വൈദികവൃത്തി ഉപേക്ഷിച്ചു പോയപ്പോരം മിസിസു് മോനിക്കാ ബാരംഡു്വിൻ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. അതിന്റെ അഭിധാനം 'My leap over the walls' (എന്റെ മതിൽ

ചട്ടം) എന്നാണു്. അതിൽ അവർ പ്രസ്താവിക്കുന്നതു് അവരുടെ സന്യാസസഭാ പരിത്യാഗത്തിനും ഫാ. ചാത്തു് ഡേവീസിന്റെ അധഃപതനത്തിനും നിദാനം പ്രാർത്ഥനാജീവിതത്തിലുള്ള വിമുഖതയാണെന്നാണു്. 'എല്ലാ പ്രേഷിതപ്രവർത്തനങ്ങളുടെയും ആത്മാവു് അടിയുറച്ച ആന്തരിക ജീവിതമാണു്.' (8) ആന്തരിക ജീവിതമില്ലാതെ നാം പ്രവർത്തിച്ചാൽ അതു് നിഷ്ഫലമായിരിക്കും. റഷ്യൻ ബഹിരാകാശ സഞ്ചാരികളുടെ സോയൂസു് ഒമ്പതിലെ പര്യടനംപോലെയായിരിക്കും അതിന്റെ പരിണത ഫലം. മൂന്നാഴ്ചക്കാലത്തേയ്ക്കു് അവർ വളരെ വിജയകരമായ പര്യടനം നടത്തി. എന്നാൽ അവർ ഭൂമിയിൽ തിരിച്ചെത്തുന്നതിനു് മുമ്പു് മൃതിയടഞ്ഞു. ഇതുപോലെ നമ്മുടെ പ്രവർത്തനങ്ങൾക്കു് പ്രാർത്ഥനാചൈതന്യമില്ലെങ്കിൽ അവയും ഫലമണിയാതെ പോകുന്നതാണു്.

രണ്ടാം വത്തിക്കാൻ സൂനഹദോസു് സന്യാസജീവിതത്തിന്റെ കാതലായവയ്ക്കു് യാതൊന്നിനും മാറ്റം വരുത്തിയിട്ടില്ല. സ്ഥലകാലസാഹചര്യങ്ങൾക്കനുസരണമായ ചില അനുരൂപണങ്ങൾ സൂനഹദോസു് നിർദ്ദേശിച്ചു. അതോടൊപ്പം ക്രൈസ്തവജീവിതത്തിന്റെ ഉറവിടങ്ങളിലേയ്ക്കും സ്ഥാപകന്മാരുടെ ചൈതന്യത്തിലേയ്ക്കും പ്രത്യാഗമിക്കുവാനുള്ള ഒരു ആഹ്വാനവും നല്കി. ഇന്നു് മാനുഷികമായ മൂല്യങ്ങൾക്കു് ഒരു പരിധിവരെ സന്യാസജീവിതത്തിൽ പ്രാമുഖ്യം നൽകിയിട്ടുണ്ടു്. സന്യാസത്തിന്റെ ആന്തരികചൈതന്യത്തിനു് കോട്ടം ഭവിക്കാത്ത വിധത്തിൽ. തിരുസഭ സന്യാസജീവിതത്തെ എന്നും വിലമതിക്കുന്നതായി സൂനഹദോസുതന്നെ പ്രഖ്യാപിച്ചു. സന്യാ

(8) Abbot Don Chaturd· The Soul of the Apostolate· പരിഭാഷ. ഫാ. ആൻസലം സി. എം.. ഐ. പ്രേഷിത ജീവൻ.

സന്ന്യാസത്തോടും ജീവിതരീതിയോടും ഒരു പുതിയ സമീപനമാണു് തിരുസഭ സ്വീകരിച്ചിരിക്കുന്നതു്. സഭയുടെ വിശുദ്ധിയുടെയും ചൈതന്യത്തിന്റെയും ഉത്തമനിദർശനങ്ങളായിരിക്കണം സന്ന്യാസികരും എന്നുള്ള കാര്യത്തിൽ സഭയ്ക്കു നിർബന്ധമുണ്ടു്. വി. ഗ്രന്ഥത്തിലും ആരാധനക്രമത്തിലും അധിഷ്ഠിതമായ ഒരു ആദ്ധ്യാത്മികതയാണു് സന്ന്യാസികർക്കു് സൂനഹദോസു് ഉപദേശിക്കുന്നതു്. സന്ന്യാസത്തിനു് ദൈവശാസ്ത്രം, ചരിത്രം, കാനൻനിയമം മുതലായവയുടെ വെളിച്ചത്തിൽ ഒരു പുനഃനിർവചനം നൽകണമെന്നാഹ്വാനം ചെയ്യുന്ന വത്തിക്കാൻ സൂനഹദോസു്.(9) എന്നാൽ സന്ന്യാസത്തിന്റെ അന്തസത്തയ്ക്കു യാതൊരു കോട്ടവും വരുത്തുവാൻ സൂനഹദോസു് അഭിലഷിച്ചില്ല. അതു് കൂടുതൽ സുദൃഢമാക്കണമെന്നുള്ള ഒരു നിർദ്ദേശവും നൽകിയിട്ടുണ്ടു്. ''തിരുസഭയുടെ നന്മയ്ക്കുവേണ്ടിയാണു് ഓരോ സന്ന്യാസസമൂഹത്തിനും അതാതിന്റെ സ്വഭാവവും പ്രവർത്തനവുമുള്ളതു്. അതുകൊണ്ടു് അവസ്ഥാപകരുടെ പ്രത്യേക ചൈതന്യവും, ലക്ഷ്യവും അവയുടെ പ്രത്യേക പാരമ്പര്യങ്ങളും വിശ്വസ്തതാപൂർവ്വം അനുസരിക്കുകയും പരിരക്ഷിക്കുകയും വേണം. ഓരോ സമൂഹത്തിനും ലഭിച്ചിട്ടുള്ള പിതൃസ്വത്താണിതു്. (രണ്ടാം വത്തിക്കാൻ കൗൺ. പ്രമാണരേഖകരം. സന്ന്യാസജീവിതം. No. 2 b.)

(9) the documents of Commentary on Vatican Council II Decrees. Burns and Oates. Herder and Herder. Vol. II P. 339-40

അദ്ധ്യായം നാല്

സന്യാസ സൗഭാഗ്യം.

സന്യാസം ലോകജീവിത ക്ലേശങ്ങളിൽനിന്നുള്ള ഒരു പലായനമല്ല. ലോകത്തിലെ പ്രശ്നങ്ങളുടെ നേരെ കണ്ണടയ്ക്കാമെന്നു് സന്യാസികൻ വിചാരിക്കരുതു്. എങ്കിൽ അതു് ഒരു ആത്മവഞ്ചനയാണു്. മറിച്ചു് അവർ ഈശോയുടെ ഹൃദയത്തിൽ അവയെല്ലാമറിഞ്ഞു് അവയ്ക്കു് ക്രിസ്തീയവും, സംഘാതവും സന്യാസോചിതവുമായ പരിഹാരം കണ്ടുപിടിച്ചേ മതിയാവൂ. ലോകത്തിലെ പ്രശ്നങ്ങൾ അവർ അറിയുന്നുണ്ടെങ്കിലും അതു് അവരുടെ ആത്മസമാധാനത്തെയും സൗഭാഗ്യത്തെയും നിഹനിക്കുന്നതിനു് ശക്തമല്ല.

ചെക്കോസ്ലാവോക്യായുടെ തലസ്ഥാനമായ പ്രേഗിനു് സമീപം ക്രാക്കോ എന്ന സ്ഥലത്തു് ജക്കേലിന്റെ പുത്രനായി ഹെയിസക്കി എന്നൊരു യഹൂദൻ ജീവിച്ചിരുന്നു. അയാൾ എന്നും പട്ടിണിയിലും പരിവട്ടത്തിലുമാണു് ജീവിതം നയിച്ചതു്. അതിനിടയിൽ ഹെയിസക്കി പലപ്പോഴും ഒരു സ്വപ്നം കാണാറുണ്ടു്. പ്രേഗിലെ പാലത്തിനടിയിൽ ഒരു വലിയ നിധി ഇരിപ്പുണ്ടു് എന്നതാണു് ഹെയിസക്കി കാണുന്ന സ്വപ്നം. എങ്കിലും അയാൾ അതു് അവഗണിച്ചു കളഞ്ഞു. പക്ഷേ ഒരു ദിവസം പട്ടിണികൊണ്ടു് വലഞ്ഞ ഹെയിസക്കി എതായാലു,

വേണ്ടില്ല പ്രേഗ്‌വരെ യാത്ര ചെയ്യു് പാലത്തിന്റെ അടിയിൽ കഴിച്ചുനോക്കാം എന്ന കരുതി പുറപ്പെട്ടു. അയാളും അവിടെ ചെന്നു് പാലത്തിനടിയിൽ കഴിക്കുന്നതു് ഒരു സൈനികജനറൽ കണ്ടുകൂടി. അയാളും ചെന്നു് ഹെയിസക്കിയോടു് താങ്കളും എന്തിനാണു് പാലത്തിനടിയിൽ കഴിച്ചുനോക്കുന്നതു് എന്നു് കർശനമായി ചോദിച്ചു. അപ്പോളും ഹെയിസക്കി പരമാർത്ഥം മുഴുവൻ തുറന്നു് പറഞ്ഞു.

എന്നാൽ പ്രസ്തുത ജനറൽ വേറൊരു സ്വപ്നം കണ്ടുകൊണ്ടാണു് അവിടെ വന്നിരിക്കുന്നതു് എന്നു് ഹെയിസക്കിയോടു് പറഞ്ഞു. ക്രാക്കോയിൽ ഹെയിസക്കി എന്ന മനുഷ്യൻ കിടന്നുറങ്ങുന്ന മുറിയിൽ ഒരു വലിയ നിക്ഷേപം ഇരിപ്പുണ്ടു് എന്നതാണു് സൈനികജനറലിന്റെ സ്വപ്നമെന്നു് അയാളും ഹെയിസക്കിയെ അറിയിച്ചു. ഹെയിസക്കി താൻ തന്നെയാണു് ആ വ്യക്തി എന്നറിയിക്കാതെ ജനറലിനു് അഭിവാദനമർപ്പിച്ചശേഷം വേഗം സ്വഭവനത്തിലേയ്ക്കോടി. അവിടെ ചെന്നു് അയാളും എന്നും കിടന്നു് ഉറങ്ങുന്ന മുറിയിൽ കഴിച്ചുനോക്കിയപ്പോളും വലിയ ഒരു നിധി ലഭിച്ചു. അനേകവർഷക്കാലം ആ നിധിയുടെ മുകളിൽ കിടന്നുറങ്ങിയിട്ടുപോലും ഹെയിസക്കി അതിനെക്കുറിച്ചു് തികച്ചും അജ്ഞനായിരുന്നു. മറ്റൊരാളിന്റെ സഹായത്തോടുകൂടിയാണു് അതു് അയാളും മനസ്സിലാക്കിയതു്.

ഇതുപോലെ ഇന്നു് ചിലർ സന്യാസത്തിലും വൈദികവൃത്തിയിലും ജീവിക്കുന്നുണ്ടു്. സന്യാസമെന്താണു്? പൗരോഹിത്യമെന്താണു് എന്നു് വേണ്ടവിധത്തിൽ ഗ്രഹിക്കാതെ, അതിന്റെ സൗഭാഗ്യം അനുഭവിക്കാതെ ദുരന്തപൂർണ്ണമായ ഒരു ജീവിതം നയിക്കുന്നുണ്ടാവാം. ആദ്ധ്യാത്മിക

സമ്പൽസമൃദ്ധമായ സന്യാസത്തിൽ ദരിദ്രപൂർണ്ണമായി പട്ടിണിയിൽ കഴിയുന്നു. സന്യാസത്തെ സംബന്ധിച്ച് ചില ആദർശസുന്ദരമായ ജ്ഞാനത്തോടുകൂടിമാത്രം അവർ വരുന്നു. പിന്നീടു് അവരുടെ ആദർശങ്ങൾ പൂർണ്ണമായും സാഫല്യമടയാത്തതിനാൽ അവർ നൈരാശ്യപൂർണ്ണമായ, തീഷ്ണരഹിതമായ, യാന്ത്രികജീവിതത്തിൽ പെട്ടുപോയേക്കാം. യഥാർത്ഥത്തിൽ സന്യാസം എന്താണെന്നു മനസ്സിലാക്കി ജീവിച്ചാൽ അതു് ഒരു ഭൗമ്യ പറുദീസാ തന്നെയാണു്. വി. പൗലോസു്ശ്ലീഹാ പീലിപ്പോസുകാർക്കുള്ള ലേഖനത്തിൽ ഇപ്രകാരം ഉൽബോധിപ്പിക്കുന്നു ''കർത്താവിൽ സദാ നിങ്ങൾ സന്തോഷിക്കുവിൻ. വീണ്ടും ഞാൻ പറയുന്നു. സന്തോഷിക്കുവിൻ. (പീലി: ലേ: IV. 4)

മറെറല്ലാവരെക്കാൾ ഉപരിയായി സന്യാസികൾക്കു് സന്തോഷിക്കുവാൻ അവകാശമുണ്ടു്. കാരണം നാം സ്വർഗ്ഗീയമായ ജീവിതം ഇപ്പോഴെ നയിച്ചു തുടങ്ങി. സന്യാസത്തിൽ സകല സൗഭാഗ്യങ്ങളുടെയും നികേതനമായ ദൈവത്തോടു്, മിശിഹായോടു്, നാം അടുത്ത ഐക്യം പുലർത്തുന്നു. നാം മിശിഹായോടുകൂടി ഒരേഭവനത്തിൽ തന്നെയാണു് വസിക്കുന്നതു്. ഇസ്രായേൽജനത മരുഭൂമിയിൽകൂടി യാത്രചെയ്തപ്പോൾ ദൈവം മേഘത്തൂണായും അഗ്നിസ്തംഭമായും അവരുടെ മദ്ധ്യേ വസിച്ചു (പുറപ്പാടു് XIII. 20) അവർ കൂടാരം നിർമ്മിച്ചു് വാഗ്ദത്തപേടകം സ്ഥാപിച്ചപ്പോൾ സമ്മേളനകൂടാരത്തെ മേഘം മറയ്ക്കുകയും കർത്താവിൻെറ പ്രതാപം അതിൽ നിറയുകയും ചെയ്തു. (പുറ: 40, 32-33) ഇതിനെ അനുസ്മരിച്ചുകൊണ്ടു് മൂശ ചോദിക്കുകയാണു് ഒരു ദൈവം തൻെറ ജനതയോടു് ഇത്രമാത്രം അടുത്തിരിക്കുന്ന വേറെ ഏതൊരു ജനതയുണ്ടു് ഈ ഭൂമുഖത്തിൽ.

പ. കർബ്ബാന എന്ന ക്രമാശീർവ്വാദി മിശിഹാ രാപകൽ നമ്മോടുകൂടി വസിക്കുന്നു. ഒരർത്ഥത്തിൽ ഓരോ സന്യാസ ഭവനത്തെയും അവിടുത്തെ സാന്നിദ്ധ്യം കൊണ്ട് സ്വർഗ്ഗമാക്കി പകർത്തിയിരിക്കുകയാണ്. ''എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ സമ്മേളിക്കുമ്പോൾ അവരുടെ മദ്ധ്യേ ഞാനും ഉണ്ടായിരിക്കും. (വി. മത്താ. XVIII. 20) എന്നു ഈശോ അരുളിച്ചെയ്തിട്ടുണ്ടല്ലോ. നാം പ്രാർത്ഥിക്കുന്നതിനും, ജോലി ചെയ്യുന്നതിനും, വിശ്രമിക്കുന്നതിനും, ഭക്ഷിക്കുന്നതിനും സമ്മേളിക്കുന്ന സ്ഥലങ്ങളിലെല്ലാം അവിടുന്നു സന്നിഹിതനായിരിക്കും. സന്യാസഭവനം ദൈവഭവനമാണ്. ദുഷ്ടന്റെ ക്രൂരതകളെക്കാൾ കർത്താവിന്റെ ഭവനാങ്കണം സന്തോഷദായകമത്രെ.

സന്യാസവ്രതങ്ങളും നമുക്കു സൗഭാഗ്യനിദാനമാണ്. സന്യാസാനുസരണം നമ്മെ എപ്പോഴും ദൈവതിരുമനസ്സിനനുയോജ്യമായ ജീവിതം നയിക്കുന്നതിനു സഹായിക്കുന്നതിനാൽ ഹൃദയസമാധാനം നൽകുന്നു. ഫ്രാൻസിലെ രാജാവായ അല്ഫോൻസു തൃതീയന്റെ പുത്രി ഒരു കർമ്മലീത്താസന്യാസിനിയായിരുന്നു. രാജാവിന്റെ ഭാഗിനേയനും ആസ്ത്രിയായുടെ ചക്രവർത്തിയുമായ ജോസഫ് രണ്ടാമൻ ഈ സന്യാസിനിയെ സന്ദർശിക്കുന്നതിനായി വന്നു. സന്ദർശനാവസരത്തിൽ ചക്രവർത്തിക്കു ഹൃദ്യമായ സ്വീകരണം നൽകി. കുശലപ്രശ്നങ്ങളെല്ലാം അവസാനിച്ചപ്പോൾ ചക്രവർത്തി ആ സന്യാസിനിയോടു പറഞ്ഞു; ''ഞാൻ ഈ അസ്വതന്ത്രമായ സന്യാസജീവിതത്തെക്കാൾ ഇഷ്ടപ്പെടുന്നതു തുക്കിലിടപ്പെടുന്നതിനാണ്.'' ഉടനെ ആ രാജകുമാരി പ്രതിവചിച്ചു: നമ്മുടെ കർത്താവു നമുക്കു വേണ്ടി സഹിച്ചതോർക്കുമ്പോൾ ഒരു രാജകുമാരി സ്വന്തം കൊട്ടാരത്തിൽ അനുഭവിക്കുന്നതിലും വലുതായ സൗഭാഗ്യ

മാണു് ഞാൻ ഈ സന്യാസഭവനത്തിൽ അനുഭവിക്കുന്നതു്. (Rev. Fr. John Carr, Happiness in Cloister) താഴ്മയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ഭൂമി അവകാശമായി അനുഭവിക്കും (വി. മത്താ. v.4.)

സന്യാസാനുസരണം നമ്മുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുകയല്ല. അതിനെ ഏറ്റവും സുരക്ഷിതവും വിശാലവും പരിപക്വവുമാക്കുകയാണു്. അനുസരണം നമുക്കു് പ്രായോഗികജീവിതത്തിൽ ഒരു പാപരാഹിത്യം (Impeceability) നൽകുന്നു.[1] തന്മൂലം ഹൃദയസമാധാനവും സൗഭാഗ്യവും അനുഭവവേദ്യമാകുന്നു. അനുസരണയുള്ളവൻ വിജയങ്ങളെ പാട്ടം എന്നാണു് വിശുദ്ധഗ്രന്ഥം ഉൽബോധിപ്പിക്കുന്നതു്. സന്യാസാനുസരണം വേണ്ടവിധം മനസ്സിലാക്കിയാൽ അതു് സൗഭാഗ്യത്തിനു് നിദാനമാണു്.

കന്യാവ്രതവും സന്യാസസൗഭാഗ്യത്തെ വർദ്ധിപ്പിക്കുന്നു. വി. ആഗ്നസ്സീനോസു് പ്രസ്താവിക്കുന്നതുപോലെ ഒരു കന്യകയുടെ സന്തോഷം ഈശോയോടുകൂടിയും, ഈശോയിലും മിശിഹായ്ക്കുവേണ്ടിയും മിശിഹാവഴിയുമാണു്. ഈശോയോടുകൂടിയിരിക്കുക ഇമ്പമുള്ള പരദീസായാണു്. എന്നാൽ ഈശോയെ കൂടാതുള്ള ജീവിതം നരകതുല്യമത്രെ എന്നു് ക്രിസ്താനുകരണകർത്താവും പറയുന്നു. വിരക്തി ഈശോയോടുള്ള പൂണ്ണമായ ഏകീഭാവമാണു്. എന്റെ കർത്താവേ, എല്ലാ ലൗകികശാസ്ത്രങ്ങളും അറിഞ്ഞതിനുശേഷവും അങ്ങേപ്പറ്റി അറിയാത്തമനുഷ്യൻ നിർഭാഗ്യനാണു് എന്നു് വി. ആഗ്നസ്സീനോസു് അഭിപ്രായപ്പെടുന്നു. കന്യാവ്രതം വഴി ഈശോയെ ഏറ്റവും കൂടുതൽ നാം അറിയുന്നു. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ദൈവത്തെ കാണും. (വി. മത്താ. v. 8)

1 Rev. Fr. Ferdinand Valentine. O. P. Obedience. P. 73

വി. തോമസ്സ് അക്വീനാസും പറയുന്നുണ്ട് മനുഷ്യന്റെ യഥാർത്ഥമായ സൗഭാഗ്യം പരമനന്മയെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിലാണ് എന്നു്. കന്യാവ്രതം സ്വർഗ്ഗീയമായജീവിതത്തിന്റെ മുന്നാസ്വാദനമാണല്ലോ. അതുവഴി മാലാഖമാരുടെ ജീവിതം നാം നയിക്കുന്നു. ലൈംഗികമായ സുഖഭോഗങ്ങളും അനുഭവിക്കുമ്പോഴും ഉണ്ടാകുന്നതിലും ഉന്നതമായ ആദ്ധ്യാത്മികസൗഭാഗ്യം കന്യാവ്രതം പ്രദാനം ചെയ്യുന്നു. ഒരർത്ഥത്തിൽ പുനരുത്ഥാനാനന്തരമുള്ള സ്വർഗ്ഗീയജീവിതത്തിന്റെ മുന്നാസ്വാദനമാണ് വിരക്തി. ''ക്രിസ്തുനാഥൻ അവിടുത്തെ പുനരുത്ഥാനവും, പന്തക്കുസ്താദിനവും വഴി ഒരു പുതിയ യുഗം ആരംഭിച്ചു. ഈ പുതിയ യുഗത്തിൽ പരിശുദ്ധാത്മാവുവഴി അനശ്വരമഹത്വവും ശക്തിയും മനുഷ്യമക്കൾക്കു് നൽകി. സ്വർഗ്ഗം ഭൂമിയെ സമാശ്ലേഷിക്കുന്നു. നിത്യത്വം കാലത്തേയും. വിരക്തി ആ യുഗത്തിന്റെ മഹത്തായ ഫലമത്രെ.[2]

ദാരിദ്ര്യവും സൗഭാഗ്യത്തിനു് കാരണഭൂതമത്രെ. ദൈവത്തിനു് സൃഷ്ടവസ്തുക്കളെ യാതൊന്നും ആവശ്യമില്ല. ഇപ്രകാരം ഏറ്റവും കുറച്ചു് സൃഷ്ടവസ്തുക്കളെകൊണ്ടു് സംതൃപ്തനാകുന്നവൻ ദൈവത്തോടു് സദൃശനാണെന്നാണ് സോക്രട്ടീസു് എന്ന യവനതാത്വികൻ പറയുന്നതു്. ദൈവത്തോടു് സദൃശനായിരിക്കുന്നവനാരോ അവനാണ് യഥാർത്ഥത്തിൽ സൗഭാഗ്യവാൻ. ഭൗമികമായ വസ്തുക്കളെ യഥാർത്ഥത്തിൽ മനുഷ്യനെ സൗഭാഗ്യവാനാക്കുന്നില്ല. അവയുടെ ശരിയായ വിനിയോഗമാണ് അവനെ സൗഭാഗ്യവാനാക്കുന്നതു്. സന്യാസദാരിദ്ര്യം വഴി അതു് സാധിക്കുന്നു. റോക്കു്ഫെല്ലർ അദ്ദേഹത്തിന്റെ ജീവിതാരംഭത്തിൽ ഒരു

---

2 Rev. Fr. Ladislam. M. Orsay Open to the Spirit- Religious Life after II Vati. Caun P. 88.

സാധാരണക്കാരനായിരുന്നു. എന്നാൽ മുപ്പത്തിനാലാമത്തെ വയസ്സിൽ അദ്ദേഹം ലോകത്തിലെ ഏറ്റവും വലിയ കോടീശ്വരനായി. റോക്കഫെല്ലറിന് 53–ാമത്തെ വയസ്സിൽ ഒരു രോഗം പിടികൂടി. വിശ്വവിശ്രുതരായ ഭിഷഗ്വരന്മാർ പലരും വൈദ്യപരിചരണം നല്കി. എന്നാൽ രോഗത്തിന് യാതൊരു കുറവുമില്ല. രോഗം ഒന്നിനൊന്നു വഷളായി വന്നു. അവസാനം ഒരു മാനസിക രോഗചികിത്സാവിദഗ്ധൻ വന്നു പരിശോധിച്ചു. അദ്ദേഹത്തിന്റെ മാനസികാപഗ്രഥനം വഴി മനസ്സിലായി റോക്കഫെല്ലറുടെ രോഗത്തിനു നിദാനം സമ്പത്തിനോടുള്ള അതിരുകടന്ന സ്നേഹമാണെന്ന്. ഉടനെ ഡോക്ടർ റോക്കഫെല്ലറോട് പറഞ്ഞു. ''താങ്കളുടെ സമ്പത്തിനോടുള്ള സ്നേഹം പരിത്യജിച്ചാൽ മാത്രമെ രോഗവിമുക്തി ലഭിക്കുകയുള്ളൂ. അതിനായി താങ്കൾ സമ്പത്തു മുഴുവൻ ഒരു ട്രസ്റ്റായി (Trust) രൂപാന്തരപ്പെടുത്തി പൊതുനന്മയ്ക്കായി വിനിയോഗിക്കണം'' അതിന് സന്നദ്ധനാണോ എന്ന് ചോദിച്ചു. സന്നദ്ധനാണെന്ന് റോക്കഫെല്ലർ മറുപടി കൊടുത്തു, അദ്ദേഹം റോക്കഫെല്ലർ ഫൗണ്ടേഷൻ സ്ഥാപിച്ചു. അതുവഴി അവികസിതരാജ്യങ്ങൾക്കെല്ലാംശാസ്ത്രീയം, സാമൂഹ്യം, വിദ്യാഭ്യാസം എന്നിവയിൽ സാമ്പത്തികസഹായം ലഭിക്കുന്നു. രോഗംമൂലം 53–ാമത്തെ വയസ്സിൽ മരിക്കുവാൻ തുടങ്ങിയ റോക്കഫെല്ലർ 93–ാമത്തെ വയസ്സുവരെ ജീവിച്ചു. കേവലം ഭൗമികമായ രംഗത്തിൽപോലും ദാരിദ്ര്യം സൗഭാഗ്യം പ്രദാനം ചെയ്യുന്നു. സൃഷ്ടികളിൽനിന്നും അകന്ന് സ്രഷ്ടാവിനോട് അടുക്കുകയാണ് ദാരിദ്ര്യംവഴി.

സന്യാസ സാഹോദര്യവും സൗഭാഗ്യത്തെ വഷളിപ്പിക്കുന്നതിന് പര്യാപ്തമാണ്. സഹോദരന്മാർ ഒരുമിച്ചു

ജീവിക്കുന്നതു് എത്ര വിശിഷ്ടവും മനോഹരവുമാകുന്നു എന്നു് സങ്കീർത്തകൻ പറയുന്നു. (സങ്കീ. 132) 'സുഖമെന്തിഹ ലോകത്തിൽ സജ്ജനങ്ങളുടെ സമാഗമം, ദുഃഖമെന്തിഹ ലോകത്തിൽ ഖലന്റെ മുഖം നോട്ടം' എന്നൊരു കവി പാടിയിട്ടുണ്ടു്. സന്യാസത്തെ ഒരു ഭൗമ്യപരുദീസായാക്കിത്തീർക്കുന്നതിൽ സന്യാസ സാഹോദര്യത്തിനും സുപ്രധാനമായ സ്ഥാനമുണ്ടു്. ആദിമക്രൈസ്തവരെക്കുറിച്ചു രേഖപ്പെടുത്തുന്നതിപ്രകാരമാണു്. ''വിശ്വസിച്ചിരുന്നവർക്കു് ഏകഹൃദയവും ഏകആത്മാവുമായിരുന്നു.'' (നടപടി IV, 32) ഒരു ക്രിസ്തീയസമൂഹം. ക്രിസ്തീയസമൂഹം എന്ന സംജ്ഞക്കർഹമാകണമെങ്കിൽ ഇപ്രകാരം ഏകഹൃദയവും ഏകആത്മാവും ആയിരിക്കണമെന്നാണു് വി. ആഗ്സ്തീനോസു് പ്രസ്താവിച്ചിട്ടുള്ളതു്. നാം വിവിധസ്ഥലങ്ങളിൽനിന്നും പല കുടുംബങ്ങളിൽനിന്നും വന്നവരും വിഭിന്നസ്വഭാവവും അഭിരുചിയുള്ളവരുമായിരിക്കാം. എന്നിരുന്നാലും ക്രിസ്തീയമായ ഉപവി ഉണ്ടെങ്കിൽ അതിനെയെല്ലാം അതിജീവിച്ചുകൊണ്ടു് മുമ്പോട്ടു പോകുവാൻ സാധിക്കും. ആദത്തിന്റെ അധഃപതനത്തിനുശേഷം വിശുദ്ധന്മാർപോലും ഒരുമിച്ചു വസിച്ചാൽ ചിലപ്പോഴും അഭിപ്രായഭിന്നതകളോ, മത്സരങ്ങളോ സ്വരചേർച്ചയില്ലായ്മയോ ഉണ്ടായേക്കാം. എന്നാൽ യഥാർത്ഥമായ പരസ്നേഹചൈതന്യമുണ്ടെങ്കിൽ ജീവിതം സൗഭാഗ്യപൂർണ്ണമായിരിക്കുമെന്നാണു് വി. ആഗ്സ്തീനോസു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. പ്രതിപക്ഷബഹുമാനം, സഹിഷ്ണത, ക്ഷമ ഇതൊക്കെ നമുക്കുണ്ടാകണം.

ഒരിക്കൽ ഒരു ബാലിക വീറകു് ശേഖരിക്കുന്നതിനായി വനാന്തരത്തിലേക്കു പോയി. വീറകു ശേഖരിച്ചു കഴിഞ്ഞപ്പോഴേക്കും വനത്തിൽവച്ചു് ശബ്ദത്തിൽ വല്ലതും

പറഞ്ഞാൽകൊള്ളാമെന്നു് അവംക്കു് ഒരാഗ്രഹമുണ്ടായി. ഉടനെ അവം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. 'ഞാൻ നിന്നെ ദ്വേഷിക്കുന്നു.' കുറെ കഴിഞ്ഞപ്പോം ഒരാം അതേ സ്വരത്തിൽത്തന്നെ അവളോടു് 'ഞാൻ നിന്നെ ദ്വേഷിക്കുന്നു എന്നു പറഞ്ഞതായി ശ്രവിച്ചു, അവം അതുകേട്ടു് ഭയപ്പെട്ടു് വീട്ടിലേയ്ക്കു് ഓടി അവളുടെ അമ്മയോടു് ഇപ്രകാരം പറഞ്ഞു. 'അമ്മേ, വനാന്തരത്തിൽവച്ചു് ഞാൻ നിന്നെ ദ്വേഷിക്കുന്നു എന്നു് വിളിച്ചു പറഞ്ഞപ്പോം ആരോ ഒരാം എന്നോടും പറഞ്ഞു ഞാൻ നിന്നെ ദ്വേഷിക്കുന്നു.'

അതു് അവം പറഞ്ഞതിന്റെ പ്രതിധ്വനിയാണെന്നു മനസ്സിലാക്കിയ അമ്മ അവളോടു പറഞ്ഞു; ഇനി നീ വനത്തിൽ ചെല്ലുമ്പോം 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്നു പറയണം. തദനുസരണം അവം വീണ്ടും വനത്തിൽ ചെന്നപ്പോം വിറകു ശേഖരിച്ചതിനുശേഷം 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. കുറെ കഴിഞ്ഞു് അതേ സ്വരത്തിൽ അവളോടു് ആരോ 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്നു് പ്രത്യുത്തരിച്ചു. അവംക്കു് അതിയായ സന്തോഷം അനുഭവപ്പെട്ടു. അവം ഉത്സാഹപൂർവ്വം വീട്ടിൽച്ചെന്നു് അമ്മയോടു വിവരം പറഞ്ഞു. സ്നേഹവും വിദ്വേഷവും പ്രതിധ്വനിക്കും. നാം സ്നേഹിച്ചാൽ മാത്രമേ നമുക്കു് സ്നേഹം ലഭിക്കുകയുള്ളു. നേരെ മറിച്ചു് നാം മറ്റുള്ളവരെ വിദ്വേഷിക്കുന്നെങ്കിൽ നമുക്കു് സ്നേഹം പ്രതീക്ഷിക്കുവാൻ അവകാശമില്ല. വീരോചിതമായ വിശുദ്ധിയുള്ളവർ ദ്വേഷിക്കുന്നവരേയും സ്നേഹിക്കും. സന്ന്യാസസമൂഹത്തെ സ്വർഗ്ഗസമാനമാക്കിത്തീർക്കുന്നതു് സന്ന്യാസസാഹോദര്യമാണു്.

പ്രകൃത്യതീതമായ വീക്ഷണത്തോടുകൂടി കാണുമ്പോം സന്ന്യാസജീവിതത്തിലുള്ളതെല്ലാം സന്തോഷസംദായകമായിരി

ക്കും ഏറ്റവും വിഷമകരമായ സാഹചര്യങ്ങളിൽപോലും അതു് അനുഭവവേദ്യമായിത്തീരും. സഹനം, ദുരാരോപണം, തെറ്റിദ്ധാരണകം, മർദ്ദനങ്ങം, ഭീഷണി എന്നിവയെല്ലാം സമചിത്തതയോടും മന്ദസ്മിതത്തോടുംകൂടി അഭിമുഖീകരിക്കുവാനുള്ള കർമ്മധീരത അവിടെ ലഭിക്കുന്നതാണു് ദൈവത്തോടു് സഹകരിക്കുന്നപക്ഷം.

അദ്ധ്യായം അഞ്ചു്

സന്ന്യാസാഹ്വാനം

നിങ്ങളല്ല എന്നെ തെരഞ്ഞെടുത്തതു് പ്രത്യുത ഞാനാണു് നിങ്ങളെ തെരഞ്ഞെടുത്തതു് (വി. യോഹ: XV. 10) എന്നു് മിശിഹാ അപ്പസ്തോലന്മാരോടു് അരുളിച്ചെയ്കയുണ്ടായി. ദൈവം അബ്രാഹത്തെ കാൽഡിയായിൽ 'ഊർ' എന്ന സ്ഥലത്തുനിന്നും വിളിച്ചു. ''നിന്റെ രാജ്യത്തു നിന്നും, ചാച്ചുക്കാരിലും പിതൃഭവനത്തിലും നിന്നും, പുറപ്പെട്ടു് ഞാൻ കാണിച്ചുതരാൻപോകുന്ന സ്ഥലത്തേയ്ക്കു വരുക. ഞാൻ നിന്നിൽനിന്നു് വലിയൊരു ജനവിഭാഗത്തെ നിർമ്മിക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ നാമം മഹത്വമുള്ളതാക്കും. നീ അനുഗൃഹീതനാകയും ചെയ്യും .....നീ വഴി ലോകത്തിലെ എല്ലാ വംശങ്ങളും അനുഗ്രഹിക്കപ്പെടും. (ഉൽപത്തി. XII. 1–3) അബ്രാഹം ദൈവികാഹ്വാനം ശ്രവിച്ചു് അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളെയും മറ്റും പരിത്യജിച്ചു് അപരിചിതമായ ഒരു വിദേശരാജ്യത്തു ചെന്നു വസിച്ചു.

അദ്ദേഹം ദൈവത്തോടു് പരിപൂർണ്ണ വിശ്വസ്തനായി വർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ ഏകപുത്രനെ ദൈവത്തിനു ബലി കഴിക്കുന്നതിനുപോലും സന്നദ്ധനായി. അതിനാൽ ദൈവം അദ്ദേഹത്തിൽ സംപ്രീതനായി ''നീ എന്നെ

അനുസരിച്ചതിനാൽ ഭൂമിയിലെ എല്ലാജാതികളും നിന്റെ സന്തതിയാൽ അനുഗ്രഹിക്കപ്പെടും എന്നരുളി ചെയ്തു. (ഉല്പത്തി XXII. 18) ദൈവം അബ്രാഹവുമായി ഒരുടമ്പടി ചെയ്തു. (Covenant)അബ്രാഹം ദൈവവുമായിട്ടുള്ള ഉടമ്പടിയിൽ പരിപൂർണ്ണവിശ്വസ്തത പാലിച്ചു. തെരഞ്ഞെടുക്കപ്പെട്ട ജനതയുടെ പിതാവായിത്തീർന്നു. മൂശയെ ദൈവം ഇസ്രായേൽ ജനതയെ ഈജിപ്തിലെ പാരതന്ത്ര്യത്തിൽനിന്നും മോചിച്ചു് കാനാൽ ദേശത്തേയ്ക്കു് ആനയിക്കുന്നതിനായി തെരഞ്ഞെടുത്തു. മൂശ അയാളുടെ ശ്വശ്രൂനും മെഡിയാനിലെ പുരോഹിതനുമായ ജെത്രോയുടെ ആടുകളെ മേയിച്ചുകൊണ്ടിരിക്കുമ്പോഴാണു് ദൈവം അദ്ദേഹത്തെ ആ ദൗത്യനിർവഹണത്തിനായി തെരഞ്ഞെടുക്കുന്നതു്. മൂശ അദ്ദേഹത്തിന്റെ ദൗത്യനിർവഹത്തിൽ വൈമുഖ്യം പ്രദർശിപ്പിച്ചു കൊണ്ടു് ഫറവോന്റെ അടുക്കൽ ചെന്നു് 'ഇസ്രായേല്യരെ ഈജിപ്തിൽനിന്നാനയിക്കുന്നതിനു് ഞാൻ ആരാണു്' എന്നു ചോദിച്ചു. 'ഞാൻ നിന്നോടുകൂടി ഉണ്ടായിരിക്കും.' എന്നരുളിച്ചെയ്തുകൊണ്ടു് ദൈവം നിർബന്ധപൂർവ്വം അദ്ദേഹത്തെ അയക്കുകയാണു്.(പുറ: III. 11)വീണ്ടും പല പ്രതിബന്ധങ്ങളും ദൗത്യനിർവഹത്തിലുണ്ടെന്നു മൂശ ദൈവത്തെ അറിയിച്ചു. അതിനെയെല്ലാം വിഗണിച്ചുകൊണ്ടു് ദൈവം മൂശയെത്തന്നെ കൃത്യനിർവഹത്തിനയച്ചു. മൂശയും ദൈവത്തോടു് വിശ്വസ്തനായിരുന്നു. എന്നാൽ മെരീബാജലാശയത്തിങ്കൽ മൂശ പ്രദർശിപ്പിച്ച അവിശ്വസ്തത (ആവർത്തനം. XXXII 51) യ്ക്കു് ദൈവം അദ്ദേഹത്തെ ശിക്ഷിച്ചു. അദ്ദേഹം വളരെ ആഗ്രഹിച്ചിരുന്ന കാനാൻ ദേശം കാണുവാൻ സാധിച്ചില്ല.

വീണ്ടും നസ്രസിലെ വിനീതകന്യകയെ ദൈവം തെരഞ്ഞെടുത്തു ഏറ്റവും സുപ്രധാനമായ ദൗത്യനിർവ

ണത്തിനു്. ലോകപരിത്രാതാവിന്റെ മാതാവു്, സഹ രക്ഷക എന്ന മഹനീയപദം സമലങ്കരിക്കുവാനാണു് ദൈവം അവളെ നിയോഗിച്ചതു്. അതു് ഏറ്റവും സ്തുത്യ ർഹമായവിധം പൂർണ്ണതയിൽ അവൾ നിർവ്വഹിച്ചു. ''ദൈവ ത്താൽ ഒരു പ്രത്യേക ദൗത്യനിർവ്വഹണത്തിനായി തെര ഞ്ഞെടുക്കപ്പെട്ടന്നവരുടെ മാതൃകയും, നേത്രിയും സംരക്ഷ കയുമാണവൾ. (1) അബ്രാഹത്തെ തെരഞ്ഞെടുത്ത ദൈവം മൂശയെ വിളിച്ച ദൈവം, പരിശുദ്ധ കന്യകയെ പ്രത്യേക വിധത്തിൽ ഒരുക്കിക്കൊണ്ടു വന്ന ദൈവം, നമ്മെയും ഒരു പ്രത്യേക ആദ്ധ്യാത്മിക ദൗത്യ നിർവ്വഹണത്തിനാ യിട്ടാണു് സന്യാസ ജീവിതത്തിനുള്ള ആഹ്വാനം നൽകി തെരഞ്ഞെടുത്തതു്. നാം ദൈവത്തെ തെരഞ്ഞെടുക്കുകയ ല്ല മറിച്ചു് ദൈവം തന്നെ നമ്മുടെ പക്കലേക്കു വന്നു് നമ്മുടെ സ്നേഹിതനായി ഇരുന്നുകൊള്ളാമെന്നു് നമ്മെ അറിയിക്കുകയാണു്. സന്യാസം ഒരു ദാനമാണെന്നു നാം (Charismatic gift) നേരത്തെ കണ്ടു. ദൈവം നമ്മെ സവിശേഷമായി സ്നേഹിച്ചു് നമ്മോടു് വൈയ്യക്തിക മായ ഒരു ബന്ധം, (Covenant) ഉടമ്പടി സ്ഥാപിക്കുന്നു. അതു് സ്വഭാവത്താലെ ശാശ്വതമായിരിക്കണം.

ക്രിസ്തുനാഥൻ അപ്പസ്തോലന്മാരെ തെരഞ്ഞെടുക്കു ന്നതു് വിവിധസാഹചര്യങ്ങളിലാണു്. ഗ്രീക്കോ അങ്ങു് പോകുന്നിടത്തെല്ലാം അങ്ങയെ ഞാൻ അനുഗമിക്കും എന്നു് യാത്രാമദ്ധ്യേ ഒരുവൻ ഈശോയോടു് പറഞ്ഞു. ഈശോ അയാളോടു് അരുളിച്ചെയ്തു. കുറുനരികൾക്കു് മാള ങ്ങളും ആകാശത്തിലെ പക്ഷികൾക്കു് കൂടുകളുമുണ്ടു്. എ ന്നാൽ മനുഷ്യപുത്രനു് തല ചായിക്കുവാൻ ഇടമില്ല.'' എ ന്നു പറഞ്ഞു് ഈശോ അയാളെ തിരസ്കരിച്ചു.'' എന്നാൽ

(1) Rev. Fr. Perrennielle. O. P. God's High Ways. P. 125

വേറൊരു യുവാവിനോട് പോയി സുവിശേഷം പ്രസംഗിക്കുവാൻ അവിടുന്ന് ആജ്ഞാപിച്ചു. (വി. ലൂക്കാ IX. 51.) ഇതിൽനിന്നെല്ലാം ദൈവം ചിലരെ പ്രത്യേകവിധം ദൈവീകാഹ്വാനം നൽകി തെരഞ്ഞെടുക്കുന്നു എന്ന് വ്യക്തമാകുന്നു. എന്നാൽ നമ്മുടെ സ്വാതന്ത്ര്യത്തെ നിഹനിക്കുന്നില്ല. നാം ഓരോരുത്തരും സ്വമനസ്സാലെയാണ് സന്യാസം സമാശ്ലേഷിക്കുന്നത്.

വലിയ പ്രതീക്ഷയോടുകൂടിയാണ് നമുക്ക് ആഹ്വാനം നൽകിയിരിക്കുന്നത്. ദൈവംതന്നെ തെരഞ്ഞെടുത്ത ഇസ്രായേലിനെ ഒരു കാട്ടുമന്തിരിയോട് ഉപമിക്കുന്നു (ഇസയാസ് V) അവർ അവിശ്വസ്തത പ്രകടിപ്പിച്ച സ്പോഴും. ഓരോ ദൈവവിളിയും ഒരു രഹസ്യമാണ്. (Mystery) നമ്മെക്കാൾ ഒരുപക്ഷേ കൂടുതലായി ദൈവത്തെ സ്നേഹിക്കുന്ന പലരെയും ഈ ആഹ്വാനത്തിൽനിന്നും ഒഴിവാക്കി നമുക്ക് അതു നൽകിയിരിക്കുന്നു. ആയിരങ്ങളിൽനിന്നും പതിനായിരങ്ങളിൽനിന്നുമാണ് നമ്മെ തെരഞ്ഞെടുത്തതു. നമ്മുടെ സ്വന്തം യോഗ്യതയല്ല അതിനു നിദാനം. ദൈവത്തിന്റെ നിത്യമായ സ്നേഹവും പരിപാലനാവിശേഷവുമാണ് അതിൽ അന്തർഭവിച്ചിരിക്കുന്നതു. ക്രിസ്തുനാഥനോടുള്ള വ്യക്തിപരമായ സ്നേഹം സന്യാസജീവിതത്തിലേയ്ക്കും, കന്യാവ്രതത്തിലേയ്ക്കും നമ്മെ ആകർഷിക്കുന്നു. തൽഫലമായി അനുസരണവും ദാരിദ്ര്യവും അനുഷ്ഠിക്കുവാൻ പ്രചോദിതരാകുകയും ചെയ്യും. ദൈവത്തിന്റെ പ്രതീക്ഷ അസ്ഥാനത്താകുവാൻ നാം അനുവദിക്കരുതു.

നാം ദൈവമക്കളായിട്ട് എപ്രകാരമാണ് ജീവിക്കേണ്ടതു എന്നു നമ്മെ പഠിപ്പിക്കുവാനായിട്ടുകൂടിയാണ് ഇശോ ലോകത്തിലേക്കു വന്നതു.[2] കന്യാവ്രതം, അനു

2 Rev. Fr. Leo Carpetier. Life in the City of God. P. 31

സരണം, ദാരിദ്ര്യം എന്നീ സുവിശേഷോപദേശങ്ങൾ അനുഷ്ഠിച്ചുകൊണ്ട് സുവിശേഷത്തിലെ ക്രിസ്തുവിനെ അനുഗമിക്കുകയാണ് സന്യാസം. ദൈവത്തെയും സഹോദരങ്ങളെയും സേവിക്കുന്നതിനുവേണ്ടി ആത്മശരീരങ്ങളുടെയും അവയുടെ കഴിവുകളുടെയും പരിപൂർണ്ണമായ അർപ്പണമാണ് അത്. സന്യാസത്തിൽ പ്രവേശിക്കുമ്പോൾ വളരെ വലിയ ആഗ്രഹത്തോടും പ്രതീക്ഷയോടുംകൂടി വിശുദ്ധി പ്രാപിക്കുന്നതിനായി വരുന്നു. എന്നാൽ പിന്നീട് ചിലർ അക്കാര്യം വിസ്മരിക്കും.

ഒരു വ്യക്തി സന്യാസസഭയിൽ പ്രവേശിക്കുമ്പോൾ സഭയും ആ വ്യക്തിയും തമ്മിൽ ഒരുടമ്പടിയാണ് ചെയ്യുക. (Quasi Contract) നാം സഭയോട് വാഗ്ദാനം ചെയ്യുന്നു സഭാമാതാവിന്റെ നിയമങ്ങളനുസരിച്ച് പുണ്യപരിപൂർണ്ണതയ്ക്കായി പരിശ്രമിച്ചുകൊള്ളാമെന്ന്. അതെ അവസരത്തിൽ സഭ നമ്മോടും വാഗ്ദാനം ചെയ്യുന്നു ഈ സഭയിൽ പുണ്യപൂർണ്ണതയ്ക്കുള്ള സകല സാഹചര്യങ്ങളും സഹായങ്ങളും നൽകിക്കൊള്ളാമെന്ന്. സഭയുടെ ഭാഗത്തുനിന്ന് യാതൊരു ലോപവും കൂടാതെ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. എന്നാൽ സഭാംഗങ്ങളുടെ ഭാഗത്തുനിന്നുള്ള സഹകരണം പലപ്പോഴും വേണ്ട വിധത്തിൽ നൽകുന്നില്ല. ദൈവവും ലോകവും തിരുസഭയും നമ്മുടെ മാതാപിതാക്കന്മാരും ബന്ധുമിത്രാദികളും നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത് വിശുദ്ധിയാണ്. നാം നമ്മുടെ ആഹ്വാനത്തോട് വിശ്വസ്തരായി വർത്തിക്കണമെന്നാണ് അവരുടെ ആഗ്രഹം.

ഒരു അകത്തോലിക്കാബാലനു കത്തോലിക്കാസഭയിൽപ്രവേശിച്ച് ഒരു വൈദികനായി തീരണമെന്നുള്ള ആ

ഗ്രഹമുണ്ടായി. അവൻ ഈ വിവരം അവന്റെ പിതാവിനെ അറിയിച്ചു. ഉടനെ ആ പിതാവു് അവനോടു് പറഞ്ഞു. ''നീ വൈദികനായിത്തീരുന്നതിൽ എനിക്കു് വിരോധമില്ല പക്ഷേ നാമമാത്രവൈദികനാകുവാനാണെങ്കിൽ, വൈദികാന്തസിൽ പ്രവേശിച്ചശേഷം ദുർമാതൃക നൽകുന്നതിനാണെങ്കിൽ പോകണമെന്നില്ല. എന്നാൽ വിശ്രുദ്ധനും, ആദർശയോഗ്യനുമായ ഒരു വൈദികനാകുമെങ്കിൽ പൊയ്ക്കൊള്ളുക'' എന്നു് (Catholic Digest) ദൈവം ഒരു വ്യക്തിയെ പ്രത്യേക ജീവിതാന്തസിലേയ്ക്കോ, ദൗത്യനിർവഹണത്തിനോ, ജോലിയ്ക്കോ തെരഞ്ഞെടുത്താൽ അതിനാവശ്യമായ ആദ്ധ്യാത്മികവും, മാനസികവും, ശാരീരികവുമായ അനുഗ്രഹങ്ങളും നൽകുമെന്നാണു് വി. തോമസു് അകവീനാസിന്റെ അഭിമതം. ദൈവം അസാദ്ധ്യമായിട്ടുള്ളതൊന്നും നമ്മോടാവശ്യപ്പെടുകയില്ല. എന്തെങ്കിലും അസാദ്ധ്യമാണെന്നു തോന്നിയാൽ പ്രാർത്ഥിക്കുക അപ്പോൾ എല്ലാം സാദ്ധ്യമായിത്തീരും എന്നു് വി. ആഗസ്റ്റീനോസും പറയുന്നു. വി. ഫ്രാൻസീസു് ദെ സെയിൽസു് ഒരിക്കൽ അദ്ദേഹം സ്ഥാപിച്ച വിസിറ്റേഷൻ സഭയിലെ നവകന്യകകളോടു് ചോദിക്കുകയുണ്ടായി നിങ്ങൾ എന്തിനാണു് സന്യാസത്തിൽ പ്രവേശിച്ചിരിക്കുന്നതെന്നു്. ദൈവത്തെ സ്നേഹിക്കുക എന്ന ഒരേ ഒരു ലക്ഷ്യം മാത്രമാണു് നിങ്ങളുടെ സന്യാസസഭാപ്രവേശനത്തെ നീതീകരിക്കുന്നതു് എന്നു് അദ്ദേഹം തന്നെ അവരോടു് പറഞ്ഞു.

സന്യാസവ്രതങ്ങളും മൂന്നും ദൈവസ്നേഹത്തിനും പരസ്നേഹത്തിനുമുള്ള പ്രതിബന്ധങ്ങളെ ദൂരീകരിക്കുന്നു. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, ആത്മാവോടും, ശക്തിയോടുംകൂടി സ്നേഹിക്കുകയും, അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുകയും ചെയ്യുക

എന്നതാണല്ലോ ഏറ്റവും പ്രധാനപ്പെട്ട ചുമതല. സന്യാസസഭയിൽ പ്രവേശിച്ചാലും അതാണു് നമ്മുടെ പ്രഥമമായ കടമ.

സന്യാസത്തിൽ പ്രവേശിക്കുമ്പോഴും തന്നെ ദൈവം നമ്മെ ഒരു പ്രത്യേക ദൗത്യ നിർവ്വഹണത്തിനാണു് തെരഞ്ഞെടുത്തിരിക്കുന്നതു് എന്നു ബോദ്ധ്യമുണ്ടാകണം. അതെന്താണെന്നു് ഗ്രഹിച്ചു് അതിനനുസരിച്ചു് ജീവിക്കുന്നതിലാണു് നമ്മുടെ വിജയം. വി. ബർണാർദ്ദു് സന്യാസജീവിതത്തെക്കുറിച്ചു് പ്രസ്താവിച്ചിട്ടുള്ളതു് ശ്രദ്ധേയമത്രെ. ''ഇതാണു് അമലവും വിശുദ്ധവുമായ സന്യാസം. അവിടെ മനുഷ്യർ കൂടുതൽ വിശുദ്ധരായി ജീവിക്കുന്നു. വിരളമായി മാത്രം പാപം ചെയ്യുന്നു. പാപത്തിലുംപ്പെട്ടാൽ ഏറ്റവും വേഗം മാനസാന്തരപ്പെടുന്നു. സൂക്ഷ്മതയോടുകൂടി മുമ്പോട്ടു് പോകുന്നു. വരപ്രസാദ ജലത്താൽ നിരന്തരം സേചനം ചെയ്യപ്പെടുന്നു സന്തോഷപൂർവ്വം വേല ചെയ്യുന്നു. പ്രത്യാശയോടുകൂടി മരിക്കുന്നു. അളവില്ലാത്തവിധം പ്രതിസമ്മാനിക്കപ്പെടുന്നു.'' സന്യാസത്തിൽ പ്രവേശിച്ചതുകൊണ്ടു മാത്രം ഇതു് അനുഭവപ്പെടുകയില്ല. സന്യാസവ്രതങ്ങളം അനുഷ്ഠിച്ചു് പരിപൂർണ്ണമായ വിശ്വസ്തതയോടുകൂടി ജീവിക്കണം. അല്പാത്തപക്ഷം ദൈവത്തെയും, സഭയേയും, ലോകത്തെയും നമ്മെതന്നെയും വഞ്ചിക്കുകയാണു്. ഏറ്റവും വലിയ കപടഭക്തിയായിരിക്കും. സന്യാസികളും വൈദികരും സ്വർഗ്ഗത്തിലേക്കും നരകത്തിലേക്കും തനിച്ചു പോവുകയില്ല. അവർ വിശുദ്ധമായ ജീവിതം നയിച്ചു് ക്രിസ്തുവിന്റെ രക്ഷണീയ കർമ്മത്തിൽ സഹകരിച്ചു് ധാരാളം ആത്മാക്കളെ സ്വർഗ്ഗത്തിലേയ്ക്കു് നയിക്കും. എന്നാൽ മാതൃകാപരമല്ലാത്ത ജീവിതം നയിച്ചാൽ അനേകം ആത്മാക്കളുടെ നാശത്തിനും കാരണമായേക്കാം.

സന്യാസം മിശിഹായുടെ രക്ഷണീയ കർമ്മത്തിലുള്ള ഒരു പങ്കുചേരലാണു്. എല്ലാ മനുഷ്യരെയും ഒരത്ഥത്തിൽ ഒരു സമ്പൂർണജീവിതത്തിനാണു് ക്ഷണിച്ചിരിക്കുന്നതു്. മഹാത്മജി, ഐൻസ്റ്റയിൻ, വിനോഭാജി, ഫ്ളോറൻസു് നൈറ്റിംഗയിൽ മുതലായ വ്യക്തികളും ഇപ്രകാരം ഒരു ദൗത്യത്തിനായി അർപ്പിതരാണു്. എന്നാൽ ഏറ്റവും പൂർണ്ണമായവിധം അതു് സാധിക്കുന്നതു് സന്യാസവ്രതങ്ങം വഴിയാണു്. സന്യാസത്തിൽ പ്രവേശിച്ചു് വ്രതം അനുഷ്ഠിച്ചതുകൊണ്ടു മാത്രം മനുഷ്യന്റെ സ്വാഭാവിക പ്രവണതകളൊ ലൈംഗിക സുഖഭോഗങ്ങളിലേയ്ക്കുള്ള ആസക്തിയോ വിവാഹ ജീവിതത്തോടുള്ള ആകർഷണമോ ഇല്ലാതാകുന്നില്ല. അവ ഉള്ളതുകൊണ്ടു് ദൈവവിളി ഇല്ല എന്നുള്ള നിഗമനവും യുക്തിരഹിതമത്രെ.

സന്യാസ ജീവിതവും വൈദികവൃത്തിയും പരിത്യജിക്കുന്നവരിൽ ചിലർ അതു് ഒരു ഉപജീവന മാർഗ്ഗമായി സ്വീകരിച്ചതുകൊണ്ടാവാം. എന്നാൽ സന്യാസവും വൈദികവൃത്തിയും അപ്രകാരമുള്ളവരുടെ സങ്കേതമല്ല. മറ്റു് പല കാരണങ്ങളുമുണ്ടായേക്കാം. ബൗദ്ധികമായ രംഗത്തെ അഹങ്കാരവും ഒരു പരിധിവരെ അതിനു വഴി തെളിക്കുന്നു. ഒരിജൻ, മാർട്ടിൻ ലൂഥർ, ചാംസ് ഡേവീസ് മുതലായി സഭാമണ്ഡലത്തിൽ ഉജ്ജ്വലതാരങ്ങളായി പ്രശോഭിച്ചിരുന്നവരുടെ അധ:പതനം അതു് നമ്മെ അനുസ്മരിപ്പിക്കുന്നു. സന്യാസികത്വം ഇന്നിന്റെ പ്രവാചകരാണു്. ഇസ്രായേലിലെ പ്രവാചകന്മാർ ഇസ്രായേൽ ജനതയുടെ തിന്മകളോട്ടു് അടരാടി. ഇതുപോലെ ഇന്നു് ദൈവജനത്തിലുള്ള ന്യൂനതകളും സഭയെ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും വെളിച്ചത്തിൽ കണ്ടുകൊണ്ടു് ചൂണ്ടിക്കാണിച്ചു് തിരുത്തണം. നാം മാതൃകാപരമായ ജീവിതവും പ്രവർത്ത

നവും വഴി ദൈവജനത്തിനു് നേതൃത്വം കൊടുക്കണം. ദൈവികശക്തിക്കും, ദൈവത്തിനു് അവിടുത്തെ ജനങ്ങളുടെ നേരെയുള്ള സ്നേഹത്തിനും അവർ സാക്ഷ്യം വഹിച്ചേ മതിയാവൂ. ആധുനിക ലോകം ദൈവത്തിൽ നിന്നു് അകലുമ്പോഴും സന്യാസികളും ലോകത്തിന്റെ പ്രവാഹത്തിനൊത്തു പോകാതെ ദൈവജനത്തെ ദൈവസവിധത്തിലേക്കും ദൈവത്തെ ദൈവജനമദ്ധ്യത്തിലേക്കും സംവഹിക്കണം. അവർ ദൈവസാന്നിദ്ധ്യത്തിന്റെ കൂദാശകളാണു്. (The Nun, A Sacrament of the Presence of God –Cardinal Garrone.)

വത്തിക്കാൻ സൂനഹദോസിന്റെ നവീകരണപ്രക്രിയയിൽ ദേശീയവും സാംസ്ക്കാരികവുമായ അനുരൂപണത്തിന്റെ വെളിച്ചത്തിൽ സന്യാസത്തിനു് ചില പുതിയ രൂപവും ഭാവവും നൽകിയെന്നിരുന്നാലും മൗലികമായ വസ്തുതകളിൽ ആ അനുരൂപണം മാറ്റം വരുത്താതിരിക്കുവാനും നാം ശ്രദ്ധിക്കേണ്ടതാണു്.

അദ്ധ്യായം ആറു്

സന്യാസജീവിത മൂല്യങ്ങൾ

സന്യാസികം അർപ്പിക്കുന്ന വ്രതങ്ങളിൽ പൊതുവേ നാലു മൂല്യങ്ങളം അന്തർലീനമായിട്ടുണ്ടു്. സന്യാസനവീകരണത്തിൽ സന്യാസവ്രതങ്ങളുടെ, ദൈവീകപുണ്യങ്ങളിലുള്ള പുരോഗമനം, ക്രിസ്തുവൽക്കരണം, സഭാസേവനം വിശുദ്ധീകരണം എന്നീ ചതുർമൂല്യങ്ങളം പരിഗണിക്കേണ്ടതാണു്[1]. സന്യാസവ്രതങ്ങളം ഓരോന്നിനും ഈ നാലു് മൂല്യങ്ങളം ഉണ്ടു്. സന്യാസജീവിതം ദൈവവുമായിട്ടുള്ള വൈയ്യക്തികബന്ധത്തെ അവഗാഢമാക്കുന്ന ഒരു ദാനമാണു്. അതിനു സഹായകരമായിട്ടുള്ളവയാണു് മേൽ പ്രസ്താവിച്ച മൂല്യങ്ങളം.

ഒന്നാമതായി നമുക്കു് അനുസരണത്തിന്റെ മൂല്യങ്ങളം പരിശോധിക്കാം. (Religious life is based on a living faith)[2]. സന്യാസജീവിതത്തിന്റെ അടിസ്ഥാനം സജീവമായ വിശ്വാസമാണു്. ദൈവികപുണ്യങ്ങളായ വിശ്വാസം, ശരണം, ഉപവി എന്നിവയിൽ സാമാന്യമായ

1 Rev. Fr. Paul Heibenish. The fourfold Value of religious Vows. P. 1—2.

2 Rev. Fr. Leo Carpetier. Life in the City of God. P. 24

പുരോഗമനം ഉണ്ടായശേഷം മാത്രമെ ഒരു വ്യക്തി സന്യാസ ജീവിതം സമാശ്ലേഷിക്കുകയുള്ളൂ. സന്യാസത്തിൽ പ്രവേശിച്ചതിനുശേഷം ഈ മൂന്നു് സുകൃതങ്ങളും ക്രമപ്രവൃദ്ധമായി വളരണം. ഇന്നു് സന്യാസജീവിതത്തിലുള്ള തകച്ചയുടെ കാരണം സൂക്ഷ്മനിരീക്ഷണത്തിൽ വിശ്വാസത്തിന്റെ തകർച്ചയിൽനിന്നുമാണു് ആരംഭിച്ചിട്ടുള്ളതു് എന്നു് മനസ്സിലാക്കാം. (Identity Crisis) സന്യാസത്തിന്റെയും വൈദികവൃത്തിയുടെയും സ്ഥാനമെന്തു് എന്നതാണല്ലോ പ്രശ്നം. വിശ്വാസം ക്രിസ്തീയജീവിതത്തിന്റെതന്നെ അടിസ്ഥാനമാണു്. വിശ്വാസം കൂടാതെ ഒരുവനും ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല. സന്യാസജീവിതവും വൈദികവൃത്തിയും പരിത്യജിച്ചുപോകുന്നതു് വലിയ പ്രസിദ്ധീകരണം നൽകി കത്തോലിക്കാ പത്രങ്ങളും തന്നെ അതിനു് സഹായിച്ചു എന്നാണു് അമേരിക്കയിൽ നടത്തിയ ഒരു സർവ്വേയിൽ വെളിപ്പെട്ടതു്. അനുസരണവ്രതം അനുഷ്ഠിക്കുന്ന ഒരു വ്യക്തിയ്ക്കു് മേലധികാരികളും ദൈവത്തിന്റെപ്രതിനിധികളാണെന്നു് ബോദ്ധ്യമാകണം. വിശ്വാസത്തിന്റെ വെളിച്ചത്തിൽ മാത്രമെ അതു് സാധിക്കുകയുള്ളൂ. ''അനുസരണം ദൈവത്തോടുള്ള വ്യക്തിപരമായ ഒരുടമ്പടിയാണു്.'' അതു് വിശ്വാസം ശരണം സ്നേഹം എന്നിവയിൽ അധിഷ്ഠിതവുമാണു്[3]. പിതാവായ അബ്രാഹത്തിന്റെ ഏകപുത്രൻ ഇസഹാക്കിനെ ബലി കഴിക്കുന്നതു് ദൈവത്തിൽ വിശ്വാസവും പ്രത്യാശയും അർപ്പിച്ചുകൊണ്ടാണു്. അതിനാൽ അതു് അദ്ദേഹത്തിന്റെ നീതീകരണത്തിനു് കാരണമായി. ഇതുപോലെ നമ്മുടെ അനുസരണവ്രം വിശ്വാസത്തിലും ശരണത്തിലും അധിഷ്ഠിതമാകണം. അനുസരണം വഴി

---

3 Rev. Fr. Ladislam. M Orsay. Open to the Spirit. P. 140

മനുഷ്യാവതാര രഹസ്യത്തിലുള്ള നമ്മുടെ വിശ്വാസം നാം പ്രഖ്യാപിക്കുന്നു. (New Creation) അനുസരണം നമ്മിൽ ദൈവസ്നേഹം വർദ്ധിപ്പിക്കുന്നു. അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണു് (I രാജാ. XV. 22) എന്നതുപോലെ ദൈവം അരുളിച്ചെയ്തിട്ടുള്ളതു്. ദൈവസ്നേഹത്തിന്റെ ലക്ഷണം ദൈവതിരുമനസ്സു് നിവർത്തിക്കയാണല്ലോ. അനുസരണം വഴി നാം ദൈവതിരുമനസ്സു് മാത്രം അന്വേഷിക്കുന്നു. അതിനാൽ അതു് ദൈവസ്നേഹവർദ്ധനവിനു് സഹായിക്കുന്നു. Obedience is a poor way of expressing union between God and His Creature[4] ദൈവവും സൃഷ്ടിയും തമ്മിലുള്ളഐക്യം വളരെ അപര്യാപ്തമായി പ്രകാശിപ്പിക്കുന്നതിനുപയോഗിക്കുന്ന വാക്കാണു് അനുസരണം. അതു് നമ്മുടെ ക്രിസ്തുവൽക്കരണത്തിനും സഹായകമാണു്. നാം എത്ര കൂടുതൽ അനുസരണമുള്ളവരാണോ അത്ര കൂടുതൽ ക്രിസ്തുവിനോടു് അനുരൂപരാകുന്നു. അവിടുന്നു മരണംവരെ കുരിശുമരണംവരെ അനുസരണമുള്ളവനായിരുന്നു. ക്രിസ്തുവിന്റെ അനുസരണത്തിൽ പങ്കുചേർന്നുകൊണ്ടു് അവിടുത്തെ രക്ഷണീയകർമ്മത്തിൽ സഹകരിക്കുകയാണു്. മിശിഹാ അവിടുത്തെ രണ്ടു് സൃഷ്ടികളായ വി. യൗസേപ്പിനും പ. കന്യകയ്ക്കും അനുസരണം ചെയ്തു് ജീവിച്ചു. എന്നാൽ അവിടുന്നു് അവരിൽ കേവലം സൃഷ്ടികളെയല്ല ദർശിച്ചതു്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രതിനിധികളെന്ന നിലയിലാണു് അവരെ അനുസരിച്ചതു്. മിശിഹായുടെ പന്ത്രണ്ടാമത്തെ വയസ്സും മുതൽ മുപ്പതാമത്തെ വയസ്സും വരെയുള്ള ജീവിതം സുവിശേഷകനായ വി. ലൂക്കാ സംഗ്രഹിക്കുന്നതു് ഇപ്രകാരമാണു്. അവൻ അവിടെനിന്നും ഇറങ്ങിച്ചെന്നു് മാതാപിതാക്കൾക്കു് കീഴ്പ്പെട്ടു ജീവിച്ചു. (വി. ലൂക്കാ II. 51)

4 Ibid. P. 141

അവിടത്തെ ജീവിതം മുഴുവൻ അനുസരണത്തിന്റെ ജീവിതമായിരുന്നു. അനുസരണംവഴി മിശിഹായുടെ പെസഹാ രഹസ്യത്തിൽ പങ്കുചേരുന്നു.

അനുസരണത്തിന്റെ സഭാസേവനപരമായ വശത്തെക്കുറിച്ചും പരിചിന്തിക്കണം. അനുസരണം സഭാസേവനാപ്പണത്തിലുള്ള ഒരു ദാനമാണു്. ''ദൈവം ഒരു വ്യക്തിയെ സഭയെ സംബന്ധിക്കുന്ന അവിടത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു് അനുസരണം വഴിയാണു്. അതാണു് അനുസരണത്തിന്റെ മാഹാത്മ്യം[5] സുവിശേഷാനുസരണം സത്താപരമായി സഭയോടു് ബന്ധപ്പെട്ടിരിക്കുന്നു.[6] സഭയോടുള്ള ഐക്യം ക്രിസ്തുവിനോടുള്ള ഐക്യം തന്നെയാണു്. സഭയോടുള്ള സംഘടിതമായ ഐക്യം കൂടുതൽ ഫലവത്തായിരിക്കും. സാമൂഹ്യമായ വിധത്തിൽ സഭയെ സേവിക്കുന്നതിനു് അനുസരണം സഹായകമാണു്. അനുസരണം സഭാരഹസ്യത്തിന്റെ തുടർച്ചയാണു്. ദൈവതിരുമനസ്സിനേയും സഭയേയും നമ്മുടെ ജീവിതത്തിൽ പ്രവേശിപ്പിക്കുന്നതിനുള്ള മാർഗ്ഗമത്രെ അതു്.

നമ്മുടെ വിശുദ്ധിക്കും അനുസരണം വലിയസംഭാവന ചെയ്യുന്നു. അനുസരണം വിശുദ്ധിതന്നെയാണു്. അതു് ദൈവത്തോടു് നമ്മെ കൂടുതൽ ഐക്യപ്പെടുത്തുന്നു. അനുസരണത്തിനുള്ള ഓരോ ആഹ്വാനവും ദൈവ ഐക്യത്തിനുള്ള ആഹ്വാനമത്രെ. (Fr. Bernard Haring- Christian Renewal in a changing World.) വിശുദ്ധിയുടെ അനിഷേധ്യമായ ലക്ഷണം ദൈവ തിരുമനസ്സിനോടുള്ള വിധേയത്വമാണു്. സകല യോഗ്യതകളും അനുസര

(5) Hid. P. 160

(6) Rev. Fr. Leo Carpetier. Life in the City of God P. 38.

ണത്തിൽ നിന്നാണെന്നു് വി. തോമസു് അകവിനാസും അഭിപ്രായപ്പെട്ടുന്നു. അതുവഴിസകല പ്രവൃത്തികളും പ്രകൃത്യാതീതവും ദൈവാരാധനാപരവുമാക്കിത്തീർക്കുകയാണു്. മറ്റു വ്രതങ്ങൾവഴി നമുക്കുള്ളവയെ നാം ദൈവത്തിനർപ്പിക്കുമ്പോൾ അനുസരണംവഴി നമ്മെതന്നെ ദൈവത്തിനർപ്പിക്കുന്നു എന്നുള്ള വി. ഗ്രിഗരിയുടെ വാക്കുകളും പ്രസ്താവ്യമാണു്.

കന്യാവ്രതംവഴി ക്രിസ്തുവിനെ അനുകരിക്കുന്നതു് നാം ദൈവപുത്രരാണെന്നുള്ള വിശ്വാസത്തിന്റെ ഏറ്റവും വലിയ തെളിവും പ്രഖ്യാപനവുമാണു്. ശക്തമായ വിശ്വാസത്തിന്റെ പ്രവൃത്തിയാണു് വിരക്തവ്രതം. ദൈവത്തിലും മരണാനന്തരജീവിതത്തിലുമുള്ള സജീവ വിശ്വാസത്തിന്റെ അനിഷേധ്യമായ പ്രഖ്യാപനം. വിശ്വാസപരമായ ജീവിതത്തിലൂടെ മാത്രമെ വിരക്തി സംരക്ഷിക്കുവാനും സാധിക്കുകയുള്ളു. മനുഷ്യസ്വഭാവത്തിൽ ആഴമായി വേരുന്നിയിരിക്കുന്ന ഒരു പ്രവണതയാണു് ലൈംഗിക സുഖഭോഗാസക്തി. അതു് വളരെയധികം ത്യാഗവും അജയ്യമായ വിശ്വാസവും പ്രദർശിപ്പിച്ചാൽ മാത്രമെ സാധിക്കുകയുള്ളു. ഇന്നു് ചിലരൊക്കെ അഭിപ്രായപ്പെട്ടുണ്ടു് കന്യാത്വം അഭംഗുരംസംരക്ഷിക്കുക, അസാദ്ധ്യമാണു് മനുഷ്യസ്വഭാവത്തിനു് വിരുദ്ധമാണു് എന്നെല്ലാം. ഇന്നത്തെ സാമൂഹ്യമായ ജീവിതസാഹചര്യത്തിൽ വളരെയധികം പ്രതിബന്ധങ്ങൾ തരണം ചെയ്തുകൊണ്ടുമാത്രമെ സാധിക്കുകയുള്ളു. (What is impossible for man is Possible for faith (7) മനുഷ്യനു് അസാദ്ധ്യമായതു് വിശ്വാസത്തിനു് സാദ്ധ്യമാണു് എന്നു് മൊൺ. ഷീനും അഭിപ്രായപ്പെട്ടുന്നു. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ,

7 Mgr. Sheen, Pastoral letter on Vocation Crisis.

എന്തെന്നാൽ അവർ ദൈവത്തെക്കാണും (വി. മത്തായി v. 8) എന്നു് മിശിഹാ ഗിരിപ്രഭാഷണത്തിൽ അരുളിചെയ്തിട്ടുണ്ടു്. വിശ്വാസമാർഗ്ഗേണ ദൈവത്തെ കണ്ടതിനുശേഷമെ ഹൃദയശുദ്ധിക്കുള്ള അഭിനിവേശം ഉണ്ടാവുകയുള്ള. ദൈവരാജ്യത്തിലും പാരത്രികസൗഭാഗ്യത്തിലുമുള്ള പ്രത്യാശയാണു് കന്യാവ്രതത്തിൽ സുസ്ഥിരമായി നില്ക്കുവാനുള്ള കരുത്തു് നല്കുന്നതു്.

വി. യോഹന്നാന്റെ വെളിപാടിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ''കുഞ്ഞാടിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരും, കുഞ്ഞാടിനെ എല്ലായിടത്തും അനുഗമിക്കുവാനും ഒരു പ്രത്യേകഗീതം ആലപിക്കുവാനും വിശ്വസ്തരക്തർക്കു മാത്രമെ സാധിക്കുകയുള്ള (വെളിപാടു് XIV 1-5) കന്യാവ്രതത്തിന്റെ മഹത്വം പൂർണ്ണമായി യുഗാന്തരങ്ങളിൽ മാത്രമാണു് വെളിപ്പെടുക (escatalogical Virtue).[8] അതു് ഇന്നു പ്രത്യാശയിൽ മാത്രമാണ്. നമ്മുടെ പ്രത്യാശ വർദ്ധിക്കുന്തോറും കന്യാവ്രതം സുഗമമാകും.

ദൈവസ്നേഹത്തിലും ക്രിസ്തുവിനോടും സഹോദരങ്ങളോടുമുള്ള സ്നേഹത്തിലും കന്യാവ്രതംവഴി പുരോഗമിക്കുന്നു. അവിഭക്തഹൃദയത്തോടെ ദൈവത്തേയും സഹോദരങ്ങളേയും സ്നേഹിക്കുവാൻ അതു നമ്മെ പ്രാപ്തരാക്കും. മാനുഷികസ്നേഹത്താൽ സംതൃപ്തമാകാത്ത മനുഷ്യാത്മാവിന്റെ ദൈവാഭിമുഖ്യമായ സ്നേഹത്തിന്റെ ഫലമാണു് കന്യാവ്രതം, മനുഷ്യന്റെ വ്യക്തിതപൂർത്തീകരണത്തിനു് സാഫല്യസ്നേഹം ആവശ്യമാണു്. എന്നാൽ വിരക്തി പാലിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഇതരവ്യക്തിയുടെ സ്ഥാനത്തു് മിശിഹായോടുള്ള സ്നേഹംവഴി പൂർത്തീകരിക്കപ്പെടുന്നു, ദൈവം തന്നെ സ്വയം നമ്മുടെ ആത്മമി

8 Fr. R. W. Gleasm S. J. To live in Christ V

ത്രമായി നല്ലന്നു. ശാരീരികവും ലൈംഗികവുമായ ബന്ധ മല്ല; തികച്ചും ആദ്ധ്യാത്മികമായ ബന്ധമത്രെ. മിശിഹാ യോടുള്ള അനിതരസാധാരണമായ സ്നേഹത്തിൽനിന്നു മാണു് ഒരു വ്യക്തിക്കു് വിരക്തിയോടും സന്യാസത്തോ ടും ആകർഷണമുണ്ടാകുന്നതും.

ലൈംഗികസന്തോഷങ്ങളെ സംത്യജിക്കുന്നതു് ഉന്ന തമായ ഒരു ലക്ഷ്യം മുൻനിറുത്തിയാണു്. സകല മനുഷ്യ രേയും ഈശോയുടെ തിരുഹൃദയത്തിൽ സമാശ്ലേഷിക്കുവാ നും സാവ്ത്രികമായ പിതൃതത്ത്വത്തിനും മാതൃതത്ത്വത്തിനും വേണ്ടിയാണു്. (Angust Brunner. The New Creation) വി. ആഗ്നസ് അവളുടെ കന്യാവ്രതം സംരക്ഷിക്കു ന്നതിനായി വേദസാക്ഷിത്വം വരിച്ചു. വധസ്ഥലത്തുവ ച്ചു് ഘാതകൻ അവളോടു് ഇപ്രകാരം പറഞ്ഞു: 'റോമാ ചക്രവത്തിയുടെ പട്ടമഹിഷീപദം നിനക്കു വാഗ്ദാനം ചെയ്തിട്ടും അതെല്ലാം പരിത്യജിച്ചു. നീ ഈ വാളിനിര യായിത്തീരുന്നതു് എത്ര ബുദ്ധിശൂന്യമാകുന്നു.' ഉടനെ ആഗ്നസ് പ്രതിവചിച്ചു; 'ഞാൻ ഈശോയെ സ്നേഹി ക്കുന്നു; അതിനാൽ ഞാൻ നിർമ്മലയാണു്. ഈശോയോ ടു് ഐക്യപ്പെടുന്നു; ഞാൻ വിരക്തയാണു് ഈശോയോ ടു് ഞാൻ വിവാഹിതയാണു്. അതിനാൽ കന്യകകളു ടെ കിരീടമായ ആവുരവോല (Auroola) ധരിക്കുവാൻ ഞാൻ പോകുന്നു. കന്യാവ്രതം മിശിഹായുമായിട്ടുള്ള ഒരാ ദ്ധ്യാത്മിക വിവാഹമാണു്. അവിടുത്തോടുള്ള ഏകീഭാവ വും അവഗാഢമായ ഐക്യവുമത്രെ.

ഈശോ ജീവിതകാലംമുഴുവൻ ബ്രഹ്മചാരിയായിട്ടാ ണു് ജീവിതം നയിച്ചിരുന്നതു്. അവിടുന്നു് കന്യാവ്രത ത്തെ ഏറ്റവും സ്നേഹിച്ചിരുന്നു എന്നു് പല വിധത്തിൽ പ്രകടമാക്കി. ഈശോയോടു് നമ്മെ അനുരൂപരാക്കിതീ

ക്കുവാൻ വിരക്തി വളരെയധികം സഹായകമാണു്. മിശിഹാ ഏറ്റവും കൂട്ടുതലായി അനുകരിച്ചവരെല്ലാം യഥാർത്ഥത്തിൽ വിരക്തരായിരുന്നു.

വിരക്തി വ്യക്തിയായ ക്രിസ്തുവിനോടു മാത്രമല്ല മൗതിക ക്രിസ്തുവിനോടും നാം വാശ്ശാനം ചെയ്യുന്നു. തന്നിമിത്തം സഭയെ മുഴുവൻ സേവിക്കുവാനുള്ള ഉത്തരവാദിത്വമുണ്ടു്. കന്യാവ്രതത്തെ സഭാസേവനത്തോടു് ബന്ധപ്പെടുത്തിയാണു് മിശിഹാ അരുളിചെയ്തതു്. സ്വർഗ്ഗരാജ്യത്തെക്കുറിച്ചു് തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിതീർക്കുന്ന ഷണ്ഡന്മാരുണ്ടു്. (വി. മത്താ XIX.) ''കന്യാവ്രതം ലോകത്തിന്റെയും കലാമൂല്യങ്ങളുടെയും പരിതൃകമ്മത്തിലുള്ള സഹകരണത്തിനുവേണ്ടിയാണെന്നു് മനസ്സിലാക്കുന്നില്ലെങ്കിൽ അതിനർത്ഥമില്ല. (9). എന്നു് ഫാ. അഡ്രിയാൻ വാൻകാം അഭിപ്രായപ്പെടുന്നു. കന്യാത്വം ക്രിസ്തുവിനോടും സഭയോടും നമ്മെ ഐക്യപ്പെടുത്തി ഏറ്റവും കൂട്ടുതലായി രക്ഷണീയ കർമ്മത്തിൽ സഹകരിക്കുന്നതിനു് നമ്മെ സഹായിക്കുന്നുണ്ടു്. തന്നിമിത്തം ഒരു കന്യകമാതാവും കന്യകയുമായ പ. കന്യകമറിയത്തോടും തിരുസ്സഭയോടും അനുരൂപയായിതീരുന്നു. അതുവഴി ആദ്ധ്യാത്മീക പിതൃത്വമോ, മാതൃത്വമോ ലഭിക്കുന്നു. കത്തോലിക്കാസഭ എന്നും യൗവനയുക്തയായിരിക്കുന്നതിന്റെ കാരണം കത്തോലിക്കരുടെ ശ്രുദ്ധതയാണെന്നാണു് മഹാത്മജി തന്നെ ഒരിക്കൽ പ്രസ്താവിച്ചതു്.

പരിശുദ്ധാത്മാവിന്റെ ചലനാത്മക പ്രവർത്തന ഫലമാണു് കന്യാവ്രതം. വിശുദ്ധിയിൽ പുരോഗമിക്കുന്നതിനും കന്യാവ്രതം ഏറ്റം സഹായകമാണു്. വിരക്തി ഒരാത്മാവിനെ ദൈവത്തിനു് ഏറ്റവും പ്രിയംകരമാക്കിതീർക്കു

(9) Fr. Adrian Van kaam. The vowed life. p. 187.

ന്നു. ഹൃദയശുദ്ധിയുള്ളവൻ ഭാഗ്യവാന്മാർ എന്തെന്നാൽ അവർ ദൈവത്തെക്കാണും (വി. മത്താ v. 8) എന്നു് മിശിഹാനാഥൻ അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഒരർത്ഥത്തിൽ മനുഷ്യരെ മാലാഖമാരാക്കി സ്വർഗ്ഗീയജീവിതത്തിന്റെ മുന്നാസ്വാദനം പ്രദാനം ചെയ്യുന്ന ഒന്നാണു് വിരക്തി. ശരീരത്തെ ആത്മാവിന്റെ പരിപൂർണ്ണനിയന്ത്രണത്തിലാക്കി ആദിമാതാപിതാക്കന്മാരുടെ സൗഭാഗ്യാവസ്ഥയിലേയ്ക്കു വരോധിതരാകുന്നു.

വിരക്തിയെ പരാമർശിച്ചു് പ. പിതാവു് ജോൺ മാർപ്പാപ്പാ ഇപ്രകാരം പ്രസ്താവിച്ചു. ''വിരക്തി സ്വർഗ്ഗീയ ജീവിതവും, സ്വഭാവത്തിന്റെ വൈശിഷ്ട്യവും, അനന്യസ്തുതമായ പ്രാർത്ഥനയും പ്രേഷിതപരമായ ആഭിമുഖ്യവും പ്രതീക്ഷിക്കുന്നു.''.(10)

സന്യാസ ദാരിദ്ര്യവും നമ്മുടെ ദൈവീകരൂപാന്തരീകരണത്തിൽ വളരെ പ്രാധാന്യം വഹിക്കുന്നു. The Vow of Poverty is essentally connected with the theological virtue of hope (11) മിശിഹാ ഗിരിപ്രഭാഷണത്തിൽ അരുളിച്ചെയ്യുന്ന ആകാശത്തിലെ പറവകളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, അറപ്പുരകളിൽ ഒട്ടും ശേഖരിക്കുന്നുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ പിതാവു് അവയെപ്പോറ്റുന്നു. വയലിലെ ശോശന്നകളെ നിങ്ങൾ നോക്കുവിൻ. അവ അദ്ധ്വാനിക്കുന്നില്ല, നൂൽനൂൽക്കുന്നുമില്ല. എങ്കിലും സോളമൻപോലും അവന്റെ സർവ്വപ്രതാപത്തിലും അവയിൽ ഒന്നുപോലെ അണിയിക്കപ്പെട്ടിരുന്നില്ല. അല്പവിശ്വാസികളെ ഇന്നുള്ളതും നാളെ

(10) Pope John XXIII Religious life after II Vatican· Daughters of St· Paul·

(11) Fr· R· W· Gleasen· S· J· To live in Christ Ch IV

അട്ടപ്പീൽ ഇടപ്പെടുന്നതുമായ വയലിലെ പുല്ലിനെ ഇത്രമേൽ അണിയിക്കുന്നുവെങ്കിൽ നിങ്ങളെ എത്രമേൽ അണിയിക്കുകയില്ല. അതിനാൽ നിങ്ങൾ എന്തു് ഭക്ഷിക്കും അഥവാ എന്തു് കുടിക്കും എന്നും നിങ്ങളുടെ ജീവനെ സംബന്ധിച്ചോ എന്തു് ഉടുക്കും എന്നും ശരീരത്തെ സംബന്ധിച്ചോ ആകുലപ്പെടേണ്ടാ. ഇതെല്ലാം ലോകത്തിലെ പുറജാതികളാകുന്നു അന്വേഷിക്കുന്നതു് ഇതെല്ലാം നിങ്ങൾക്കാവശ്യമാണെന്നു് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനറിയാം. നിങ്ങൾ ഒന്നാമതായി ദൈവരാജ്യവും അവിടത്തെ നീതിയും അന്വേഷിക്കുവിൻ. ഇവയെല്ലാം കൂട്ടിച്ചേർത്തു നിങ്ങൾക്കു തരപ്പെടും. (വി. മത്തായി. VI 25–33)

ലൗകിക വസ്തുക്കൾക്കതീതമായി ദൈവരാജ്യത്തെ അന്വേഷിക്കുകയാണു് നാം സന്യാസ ദാരിദ്ര്യം വഴി. ഒരിക്കൽ ഒരു കാക്ക ചെന്നു് കുരുവിയോടു് ഇപ്രകാരം ചോദിച്ചു ''എന്താണു് ഈ മനുഷ്യർ ഇത്രമാത്രം ആകാംക്ഷ പ്രദർശിപ്പിക്കുന്നതു്? ഉടനെ കുരുവി പ്രതിവചിച്ചു. അവർക്കു് ഒരു പക്ഷേ സ്വർഗ്ഗസ്ഥനായ ഒരു പിതാവില്ലായിരിക്കാം. സന്യാസികൾ ദാരിദ്ര്യവ്രതം അനുഷ്ഠിക്കുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിന്റെ പരിപാലനയിൽ പരിപൂർണ്ണമായി വിശ്വസിച്ചും പ്രത്യാശയർപ്പിച്ചുമാണു് അതു് നിർവഹിക്കുന്നതു്. ലൗകിക വസ്തുക്കൾ പരിത്യജിക്കുന്നതിനനുസരിച്ചു് നാം ദൈവസ്നേഹത്തിലും വർദ്ധിക്കും. സൃഷ്ടവസ്തുക്കൾ നമ്മെ ദൈവസ്നേഹത്തിൽ നിന്നും അകറ്റുന്നതിനു് പലപ്പോഴും കാരണമാകുന്നു. ആദിമാതാപിതാക്കന്മാർ പാപം ചെയ്യുന്നതിനു മുമ്പു് സൃഷ്ടവസ്തുക്കൾ അവർക്കു് ദൈവത്തെ സ്നേഹിക്കുവാനും അവിടത്തെ പ്രാപിക്കുവാനുമുള്ള ഉപകരണമായിരുന്നു. അപ്രകാരം ആദിമാതാപിതാക്കന്മാരുടെ സൗഭാഗ്യാവസ്ഥയിൽ നമുക്കു് ജീവിതം നയി

ക്കാൻ കഴിയുന്നു. ''സന്യാസ ദാരിദ്ര്യം സ്വർഗ്ഗരാജ്യം ഇപ്പോഴേ ഇവിടെ സമാഗതമായിരിക്കുന്നു എന്നുള്ളതിന്റെ പ്രഖ്യാപനമാണു്.'' (12)

കുറുനരികൾക്കു് മാളങ്ങളുണ്ടു്. ആകാശപ്പറവകൾക്കു് കൂടുകളുണ്ടു്. എന്നാൽ മനുഷ്യപുത്രനു് തല ചായിക്കുവാനിടമില്ല. (വി. ലൂക്കാ. IX) എന്നു് അരുളിച്ചെയ്ത ക്രിസ്തുവിനെ അനുകരിക്കുവാൻ ദാരിദ്ര്യം നമ്മെ സഹായിക്കുന്നു. ക്രിസ്തുവിന്റെ ദാരിദ്ര്യം രാജകീയമായിരുന്നു. അവിടുത്തെ ദാരിദ്ര്യത്തിൽ നമ്മെ സമ്പന്നരാക്കുവാനാണു് അവിടുന്നു് ദരിദ്രനായതു്. ഒരു സന്യാസിയും ഇതു പോലെ ദാരിദ്ര്യപൂർണ്ണമായ ജീവിതം നയിച്ചു് മറ്റുള്ളവരെ സമ്പന്നരാക്കുവാൻ പരിശ്രമിക്കുന്നു. ദരിദ്രരെ സഹായിക്കുക. അവർക്കു ക്രിസ്തുവിന്റെ സ്നേഹം കാണിച്ചുകൊടുക്കണം.

സന്യാസികളുടെ ദാരിദ്ര്യം സഭാസേവനപരമായിരിക്കണം. പ്രേഷിത പ്രവർത്തനങ്ങൾക്കായും മറ്റു് സഭയുടെ ആവശ്യങ്ങൾക്കായും ധനം ഉദാരപൂർണ്ണമായി ചെലവഴിക്കണം. വർത്തിക്കാൻ സൂനഹദോസും സന്യാസനവീകരണത്തെക്കുറിച്ചുള്ള ഡിക്രിയിൽ ഇതു് വ്യക്തമാക്കിയിരിക്കുന്നു. സൃഷ്ടവസ്തുക്കളെ സ്രഷ്ടാവിലേക്കുള്ള ഒരു ചവിട്ടുപടിയായി ഉപയോഗിച്ചുകൊണ്ടു് ഒരു സന്യാസി അനുദിനം വിശുദ്ധിയിൽ പുരോഗമിക്കുന്നു. ദാരിദ്ര്യം ഒരു പൂർണ്ണമായ ഹോമബലിയാണു്. (13) നീ പരിപൂർണ്ണനാകുവാൻ മനസ്സാകുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റു് ദരിദ്രർക്കു കൊ

(12) Cardinal Danielen. The status of the religious in the Church. Religious Review July 1965.

(13) Sanctification through Poverty. Religious Review July 1965.

ടുത്തശേഷം എന്റെ പിന്നാലെ വരിക. (വി. മത്തായി XIX 21) എന്നു് മിശിഹാ അരുളിച്ചെയ്തിട്ടുള്ളതിൽനിന്നും ദാരിദ്ര്യവ്രതം വിശുദ്ധിക്കു് എപ്രകാരം സഹായകമാണെന്നു് മനസ്സിലാക്കാം. പുണ്യപരിപൂർണ്ണതക്കു് കുറുക്കുവഴികളില്ല. എന്നാൽ ചില സുനിശ്ചിതമാർഗ്ഗങ്ങളുണ്ടു്. അവയെല്ലാം നമുക്കു് ഇപ്രകാരം സംഗ്രഹിക്കാം. സൃഷ്ടികളിൽനിന്നുള്ള അകൽച്ച (Dettachment)യും സ്രഷ്ടാവിനോടുള്ള അടുപ്പവുമാണു് (Attachment) [14] അതു് എന്നു് വി. ഫ്രാൻസീസു് ദെ സെയിൽസു് പ്രസ്താവിച്ചിരിക്കുന്നു.

അതിനാൽ ഇന്നും സന്യാസനവീകരണത്തിനുവേണ്ടി പരിശ്രമിക്കുന്നവർ സന്യാസവ്രതങ്ങളുടെ ചതുർമൂല്യങ്ങളെ പരിഗണിക്കേണ്ടതാണു്. വ്രതങ്ങളും നാം ആത്മാർത്ഥമായി പാലിക്കുന്നില്ലെങ്കിൽ സന്യാസജീവിതവുമില്ല, നമ്മുടെ സന്യാസവസ്ത്രം ധരിച്ചുകൊണ്ടുള്ള ജീവിതത്തിനു അർത്ഥമുണ്ടായിരിക്കുകയില്ല. സാമൂഹ്യമായ ജീവിതം മാത്രം മതിയാവുകയില്ലല്ലൊ സന്യാസത്തിനു്. വ്രതാർപ്പണവും അതിന്റെ ചൈതന്യത്തിലുള്ള ജീവിതവുമാണു് സന്യാസത്തെ യഥാർത്ഥത്തിൽ സന്യാസമാക്കിത്തീർക്കുന്നതു്. അതിനാൽ നാം വ്രതങ്ങളുടെ മൂല്യങ്ങളെ പരിഗണിച്ചുകൊണ്ടു് അതിനനുയോജ്യമായ നവീകരണം മാത്രമേ വരുത്താവൂ.

---

(14) St. Francis De Sales. Alone for Thee by Kev. Fr. Butter P. 3.

അദ്ധ്യായം ഏഴു

ക്രിസ്തുവിനോടും, സഭയോടും, കൗൺസിലിനോടും വിശ്വസ്തരായിരിക്കുക.

രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം 1970ൽ പ. പിതാവു് പൗലോസു് ആറാമൻ ഒരു തീർത്ഥക സംഘത്തോടു് അരുളിച്ചെയ്യുകയുണ്ടായി. നിങ്ങം ക്രിസ്തുവിനോടും സഭയോടും കൗൺസിലിനോടും വിശ്വസ്തരായിരിക്കുവിൻ. (2) കൗൺസിലിനുശേഷം ചില കത്തോലിക്കാ വൈദികരും സന്യാസിനീസന്യാസികളും വിശ്വാസികളും കൗൺസിൽ ഡിക്രികളെ ദുർവ്യാഖ്യാനം ചെയ്തു് നിരങ്കുശമായ ഒരു ജീവിതത്തിനു മുതിരുന്നതു കണ്ടപ്പോഴാണു് പ. പിതാവു് ഇപ്രകാരം പ്രസ്താവിച്ചതു്. 1971 ജൂലൈ മാസത്തിൽ പ. പിതാവു് വീണ്ടും അനുസ്മരിപ്പിക്കുകയുണ്ടായി.കൗൺസിൽ വിശ്വാസികളുടെ ആഹ്വാനമാണു് നൽകിയതു്. അതിനെ ധാർമ്മിക നിയമങ്ങളിൽനിന്നുള്ള മോചനമായിഎപ്രകാരം വ്യാഖ്യാനിക്കുവാൻ സാധിക്കും.[1]

ഇന്നു് കൗൺസിലിന്റെ വെളിച്ചത്തിൽ പുരോഗമന

---

(1) Sentinal June-1970.
(2) Examiner 14th July 1971.

ത്തിന്റെ പരിവേഷം ചാർത്തി പലരും ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ വെള്ളം ചേർത്തു തുടങ്ങി. എത്ര തല ഉണ്ടോ അത്രയും അഭിപ്രായമായി. (Quot Caput tot Sententia) ഇന്നു് ഓരോരുത്തരും ക്രിസ്തുവിന്റെ ദിവ്യദൗത്യത്തെ വ്യാഖ്യാനിക്കുന്നു. പലരും തങ്ങളുടെ സകല പ്രവണതകളെയും സംതൃപ്തിപ്പെടുത്തുന്ന ഒരു ക്രിസ്തുമതത്തിനുവേണ്ടി നിലകൊള്ളുന്നു എന്നു് പ. പിതാവു് 1969 നവംബർ മാസത്തിൽ വിലപിക്കുകയുണ്ടായി. മിശിഹാ സന്യാസജീവിതത്തിന്റെ മൗലികവും അചഞ്ചലവുമായ സത്ത ഗിരിപ്രഭാഷണത്തിൽ അരുളിച്ചെയ്തു. ഇരുപത്തി ഒന്നാം നൂറ്റാണ്ടിലേയ്ക്കോ അതും കഴിഞ്ഞോ ലോകം പുരോഗമിച്ചാലും സന്യാസജീവിതത്തിന്റെ മൗലികപ്രമാണങ്ങൾക്കു് മാറ്റം ഉണ്ടാവുകയില്ല.

ഈശോമിശിഹാ അവിടത്തെ ജീവിതവും വിശ്വാത്തരമായ പ്രബോധനങ്ങളും വഴി നാം പിതാവിന്റെ പക്കലേയ്ക്കു് പോകുന്നതിനു് പര്യാപ്തമായ ജീവിതമെന്താണെന്നു് കാണിച്ചു തന്നു. വിപ്ലവാത്മകമായ ഇന്നത്തെ യുഗത്തിലും ക്രിസ്തുവിന്റെ മൗലികമായ പ്രബോധനങ്ങൾ അചഞ്ചലമാണു്, സനാതനമാണെന്നു് നമ്മുടെ ജീവിതത്തിലൂടെ സാക്ഷ്യം വഹിക്കണം. സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുകയാണു് ഏറ്റവും വലിയ സന്യാസനിയമം. അഥവാ ത്രിതയം വഴി മിശിഹായുമായിട്ടുള്ള ഒരഭിമുഖീകരണമാണു് സന്യാസജീവിതം. പുരോഗമനത്തിന്റെ പേരിൽ ഈ വസ്തുത വിസ്മരിച്ചാൽ പിന്നെ സന്യാസജീവിതവും, വൈദികവൃത്തിയും നിരർത്ഥകമായിരിക്കും. ക്രിസ്തുവിനു ജീവിതത്തിലൂടെ സാക്ഷ്യം വഹിക്കുവാൻ സാധിക്കുകയില്ല. ഇന്നു് ചില കത്തോലിക്കാവൈദികർ തങ്ങൾക്കു് ക്രിസ്തുവിന്റെ പൗരോഹി

ത്യമുണ്ടെന്നു് അവകാശപ്പെടുകയും എന്നാൽ ക്രിസ്തുവി നേതിൽനിന്നും വിഭിന്നമായ ഭാഷയിൽ സംസാരിക്കു കയും ചെയ്യുന്നു. ചിലസന്യാസിനീസന്യാസികളും അതനു കരിക്കുവാൻ വെമ്പൽ കൊള്ളുകയാണു്. മാട്ടിൻലൂഥർ ഒരു നവീകരണ കർത്താവായിട്ടാണു് രംഗപ്രവേശം ചെയ്തതു്. എന്നാൽ അദ്ദേഹത്തിന്റെ നവീകരണപ്രസ്ഥാനം പാശ്ചാ ത്യസഭയെ ചിഹ്നഭിന്നമാക്കി. അതിന്റെ തിന്മകളും ഇന്നും അവസാനിച്ചിട്ടില്ല. കുഞ്ഞാടുകളുടെ വേഷത്തിൽ നിങ്ങ ളുടെ അടുക്കൽവരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചു കൊള്ളുവിൻ. അകമെ അവർ കടിച്ചുകീറുന്ന ചെന്നായ്ക്ക ളാകുന്നു. (വി. മത്താ. v 15) വിധേയത്വവും അനുസര ണവും അടിമത്തമായിട്ടാണു് പരിഗണിക്കുന്നതു്. സന്യാ സസൂക്തങ്ങളും പലതും പിന്തിരിപ്പൻ ചിന്താഗതിയായി മുദ്രയടിക്കുന്നു. കമ്യൂണിസ്റ്റു് പ്രത്യയശാസ്ത്രവും ക്രൈസ്തവ വീക്ഷണവുമായി പൊരുത്തപ്പെടുത്തുന്നതിനായി വിപ്ല വം പ്രസംഗിക്കുന്ന സന്യാസികളും വൈദികരുമുണ്ടു്. ഞങ്ങളും നിങ്ങളോടു പ്രസംഗിച്ചതിൽനിന്നും വിഭിന്നമാ യ ഒരു സുവിശേഷം ഞങ്ങളും തന്നെയോ സ്വർഗ്ഗത്തിൽ നിന്നും ഒരു മാലാഖ തന്നെയോ വന്നു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ (ഗാല. 1. 8) എന്നുള്ള വി. പൗലോസിന്റെ വാക്കുകളും ശ്രദ്ധേയമാണു്. സന്യാസ ത്തിൽ നാം ക്രിസ്തുവിന്റെ ജീവിതമാണു് നയിക്കേണ്ടതു് എന്നുള്ള കായ്വും വിസ്മരിക്കരുതു്.

ഇന്നു് ചിലരെല്ലാം പുരോഗമനം പ്രസംഗിച്ചു് ക്രിസ്തുവിന്റെ ദൈവത്വത്തെപ്പോലും ചോദ്യം ചെയ്യു തുടങ്ങി. പരിണാമംവഴി ക്രിസ്തുസംഭവത്തെ വിശദീക രിക്കുവാൻ ചിലർ മുതിർന്നതിന്റെ രഹസ്യവും അതാണു്. പുരോഗമനം എന്താണു്, അതിന്റെ ലക്ഷ്യമെന്തു്, ഫല

മെന്തായിരിക്കും ഈ വക കാര്യങ്ങളും പരിഗണിക്കാതെ, നവീനത്വത്തിനുവേണ്ടി മാത്രം പുരോഗമനം പ്രസംഗിക്കുന്ന പുരോഗമനവാദികളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാതിരിക്കുവാൻ നിവാർഹമില്ല. എന്തെല്ലാം പുരോഗമനങ്ങളും രംഗപ്രവേശം ചെയ്താലും ക്രിസ്തുനാഥൻ അറിയീച്ചിട്ടുള്ള സനാതനവും അനവദ്യസുന്ദരവുമായ സത്യങ്ങളും അചഞ്ചലമായിരിക്കും. ആകാശവും ഭൂമിയും കടന്നുപോകുവോളം, സകലവും നിവൃത്തിയാകുംവരെ പ്രമാണത്തിൽനിന്നു് ഒരു യോദ്ധു് എങ്കിലും ഒരു വരയെങ്കിലും കടന്നുപോകയില്ലെന്നു ഞാൻ സത്യമായി നിങ്ങളോടു് പറയുന്നു. (വി. മത്തായി. v. 18) ആകാശവും ഭൂമിയും കടന്നുപോകും എന്റെ വചനങ്ങളും കടന്നുപോകയില്ല. (വി. മത്താ. XXIV. 35) മുതലായവ ക്രിസ്തുനാഥന്റെ വാക്കുകളാണു്.

തിരുസ്സഭയോടു് നാം വിശ്വസ്തതയുള്ളവരായിരിക്കണം. സഭ മിശിഹായുടെ വ്യക്തിത്വത്തിന്റെ ഒരു തുടർച്ചയാണു്. ക്രിസ്തുവിന്റെ പ്രബോധനങ്ങളും പഠിപ്പിക്കുവാനും വ്യാഖ്യാനിക്കുവാനുമുള്ള അധികാരം തിരുസഭയ്ക്കാണു് നലുകിയിരിക്കുന്നതു്. പണ്ഡിതന്മാർക്കോ വേദശാസ്ത്രജ്ഞന്മാർക്കോ ആ അധികാരം നലുകിയിട്ടില്ല. (2) തിരുസ്സഭയുടെ മനോഭാവമെന്താണെന്നറിയുക ക്രിസ്തുവിന്റെ മനോഭാവമറിയുകതന്നെയാണു് എന്നു് ഫാ. ചാൾസ് ഡേവിസു് പ്രസ്താവിച്ചിരിക്കുന്നു. (Fr. Charles Davis Theology for To-day.) മുമ്പു് സഭയിൽ ഒരു മാർപ്പാപ്പായെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇന്നു് തൽസ്ഥാനത്തു് പതിനായിരം മാർപ്പാപ്പാമാരുണ്ടു് എന്നു് ഒരു ആം

(2) Pope Paul VI Quinque iam anni Apostolic Exhortation Addressed to all the Bishops

ശ്ലേയവേദശാസ്ത്രജ്ഞൻ പ്രസ്താവിച്ചതു് ശ്രദ്ധേയമത്രെ. സഭയോടൊത്തു ചിന്തിക്കുവാനും സഭയുടെ ആദർശങ്ങൾക്കുവേണ്ടി നിലകൊള്ളുവാനും സന്യാസികളും സന്നദ്ധരായിരിക്കണം. ഇന്നത്തെ തിരുസഭയെ അലട്ടുന്ന ഏറ്റവും ശ്രുക്ഷമായ പ്രശ്നം കത്തോലിക്കരിൽ പലർക്കും ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ സഭാമാതാവിനോടുള്ള ഏകീഭാവം കേവലം നാമമാത്രമാണെന്നുള്ളതാണു്. ഞാൻ തിരുസ്സഭയുടെ ഒരു പുത്രിയാണെന്നുള്ളതിൽ അഭിമാനിക്കുന്നു എന്നാണല്ലൊ വി. അമ്മത്രേസ്യാ അവളുടെ മരണാശയ്യയിൽ കിടന്നുകൊണ്ടു് പ്രസ്താവിച്ചതു്. വി. കാതറൈൻ ഓഫ് സീയന്ന, വി. തോമസ്മൂർ, വി. ഇഗ്നേഷ്യസ് മുതലായവരും സഭയോടു് ഏറ്റവും വലിയ വിശ്വസ്തത പ്രകടിപ്പിച്ചിട്ടുള്ളവരാണു്.

വത്തിക്കാൻ സൂനഹദോസിനുശേഷം ചിലരെല്ലാം സഭയുടെ അധികാരത്തെ വെല്ലുവിളിച്ചുകൊണ്ടു് പ്രവർത്തിക്കുന്നതു് നാം കാണുന്നുണ്ടു്. സഭയെ അതിനിശിതമായി വിമർശിക്കുകയും മറ്റുള്ളവരുടെ മുമ്പിൽ അവഹേളിക്കുകയും ചെയ്യുന്നതു് ഇന്നു് പലരും നവീകരണമായി കരുതുന്നു. എന്നാൽ സഭയെ അവഹേളിക്കുന്നവർ ക്രിസ്തുവിനെ തന്നെ ഒറിക്കൊടുക്കുന്നു. യഥാർത്ഥനവീകരണകർത്താക്കളും സഭാമാതാവിനെ സ്നേഹിച്ചുകൊണ്ടാണു് നവീകരണത്തിനു് പുറപ്പെട്ടിട്ടുള്ളതു്.

കൗൺസിലിനോടും നാം വിശ്വസ്തരായിരിക്കണം. 1959-അവസാനഘട്ടത്തിൽ ഒരു ദിവസം പാവനചരിതനായ യോഹന്നാൻ മാർപ്പാപ്പായും അദ്ദേഹത്തിന്റെ സെക്രട്ടറിയുംകൂടി വത്തിക്കാൻ തോട്ടത്തിൽ ഒരു സായാഹ്നസവാരിക്കു് പുറപ്പെട്ടു. തത്സമയം അസ്സീസിയിലെ സൂര്യന്റെ ചെങ്കതിരുകളേറ്റു് സെൻറു് പീറ്റേഴ്സിന്റെ താഴികക്കു

ടം വെട്ടിതിളങ്ങി. ഉടനെ പ. പിതാവിനുണ്ടായ പ്രചോദനം അദ്ദേഹം സെക്രട്ടറിയെ ഇപ്രകാരം അറിയിച്ചു. ''നോക്കുക എത്ര മനോഹരമായിരിക്കുന്നു. ഇതുപോലെ നമ്മെ ഓരോരുത്തരേയും, ഒരു ദീപമായിട്ടാണു് ദൈവം ലോകത്തിലേയ്ക്കയച്ചിരിക്കുന്നതു്. ഓരോ ക്രിസ്ത്യാനിയും തന്റെ ജീവിതമാതൃകവഴി ഒരു ദീപമായി പ്രശോഭിച്ചാൽ ലോകത്തിൽ യാതൊരുത്തരും അകത്തോലിക്കരായി അവശേഷിക്കുകയില്ലായിരുന്നു. ഇതിൽനിന്നുമാണു് രണ്ടാം വത്തിക്കാൻ സൂനഹദോസിനുള്ള പ്രചോദനം പ. പിതാവു് യോഹന്നാൽ ഇരുപത്തിമൂന്നാമനു് ലഭിച്ചതു്. സൂനഹദോസിന്റെ യഥാർത്ഥ ലക്ഷ്യം ഗ്രഹിക്കുവാൻ ഈ സംഭവം സഹായകമാണു്. നാം ഓരോരുത്തരും ജീവിതവിശുദ്ധിവഴി ഓരോ ദീപമായിരിക്കണമെന്നാണു് പ. പിതാവും വത്തിക്കാൻ സൂനഹദോസും അഭിലഷിച്ചതു്. സന്യാസനവീകരണത്തെ സംബന്ധിച്ചു് പ്രസിദ്ധീകരിച്ച ഉപദേശത്തിലും പ. പിതാവു് ആറാം പൗലോസു്ഇപ്രകാരംഉൽബോധിപ്പിക്കുന്നു. ''സന്യാസ നവീകരണത്തെ സംബന്ധിച്ചുള്ള സൂനഹദോസിന്റെ പ്രഖ്യാപനത്തെ ശരിയായി മനസ്സിലാക്കണം. ഒരു സന്യാസസഭ അതിന്റെ വ്യക്തിത്വത്തിനു് (Identity) കോട്ടം വരുത്തുന്ന യാതൊന്നും നവീകരണത്തിന്റെ പേരിൽ ചെയ്യരുതു്. സന്യാസത്തിന്റെ വിവിധ രൂപഭാവങ്ങളും ആസകലം ചൈതന്യനായിപോയി എന്ന ആശയത്തിന്റെ അടിസ്ഥാനകാരണങ്ങളെന്തെന്നോ? തത്വാധിഷ്ഠിതമല്ലാത്ത പരിവർത്തനങ്ങളും വരുത്തുന്നതിലുള്ള ആവേശം, സഭയുടെ പാരമ്പര്യങ്ങളും പ്രായോഗികജ്ഞാനത്തിലും ചൈതന്യവായ്പിലും എത്രമാത്രം അടിയുറച്ചതായിരുന്നാലും അതൊക്കെ ഫലശൂന്യമാണെന്ന മിഥ്യാധാരണ, ആധുനിക ലോകത്തെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കുന്ന വമ്പിച്ച പരിവർത്തന

ങ്ങളോടു് പെട്ടെന്നലിഞ്ഞു ചേരാനുള്ള വ്യഗ്രത'' (3)മുതലായവയാണു്.

തുടർന്നു പ. പിതാവു് ഉൽബോധിപ്പിക്കുന്നു. മനുഷ്യന്റെ ജീവിതത്തിൽ വിപുലമായ പരിവർത്തനങ്ങളാണു് അനുനിമിഷം സംഭവിച്ചുകൊണ്ടിരിക്കുകയാണിന്നു്. ഇവയോടു് ബന്ധപ്പെട്ട രംഗങ്ങളിൽ സന്യാസത്തിന്റെ അന്തസത്തയെ സ്പർശിക്കാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമായ അനുരൂപണം വരുത്തിയേ തീരൂ. സന്യാസജീവിതത്തിന്റെ സ്ഥിരഭാവങ്ങളാണു് (തിരുസ്സഭ. NO. 43) എന്നു് സഭ വിശേഷിപ്പിക്കുന്ന കാര്യങ്ങളാണു് ഭദ്രമായി പാലിച്ചുകൊണ്ടു് ഇതു് എങ്ങനെ നടപ്പിലാക്കാം അതിനൊരു മാർഗ്ഗമെയുള്ളൂ. നിങ്ങളുടെ സഭകളിലേല്പിച്ചുള്ള ദൈവവിളിയുടെ സമഗ്രവും യഥാർത്ഥവുമായ നവീകരണം സാധിക്കുക എന്നുള്ളതാണു്. ജീവിതത്തിന്റെ പരിതോവസ്ഥകളുമായി ഇണങ്ങിച്ചേരുമ്പോഴും സ്വന്തമായ വ്യക്തിത്വത്തെ കളഞ്ഞു കുളിച്ചുകൊണ്ടല്ല അങ്ങനെ ചെയ്യേണ്ടതു്. പ്രത്യുതാത്മമൂല്യങ്ങളുംകൂടി ലോപം വരുത്താതെ സ്വന്തം ചൈതന്യവിശേഷത്തെ ഉറപ്പിക്കുകയാണാവശ്യം.'' (4)

സന്യാസത്തിന്റെ മൗലികമായ മൂല്യങ്ങളുംകൂടി ഓരോ സഭയുടെയും പ്രത്യേക ചൈതന്യത്തിനും വ്യക്തിത്വത്തിനും കോട്ടം വരാത്ത നവീകരണമാണു് കൗൺസിൽ ആവശ്യപ്പെട്ടതു് എന്നുള്ള സംഗതി വളരെ വ്യക്തമായി പ. പിതാവു് ഇവിടെ സന്യാസികളെ ഉൽബോധിപ്പിക്കുന്നു. കൗൺസിലിനെ വ്യാഖ്യാനിക്കുവാൻ കൗൺസി

(3) Pope Paul. Apostolic Exhortation to the Religious. നവീകരണം സന്യാസത്തിൽ ഫാ. സിലാസു്. സി. എം. ഐ
(4) Ibid. No.51

ലിനെ നടനായകത്വം വഹിച്ച ആറാം പൗലോസു് പാപ്പായെക്കാൾ കഴിവുറവരായി വേറെ യാതൊരു വ്യക്തിയുമില്ല. അനുസരണം, കന്യാവ്രതം, ദാരിദ്ര്യം എന്നീ വ്രതങ്ങളും ഓരോ സന്യാസസഭയുടെയും ചൈതന്യത്തെ കാതലായവിധം സ്പർശിക്കുന്ന സ്വഭാവം, നിയമങ്ങൾ മുതലായവ അന്യൂനമായി പരിരക്ഷിക്കപ്പെട്ടേ മതിയാവൂ. അല്ലാത്ത എല്ലാ നവീകരണവും കൗൺസിലിനോടു് വിശ്വസ്തമായിരിക്കുകയില്ല. നാം ക്രിസ്തുവിനോടും സഭയോടും കൗൺസിലിനോടും വിശ്വസ്തത ഉള്ളവരായിരിക്കണം. വിശ്വസ്തത പാലിക്കാത്ത നവീകരണത്തിന്റെ തിക്തഫലങ്ങൾ ഇന്നു് പല സന്യാസസഭകളിലും ദർശിക്കുവാൻ കഴിയുന്നുണ്ടു്. ദൈവതിരുമനസ്സിനു് വിധേയരാകാത്ത മനുഷ്യരെ സ്വാഭീഷ്ടത്തിനു ദൈവം പരിത്യജിക്കും. അതിന്റെ ഫലം ഭയാനകമായിരിക്കുമെന്നു് വാഴ്ത്തപ്പെട്ട ഫ്രെഡറിക്കു് ഓസാനാം പറയുന്നു. (Mgr. Jolivet· The God of reason) സന്യാസഭവനങ്ങളുടെ പരിപാവനതയും മഹനീയതയും ചോരാത്തതു പലതും അപ്രകാരമുള്ള സന്യാസഭവനങ്ങളിൽ നടന്നുകഴിഞ്ഞു.

ചിലക്കു സാമൂഹ്യസേവനം മാത്രം മതി. വൈദികന്റെയോ, സന്യാസിയുടേതോ ആയ ദൗത്യത്തിനു് ഇന്നു് പലരുടെയും ജീവിതത്തിൽ അർത്ഥവും സ്ഥാനവുമില്ല. പുരോഗമനാത്മകമായ ഒരു തരം മനുഷ്യപ്രേമാത്മകവാദം (Philanthrophism) പ്രസംഗിക്കുകയും, തിരുസഭയേയും അതിന്റെ അഭിവന്ദ്യരായ അധികാരികളെയും, സന്യാസസഭയേയും അതിനിശിതമായി വിമർശിക്കുകയും ചെയ്തുകൊണ്ടു് പുരോഗമനപട്ടം കെട്ടി പലരും നവീകരണത്തിന്റെ വക്താക്കളായി നടക്കുന്നുണ്ടു്. എന്നാൽ ഒരു വിരോധാഭാസം വർത്തിക്കാൻ സൂനഹദോസിന്റെ ഉദാ

ത്തമായ ചൈതന്യം ഉരുത്തിരിയുന്ന ധന്യമായ ഒരു ജീവിതം സ്വജീവിതത്തിലൂടെ പകർത്തി കാണിക്കുവാൻ അവർ പരാജിതരായിരിക്കുന്നു എന്നതാണു്. അന്ധകാരത്തെ ശപിക്കുന്നതിലും നന്നു് ഒരു കൈത്തിരി കത്തിച്ചു കാണിക്കുകയാണു് എന്നുള്ള വസ്തുത അവർ വിസ്മരിച്ചു. സ്വജീവിതം വഴി ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുവാനാണു് ഓരോ സന്യാസിയോടും വത്തിക്കാൻ സൂനഹദോസു് ആവശ്യപ്പെട്ടിട്ടുള്ളതു്.

പ. പിതാവു് ജോൺ ഇരുപത്തിമൂന്നാമൻ വത്തിക്കാൻ സൂനഹദോസിന്റെ ലക്ഷ്യമായി പറഞ്ഞതു് Aggiornamento et apro fundimento എന്നാണു്. അതായതു് അധുനാധുനീകരണത്തോടൊപ്പം അടിസ്ഥാനതത്വങ്ങളും ഉറപ്പിക്കുക എന്നതായിരുന്നു. എന്നാൽ പലരും ഇന്നു് അടിസ്ഥാനതത്വങ്ങളും ഉറപ്പിക്കുന്ന കാര്യം അവഗണിച്ചിട്ടു് നവീകരണത്തിൽ മാത്രം ശ്രദ്ധ പതിക്കുന്നു. പരിഷ്കരണമല്ല (Reformation) പ്രത്യുത നവീകരണമാണു് (renovation) ആണു് സൂനഹദോസു് അഭിലഷിച്ചതു്. പ. പിതാവു് ആറാം പൗലോസു് കപ്പൂച്ചിൻസഭയുടെ നവീകരണത്തിനായി സമ്മേളിച്ച പൊതുസംഘാംഗങ്ങളോടു് ഇപ്രകാരം പ്രസ്താവിച്ചു. ''സന്യാസനവീകരണം ഒരു വൈരുപ്യമാക്കലാകരുതു്''[5]. ഇക്കാര്യങ്ങളെല്ലാം നാം അനുസ്മരിച്ചുകൊണ്ടു് നമ്മുടെ സന്യാസനവീകരണ പ്രക്രിയയിൽ ഓരോരുത്തരും സജീവമായി പങ്കെടുക്കണം.

കൗൺസിൽ ആഗ്രഹിച്ച തരത്തിലുള്ള നവീകരണശ്രമങ്ങളെ നാം നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു: നവീകരണമെന്ന ചൈതന്യമുറ്റ പ്രക്രിയ വളരെ പരിപാകതയും

5. New Leader. July 6th 1968.

ഗുണാഗുണവിശേഷവിവേചനയും ആവശ്യപ്പെട്ടന്ന ഒന്നത്രെ. പരിശുദ്ധാത്മാവിയുടെ പ്രവർത്തനത്തോടുകൂടി ലോകത്തിന്റെ അത്മാവിയും കൂടി കലരാനുള്ള നിരന്തര സാദ്ധ്യതയും അപകടവുമുള്ള ഇക്കാര്യത്തിൽ നമുക്കെങ്ങനെ നിങ്ങളെ സഹായിക്കാൻ കഴിയും? സന്യാസത്തിന്റെ ആവശ്യഘടകങ്ങളെ സംരക്ഷിക്കുവാനോ പൂർണ്ണതരമാക്കുവാനോ എങ്ങനെ സാധിക്കും? അതീതകാലത്തെ അനുഭവജ്ഞാനത്തിൽനിന്നും വർത്തമാനകാലത്തിന്റെ ചിന്താസരണിയിൽനിന്നും സുവിശേഷനിഷ്ഠമായ സന്യാസത്തെ നമുക്കെങ്ങനെ ഉപരിചൈതന്യവത്താക്കാൻ കഴിയും.[7]

പ. പിതാവിന്റെ ആകാംക്ഷ നാം മനസ്സിലാക്കി ക്രിസ്തുവിനോടും, തിരുസ്സഭയോടും കൗൺസിലിനോടും പരിപൂർണ്ണ വിശ്വസ്തരായിരിക്കുവാൻ പരിശ്രമിക്കാം. അപ്പോഴും യഥാർത്ഥ നവീകരണം വഴി തിരുസ്സഭ അഭിലഷിക്കുന്ന സൽഫലങ്ങളും ഉളവാകും.

---

(7) സന്യാസ നവീകരണം സംബന്ധിച്ച ആറാം പൗലോസ് മാർപ്പാപ്പായുടെ ഉപദേശം. ഫാ. സീലാസ് സി. എം. ഐ. (നവീകരണം സന്യാസത്തിൽ)

അദ്ധ്യായം എട്ട്

സന്യാസ സാമൂഹ്യ ജീവിതത്തിന്റെ ദൈവശാസ്ത്രം.

മനുഷ്യൻ സ്വാഭാവികമായിത്തന്നെ ഒരു സാമൂഹ്യജീവിയാണെന്നത്രേ വി.തോമസ് അക്വിനാസിന്റെ അഭിമതം. സാമൂഹ്യജീവിതത്തിന്റെ ഏറ്റവും ചെറിയ ഘടകമാണ് കുടുംബം. ധാർമ്മികമായ ഐക്യത്തിൽ പലർ പൊതുവായ ലക്ഷ്യപ്രാപ്തിയെ മുൻനിറുത്തി സുസ്ഥിരമായ ജീവിതം നയിക്കുന്നതിനാണ് സാമൂഹ്യ ജീവിതം എന്നു പറയുന്നതു്. ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളും പൊതുവായിരിക്കണം. പിതാവേ ഞാൻ നിന്നിലും നീ എന്നിലുമായിരിക്കുന്നതുപോലെ ഇവരും തമ്മിൽ ഒന്നായിരിക്കേണ്ടതിനു് (വി. യോ; XVII.) ക്രിസ്തീയ സമൂഹത്തിൽ ഉണ്ടായിരിക്കേണ്ട ഐക്യത്തെപ്പറ്റി മിശിഹാ അരുളിച്ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ഐക്യം എത്ര അവഗാഢമാണു്. അവർക്കു് ഒരേ അസ്തിത്വം, ഒരേ സത്ത, ഒരേ ശക്തി, ഒരേ സ്വഭാവം. ഇതുപോലെതന്നെയായിരിക്കണം ഒരു ക്രിസ്തീയസമൂഹത്തിലുള്ള ഐക്യം. ആദിമ ക്രൈസ്തവരെ സംബന്ധിച്ചു് ശ്ലീഹന്മാരുടെ നടപടിയിൽ നാം വായിക്കുന്നതു് ഇപ്രകാരമാണു്. വിശ്വസിച്ചിരുന്നവർക്കു് ഏക ഹൃദയവും ഏക ആ

ത്മാവും ആയിരുന്നു. (നടപടി III) ഈ വാക്കുകളെ വ്യാഖ്യാനിച്ചുകൊണ്ടു് വി. ആഗ്സ്തീനോസു് ഇപ്രകാരം പ്രസ്താവിക്കുന്നു. ഒരു ക്രിസ്തീയസമൂഹം ക്രിസ്തീയ സമൂഹമെന്നുള്ള സംജ്ഞക്കു് അർഹമാകണമെങ്കിൽ അവിടെ ഇപ്രകാരം ഏക ഹൃദയവും ഏകആത്മാവുമായിട്ടുള്ള ഐക്യം അപരിത്യാജ്യമാണു്. സന്യാസജീവിതത്തിന്റെ ഉദ്ദേശം ആദിമ ക്രൈസ്തവ ചൈതന്യം നിലനിറുത്തുക എന്നതും കൂടിയാണു്. മിശിഹാ ഒരു പരിപൂർണ്ണ സമൂഹത്തിനു് രൂപം കൊടുക്കുവാൻ ആഗ്രഹിച്ചു.മൗതികശരീരത്തിന്റെ ഹൃദയഭാഗത്തുള്ള ഏറ്റവുംപൂർണ്ണമായ ഒരു സമൂഹമാണു് സന്യാസജീവിതം.[1] അതു് ദൈവികനഗരമാണു്. ദൈവജനത്തിന്റെ ഏറ്റവും പൂർണ്ണമാതൃകയാണു്.

ആദിമ ശതകങ്ങളിൽ ഏകാന്തമായ സന്യാസജീവിതമാണു് പ്രാബല്യത്തിൽ വന്നതു്. എന്നാൽ പിന്നീടു് തിരുസഭയ്ക്കു് അനുഭവബോദ്ധ്യമായി സാമൂഹ്യമായ സന്യാസജീവിതമാണു് പണ്യപരിപൂർണ്ണതയ്ക്കു് ഏറ്റവും സഹായകമായ വസ്തുത. വിശിഷ്യാ സാമൂഹ്യ സുകൃതങ്ങൾ അഭ്യസിക്കുന്നതിനു് സന്യാസ സാമൂഹ്യ ജീവിതം അനുപേക്ഷണീയമാണു്. സ്നേഹം, സേവനം, നീതി, ത്യാഗം, സഹനം എന്നിവ സാമൂഹ്യ ജീവിതത്തിൽ മാത്രമേ പരിപുഷ്ടമാവുകയുള്ളൂ. സന്യാസ സാമൂഹ്യ ജീവിതത്തിലും പൊതുവായ ലക്ഷ്യവും, ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളും വസ്തുക്കളും ആവശ്യമത്രെ. ഒരു സന്യാസി സ്വാർത്ഥ താൽപര്യങ്ങൾ പരിത്യജിച്ചു് സമൂഹത്തിന്റെ നന്മയിലും സ്വന്തം ക്ഷേമിമുറകൾ ബലികഴിച്ചു് സമൂഹത്തിന്റെ അനുഷ്ഠാനങ്ങളിലും പങ്കുകൊള്ളുന്നു. സ്വമനസ്സു് പരിത്യജിക്കു

(1) Rev. Fr. Leo Carpetier. Life in the City of God. P 53.

കയും കൂട്ടത്തിന്റെ മനസ്സിനോട്ട് യോജിക്കുകയും അപ്രകാരം ദൈവതിരുമനസ്സ് നിവർത്തിക്കുകയും ചെയ്യുന്നു. [2]

ക്രിസ്തുവിനോട്ട് അടുക്കുന്നതിനു് തിരുസഭയുടെ ജീവിതത്തിൽ പങ്കുചേരണം. അതു് സന്യാസസാമൂഹ്യജീവിതംവഴി സാധിക്കുന്നു. സന്ന്യാസവ്രതങ്ങൾതന്നെ ഒരു പരിപൂർണ്ണക്രിസ്തീയസമൂഹം രൂപവൽക്കരിക്കുവാൻ സഹായകമാണു്. സന്ന്യാസസമൂഹത്തിന്റെ ഏറ്റവും ഉന്നതമായ ദൈവശാസ്ത്രം അതു് പ. ത്രിത്വത്തിന്റെ സാമൂഹ്യജീവിതത്തിന്റെ ഒരു കൂദാശവൽക്കരണമാണെന്നുള്ളതാണു്. (Sacramentalization). പ. ത്രിത്വത്തിലെ മൂന്നു് വ്യക്തികളും എപ്രകാരം നിത്യമായ സ്നേഹത്തിൽ സമാശ്ലേഷിക്കുന്നുവോ അതുപോലെ സന്യാസ സമൂഹത്തിലെ അംഗങ്ങളും പരസ്പരം സ്നേഹിക്കണം. പിതാവു് പുത്രനെ ജ്ഞാനത്താൽ ജനിപ്പിക്കുന്നു. പിതാവും പുത്രനും പരസ്പരം സ്നേഹിച്ചുകൊണ്ടു് പരിശുദ്ധാത്മാവിനെ പുറപ്പെടുത്തുന്നു. ഇതുപോലുള്ള സ്നേഹവും ഐക്യവും സന്യാസ സമൂഹങ്ങളിൽ പരിപുഷ്ടമാകണം. ഗിരിപ്രഭാഷണത്തിലെ അഷ്ടഭാഗ്യങ്ങളും പ. ത്രിത്വം നിത്യമായി ആഘോഷിക്കുന്ന സ്നേഹത്തിലേക്കുള്ള ഒരു ക്ഷണമാണു്. [3] എന്നു് ഫാ. ബർണാർദ്ഹെയറിംഗ് അഭിപ്രായപ്പെടുന്നു. ക്രിസ്തീയജീവിതം പ. ത്രിത്വത്തിന്റെ ജീവിതം തന്നെയാണു്. സന്യാസവ്രതങ്ങളും നമ്മെ ആ ജീവിതം പൂർണ്ണമായവിധം നയിക്കുന്നതിനു് സഹായിക്കും.

സന്യാസസമൂഹം പുതിയനിയമത്തിലെ പുറപ്പാടിന്റെ സമൂഹത്തിന്റെ (Exodus Community) കൂദാശ

(2) Fr. Dom Hubert- The yoke of Divine Love. P. 124.
(3) Rev. Fr. Bernard Haring. The Christan renewal in a Changing world. P. 2.

വൽക്കരണമാണു്. തിരുസ്സഭതന്നെ ഒരു തീർത്ഥാടന സമൂഹമാണെന്നാണല്ലൊ വത്തിക്കാൻ സൂനഹദോസു് തിരുസ്സഭയെക്കുറിച്ചുള്ള ഡിക്രിയിൽ പ്രഖ്യാപിച്ചിട്ടുള്ളതു്. മൂശയുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനത ഈജിപ്തിലെ പാരതന്ത്ര്യത്തിൽനിന്നും മോചനംപ്രാപിച്ചു് കാനാൻ ദേശത്തേയ്ക്കു് യാത്ര പുറപ്പെട്ടതുപോലെ ഓരോ സന്യാസസമൂഹവും സ്വർഗ്ഗീയ സദനത്തിലേയ്ക്കുള്ള ഒരു തീർത്ഥാടനം നിർവഹിച്ചുകൊണ്ടിരിക്കുകയാണു്. അധികാരികളും അധീനരും ഒത്തൊരുമിച്ചു് പരിശ്രമിച്ചാൽ മാത്രമേ അവിടെ കൂട്ടംബാന്ധവം നിലനില്ക്കുകയുള്ളു. മേലധികാരികൾ സഭാംഗങ്ങളെ അറിയുകയും, മനസ്സിലാക്കുകയും സ്നേഹിക്കുകയും, സേവിക്കുകയും, രൂപീകരിക്കുകയും ഭരിക്കുകയും ചെയ്യണം. തിരുസഭയിൽ എന്നും അധികാരം സേവനാത്മകമായ നേതൃത്വം നൽകുകയാണു്. വത്തിക്കാൻ സൂനഹദോസിനുശേഷം അതിനു കൂടുതൽ പ്രസക്തിയുണ്ടു്. ഭരിക്കുക സ്നേഹിക്കുകയാണു്. (4) എന്നുള്ള തത്വം അധികാരികൾ സ്മരിക്കേണ്ടതാണു്. അതെ അവസരത്തിൽ മേലധികാരികൾ ദൈവത്തിന്റെ പ്രതിനിധികളാണു് എന്നുള്ള മനോഭാവത്തോടുകൂടി മറ്റുള്ളവർ അവരെ സ്നേഹിക്കുകയും ആദരിക്കുകയും അനുസരിക്കുകയും ചെയ്യണം. പരസ്പര സ്നേഹബഹുമാനസഹകരണമാവശ്യമത്രെ.

സന്യാസസമൂഹം സ്വർഗ്ഗീയനഗരത്തിന്റെ ഒരു ക്ഷുദാശവൽക്കരണമാണു്. സ്വർഗ്ഗത്തിൽ ദൈവവും മാലാഖാമാരും വിശുദ്ധരും ഒരുമിച്ചു ജീവിക്കുന്നതു് എത്ര സൗഭാഗ്യസംദായകമാണു്. അതുപോലെതന്നെയായിരിക്കണം ഒരു സന്യാസസമൂഹം. നസ്രസിലെ തിരുക്കുടുംബത്തിൽ വി. യൗസേപ്പും പ. കന്യകമറിയവും ഉണ്ണിമിശിഹായും

(4) Rev. Fr. Raousin, S. J. To govern is to love. P. 1-2.

ഒരുമിച്ചു ജീവിച്ചു. അവർ പരസ്പരം സ്നേഹിച്ചും സഹകരിച്ചും സേവനോദ്ധ്യുക്തമായ ജീവിതം നയിച്ചു. ഇതുപോലെ സന്യാസികളും തങ്ങളുടെ ജീവിതം നയിക്കണം. ഇന്നു് കുടുംബാരൂപി കുറഞ്ഞു് കേവലം നൈയ്യാമികബന്ധമോ, ബിസിനസ്സു് മനസ്ഥിതിയോ ആണു് പലരിലും കാണുന്നതു്. അതു് മാറി തൽസ്ഥാനത്തു് ക്രിസ്തീയമായ സാഹോദര്യം പുലരണം,

ഒരിക്കൽ ഒരു താത്വികൻ നരകത്തിലേയ്ക്കു് ഒരു പര്യടനം നടത്തിയതായി ഭാവനാകല്പിതമായ ഒരു കഥ വായിച്ചിട്ടുണ്ടു്. താത്വികനെ പിശാചുക്കൾ കൂട്ടിക്കൊണ്ടുപോയി നരകത്തിലെ ഓരോ സ്ഥലവും കാണിച്ചു് പീഡനമാർഗ്ഗങ്ങളും മറ്റും സവിസ്തരം പ്രതിപാദിച്ചു. അവസാനം അവർ ഒരു വിശാലമായ ഹാളിൽ ചെന്നുചേർന്നു. അവിടെ ഒരു മേശയിൽ വിവേസമൃദ്ധമായ ഭോജ്യങ്ങൾ നിരത്തി വച്ചിരിക്കുകയാണു്. മേശയ്ക്കു് ചുറ്റും ധാരാളമാളുകൾ ഇരിപ്പുണ്ടു്. പക്ഷേ അവർക്കാർക്കും ഭക്ഷണസാധനങ്ങൾ എടുത്തു് ഭക്ഷിക്കുവാൻ നിർവാഹമില്ല. അവരുടെ വലതുകൈയ്യിൽ ഉരം മുതൽ കൈപ്പത്തിവരെ നീളമുള്ള ഒരുസ്പൂണും, ഇടതുകൈയ്യിൽ അതുപോലുള്ള ഒരു കാർപ്പും കെട്ടിവച്ചിരിക്കുകയാണു്. തന്നിമിത്തം അവർക്കു കൈമടക്കി ഭക്ഷണസാധനങ്ങൾ വായിലേയ്ക്കു കൊണ്ടുപോയി ഭക്ഷിക്കുവാൻ സാധിക്കാതിരിക്കുന്നു. അതിനാൽ അവർ എല്ലാവരും വിശപ്പും ദാഹവും നിമിത്തം പൊരിഞ്ഞു്, കൃശഗാത്രരായി, അസ്ഥിപഞ്ജരങ്ങളായി. അതുകണ്ടപ്പോൾ താത്വികൻ പിശാചിനോടു് ചോദിച്ചു. ഇവർക്കു് തനിച്ചു ഭക്ഷണം കഴിക്കുവാൻ സാദ്ധ്യമല്ലെങ്കിലും ഒരാളിനു് മറ്റൊരാളുടെ വായിൽ ഭക്ഷണം വച്ചുകൊടുത്തു് ഭക്ഷിക്കുവാൻ സാധിക്കുമല്ലോ. പിന്നെ

എന്തുകൊണ്ട് അവർ അപ്രകാരം ഭക്ഷണം കഴിക്കാതിരിക്കുന്നു? ഉടനെ പിശാച് ഇപ്രകാരം പ്രതിവചിച്ചു. ഇവർക്ക് പരസ്പരം സ്നേഹിക്കുവാനും സഹായിക്കുവാനും സന്നദ്ധത ഉണ്ടായിരുന്നെങ്കിൽ അവർ ഈ നരകത്തിൽ വന്നുചേരുകയില്ലായിരുന്നു. (5).

A religious family where there is charity is an ante chamber of heaven, While a religious family where charity is lacking is an ante chamber of hell. (6) പരസ്പര സ്നേഹമുള്ള ഒരു സന്യാസഭവനം സ്വർഗ്ഗത്തിന്റെ മുന്നോടിയാണ്. നേരെമറിച്ച് സ്നേഹമില്ലാത്ത ഒരു സന്യാസഭവനം നരകത്തിന്റെ മുന്നോടിയും എന്ന് ഫാ. ലിഞ്ച് രേഖപ്പെടുത്തുന്നു. ആധുനിക വേദശാസ്ത്രജ്ഞന്മാരുടെ അഭിമതം നാം മരണാനന്തരമുള്ള ഒരു സ്വർഗ്ഗത്തെപ്പറ്റി പ്രസംഗിക്കുന്നതിലും കൂടുതലായി ഇപ്പോഴത്തെ ജീവിതം സ്വർഗ്ഗസമാനമാക്കിത്തീർക്കുന്നതിനാണ് പരിശ്രമിക്കേണ്ടതു് എന്നത്രെ. കാരണം നമ്മുടെ ഭൗമികജീവിതത്തിന്റെ ഒരു തുടർച്ച തന്നെയായിരിക്കും പാരത്രികജീവിതം. ഇവിടെ ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിച്ചുകൊണ്ടാണ് നാം ജീവിക്കുന്നതെങ്കിൽ നമ്മുടെ സ്വർഗ്ഗം ഇവിടെ ആരംഭിച്ചു കഴിഞ്ഞു. എന്നാൽ ഇന്ന് നാം ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കുന്നില്ലെങ്കിൽ നമ്മുടെ നരകവും ഇവിടെ ആരംഭിച്ചു കഴിഞ്ഞു.

സഹോദരങ്ങളോടൊരുമിച്ചു വസിക്കുന്നതു് എത്ര നല്ലതും മനോഹരവുമാകുന്നു എന്നാണല്ലൊ സങ്കീർത്തകനും

(5) George. E. moore. tnrn in the green light in your life. P. 25.

(6) Rev. Fr. Laynch. Wither then Goest. P. 112.

പ്രസ്താവിക്കുന്നതു്. സന്യാസം സാമൂഹ്യ ജീവിതം വ്യക്തി വികാസത്തിനും സഹായകമത്രെ. നമ്മുടെ സ്വാതന്ത്ര്യവും ആത്മാവബോധവും മനസ്സിലാക്കുന്നതിനു് മറ്റു വ്യക്തികളുടെ സാന്നിദ്ധ്യം ആവശ്യമാണു്. നമ്മുടെ ക്രിസ്തുവൽക്കരണപ്രക്രിയയിൽ സമൂഹത്തിലുള്ള ഓരോ വ്യക്തിയും സഹായിക്കും.

സാമൂഹ്യജീവിതം സൗഭാഗ്യ പൂർണ്ണമാക്കുന്നതിനു് സൗഹൃദ നിയമങ്ങളും എല്ലാം നാം പാലിക്കണം. ആയ്ച്ചരിതരും സംസ്കാരസമ്പന്നരുമായിരുന്നാൽ മാത്രമെ നമുക്കു് അതു സാധിക്കുകയുള്ളു. കട്ടിനാം ന്യൂമാൻ ഒരു മാന്യനെ നിർവചിക്കുന്നതിപ്രകാരമാണു്. ''മറ്റുള്ളവരെ വാക്കിലും പ്രവൃത്തിയിലും വേദനിപ്പിക്കാത്ത വ്യക്തി.'' സാമാന്യമായ മാനുഷിക സംസ്കാരവും ആയ്ച്ചരിതത്വവുമെങ്കിലും ഒരു സന്യാസിയിൽനിന്നും ലോകം പ്രതീക്ഷിക്കുന്നുണ്ടു്.

മറ്റുള്ളവരെ കാണുമ്പോഴും ഒരു മന്ദസ്മിതത്തോടുകൂടി അഭിവാദ്യം ചെയ്യുന്നതു് സമുചിതമായിരിക്കും. ചിരിക്കു് സ്വർഗ്ഗത്തിന്റെ രുചിയുണ്ടു്. അതു് ദൈവീക പ്രകാശനമാണു്. ചിരി ഒരു പ്രേഷിതവൃത്തിയാണു്. രണ്ടു മൂന്നു വർഷങ്ങൾക്കു മുമ്പു് ഒരു പത്രപ്രവർത്തകൻ കന്യാകുമാരിയിൽ ചെന്ന അവസരത്തിൽ അവിടെ ആത്മഹത്യയ്ക്കു് മുതിർന്ന ഒരു യുവാവിനെ കണ്ടു. ഈ പത്രപ്രവർത്തകൻ ഒരു പുഞ്ചിരിയോടുകൂടി അടുത്തു ചെന്നു് കുശലപ്രശ്നങ്ങൾ നടത്തിക്കഴിഞ്ഞപ്പോൾ അവൻ ആത്മഹത്യാപരിശ്രമം ഉപേക്ഷിച്ചു് അവന്റെ ആഗമനോദ്ദേശ്യം മുഴുവൻ ആത്മാർത്ഥതയോടുകൂടി വെളിപ്പെടുത്തി. ഒരു പുഞ്ചിരി വഴി നാം പല വസ്തുതകളും വ്യക്തമാക്കുന്നു. ''ഞാൻ

നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളുടെ സാന്നിദ്ധ്യം ഇഷ്ടപ്പെടുന്നു. നിങ്ങളും എന്നെ സൗഭാഗ്യവാനാക്കുന്നു. [7] എന്നീ സംഗതികളാണു്. ''A sad saint is a bad saint'' എന്നാണല്ലൊ പണ്ഡിതമതം.

അടുത്ത കാര്യം സഹോദരങ്ങളുടെ കുറവു പറയാതിരിക്കുക എന്നതാണു്. പലപ്പോഴും സന്യാസഭവനങ്ങളിൽ ചേരിതിരിവും അസമാധാനവും ഉളവാക്കുന്നതു് സംസാരത്തിലുള്ള ഉപവിയുടെ അഭാവമായിരിക്കും. സന്യാസ കുടുംബരഹസ്യം കൃത്യമായി പാലിക്കണം. പ്രത്യേകിച്ചും പുറമെ ഉള്ളവരോടു് സഭാംഗങ്ങളുടെ കുറവു പറയാതിരിക്കുക. അഭിമാനം എല്ലാവർക്കും ഉണ്ടു്. സന്യാസികളും അതു് കായ്മായി വിലമതിക്കുന്നു.

സന്യാസം സേവനത്തിനുള്ള ഒരു സമൂഹമാണു്. സഹോദരങ്ങളും സേവനം ആവശ്യപ്പെട്ടാൽ അതു് ചെയ്തുകൊടുക്കണം. സഹോദരങ്ങളും നമ്മെ ദൈവവുമായി ഐക്യപ്പെടുത്തുന്ന ക്ലേശകളാണു്. ''ഈ ചെറിയവരിൽ ഒരുത്തനു് നിങ്ങളും ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു് ചെയ്തതു്. ഈ ചെറിയവരിൽ ഒരുത്തനു് ചെയ്യാതിരുന്നപ്പോളും എനിക്കുതന്നെയാണു് ചെയ്യാതിരുന്നതു്. (വി. മത്താ. XXV)

സന്യാസസമൂഹം പ്രേഷിതപ്രവർത്തനത്തിനുള്ള ഒരു സമൂഹവും കൂടിയാണു്. കേവലം വ്യക്തിപരമായ പ്രേഷിത പ്രവർത്തനങ്ങളെക്കാളും കൂടുതൽ വ്യാപകവും ഫലദായകവുമാണു് ഒരു സന്യാസസമൂഹത്തിന്റെ പ്രവർത്തനം.

---

(7). Dale Carniegie. How to influence people and wins friends. P. 44.

സംഘടിതവും പരസ്പര ഐക്യവും സ്നേഹവും നിലനിറുത്തുന്ന സന്യാസസമൂഹത്തിനു് പ്രേഷിതരംഗത്തു് വളരെ വലിയ കായ്ങ്ങൾ നിവ്വഹിക്കുവാൻ സാധിക്കും. പ്രേഷിതതീക്ഷ്ണത ഉജ്ജീവിപ്പിക്കുന്നതിനും സന്യാസസാമൂഹ്യ ജീവിതം സഹായകമായിരിക്കുന്നതാണു്.

സഹോദരങ്ങളുടെ അഭിരുചി എന്താണെന്നു് മനസ്സിലാക്കി അതനുസരിച്ചു് അവരോടു് പെരുമാറുക. അവരുടെ കഴിവുകളെ അംഗീകരിക്കുകയും അതിൽ അവരെ അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിവയും സന്യാസഭവനത്തിൽ കൂട്ടംബാധ്യത പുലർത്തുന്നതിനു് പര്യാപ്തമാണു്. മാനുഷികമായ സമീപനത്തിനു് (Anthropological approach) നമുക്കു് കഴിവുണ്ടാകണം. വിശ്വാസത്തിനും അവിശ്വാസത്തിനും ഇടയ്ക്കുള്ള അതിരാണു് അതു്. അതായതു് അവിശ്വാസിയായ ഒരു മനുഷ്യനെ വിശ്വാസത്തിലേയ്ക്കാനയിക്കുന്നതിനുള്ള കഷ്ടപരിപാടിയാണതു്. നമ്മുടെ സഹോദരങ്ങളോടു് അവ്വിധം പെരുമാറുവാൻ സാധിക്കുന്നവർക്കു മാത്രമെ മറ്റുള്ളവരോടും ഏതാദൃശ്യമായ രീതിയിൽ പെരുമാറുവാൻ സാധിക്കുകയുള്ളു. സേവനം നല്ലിയോ മറ്റു വിധത്തിലുള്ള സഹായം നല്ലിയോ നമുക്കു് എല്ലാവരെയും സംതൃപ്തരാക്കുവാൻ സാധിച്ചെന്നു വരികയില്ല. എന്നാൽ സ്നേഹപൂർണ്ണമായ പെരുമാറ്റവും സംസാരവും എല്ലാവർക്കും സാധിക്കുന്നതാണു്. സാമൂഹ്യജീവിതത്തിലുള്ള പക്വതയുടെ ലക്ഷണമാണു് രമ്യത, സഹകരണം, സംഭാവന, ഒത്തുതീർപ്പു്, ഉത്തരവാദിത്വം മുതലായവ[8]. ഇവയെല്ലാം പരിപൂർണ്ണതയ്ക്കായി അർപ്പിതരായ സന്യാസികൾക്കു സാധിക്കുന്നില്ലെങ്കിൽ

8. Maturity in religious Life, John I. Evoy and Van. Fr. Christopher. P. 72.

പിന്നെ ആക്കാണ്ം സാധിക്കുക. രാഷ്ട്രീയമായി പരസ്പര വിരുദ്ധമായ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്നവർ സഹകരിച്ച് രാജ്യഭരണം നടത്തുന്നുണ്ട്. സന്യാസികൾക്ക് എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും സഭയുടെ നന്മയ്ക്കും അഭിവൃദ്ധിക്കും ആത്മരക്ഷയ്ക്കും ആവശ്യമായ കാര്യങ്ങളിൽ സഹകരിക്കാമല്ലോ?

അപ്പോൾ അതു് ഒരു ഭൗമ്യ പറുദീസാതന്നെ, സഹോദരങ്ങൾ ഒരുമിച്ചു വസിക്കുന്നതു് എത്ര നല്ലതും മനോഹരവുമാകുന്നു എന്ന സങ്കീർത്തകന്റെ വാക്കുകൾ അപ്പോൾ നമുക്കു അനുഭവവേദ്യമായിത്തീരും. അതു് അനുഭവപ്പെടുന്നില്ലെങ്കിൽ നമ്മുടെ സമൂഹത്തിൽ എന്തോ രോഗമുണ്ടു് എന്നനുമിക്കാം. വത്തിക്കാൻ സൂനഹദോസിനു ശേഷം ഉണ്ടായിട്ടുള്ള ആദ്ധ്യാത്മികതയുടെ അഭിമുഖ്യം ഒരു സാമൂഹ്യ വിശുദ്ധീയാണു്. (Communitarian Spirituality) അതെ അവസരത്തിൽ തന്നെ വ്യക്തികൾക്കു് പരമാവധി സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യണം. ദൈവം നമ്മെ വിശുദ്ധീകരിക്കുന്നതും രക്ഷിക്കുന്നതും ഒരു സമൂഹമെന്ന നിലയിലാണു്. ''മനുഷ്യരുടെ ഹൃദയങ്ങളിൽ കർത്താവിന്റെ മുഖം ദർശിക്കുവാനുള്ള അനുഗ്രഹം പരിശുദ്ധാത്മാവാണു് നമുക്കു തരിക. അവരെ സഹോദരീസഹോദരന്മാരായി കരുതി സ്നേഹിക്കുവാനും അവിടുന്നു് നമ്മെ പഠിപ്പിക്കുന്നു''[9].

---

9. നവീകരണം സന്യാസത്തിൽ. റവ. ഫാ. സീലാസ്സു് സി. എം. ഐ.

അദ്ധ്യായം ഒമ്പതു്

സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ

സന്യാസജീവിതം പുണ്യപരിപൂർണ്ണത പ്രാപിച്ചവരുടെ ജീവിതമല്ല. പ്രത്യുത പുണ്യപരിപൂർണ്ണതയ്ക്കായി നിസ്സ്രന്തം അനുസ്യൂതമായി പരിശ്രമിക്കേണ്ടവരുടെ ജീവിതമാണു്. ദൈവവും, തിരുസ്സഭയും, സന്യാസസഭാമാതാവും ലോകവും നമ്മിൽ നിന്നു് പ്രതീക്ഷിക്കുന്നതു് വിശുദ്ധിയാണു്. രണ്ടാം വത്തിക്കാൻ സൂനഹദോസും് തിരുസഭയിൽ എല്ലാവരും വിശുദ്ധിയിലേയ്ക്കു ക്ഷണിക്കപ്പെട്ടിരിക്കുന്നു എന്നാണു് പ്രഖ്യാപിച്ചിട്ടുള്ളതു്. മറെറന്തെല്ലാം നവീകരണം ഉണ്ടായാലും ആദ്ധ്യാത്മികമായ നവീകരണം ഉണ്ടായിട്ടില്ലെങ്കിൽ ആ സന്യാസിയെക്കൊണ്ടു് യാതൊരു പ്രയോജനവുമില്ല എന്നു് സന്യാസ നവീകരണ ഡിക്രിയിൽ സൂനഹദോസും് അസന്നിഗ്ധമായി പ്രഖ്യാപിച്ചിരിക്കുന്നു.'' കൗൺസിൽ വിശുദ്ധിക്കുള്ള ആഹ്വാനമാണു് നല്കിയിട്ടുള്ളതു് അതിനെ എപ്രകാരം ധാർമ്മികചുമതലകളിൽ നിന്നുള്ള ഒരു മോചനമായി നിങ്ങൾക്കു് വ്യാഖ്യാനിക്കുവാൻ സാധിക്കുമെന്നാണു് പ. പിതാവു് ആറാം പൗലോസു്പാപ്പ ഒരിക്കൽ ഒരു തീർത്ഥക സംഘത്തോടു് ചെയ്ത പ്രഭാഷണത്തിൽ ചോദിച്ചതു്.

രണ്ടാം വത്തിക്കാൻ സൂനഹദോസിനുള്ള പ്രചോദനം പ. പിതാവു് യോഹന്നാൻ ഇരുപത്തിമൂന്നാമനു് ലഭിച്ച സംഭവം നാം അന്യത്ര കാണുകയുണ്ടായി. അതും ഓരോ കത്തോലിക്കനും വിശുദ്ധി പ്രാപിക്കേണ്ടതിന്റെ ആവശ്യകത പ്രകടമാക്കുന്നു.

പുണ്യപൂർണ്ണതയെ സംബന്ധിച്ചു് പ്രമാദപൂർണ്ണമായ പല അഭിപ്രായങ്ങളും സാധാരണക്കാരുടെ ഇടയിലുണ്ടു്. പലരും അതു് അപ്രാപ്യമായി കരുതുന്നു. വിശുദ്ധന്മാർ ഒരു പ്രത്യേകതരം സൃഷ്ടികളാണു് എന്നുള്ള ധാരണയാണു് പലർക്കും ഉള്ളതു്. വിശുദ്ധന്മാരുടെ ജീവചരിത്രകർത്താക്കൾ അവരെ അമാനുഷികരായി ചിത്രീകരിക്കുകയും അപ്രകാരമുള്ള ചില സിദ്ധികൾ അവർക്കുള്ളതായി ആരോപിക്കുകയും ചെയ്യുന്നതിനിമിത്തമാണു് ഏതാദൃശമായ ഒരു ചിന്താഗതി ഉളവായതു്. എന്നാൽ സൂക്ഷ്മമായ പരിശോധനയിൽ നമുക്കു് ഗ്രഹിക്കുവാൻ സാധിക്കും വിശുദ്ധരും നമ്മെപ്പോലെ മാംസരക്തങ്ങളോടും മൃദലവികാരങ്ങളോടുംകൂടിയവരായിരുന്നു എന്നു്. ചിലരെല്ലാം അവരുടെ ജീവിതത്തിന്റെ പ്രാരംഭദശയിൽ മാലിന്യത്തിൽ മുഴുകിയിരുന്നതായും നാം കാണുന്നുണ്ടു്. സ്വതന്ത്രമായ ഒരു മാനസികവിപ്ലവത്തിലൂടെ അവർ അത്ഭുതാവഹമായ പരിവർത്തനം ഉളവാക്കിയാണു് സുകൃത സോപാനത്തിന്റെ ഉന്നത ശ്രംഖങ്ങളിൽ എത്തിയതു്.

സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ (വി.മത്താ. v) എന്നുള്ള മിശിഹായുടെ ആഹ്വാനം മാനവകുലത്തിലുള്ള എല്ലാവ്യക്തികളോടുമാണു്. എന്നാൽ ആധുനികലോകത്തിൽ ജീവിച്ചുകൊണ്ടു് ലൗകികമായ

വസ്തുതകൾക്ക് അടിമപ്പെടാതെ ലോകത്തെ പവിത്രീകരിക്കുക എന്നതാണ്. നമ്മുടെ ദൗത്യം (world orientated spirituality) ചിലരെല്ലാം പ്രാർത്ഥനാപരമായ ജീവിതം പരിത്യജിച്ചുകൊണ്ട് വിശ്വന്മയമായ (Secular Sanctity) ഒരു വിശ്വദർശനത്തെ പരാമർശിക്കുന്നുണ്ട്. അതു വളരെ സുഗമമാണെന്നാണ് അവർ അവകാശപ്പെടുന്നത്. എന്നാൽ അപ്രകാരം ചിന്തിക്കുന്നതു മിശിഹായുടെ ഗിരിപ്രഭാഷണത്തിന്റെ അർത്ഥം മനസ്സിലാക്കാതെയാണ്. നമ്മുടെ സ്വന്തം സൗഭാഗ്യത്തിനും, ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വിശ്വാസി അനുപേക്ഷണീയമത്രെ ഒരു നല്ല ലോകസൃഷ്ടിക്കുവേണ്ടി പരിശ്രമിക്കുന്നവർക്കും വിശ്വദർശി കൂടിയേ തീരൂ.

നമ്മുടെ അസ്തിത്വത്തിന്റെ അർത്ഥമെന്താണോ അതു മനസ്സിലാക്കി പ്രവർത്തിക്കുന്നതിലാണ് പൂർണ്ണത അടങ്ങിയിരിക്കുന്നതു. [1] പൂർണ്ണത പലവിധത്തിലുണ്ട്. ഒന്നാമത്തേതു അസ്തിത്വത്തിലുള്ള പൂർണ്ണതയാണ്. നമ്മെ പൂർണ്ണമനുഷ്യരാക്കിത്തീർക്കുന്നതിനാവശ്യമായിട്ടുള്ള സാദാത്മകമായ (Antological) വസ്തുതകളിലാണ് അസ്തിത്വ പൂർണ്ണത അടങ്ങിയിരിക്കുന്നതു. രണ്ടാമതായി പ്രവർത്തനത്തിലുള്ള പൂർണ്ണതയാണ്. നമ്മുടെ പ്രവർത്തനങ്ങളിൽ മനുഷ്യോചിതമായി സുബുദ്ധിക്കനുസൃതമായി പെരുമാറുവാനുള്ള കഴിവു ഉണ്ടാകണം. പ്രത്യേകമായി സുകൃതങ്ങളുടെ അനുഷ്ഠാനം. അവസാനമായി പരമാന്ത്യപ്രാപ്തിയിലുള്ള പൂർണ്ണതയാണ്. അതു പൂർണ്ണമായവിധം സാധിക്കുന്നതു മരണാനന്തരമത്രെ. എന്നാൽ പുരോഗമനാത്മകമായ വിധം ഈ ലോകത്തിൽ തന്നെ അനുപ്രാപിക്കണം. ഏതു വസ്തുവിന്റെയും വിശ്വദർശി

(1) Rev. Fr. Ladislans M. Ossay. Open to the spirit. P. 222

സുവ്വിശുദ്ധിയുടെയും നികേതനമായ ദൈവത്തോടുള്ള ബന്ധത്തിലാണു് അടങ്ങിയിരിക്കുന്നതു്. ദൈവത്തോടു് നമ്മെ ഐക്യപ്പെടുത്തുന്നതു് ദൈവസ്നേഹവും പരസ്നേഹവുമാണല്ലൊ.

മനുഷ്യനു് ദൈവത്തോടു് നേരിട്ടുള്ള ഐക്യവും (Vertical dimension) സഹോദരരോടുള്ള സ്നേഹം വഴിയുള്ള ഐക്യവും (Horizontal diamension) സാധിക്കും. (വി. മത്തായി. XXII 36-40 ലൂക്കാ. XI, മക്കോ. XII. I കോ. XIII). ക്രിസ്തീയപൂർണ്ണത ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹമാണു എന്നു് വി. തോമസു് അകിനാസു് പ്രസ്താവിക്കുന്നു.* വിശ്വാസം ശരണം എന്ന ദൈവികപുണ്യങ്ങളും സ്നേഹത്തിൽ വളരുന്നതിനു് സഹായിക്കും. സന്മാർഗ്ഗിക പുണ്യങ്ങളും സന്യാസവ്രതങ്ങളും സ്നേഹത്തിനുള്ള പ്രതിബന്ധങ്ങളെ ഒരീകരിക്കുന്നു.

ഒരു ക്രിസ്ത്യാനി ജ്ഞാനസ്നാന സ്വീകരണശേഷം സാരാംശപരമായി (Substancially a Saint) വിശുദ്ധനാണു്. വി. പൗലോസു് അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ ആദിമ ക്രിസ്ത്യാനികളെ വിശുദ്ധർ എന്നാണു് അഭിസംബോധന ചെയ്തിട്ടുള്ളതു്. എന്നാൽ ആ വിശുദ്ധി അന്നദിന ജീവിതത്തെ ആശ്രയിച്ചു് ഗ്രാനി സംഭവിക്കുകയോ ജാജ്വല്യമാനമായി തീരുകയോ ചെയ്യുന്നു. ഒരു സന്യാസാത്മാവു് വ്രതാനുഷ്ഠാനശേഷം വിശുദ്ധിക്കായി പരിശ്രമിക്കുന്നില്ല എന്നു മനപൂർവ്വം തീരുമാനിച്ചു് ജീവിച്ചാൽ അതു് ഗൗരവാവഹമായ കൃത്യവിലോപമാണെ

(*) Rev. Fr. Antonio Royo. The Theology of Christian Perfection. & Fr. Joseph Guebert The Theology of Christian Life. St. Thomas II. II ae Qi 184. a 2

ന്നാണു് വി. തോമസു് അകവിനാസിന്റെ അഭിമതം.[3] സന്യാസികളും വൈദികരും പുണ്യ പരിപൂർണ്ണത പ്രാപിക്കുവാൻ പരിശ്രമിക്കുന്നില്ലെങ്കിൽ അതു് ഗൗരവാവഹമായിട്ടുള്ള ഒരു പാപമാണെന്നു് വി. അല്പോൻസു്ലിഗോരിയും രേഖപ്പെടുത്തുന്നു. (De Religine. IV. I. Capt. 4, No 12.) കാരണം വ്രതം വഴി പുണ്യപരിപൂർണ്ണതയ്ക്കുള്ള കടമ ഏറ്റെടുക്കുന്നു.

തിരുസ്സഭയിൽ പ്രതിസന്ധിഘട്ടങ്ങളും വിശ്വാസികൾക്കുള്ള ഒരാഹ്വാനവും സാർവ്വത്രികമായ വിശ്വാസികളുള്ള ഒരു മുന്നറിയിപ്പുമാണു്. തിരുസഭാചരിത്രം നാം പരിശോധിച്ചാൽ നമുക്കു് കാണുവാൻ സാധിക്കും അവയും ഏറ്റവും വലിയ പ്രതിസന്ധിഘട്ടങ്ങളെ തരണം ചെയ്ത അവസരത്തിലൊക്കെ വിശുദ്ധന്മാർ മുമ്പോട്ടു വന്നാണു് തിരുസ്സഭയെ നയിച്ചിട്ടുള്ളതെന്നു്. തിരുസഭയുടെ ചരിത്രത്തിൽ ഒരു വലിയ പ്രതിസന്ധിഘട്ടമാണു് അവയും ഇന്നു് തരണം ചെയ്യുകൊണ്ടിരിക്കുന്നതു്. അതിനാൽ ഇന്നു് വിശുദ്ധരെ വളരെ അത്യാവശ്യമാണു്. 'The greatest saint of a Centuary is the person who acted against the sprit of that Centuary.' ഒരു നൂറ്റാണ്ടിലെ ഏറ്റവും വലിയ വിശുദ്ധൻ ആ നൂറ്റാണ്ടിന്റെ ചൈതന്യത്തിനെതിരായി പ്രവർത്തിച്ചിട്ടുള്ളവനാണു്. അതിനാൽ ഇന്നത്തെ ലൗകായതികത്വത്തെ നേരിടുന്നതിനു് അതിന്റെ അരൂപിയോടു് സമരം ചെയ്യുന്ന വ്യക്തികളും മുമ്പോട്ടുവന്നേ മതിയാവൂ.

ദൈവം അബ്രാഹത്തെ കാൽഡിയായിൽ ഊർ എന്ന സ്ഥലത്തുനിന്നും വിളിച്ചു് കാനാൻദേശത്തു് വസിപ്പി

(3) St. Thomas II. II Q. 166.

ച്ചിട്ട് അദ്ദേഹത്തോട് അരുളിച്ചെയ്യു. നീ എന്റെ മുമ്പിൽ വ്യാപരിച്ച് പരിപൂർണ്ണനായിത്തീരുക. അദ്ദേഹം വളരെ വിശ്വസ്ഥതാപൂർവ്വം ദൈവത്തെ സേവിച്ചു. തൽഫലമായി ദൈവം അദ്ദേഹത്തെ അനുഗ്രഹിച്ച് നിന്നിൽ സകല ജനപദങ്ങളും അനുഗ്രഹീതരാകും (സൃഷ്ടി : XII. 1–3) എന്നരുളിച്ചെയ്തു. ഇതുപോലെ നമ്മെയും ദൈവം വിളിച്ച് സന്യാസമാകുന്ന കാനാൻദേശത്തു് വസിപ്പിച്ചിട്ട് പുണ്യപരിപൂർണ്ണതയ്ക്കായിട്ടുള്ള ആഹ്വാനം നൽകിയിരിക്കുന്നു. ദൈവിക മഹത്വത്തിനു് അതാവശ്യമാണു്. ഒരു സന്യാസിയുടെ സൗഭാഗ്യത്തിനും അതനുപേക്ഷണീയമത്രേ. ജീവിതത്തെ മനോഹരവും സൗഭാഗ്യദായകവുമാക്കിത്തീർക്കുന്നതു് ലക്ഷ്യമാണു്. പുണ്യപരിപൂർണ്ണതയ്ക്കായി പരിശ്രമിക്കുന്നവരുടെ സ്വർഗ്ഗമാണു് സന്യാസം. എന്നാൽ മന്ദജീവിതക്കാരുടെ നരകവുമത്രെ. നാം വിശ്രുധിയുടെ കാര്യം വിസ്മരിച്ചിട്ട് ബാക്കി എന്തെല്ലാം ചെയ്താലും അതുകൊണ്ടു് പ്രയോജനമുണ്ടാവുകയില്ല.

ജീവിതത്തിൽ ദൗത്യബോധം

ഏതു ജീവിത രംഗത്തും ദൗത്യബോധം വിജയത്തിനു കൂടിയേതീരൂ. ഒരു ക്രിസ്റ്റഫർ പ്രവർത്തകൻ വാഷിംഗ്ടണിലെ വെല്ലസ്ലികോളേജിൽ ഒരു പ്രസംഗം നടത്തി. അവിടെ ഏകദേശം പതിനെട്ട് വയസ്സ് പ്രായമുള്ള ഒരു നാസ്തിക യുവതി ഉണ്ടായിരുന്നു. ക്രിസ്റ്റഫർ പ്രവർത്തകന്റെ പ്രസംഗത്തിൽ ''നിങ്ങളും ദൈവത്താൽ എണ്ണപ്പെട്ട ഒരു വ്യക്തിയാണു്'' എന്നൊരു വാക്യമുണ്ടായിരുന്നു. ഈ വാക്കുകളെപ്പറ്റി അവളും ചിന്തിക്കുവാൻ തുടങ്ങി. അതു് അവളുടെ ജീവിതത്തിൽ സമൂലമായ ഒരു പരിവർത്തനമുളവാക്കി. അവളും നാസ്തികവാദം പരിത്യജിച്ചു.

ജീവിതത്തിനു് പുതിയ അർത്ഥവും അഴകും സംതൃപ്തിയും കണ്ടെത്തി. ഇതുപോലെ നമ്മെ ഓരോരുത്തരെയും സന്യാസസഭയിലേക്കു് ക്ഷണിച്ചതിൽ അവിടുത്തേക്കു് പ്രത്യേകമായ ഒരു പരിപാടി ഉണ്ടായിരുന്നു. നമ്മുടെ ദൗത്യം നിറവ്വേറ്റുവാൻ നാം മാത്രമെയുള്ള. അതു് എന്താണെന്നു മനസ്സിലാക്കി അതനുസരിച്ചു് ജീവിക്കുന്നതിലാണു് നമ്മുടെ സന്യാസജീവിത വിജയം. നാം അതു് മനസ്സിലാക്കാതെ ജീവിച്ചാൽ ആ ജീവിതം ഒരു പരാജയമായിരിക്കും.

ഒരു മനുഷ്യന്റെ മഹത്വം അവൻ എത്രമാത്രം സമ്പാദിച്ചു എന്നതിലല്ല പ്രത്യുത എത്രമാത്രം മറ്റുള്ളവക്കു കൊടുത്തു എന്നതിലാണു്. എപ്രകാരം സംസാരിച്ചു എന്നതിലല്ല മറിച്ചു് എപ്രകാരം ജീവിച്ചു എന്നതിലാണു്. സാമൂഹ്യ ജീവിതത്തിൽ എന്തു സ്ഥാനം സമലങ്കരിച്ചു എന്നതിലല്ല പ്രത്യുത ദൈവം നമ്മോടു് അഭിനയിക്കുവാൻ ആവശ്യപ്പെട്ട ഭാഗം എത്ര തന്മയത്വത്തോടുകൂടി അഭിനയിച്ചു എന്നതിലാണു്. ഇവയാണു് ഒരു മനുഷ്യന്റെ മഹത്വം നിർണ്ണയിക്കുന്ന മാനദണ്ഡം. വി. ബർണാർദു് എല്ലാ ദിവസവും അദ്ദേഹത്തോടു തന്നെ ഒരു ചോദ്യം ചോദിച്ചിരുന്നു. ബർണാർദേ, നീ എന്തിനാണു് ഇവിടെ വന്നിരിക്കുന്നതു്. അതിനുശേഷം അദ്ദേഹം തന്നെ അദ്ദേഹത്തോടു് പറയും. ബർണാർദേ നീ ഒരു വിശുദ്ധനായിതീരുന്നതിനാണു് സന്യാസത്തിൽ വന്നിരിക്കുന്നതു്. പലരും തങ്ങളുടെ സന്യാസസഭാ പ്രവേശനവേളയിൽ ഇപ്രകാരമുള്ള ഉന്നതമായ ആദർശത്തോടുകൂടിവരും. എന്നാൽ പിന്നീടു് അക്കാര്യം വിസ്മരിക്കുന്നു. അപ്പോൾ സന്യാസജീവിതം അസംതൃപ്തമാകും.

പ്രാർത്ഥനയ്ക്കും നമ്മുടെ വിശുദ്ധീകരണത്തിൽ മുഖ്യ ധാനമായ ഒരു പങ്കു വഹിക്കുവാനുണ്ട്. ഉന്നതമായ വിശുദ്ധി പ്രാപിക്കണമെങ്കിൽ പ്രാർത്ഥനാജീവിതത്തിലും പുരോഗമിക്കണം. അതില്ലെങ്കിൽ സാമാന്യമായ ഒരു വിശുദ്ധി മാത്രമെ പ്രാപിക്കുകയുള്ളു. (Cfr. St. Theresa. Perfection, Interior Castle. St. John of the Cross. The Ascent to mount Carmel. Fr, Antonio Royo Theology of Chirstian Perfection. Rev. Fr. Joseph Guibert. The Theology of Spiritual Life.) പ്രത്യേകിച്ചും ധ്യാനത്തിന്റെ ഉന്നതപദവിയിൽ എത്തിയാൽ മാത്രമേ ദൈവിക ഐക്യവും സാത്മ്യവും പൂർണ്ണമാവുകയുള്ളു. ആദ്ധ്യാത്മിക ജീവിതത്തിന്റെ പ്രാരംഭദശ കഴിയുമ്പോഴും പ്രാർത്ഥനയിൽ ശുഷ്ക്കത അനുഭവപ്പെടും. തദവസരത്തിൽ ബലഹീനരായ ആത്മാക്കളും പലരും പ്രാർത്ഥനാ ജീവിതം പരിത്യജിക്കും, വിശുദ്ധന്മാർക്കു പോലും വളരെക്കാലത്തേക്ക് ആദ്ധ്യാത്മിക ശുഷ്ക്കത അനുഭവപ്പെട്ടിരുന്നു. വി. അമ്മത്രേസ്യായ്ക്ക് പതിനാറ് കൊല്ലവും, വി. യോഹന്നാൻ ക്രൂസിനു് പതിനെട്ടുകൊല്ലവും വി. മറിയം മഗ്ദല ദെ പാസിക്ക് ഇരുപത്തിരണ്ട് കൊല്ലക്കാലവും ആദ്ധ്യാത്മിക ശുഷ്ക്കത അനുഭവപ്പെട്ടിരുന്നു. അതു് ദൈവം മുൻകൈ എടുത്തു നടത്തുന്ന ഒരു ശുദ്ധീകരണ പ്രക്രിയയാണു്. (Passive purification) ആ അവസരത്തിലും നാം പ്രാർത്ഥനയിൽ സ്ഥിരതയോടും വിശ്വസ്തതയോടുംകൂടി നിലനിന്നാൽ വളരെ വലിയ വിശുദ്ധിയിലേക്കു് അതു് നമ്മെ നയിക്കും. ഇനും ജോലിയ്ക്കുവേണ്ടി അഥവാ ലോകോദ്ധാരണത്തിനുവേണ്ടി (Involument) പ്രാർത്ഥനാ ജീവിതം പരിത്യജിക്കുന്നതു് അപകടപൂർണ്ണമാണു്.

ക്രൂദാശാപരമായ ജീവിതവും വിശുദ്ധിയിൽ പുരോഗമിക്കുന്നതിനു് അനിവാര്യമാണു്. പ്രത്യേകമായി ദിവ്യബലിയും ദിവ്യകാരുണ്യസ്വീകരണവും. ഭക്തിപൂർവ്വകമായ ഒരൊറ്റ ദിവ്യകാരുണ്യസ്വീകരണം മതി ഒരുവനെ വിശുദ്ധനാക്കുവാൻ. ''നാം ക്രിസ്തുവിനോടു് എത്രമാത്രം അനുരൂപരാകുന്നുവോ അത്രമാത്രമാണു് നമ്മുടെ പരിപൂർണ്ണത'' എന്നു് വി. തോമസ്സു് അക്വിനാസ്സു് അഭിപ്രായപ്പെടുന്നു. പ. കുർബ്ബാന നമ്മെ ക്രിസ്തുവിലേയ്ക്കും ക്രിസ്തുവിനെ നമ്മിലേയ്ക്കും രൂപാന്തരപ്പെടുത്തുന്ന ഒരു ക്രൂദാശയാണു്. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു് നിങ്ങളിൽതന്നെ ജീവനില്ല. (വി. യോഹ. VI) പാപസങ്കീർത്തനത്തിനും നമ്മുടെ ക്രിസ്തുവൽക്കരണത്തിൽ ഒരു സ്ഥാനമുണ്ടു്. അതു് ക്രിസ്തുവുമായിട്ടുള്ള മനസ്താപപൂർണ്ണമായ അഭിമുഖീകരണമാണു്.

പ. കന്യകമറിയത്തിന്റെ നേരെയുള്ള സവിശേഷമായ ഭക്തിയും വിശുദ്ധിക്കനിവാര്യമാണു്. നമ്മുടെ ആദ്ധ്യാത്മികജീവിത പരാജയത്തിനുള്ള കാരണം പ. കന്യകയുടെ നേരെയുള്ള പരിപക്വമായ ഭക്തിയുടെ അഭാവമാണു് എന്നു് ഫാ. ഫേബർ പറയുന്നുണ്ടു്. സകല വരപ്രസാദങ്ങളും ദിവ്യജനനി വഴിയാണല്ലോ നമുക്കു് ലഭിക്കുന്നതു്. പ്രത്യേകിച്ചും ശ്രദ്ധത എന്ന പുണ്യം അഭംഗുരം സംരക്ഷിക്കുന്നതിനു് ദിവ്യജനനിയുടെ നേരെയുള്ള ഭക്തി അപരിത്യാജ്യമത്രെ. ദൈവമാതാവിന്റെ നേരെ അനിതരസാധാരണമായ ഭക്തി ഇല്ലാതിരുന്ന ഒരു വിശുദ്ധനെയും കാണുകയില്ല. അവൻ എല്ലാ സന്ന്യാസവിശുദ്ധിയുടെയും മാതൃകയാണു്.

ദൈവതിരുമനസ്സിനോടുള്ള പരിപൂർണ്ണമായ യോജ്യത വിശ്വാസിയുടെ മാനദണ്ഡമാണു്. ദൈവതിരുമനസ്സു് എപ്പോഴും നിവർത്തിക്കുന്ന വ്യക്തി വിശ്വാസിനാണു്. ''കർത്താവേ, കർത്താവേ എന്നു് വിളിക്കുന്നവനല്ല പ്രത്യുത സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം നിവർത്തിക്കുന്നവനാരോ അവനാണു് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക. (വി. മത്തായി. VII. 21) ദൈവതിരുമനസ്സിനോടുള്ള വിധേയത്വം പുണ്യപരിപൂർണ്ണതയുടെ സാരസംഗ്രഹമാണെന്നത്രെ വി. അമ്മത്രേസ്യായും വി. ഫ്രാൻസീസും സാലസും അഭിപ്രായപ്പെട്ടിട്ടുള്ളതു്. ദൈവതിരുമനസ്സു് ദൈവപ്രമാണങ്ങളും തിരുസഭയുടെ കല്പനകളും, ജീവിതാന്തസിന്റെ കടമകളും മേലധികാരികളുടെ നിർദ്ദേശങ്ങളും എന്നിവവഴി അനുസ്യൂതം നമ്മെ അറിയിച്ചുകൊണ്ടിരിക്കുന്നു.

പ. കന്യകമറിയവും, മിശിഹായും ദൈവതിരുമനസ്സു് നിറവേറുന്നതിനു് നമുക്കു് വലിയ മാതൃകകളത്രെ. പ. കന്യക മനുഷ്യാവതാരത്തിനു് സമ്മതം നൽകുന്ന അവസരത്തിലും മിശിഹാ ഗദ്സമനിയിലും അതിനു നമുക്കു് പ്രചോദനമരുളുന്നു.

ദൈവതിരുമനസ്സു് നിവർത്തിക്കുമ്പോൾ പ. കന്യകയെപ്പോലെ നാമും ദൈവവചനത്തെ സ്വീകരിക്കുന്നു. അതു് മിശിഹായുമായി ഒരു നവ്യ ബന്ധം നമ്മിൽ ഉളവാക്കുന്നു. ഒരു ദിവസം ഈശോ ജനക്കൂട്ടങ്ങളോടു് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ അമ്മയും സഹോദരന്മാരും പുറത്തു വന്നുനിന്നുകൊണ്ടു് അവരോടു് സംസാരിക്കുവാൻ ആവശ്യപ്പെടുന്നു. ഒരുത്തൻ അവനോടു് ഇതാ നിന്റെ അമ്മയും സഹോദരന്മാരും പുറത്തു നില്ക്കുന്നു. നി

ന്നോട്ട് സംസാരിക്കുവാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. അവൻ തന്നോട്ട് പറഞ്ഞവനോട്ട് മറുപടിയായി 'എന്റെ അമ്മ ആരാകുന്നു. എന്റെ സഹോദരന്മാരും ആരാകുന്നു എന്നു ചോദിച്ചു.

പിന്നെ തന്റെ ശിഷ്യരുടെ നേരെ കൈ നീട്ടി അരുളിച്ചെയ്തു. ''ഇതാ എന്റെ അമ്മ ഇതാ എന്റെ സഹോദരന്മാർ. സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ ഇഷ്ടം സാധിക്കുന്നവൻ ആരോ അവനാകുന്നു എന്റെ സഹോദരനും, എന്റെ സഹോദരിയും എന്റെ അമ്മയും (വി. മത്തായി XXII 46–50) ഇപ്രകാരം ദൈവതിരുമനസ്സിനോടുള്ള വിധേയത്വം നമ്മെ മിശിഹായുടെ അമ്മയും, സഹോദരനും, സഹോദരിയുമായി മാറുന്നു. ഏതു പ്രതിസന്ധിഘട്ടത്തിലും അക്ഷോഭ്യരായി, അചഞ്ചലരായി മുന്നേറുവാനും പരിപൂർണ്ണമായ സമാധാനത്തോടുകൂടി ജീവിക്കുവാനും അതു നമ്മെ സഹായിക്കുന്നു. ഹൃദയ സമാധാനം വിശുദ്ധീകരിക്കുള്ള ഒരു വ്യവസ്ഥയാണു.

നമ്മുടെ ജോലികളും പവിത്രീകരണമാർഗ്ഗമാണു. ജോലി നമ്മെ പവിത്രീകരിക്കുന്ന ഒരു കൂദാശയാണെന്നാണു വി. ഗ്രിഗരി പ്രസ്താവിച്ചിട്ടുള്ളതു. (Everything in this World is a Sacrament of encounter with God 5) ഈ ലോകത്തിലുള്ളതെല്ലാം നമ്മെ ദൈവവുമായി ഐക്യപ്പെടുത്തുന്ന കൂദാശയാണു എന്നു ഫാ. ഷില്ലബക്കു അഭിപ്രായപ്പെടുന്നു. നാം ചെയ്യുന്ന സകല പ്രവൃത്തികൾക്കും വിശുദ്ധിയുടേതായ മൂല്യമുണ്ടു. നമ്മുടെ വിശുദ്ധി നൈമിഷിക കൂദാശയിലാണു. ഭൂതം കടന്നു

(5). Rev. Fr. Edward Selville beeck & o. p. Christ the Sacrament of Encounter with God. P. 130

പോയി, ഭാവിയെപ്പറ്റി നമുക്ക് തീർച്ചയില്ല. ഭൂതഭാവികളെ രക്ഷിക്കുവാനുള്ള മാർഗ്ഗം വർത്തമാനകാലം ശരിയായി വിനിയോഗിക്കുകയാണു്. ചെയ്യേണ്ടതു ചെയ്യുക: ഏറ്റവും ഭംഗിയായും പൂർണ്ണമായും ചെയ്യുക. പ. കന്യകയും വി. യൗസേപ്പും അസാധാരണമായി യാതൊന്നും ചെയ്തതായി നമുക്കറിവില്ല. എന്നാൽ അവർ സാധാരണമായവയിൽ അസാധാരണമായ വ്യക്തിമുദ്ര പതിപ്പിച്ചു. അവർ ചെയ്തതെല്ലാം ഈശോയോടുകൂടിയും ഈശോയിക്കു വേണ്ടിയും ചെയ്തു. അതുവഴി ഏറ്റവും ഉന്നതമായ വിശുദ്ധി പ്രാപിച്ചു. അനുദിന ജീവിത സംഭവങ്ങളിലൂടെയും പ്രകൃതിയിലെ പ്രതിഭാസങ്ങളിലും ദൈവം നമ്മോടു് ഇന്നും സംസാരിക്കുന്നു.

സ്വർഗ്ഗസ്ഥനായ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ എന്നാണു് മിശിഹാ നമ്മെ ആഹ്വാനം ചെയ്യുന്നതു്. അവിരാമമായ പരിശ്രമം, ഉന്നതമായ ആദർശം, മഹാമനസ്കത എന്നിവയെല്ലാം അതു് പ്രദ്യോതിപ്പിക്കുന്നു.

നാം എവിടെയാണോ അവിടെ തന്നെ നമ്മുടെ പരിപൂർണ്ണത സാധിക്കണം. ദൈവത്തെ കണ്ടെത്തണം. വേറൊരു സ്ഥലത്തു് ചെന്നിട്ടു് അഥവാ പുതിയ ഒരു ജോലിയിൽ പ്രവേശിച്ചിട്ടു് വിശുദ്ധിയിൽ പുരോഗമിക്കാമെന്നു് കരുതുന്നതു് കേവലം വ്യാമോഹമാണു്. തന്നിമിത്തം അനുദിനജീവിതം സുപ്രധാനമത്രെ. മറ്റെന്തെല്ലാം നവീകരണമുണ്ടായാലും ആദ്ധ്യാത്മികമായ നവോത്ഥാനം പ്രാപിക്കാത്ത സന്യാസിയെക്കൊണ്ടു് യാതൊരു പ്രയോജനവുമില്ല എന്നാണു് വത്തിക്കാൻ സൂനഹദോസു് സന്യാസ നവീകരണഡിക്രിയിൽ പ്രഖ്യാപിച്ചിട്ടുള്ളതു്. ദൈവവും തിരുസഭയും ലോകവും ഇന്നു

സന്യാസികളിൽ നിന്നും പ്രതീക്ഷിക്കുന്നതു് വിശ്വദ്ധി യാണു്. നാം എത്ര കൂടുതൽ വിശ്വദ്ധിയിൽ പുരോഗ മിക്കുന്നുവോ അതിന്റെ തോതനുസരിച്ചാണു് നമ്മുടെ പ്രവർത്തനങ്ങൾ ഫലദായകമാവുക. ഇന്നത്തെ പ്രതിസ ന്ധിയിൽ നമുക്കു് ചെയ്യാവുന്ന ഏറ്റവും വലിയ സേവ നം വിശ്വദ്ധിക്കായിട്ടുള്ള പരിശ്രമമാണു്. ആധുനിക മായ ആദ്ധ്യാത്മികത ചുമതലകളുടെ മുമ്പിൽ യുക്ത്യനു സരണമായ പ്രവർത്തനവും ഉത്തരവാദിത്വപൂർണ്ണമായ സ്വാതന്ത്ര്യവുമായിരിക്കണം എന്നതത്രെ ഫാ. കാംറാണറി ന്റെ അഭിമതം. വീണ്ടും പ്രത്യുത്തരവും ഉത്തരവാദിത്വ വുമാണു് ആധുനികമായ ആദ്ധ്യാത്മികതയിലെ കേന്ദ്ര ബിന്ദു എന്നു ഫാ. ബർണാർദ്ദ്ഹെയറിംഗ്ടൺ അഭിപ്രായ പ്പെടുന്നു. പണ്ടു് ലോകത്തിൽനിന്നും ഓടി ഒളിക്കുന്ന ഒരു വിശ്വദ്ധിയായാണു് ആദശ്മായി കരുതിയിരുന്നതെ ങ്കിൽ ഇന്നു് ലോകത്തിൽ ജീവിച്ചു് ലോകത്തെ രൂപാ ന്തരീകരിക്കുക (Involvement and encounter) എന്നതാ ണു് ഇന്നത്തെ ആദശ്ം. വിശ്വദ്ധി പുരുഷാത്മകനായ (Personal God) ദൈവത്തോടുള്ള വൈയ്യക്തിക ബന്ധ മത്രെ. ക്രിസ്തുവിനോടുള്ള അഭിമുഖീകരണത്തിൽ ദൈവ തിരുമനസ്സിനോടുള്ള പരിപൂർണ്ണവിധേയത്വമാണു് ക്രിസ്തീ യ പൂർണ്ണത. (The Contemporary Christian by Rev. Fr. Thomas Corleishely. S. J.)

അദ്ധ്യായം പത്തു്

സന്യാസ സാഹോദര്യം

ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നതാണു് എന്റെ കല്പന (വി. യോഹ. xv. 21). ക്രിസ്തുശിഷ്യരുടെ ലക്ഷണം പരസ്നേഹമാണു്, എന്നത്രേ മിശിഹാ അരുളിചെയ്തതു്. സന്യാസികളെയും തിരിച്ചറിയേണ്ടതു് പരസ്നേഹചൈതന്യത്താലായിരിക്കണം. വത്തിക്കാൻ സൂനഹദോസിന്റെ ലക്ഷ്യം അരുപിയുടേതും സ്നേഹത്തിന്റേതുമായ ഒരു വിപ്ലവം ആഗോളവ്യാപകമായി അലയടിച്ചുയരുകയായിരുന്നു. എന്നാൽ പല സന്യാസ ഭവനങ്ങളിലും ഇതു രണ്ടും കുറഞ്ഞുവരുന്നതായിട്ടാണറിയുന്നതു്. ബാംഗ്ലൂരിൽവച്ചു് 1970 സെപ്റ്റമ്പറിൽ നടന്ന അഖിലേന്ത്യാ ധ്യാനഗുരുക്കന്മാരുടെ സെമിനാറിൽ സംബന്ധിച്ച ഒരു ബ. വൈദികൻ ഈ ഗ്രന്ഥകാരനോടു് പറയുകയുണ്ടായി കേരളത്തിലെ പല സന്യാസഭവനങ്ങളും ഒരു പൊട്ടിത്തെറിക്കലിന്റെ വക്കിലാണെന്നു്. കാരണം വ്രതാനുഷ്ഠാനത്തിലുള്ള പോരായ്മയല്ല സ്നേഹത്തിന്റെ അഭാവമത്രെ.

സ്നേഹം കുറയുന്നതിനു് പല കാരണങ്ങളുണ്ടു്. തലമുറകൾ തമ്മിലുള്ള വിടവു് ഒരു കാരണമാണു്. യഥാസ്ഥിതികരും പുരോഗമനവാദികളും, അദ്ധ്യാപനവൃത്തിയിലേ

പ്പെട്ടിരിക്കുന്നവരും അല്ലാത്തവരും. മേലധികാരികളോട് വിധേയത്വമുള്ളവരും വിപ്ലവകാരികളും അധികാരികളും അധീനരും എന്നിങ്ങനെ പല ചേരിതിരിവുകളും ചില സന്യാസഭവനങ്ങളിലുമുണ്ട്. ക്രിസ്തുമതം സ്നേഹത്തിന്റെ ജീവിതം നയിക്കുവാൻ ദൈവസ്നേഹത്തിന്റെ വെളിപാടാണ്. ക്രിസ്തുമതത്തിന്റെ പൂർണ്ണതയാണ് സന്യാസം. അതിനാൽ സന്യാസത്തിൽ ആ സ്നേഹം പൂർണ്ണമാകണം.

മിശിഹാനാഥൻ ദൈവസ്നേഹത്തിനു തുല്യമായ ഒരു സ്ഥാനമാണ് പരസ്നേഹത്തിനു നൽകിയിട്ടുള്ളതു. (വി. മത്താ. XXII 35–39, മർക്കോ XII 28–33, ലൂക്കാ XI 25–27) എന്നാൽ ഇന്നു പലരും കരുതുന്നതു അവർക്കു സഹോദരങ്ങളെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കാമെന്നാണ്. വേറെ ചിലർ പറയുന്നു ദൈവത്തെ സ്നേഹിക്കേണ്ടാ സഹോദരങ്ങളെ സ്നേഹിച്ചാൽ മതിയെന്നു. ഇതു രണ്ടും പ്രമാദപൂർണ്ണമായ നിലപാടാണ്. സ്നേഹത്തെക്കുറിച്ചു യവനതാത്വികരും ചൈനീസും ചിന്തകനായ കൺഫ്യൂഷ്യസും, ജൈനനും, ബുദ്ധനും മറ്റു പലരും പ്രസംഗിച്ചിട്ടുണ്ടു. എന്നാൽ യഥാർത്ഥസ്നേഹം എന്താണു, അതിന്റെ അടിസ്ഥാനമെന്തു എന്നു പഠിപ്പിക്കുകയും സ്വജീവിതത്തിൽ പകർത്തുകയും ചെയ്തതു മിശിഹാമാത്രമാണ്. ദൈവപിതൃത്വത്തിലധിഷ്ഠിതമായ വിശ്വസാഹോദര്യം. ദൈവത്തെ പരമനന്മയായി കരുതി അവിടത്തെ സർവ്വോപരിസ്നേഹിക്കുകയും ദൈവത്തെപ്രതി സഹോദരങ്ങളെ സ്നേഹിക്കുകയും ചെയ്യുകയാണ് യഥാർത്ഥമായ ക്രിസ്തീയ ഉപവി.

വി. യോഹന്നാൻ ശ്ലീഹായുടെ വാക്കുകളും ശ്രദ്ധേയമാണ്. കാണപ്പെടുന്ന തന്റെ സഹോദരനെ സ്നേഹിക്കാ

ത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്നു് പറയുന്നെങ്കിൽ അവൻ വ്യാജം പറയുന്നു. (വി. യോഹന്നാൻ V–ാം ലേ: IV,20) സന്യാസ സാഹോദര്യം നമ്മുടെ ദൈവസ്നേഹത്തിന്റെ ലക്ഷണവും അതിന്റെ പ്രവർത്തനരംഗവുമാണു്. [1] എന്നാണു് ഫാ. ഡോംഹ്യൂബർട്ടു് അഭിപ്രായപ്പെടുന്നതു്.

ഒരിക്കൽ ഒരു സങ്കല്പകഥ വായിച്ചിട്ടുണ്ടു്. നർച്ചീസിയൂസു് എന്നൊരു മനുഷ്യൻ ജീവിച്ചിരുന്നു. അയാളം സ്വയംപര്യാപ്തനാണെന്നു കരുതി മറ്റുള്ളവരുടെ സ്നേഹാഭ്യർത്ഥനകളെല്ലാം നിരാകരിച്ചു. എന്നാൽ ഒരു ദിവസം അയാളം വെള്ളം കുടിക്കുന്നതിനായി കുനിഞ്ഞ അവസരത്തിൽ വെള്ളത്തിൽ അയാളുടെ നിഴലു കണ്ടപ്പോളം അയാളുംക്കു് നിഴലിനോടു് സ്നേഹം തോന്നി. നിഴലിനു് പ്രതിസ്നേഹം പ്രകടിപ്പിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ നർച്ചീസിയൂസു് നിരാശനായി സ്വന്തം വാളാൽ സ്വയം വെട്ടി നശിച്ചു. ഇതുതന്നെയായിരിക്കും സന്യാസത്തിലും. പരസ്നേഹചൈതന്യമില്ലാത്ത സന്യാസികളുടെ അനുഭവം. അവർ സ്വാർത്ഥതയുടെ ലോകത്തിൽ ആത്മഹത്യാപരമായ ജീവിതം നയിക്കും, സന്യാസം ദൈവസേവനത്തിനും പരസേവനത്തിനുമായിട്ടുള്ള ഒരു പരിപൂർണ്ണ അപ്പണമാണു്. നാം പരസ്പരം സ്നേഹിക്കുമ്പോളം ദൈവത്തെ കണ്ടെത്തുന്നു. സ്നേഹമില്ലെങ്കിൽ ദൈവവും ഉണ്ടായിരിക്കുകയില്ല. ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ ജീവിക്കുന്നവൻ ദൈവത്തിൽ ജീവിക്കുന്നു. ദൈവം അവനിലും വസിക്കുന്നു. (വി. യോഹ: I–ാം ലേ: IV)

---

1. Rev. Fr. Dom Hubert. The yoke of Divine Love. P. 152.

സന്യാസസാഹോദര്യമാണ് സന്യാസത്തെ ഒരുഐക്യ പുരുഷീസായാക്കിത്തീർക്കുന്നത്. നാം വിചാരത്തിൽ പോലും സ്നേഹമുള്ളവരായിരിക്കണം. സ്നേഹിക്കുക മറ്റുള്ളവരുടെ നന്മ അഭിലഷിക്കുകയാണ് എന്നതത്രെ വി. തോമസ് അകവീനാസിന്റെ അഭിമതം. വി. പൗലോസ് ശ്രീഹാ പ്രസ്താവിച്ചിട്ടുള്ളതുപോലെ കരയുന്നവരോടുകൂടി സഹതപിക്കുവാനും നമുക്ക് കഴിയണം. സഹോദരങ്ങളുടെ നന്മ നമ്മുടെ തന്നെ നന്മയായും അവരുടെ തിന്മ നമ്മുടെതന്നെ തിന്മയായും കാണുവാൻ പരിശ്രമിക്കേണ്ടതാണ്.

നമ്മുടെ സംസാരം സ്നേഹജന്യമായിരിക്കണം. കുറ്റം പറയുക, വിമർശിക്കുക മുതലായവ പരിവർജ്ജിച്ചേ മതിയാവൂ. അതു പരസ്പരസ്നേഹത്തെ നിഹനിച്ചു കൂട്ടം ബാധ്യപരി നശിപ്പിക്കുന്നു. വചനത്തിൽ പിഴക്കാത്തവൻ പരിപൂർണ്ണനാകുന്നു. എന്നാണ് വി. യാക്കോബു ശ്ലീഹാ ഉൽബോധിപ്പിക്കുന്നത്. (വി. യാക്കോബു് III 1–10) സന്യാസപരിപൂർണ്ണതയും സംസാരനിയന്ത്രണവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ആലോചിച്ചുശേഷമേ സംസാരിക്കുള്ള എന്നു നിബ്ബന്ധം വയ്ക്കുക. ''മിതംച സാരംച വചോഹിവാഗ്മിത'' എന്ന തത്വമനസ്മരിക്കണം. എകശബ്ദസമ്യക്ജാതാ സുപ്രയുക്ത സ്വർഗ്ഗേ ലോകേ കാമധുക് ഭവതി എന്ന ആപ്തവാക്യവുമുണ്ട്. പല സന്യാസികളും രാപകൽ കണ്ണുനീർ ചിന്തിക്കൊണ്ട് തങ്ങളുടെ ജീവിതം നയിക്കുന്നുണ്ട്. അടിസ്ഥാനപരമായ ദുരുപദേശങ്ങളാണ് നിമിത്തം.

സ്നേഹപൂർണ്ണമായ സേവനത്തിനുള്ള അവസരങ്ങൾ പാഴാക്കരുത്. ''ഈ ചെറിയവരിൽ ഒരുത്തനു ചെയ്തപ്പോഴെല്ലാം എനിക്കു തന്നെ ചെയ്തു..... ...ഈ ചെറിയവരിൽ

ഒരുത്തനു് ചെയ്യാതിരുന്നപ്പോഴെല്ലാം എനിക്കു തന്നെ ചെയ്യാതിരുന്ന (വി. മത്തായി. XXV) എന്നുള്ള ദിവ്യനാഥന്റെ വാക്കുകളും നാം അനുസ്മരിക്കണം. സഹോദരങ്ങളിൽ മിശിഹായെ സ്നേഹിക്കുവാനും സേവിക്കുവാനുമുള്ള അവസരങ്ങളാണു് നമുക്കു് ലഭിക്കുന്നതു്. മിശിഹാ നമ്മെ സ്നേഹിച്ചതു പോലെ നാം പരസ്പരം സ്നേഹിക്കണം. നമ്മുടെ സ്നേഹം മഹാമനസ്കവും, സാർവ്വത്രീകവും നിസ്വാർത്ഥവും ത്യാഗസുരഭിലവുമായിരിക്കണം. വി. വിൻസൻറ്, പീറർക്ലേവർ, വാഴ്ത്തപ്പെട്ട ഫ്രെഡറിക്കു് ഒസാനം, ഫാ. ഡാമിയൻ മുതലായവരുടെ ജീവിതമാതൃക നമുക്കു് ഉത്തേജനം നല്കുന്നു. ഉജ്ജ്വലിക്കുന്ന സ്നേഹമോ, ഉജ്ജ്വലിക്കുന്ന വിദ്വേഷമൊ ഉള്ളവർക്കു മാത്രമെ ലോകത്തിൽ പരിവർത്തനമുളവാക്കുവാൻ സാധിക്കുകയുള്ളു.[2] സ്നേഹമുള്ളവരാണെങ്കിൽ നന്മസ്സായും വിദ്വേഷമുള്ളവരാണെങ്കിൽ തിന്മസ്സായിട്ടുമായിരിക്കും പരിവർത്തനം ഉളവാക്കുക. ആധുനിക ലോകത്തിൽ കമ്മ്യൂണിസ്റ്റുകാരുടെ മുതലാളികളോടും നിലവിലിരിക്കുന്ന വ്യവസ്ഥിതികളോടും വിദ്വേഷമുണ്ടു്. തന്നിമിത്തം അവർ ലോകത്തിന്റെ മുഖച്ഛായ തന്നെ മാറ്റി എഴുതി. എന്നാൽ കത്തോലിക്കർക്കു് വേണ്ടത്ര സ്നേഹമില്ല. അതിനാൽ അവർ കർമ്മവിമുഖരായി നില കൊള്ളുന്നു.

വി. പൗലോസു് കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ പ്രസ്താവിക്കുന്നതുപോലെ സ്നേഹം അസൂയപ്പെടുന്നില്ല, കലഹിക്കുന്നില്ല, ലജ്ജാവഹമായതു് പ്രവർത്തിക്കുന്നില്ല. അതെല്ലാം സഹിക്കുന്നു. എല്ലാം ക്ഷമിക്കുന്നു. (I. കോ. XIII)

2. Fr. James Kelley. You Can Change this world. P. 36.

ക്രിസ്തീയജീവിതം രണ്ടു് സഖിത്വമാണു്. ദൈവത്തോടും (Fellowship with God) മനുഷ്യരോടുമുള്ള സഖിത്വം (Fellowship with man). ഇതിൽ ഒന്നുണ്ടെങ്കിലേ മറ്റതും ഉണ്ടാവുകയുള്ളു. എല്ലാപ്രമാണങ്ങളും അതിൽ സംഗ്രഹിക്കുവാൻ സാധിക്കും. സ്നേഹത്തിനു് പല രൂപങ്ങളുണ്ടു്. കേവലം വൈകാരികവും സ്വാർത്ഥപരവുമായിട്ടുള്ള സ്നേഹമൊ, മനുഷ്യ പ്രേമാത്മക വാദമോ (Philanthrophism) അല്ല ഒരു സന്യാസിയുടെ സ്നേഹം അതിലുപരി പ്രകൃത്യാതീതവും, നിസ്വാർത്ഥവും, സാർവ്വത്രികവും ത്യാഗസമന്വിതവുമായിരിക്കണം. ക്രിസ്തീയ സ്നേഹമാണു് നമ്മെ വിശുദ്ധിയിലേയ്ക്കു് നയിക്കുന്നതു്. സ്നേഹം പരസ്പരം കൈമാറേണ്ട ഒന്നാണു്. സ്നേഹം കൊടുത്താൽ മാത്രമെ സ്നേഹം ലഭിക്കുകയുള്ളു.

മിശിഹായെ അനുഗമിക്കേണ്ട സന്യാസികൻ മിശിഹായുടെ സ്നേഹത്തിനു് സാക്ഷ്യം വഹിക്കണം. ദരിദ്രരോടും, തൊഴിലാളികളോടും രോഗികളോടും മദ്ദ്യിതരോടുമുള്ള സമീപനത്തിൽ അവർക്കു മിശിഹായുടെ സ്നേഹം നമ്മിലൂടെ ദൃശ്യമാകണം. മദർ തെരേസാ മുതലായ വിശ്വവിശ്രുതരായ വ്യക്തികളെ ഇന്നും നമുക്കു് കാണുവാൻ സാധിക്കും ടൂറിനിലെ ദൈവപരിപാലനാഭവനം ഒരു ചെറുനഗരമാണു് പതിനായിരത്തിലേറെ രോഗികളും, വികലാംഗർ, ഭയാനകമായ വൈരൂപ്യമുള്ളവർ, അനാഥർ എന്നിങ്ങനെ പലരുമുണ്ടവിടെ. ഒരു അകത്തോലിക്കൻ ടൂറിനിലെ ദൈവപരിപാലനാഭവനം സന്ദർശിച്ചു. തദവസരത്തിൽ രണ്ടു് സന്യാസിനികളും അയാളെ പ്രസ്തുത സ്ഥാപനം കാണിച്ചു് വിശദീകരിക്കുന്നതിനായി അനുഗമിച്ചു. അയാളം ആ കന്യാസ്ത്രീകളോടു് ചോദിച്ചു ഇവിടെ എത്ര ബ. കന്യാസ്ത്രീകളും സേവനമനുഷ്ഠിക്കുന്നുണ്ടു് ?

ഇവിടെ ഏകദേശം ഇരുനൂറ് കന്യാസ്ത്രീകളും സേവന മനുഷ്ഠിക്കുന്നു. കൂടാതെ ഇനിയും അനേകം യുവത്തിടമ്പുകളും അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. സന്ദർശനംകഴിഞ്ഞപ്പോൾ ആ മനുഷ്യൻ ബ. കന്യാസ്ത്രീകളോട് പറയുകയാണു്. ബ. സഹോദരിമാരെ കാണാൽ ഇവിടെവന്നഅവസരത്തിൽ ചിലരെയെല്ലാം കണ്ടപ്പോൾ ഭയമുളവായതിനാൽ ഇവിടെ നിന്നും വേഗം ഇറങ്ങിപോയാൽ കൊള്ളാമെന്നു് വിചാരിച്ചു. എന്നാൽ നിങ്ങളം വളരെ സന്തുഷ്ടവദനരായി സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഇനിയും അനേകം യുവത്തിടമ്പുകളം അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുന്നതായി നിങ്ങളം പറയുന്നു ഇതു് എങ്ങനെയാണു് സാധിക്കുന്നതു. ഉടനെ അവർ പ്രതിവചിച്ചു. ''ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു.'' എല്ലാവരെയും സമഭാവനയോടെ വീക്ഷിച്ചു് ക്രിസ്തുവിനെ തന്നെ ദർശിക്കുവാനും സേവിക്കുവാനും നമുക്കു് സാധിക്കണം.

പ. പിതാവു് പതിനൊന്നാം പീയൂസു് മാർപ്പാപ്പാ ഒരിക്കൽ ദൈവപരിപാലനയുടെ ഭവനത്തെ കുറിച്ചു് ഇപ്രകാരം പ്രസ്താവിച്ചു. വി. തോമസു് അകവിനാസു് ദൈവാസ്തിത്വത്തിനു് അംഗീകരിക്കുകയും നല്കിയിട്ടുണ്ടു്. എന്നാൽ ഇന്നു് അദ്ദേഹം ദൈവാസ്തിത്വത്തിനു തെളിവായി ദൈവപരിപാലനാഭവനം. ആറാമതു് ഒരു തെളിവായി ചൂണ്ടികാണിക്കുമായിരുന്നു. മദർ തെരേസായ്ക്കു് പോപ്പു്ജോൺ സ്മാരകസമ്മാനം നല്കിയ അവസരത്തിൽ ആറാം പൗലോസു് മാർപ്പാപ്പാ അരുളിചെയ്കയുണ്ടായി. ''മദർ തെരേസാ വിശ്വസാഹോദര്യത്തിന്റെ പ്രതീകമാണെന്നു്.'' ഇതുപോലെ ഓരോ സന്യാസിയും വിശ്വസാഹോദര്യത്തിന്റെ പ്രതികങ്ങളായിരിക്കണം.

നാം ശത്രുക്കളെപ്പോലും സ്നേഹിക്കണമെന്നാണല്ലൊ ഈശോ അരുളിചെയ്തിട്ടുള്ളതു്. സ്നേഹത്തിന്റെ ഏറ്റവും

പരമോന്നതമായ പ്രവൃത്തി നമ്മെ സ്നേഹിക്കാത്തവരെ സ്നേഹിക്കുകയാണു്. നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രമാണു് നിങ്ങളും സ്നേഹിക്കുന്നതെങ്കിൽ നിങ്ങളുടെ മേന്മയെന്തു്? ചുങ്കക്കാരും പാപികളും ഇപ്രകാരം ചെയ്യുന്നില്ലേ. (മത്താ. V.) എന്നാണു് മലയിലെ പ്രസംഗത്തിൽ അവിടന്നു് ചോദിക്കുന്നതു്. നാം സ്നേഹത്തിൽ സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ പരിപൂർണ്ണരായിരിക്കണമെന്നു് അവിടന്നു് അനുസ്മരിപ്പിക്കുന്നു. കാൽവരിയിലെ കുരിശു് ഗിരിപ്രഭാഷണത്തിനു് മിശിഹാ കൊടുത്ത വിലയാണു്. ഗിരിപ്രഭാഷണത്തിൽ അവിടന്നു് അരുളിചെയ്യു. നിന്റെ ശത്രുവിനെ നീ സ്നേഹിക്കുക. നിന്റെ വലത്തെഗണ്ഡത്തു് അടിക്കുന്നവനു് ഇടത്തേതുംകൂടി കാണിച്ചുകൊടുക്കുക. നിന്നെ പിഡിപ്പിക്കുന്നവർക്കുവേണ്ടി നീ പ്രാർത്ഥിക്കുക. അവിടന്നു് ഇതു് ഗാഗുൽത്തായിൽ പ്രാവർത്തികമാക്കി. കുരിശിൽതൂങ്ങികിടന്നകൊണ്ടു് അവിടത്തെ ഘാതകന്മാർക്കുവേണ്ടി പിതാവിനോടു് മാപ്പപേക്ഷിക്കുന്നു. ശത്രുസ്നേഹത്തിന്റെ വിശ്വോത്തരമായ മാതൃക. ഈശോ സ്വരക്തത്തിൽതന്നെ അഭിഷേചിച്ചു് സ്നേഹത്തിന്റെ പ്രമാണം നൽലുകി. മഹാത്മാഗാന്ധി അഹ്തേഹത്തിന്റെ അക്രമരാഹിത്യസിദ്ധാന്തം ക്രിസ്തുനാഥന്റെ ഈ ഉപദേശത്തിൽ നിന്നുമാണു് സ്വീകരിച്ചതു്. മഹാത്മജിയുടെ മഹത്വത്തിനു് നിദാനം അഹ്തേഹം ക്രിസ്തുവിനെ അനുകരിച്ചതാണു്. മിശിഹായെ പദാനുപദം അനുകരിക്കേണ്ട സന്യാസിനീ സന്യാസികളും ദൈവദികരും ഇക്കാര്യത്തിൽ എത്രമാത്രം വിജയം വരിച്ചിട്ടുണ്ടു്.

വി. പൗലോസു് ശ്ലീഹാ റോമാക്കാർക്കുള്ള ലേഖനത്തിൽ ഇപ്രകാരം ഉൽബോധിപ്പിക്കുന്നു. ''നിന്റെ ശത്രുവിനു് വിശക്കുന്നെങ്കിൽ അവനു് ഭക്ഷണം കൊടുക്ക. ദാഹിക്കുന്നെങ്കിൽ കുടിക്കുവാൻ കൊടുക്കുക. ഇപ്രകാരം

നിങ്ങൾ ചെയ്യുന്നെങ്കിൽ നിന്റെ ശത്രുവിന്റെ തലയിൽ തീക്കനലുകൾ കൂട്ടും. നിങ്ങൾ തിന്മയ്ക്കു പകരം തിന്മ ചെയ്യരുതു്. മറിച്ചു് തിന്മയെ നന്മകൊണ്ടു് കീഴടക്കുവിൻ. (റോമാ. XII,20) നിന്റെ ശത്രുവിനെ നശിപ്പിക്കണമെന്നുണ്ടെങ്കിൽ ശത്രുവിനെ നിന്റെ മിത്രമാക്കിക്കൊള്ളുക എന്നു് അബ്രഹാം ലിങ്കണും പറയുന്നു. സന്യാസ ഭവനം സ്നേഹത്തിന്റെ ഒരു ശക്തികേന്ദ്രമായിരിക്കണം. അതു് നമ്മിൽനിന്നു മറ്റുള്ളവരിലേയ്ക്കു് സംക്രമിക്കപ്പെടേണ്ടതാണു്. ''Charity begins at home'' എന്നൊരാപ്തവാക്യമുണ്ടല്ലൊ. സന്യാസഭവനത്തിൽ സ്വസഹോദരങ്ങളോടു് സ്നേഹമായി വർത്തിക്കുവാൻ കഴിയാത്തവർക്കു് മറ്റുള്ളവരോടും സ്നേഹം പ്രദർശിപ്പിക്കുക സാദ്ധ്യമല്ല. ഇന്നത്തെ ചില സന്യാസികൾക്കും വൈദികർക്കും ഉള്ള പോരായ്മ മാനുഷികമായി മറ്റുള്ളവരോടു് പെരുമാറുവാൻ കഴിയുന്നില്ല എന്നതാണു്. നമുക്കു് ഒന്നാമതായി മനുഷ്യത്വവും, പിന്നീടു് ക്രിസ്തീയത്വവും അവസാനം വിശുദ്ധിയുമുണ്ടാകണം. വരപ്രസാദം സ്വഭാവത്തെ നശിപ്പിക്കുകയല്ല, അതിനെ ഉന്നതമായ ഒരു തലത്തിലേയ്ക്കുയർത്തി പൂർത്തീകരിക്കുകയാണു്. മനുഷ്യത്വമില്ലാത്തവർക്കു് വിശുദ്ധിയും ഉണ്ടാവുകയില്ല. അവതരിച്ച ദൈവവചനത്തിലും അവിടത്തെ ഉയർപ്പിലും സനാതനജീവിതത്തിലും വിശ്വസിക്കുന്ന സ്വന്തം മനുഷ്യരിലും വർഷിക്കപ്പെട്ടിരിക്കുന്ന ആ പരമസ്നേഹത്തിനു് സാക്ഷ്യം വഹിക്കുവാൻ ജീവിതം മുഴുവൻ ഉഴിഞ്ഞുവച്ചിരിക്കുന്ന സാക്ഷാൽ മനുഷ്യവ്യക്തികളെയാണു് സന്യാസികളായ നിങ്ങളിൽ ദർശിക്കുവാൻ മനുഷ്യൻ ആഗ്രഹിക്കുന്നതു്. [3]

---

3) 6-ാം പോൾ മാർപ്പാപ്പായുടെ സന്യാസനവീകരണത്തെ സംബന്ധിച്ച ഉപദേശം. നവീകരണം സന്യാസത്തിൽ. റവ. ഫാ. സ്കില്ലാംപ്, സി. എം. ഐ.

അദ്ധ്യായം പതിനൊന്ന്

അഭിമുഖീകരണം

നിങ്ങൾക്ക് ശാരീരികവും ആദ്ധ്യാത്മികവുമായ നന്മകൾ ആവശ്യമുണ്ടെങ്കിൽ നിങ്ങൾ പ്രാർത്ഥനയുടെ മനുഷ്യനായിരിക്കുക. ദുർഗ്രണങ്ങളെ കിഴടക്കണമെങ്കിൽ പ്രാത്ഥനയുടെ മനുഷ്യനായിരിക്കുക. പൈശാചികമായ അഭിയോഗങ്ങളെ നേരിടണമെങ്കിൽ ആത്മാക്കളെ രക്ഷിക്കണമെങ്കിൽ പ്രാത്ഥനയുടെ മനുഷ്യനായിരിക്കുക. അവസാനമായി സുകൃതജീവിതം നയിച്ച് വിശുദ്ധരാകണമെങ്കിൽ പ്രാത്ഥനയുടെ മനുഷ്യനായിരിക്കുക എന്നാണ് വി. ബർണാർദ് അഭിപ്രായപ്പെട്ടിരിക്കുന്നത്. (Quoted in Ascending by Steps) 1968-ൽ ന്യൂയോർക്കിൽ ലെയോളാ കോളേജിൽവച്ച് സന്യാസ സഭാംഗങ്ങൾ പ്രാത്ഥനയെപ്പറ്റി ഒരു സിമ്പോസിയം നടത്തി. അതിന് ഒരു ദിവസംമുമ്പ് ന്യൂയോക്കിൽനിന്നും പ്രസിദ്ധീകരിക്കുന്ന ഒരു വാരികയിൽ ഇപ്രകാരം ഒരു കുറിപ്പ് പ്രസിദ്ധപ്പെട്ടത്തി.

Dear God why do I have to pray, when you know any way what I want. But I will do it if it make you feel better. [1]

1. The Sisters Today, No. 2. 1968.

ഇന്നത്തെ അന്ധകാരപൂർണ്ണമായ ലോകത്തിലും അസ്വസ്ഥമായ സഭയിലും മനുഷ്യനു് ദൈവത്തെ കണ്ടെത്തുവാൻ സാധിക്കുമോ. പ്രാർത്ഥന ദൈവവുമായിട്ടുള്ള ഒരു അഭിമുഖീകരണമാണു്. 'വത്സലപിതാവുമായിട്ടുള്ള സംഭാഷണമാണു്. സംഭാഷണത്തിൽ ബുദ്ധിയും മനസ്സുമല്ല പ്രത്യുത, മുഖവും ഹൃദയവുമാണു് പ്രവർത്തിക്കുന്നതു്.

ദൈവത്തിനു് നമ്മുടെ ആവശ്യങ്ങൾ എല്ലാം അറിയാം. പിന്നെ നാം എന്തിനാണു് പ്രാർത്ഥിക്കുന്നതു്. വി. തോമസ്സു് അകപിനാസ്സു് തന്നെ ഈ പ്രശ്നത്തിനു് സമാധാനം പറയുന്നു. ദൈവം ഒരു വിധത്തിൽ ക്രമീകരിച്ചിരുന്നതിനെ നമ്മുടെ പ്രാർത്ഥനവഴി മാററി മറിക്കുകയല്ല പ്രത്യുത നമ്മുടെ പ്രാർത്ഥനവഴി പല കാര്യങ്ങളും നടക്കണമെന്നു് ദൈവംതന്നെ മുൻകൂട്ടി നിശ്ചയിച്ചിരിക്കുകയാണു്. അപ്പോളോ പതിമൂന്നു് ബഹിരാകാശത്തിൽവച്ചു് യാന്ത്രികമായ തകരാറുമൂലം കേടായി. അവരുടെ ജീവൻ അപകടത്തിലായിരുന്നു. എന്നാൽ ലോകം മുഴുവൻ അവരുടെ സുരക്ഷിതമായ പ്രത്യാഗമനത്തിനുവേണ്ടി പ്രാർത്ഥിച്ചു. അവർ സസുഖം തിരിച്ചെത്തി. ബഹിരാകാശപേടകത്തിനു് കേടുസംഭവിച്ചപ്പോഴും സ്പുടവാർത്തിന്റെ പിതാവു് പറഞ്ഞു: ''ഇപ്പോഴും ആ ബഹിരാകാശപേടകത്തിൽ ബഹിരാകാശചാരികളെക്കൂടാതെ നാലാമതൊരാൾകൂടിയുണ്ടു്. അതു ദൈവമാണു്.''

1971- നവംബർ മാസത്തിൽ ഫ്രാൻസിൽവച്ചു്, ഇന്നത്തെ വിശ്വാസത്തകർച്ചയുടെ കാരണങ്ങളെപ്പററി ചർച്ച ചെയ്യുന്നതിനായി യൂറോപ്യൻ ബുദ്ധിജീവികളുടെ ഒരു സമ്മേളനം നടത്തി. അതിന്റെ ഉൽഘാടനം നിർവഹിച്ചതു് കർദ്ദിനാൾ ദാനിയേലുവായിരുന്നു. ആദ്ധ്യക്ഷം വഹിച്ചതു് അസ്തിത്വവാദോത്പാദകനായ ഗബ്രിയേൽമാ

ഴ്സലും. ആ സമ്മേളനത്തിനു് വിശ്രുത പ്രോട്ടസ്റ്റൻറു വേദശാസ്ത്രജ്ഞനായ ഓസ് കാർക്കുമാൻ അയച്ച സന്ദേശത്തിൽ ഇപ്രകാരം പറയുന്നു: ''ഇന്നത്തെ വിശ്വാസത്തകർച്ചയുടെ പ്രധാന കാരണം നാം പ്രാർത്ഥനയുടെ വില ഇടിച്ചതാണു്, [2] പ്രാർത്ഥനയുടെ ആവശ്യകത നാം ശരിയായി മനസ്സിലാക്കണം. പ്രാർത്ഥനവഴി നാം ദൈവത്തിൻെറ മുമ്പിൽ സൃഷ്ടികളാണെന്നുള്ള വസ്തുത അംഗീകരിക്കുകയാണു്. ദൈവത്തോടുള്ള നമ്മുടെ വിധേയത്വവും സമാശ്രയത്വവും പ്രഖ്യാപിക്കുകയാണു്. അവിടുന്നു് നമ്മുടെ സ്രഷ്ടാവും പിതാവും പരിപാലകനും പരിത്രാതാവും പരമാന്ത്യവുമാണു്. ദൈവം നമ്മെ ഓരോ നിമിഷവും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ദൈവപരിപാലന ഒരു നിമിഷനേരത്തേയ്ക്കുപിൻവലിച്ചാൽ നാം ശൂന്യതയിലാരിക്കും. ആ ദൈവത്തോടു നമുക്കു് എത്രമാത്രം കടപ്പാടുണ്ടു.

ദൈവത്തെ ആരാധിക്കേണ്ടതു് നമ്മുടെ പ്രഥമ കടമയത്രെ. എല്ലാവർക്കും ഉള്ളതിൽ കൂടുതൽ കടമ വൈദികർക്കും സന്യാസികൾക്കും അക്കാര്യത്തിലുണ്ടു്. കാരണം നാം ദൈവസേവനത്തിനർപ്പിതരാണു്. ദൈവം നമുക്കും ലോകത്തിനു മുഴുവനും നല്കുന്ന അനുഗ്രഹങ്ങൾക്കു് കൃതജ്ഞത പ്രകാശിപ്പിക്കണം. ദൈവത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കുകയാണു് അങ്ങിൽനിന്നും കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാനുള്ള മാർഗ്ഗം എന്നത്രെ വി, ബർണാർദ്ദു് പ്രസ്താവിച്ചിട്ടുള്ളതു്, നമ്മുടെയും ലൊകംമുഴുവൻെറയും പാപങ്ങൾക്കു് പരിഹാരം അർപ്പിക്കണം. നമുക്കും മാനവകുലത്തിനു മുഴുവനും വേണ്ട അനുഗ്രഹങ്ങൾ യാചിക്കേണ്ടിയിരിക്കുന്നു. പ്രകൃത്യതീതമായ ദാനങ്ങൾ പ്രാർത്ഥനയെ മാത്രമാശ്രയിച്ചാണു് ലഭിക്കുന്നതു്. നമ്മുടെ പ്രാർത്ഥനകളും

2 Examiner 11th Dece: 1971

കൂടുതൽ ഫലദായകമാണെന്നുള്ള പ്രത്യാശയോടുകൂടിയാണു് വിശ്വാസികളും സന്യാസികളുടെയും വൈദികരുടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നതു്. മാതാപിതാക്കളും ബന്ധുമിത്രാദികളും സന്യാസികളിൽനിന്നും പ്രതീക്ഷിക്കുന്നതും അതാണു്. ദൈവത്തിനർപ്പിതരായവർ ദൈവത്തിനും ലോകത്തിനുമിടയിൽ മദ്ധ്യസ്ഥം വഹിക്കേണ്ടവരാണു്. തിരുസ്സഭ ഔദ്യോഗികമായി ആ കൃത്യം നമ്മെ ഭരമേല്പിച്ചിരിക്കുന്നു.

പ്രാർത്ഥന ദൈവവുമായിട്ടുള്ള അഭിമുഖസംഭാഷണമാണു്. ഭാഷാശൈലിയല്ല പ്രധാനം പ്രാർത്ഥന വഴി ആത്മാവു് ബുദ്ധിപരമായി ദൈവസവിധത്തിലേയ്ക്കുയരണം. പ്രാർത്ഥന ആത്മാവിന്റെ ഭക്ഷണമാണു്, ശ്വാസോച്ഛ്വാസമാണു്, നാടി അടിപ്പാണു് എന്നെല്ലാം പറയാം. നമ്മുടെ ശാരീരികജീവിതത്തിനു് ഇവ എത്രമാത്രം ആവശ്യമാണോ അത്രപോലെ ആദ്ധ്യാത്മികജീവനു് പ്രാർത്ഥന അനപേക്ഷണീയമാണു്. പ്രാർത്ഥനയുടെ അഭാവത്തിൽ ആദ്ധ്യാത്മികജീവൻ മരടിക്കും അതു് മൃതപ്രായമാകും. റഷ്യയുടെ സോയൂസു് പേടകത്തിലെ ബഹിരാകാശ സഞ്ചാരികളുടെ അനുഭവമായിരിക്കും പ്രാർത്ഥന കൂടാതെ പ്രവർത്തനത്തിൽ മാത്രം ശ്രദ്ധ പതിക്കുന്ന സന്യാസികൾക്കും ഉണ്ടാവുക.

നമ്മുടെ സന്യാസജീവിതത്തിന്റെ ഒരു പ്രധാന ലക്ഷ്യം പുണ്യപരിപൂർണ്ണതാ പ്രാപ്തിയാണു്. വിശുദ്ധിയിലുള്ള പുരോഗമനം പ്രാർത്ഥനയിലുള്ള പുരോഗമനത്തിന്റെ തോതനുസരിച്ചാണു് എന്നു് ആദ്ധ്യാത്മിക ഗ്രന്ഥകാരന്മാർ എല്ലാവരും സമ്മതിക്കുന്നു. (St. Thresesa Interior Castle. Rev. Fr. Antonio Royo Theology

of Christian Perfection) ഇന്നു് പ്രവൃത്തനമാണു് കൂടുതൽ ആവശ്യമെന്നു് ചിലർ അഭിപ്രായപ്പെട്ടുണ്ടു്. പ്രവൃത്തനത്തിന്റെ ആവശ്യകതയെ ആരും നിഷേധിക്കുന്നില്ല. എന്നാൽ ഏറ്റവും നല്ല പ്രവൃത്തകർ വലിയ പ്രാർത്ഥനാജീവിതം നയിച്ചവരായിരുന്നു. ''Contemplata tradere est melius'' ധ്യാനിച്ചതു് മറ്റുള്ളവക്കു് നല്കുകയാണു് ഏറ്റവും നല്ലതു് എന്നതത്രെ വി. തോമസ്സു് അക്വീനാസിന്റെ അഭിമതം. വി. ബർണാർദ്ദു്, വി. അമ്മത്രേസ്യാ, വി. ഇഗ്നേഷ്യസ്സു്, വി. ഫ്രാൻസീസ്സു് സേവ്യർ, വി. ഡോൺബോസ്കോ, ദൈവദാസൻ ചാവറ കുര്യാക്കോസ്സു് ഏലിയാസച്ചൻ, മദർ തെരേസാ എന്നിവരുടെ ജീവിതം ഇതിനുപോൽബലകമാണു്. ആബട്ടു് ഡോം ഷത്തോർ അദ്ദേഹത്തിന്റെ പ്രേഷിതജീവൻ (The Apostolate) എന്ന ഗ്രന്ഥത്തിൽ സ്വാനുഭവത്തിൽ നിന്നും അതു് സമർത്ഥിച്ചിരിക്കുന്നു.

നമ്മുടെ പ്രവൃത്തനങ്ങളും ഫലദായകമാകുന്നതു് പ്രാർത്ഥനാജീവിതം വഴി നാം എത്രമാത്രം ദൈവത്തോടു് ഐക്യപ്പെട്ടുന്നുവോ അതിന്റെ തോതനുസരിച്ചാണു്. ഫ്രാൻസിലെ ഒരു മെത്രാൻ ധാരാളം ജോലി ചെയ്തിരുന്നു. അതു് മനസ്സിലാക്കിയിട്ടു് ഒരു രാഷ്ട്രീയപ്രവർത്തകൻ ചോദിച്ചു. ഇത്ര ധാരാളം ജോലി ക്രമമായും ഭംഗിയായും പൂർണ്ണമായും ചെയ്യുവാൻ സാധിക്കുന്നതു് എങ്ങിനെയാണു്? ഉടനെ മെത്രാൻ പറഞ്ഞതു് ഇപ്രകാരമാണു്. ''ഞാൻ രാവിലെ അര മണിക്കൂർനേരം ധ്യാനത്തിനായി ചെലവഴിക്കും.'' നമ്മുടെ ജീവിതത്തിലും പ്രവൃത്തനങ്ങളിലും ക്രമവും ചിട്ടയും ഉണ്ടാക്കുന്നതിനു് പ്രാർത്ഥന നമ്മെ സഹായിക്കുന്നു. നമ്മുടെ ജീവിത നൗക അപകടം കൂടാതെ

ലക്ഷ്യസ്ഥാനത്തു് എത്തിച്ചേരണമെങ്കിൽ പ്രാർത്ഥനയും പ്രവർത്തനവും സംയോജിക്കണം.

മുൻ അമേരിക്കൻ പ്രസിഡൻറു് ജോൺസൺ ഒരിക്കൽ പറയുകയുണ്ടായി ''താൻ ജീവിക്കുന്നിടത്തു് ജീവിക്കുവാനും പ്രവർത്തിക്കുന്നിടത്തു് പ്രവർത്തിക്കുവാനും പ്രാർത്ഥനയുടെ സഹായം കൂടാതെ ഒരുവനും സാദ്ധ്യമല്ല.'' പരേതനായ പ്രസിഡൻറു് കെന്നടി അമേരിക്കൻ ജനതയെ അനുസ്മരിപ്പിക്കുകയുണ്ടായി ലോകസമാധാനം നമ്മുടെ പ്രാർത്ഥനയെക്കൂടി ആശ്രയിച്ചാണിരിക്കുന്നതു് എന്നു്. അമേരിക്കയിലെ അണു ഗവേഷണശാലകളുടെ മേധാവിയായ ഡോക്ടർ മെസ്സൽ ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു ''ഇന്നത്തെ അണുഗവേഷണശാലകളെല്ലാം പ്രാർത്ഥനാമന്ദിരങ്ങളാകാത്തിടത്തോളംകാലം ലോകസമാധാനം സംജാതമാവുകയില്ല. നാം ചിന്തിക്കുന്നതിലും കൂടുതൽ കാര്യങ്ങൾ പ്രാർത്ഥനവഴി നടക്കുന്നു എന്ന ആംഗ്ലേയസാഹിത്യകാരനായ മിൽട്ടന്റെ വാക്കുകളും ചിന്തനീയമത്രെ.

നമ്മുടെ പ്രാർത്ഥനയ്ക്കു് ചില ഗുണങ്ങളെല്ലാം ഉണ്ടായിരിക്കണം. വിശ്വാസം ശരണം സ്നേഹം എന്ന ദൈവീക പുണ്യങ്ങൾ പ്രാർത്ഥനയിലൂടെ നാം ഒരേ അവസരത്തിൽ പ്രാവർത്തികമാക്കുന്നു. ചുങ്കക്കാരന്റെയും പ്രീശന്റെയും ഉപമയിലൂടെ നമുക്കു് പ്രാർത്ഥനയിൽ ഉണ്ടായിരിക്കേണ്ട എളിമ, പ്രത്യാശ എന്നിവ മിശിഹാ വ്യക്തമാക്കി. ആധുനിക വേദശാസ്ത്രജ്ഞന്മാരുടെ അഭിമതം പ്രാർത്ഥന ദൈവത്തിന്റെ ആഹ്വാനത്തിനുള്ള ഒരു പ്രത്യുത്തരമാണെന്നത്രെ. പ്രാർത്ഥനയ്ക്കുള്ള ക്ഷണം നമുക്കു് അവിടുന്നു തന്നെ നല്കുന്നു. നാം നിരന്തരമായി പ്രാർത്ഥിക്കണമെന്നു് അനുസ്മരിപ്പിക്കുന്നതിനായി നീതിയില്ലാത്ത ന്യായാധിപന്റെയും വിധ

വയുടെയും ഉപമ ഈശോ അരുളിച്ചെയ്തു. അമേരിക്കയുടെ ഒന്നാമത്തെ ബഹിരാകാശചാരികളായിരുന്ന അല്ലൻ ഷെപ്പേഡും സഹചാരികളും. അവർ സഞ്ചരിച്ചിരുന്ന പേടകത്തിനു് കേടുണ്ടായി. തത്സമയം നിയന്ത്രണസ്റ്റേഷനിലെ നിർദ്ദേശമനുസരിച്ചു് പ്രവത്തിച്ചതിനാൽ അവർ സുരക്ഷിതരായി ഭൂമിയിൽ തിരിച്ചെത്തി. പിന്നീടു്, അപകടമുണ്ടായപ്പോഴും പ്രാത്ഥിച്ചുവോ എന്നു് ഷെപ്പേർഡിനോടു് ചോദിച്ചു. തദവസരത്തിൽ അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു. പ്രാത്ഥന നാം ടാപ്പു് തുറന്നു വെള്ളമെടുക്കുന്നതുപോലെ എടുക്കേണ്ട ഒരു സാധനമല്ല. അപകടമുണ്ടാകുമ്പോഴും പ്രാർത്ഥിച്ചാൽ പോരാ. നാം നിരന്തരമായി പ്രാർത്ഥിക്കണം.

പ്രാത്ഥിക്കുവാൻ സമയമില്ല എന്നു് പരാതിപ്പെടുന്ന പല സന്യാസികളും ജീവിതത്തിൽ ക്രമീകരണമില്ലാത്തതുകൊണ്ടാണു് പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്താത്തതു്. സമയം നമ്മെ പവിത്രീകരിക്കുന്നതിനായി ദൈവത്തിന്റെ നിത്യതയിലുള്ള നമ്മുടെ ഭാഗഭാഗിത്വമാണു്. അതു് ശരിയായി വിനിയോഗിക്കാത്തതു് കുറ്റകരമായ കൃത്യവിലോപമായിരിക്കും.

വി. ജോൺ ക്രിസോസ്റ്റോം ആലങ്കാരികമായി പറയുന്നതുപോലെ 'ദൈവം ഈ പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിക്കുന്നു. എന്നാൽ പ്രാത്ഥിക്കുന്ന മനുഷ്യനാകട്ടെ ദൈവത്തെ നിയന്ത്രിക്കുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി വലിയ പ്രാത്ഥനാചൈതന്യമുള്ള ഒരു വ്യക്തിയായിരുന്നു. വലിയ രാഷ്ട്രീയപ്രവർത്തകനും വിപ്ലവകാരിയും സ്വാതന്ത്ര്യ സമര നേതാവുമായിരുന്നെങ്കിലും അദ്ദേഹം പ്രാത്ഥനയിലാണു് ശക്തി കണ്ടെത്തിയതു്. സേവനത്തി

നവേണ്ടി സന്യാസികളും പ്രാർത്ഥന പരിത്യജിക്കുന്നതു് മൗഢ്യമാണെന്നാണു് പ. പിതാവു് ആറാം പൗലോസു് തിരുമേനി പ്രഖ്യാപിച്ചതു്. വത്തിക്കാൻ സൂനഹദോസു് സന്യാസികളും പ്രാർത്ഥനയും പ്രവർത്തനവും സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ടുള്ള ജീവിതം നയിക്കണമെന്നാവശ്യപ്പെടുന്നു. പ. പിതാവു് സന്യാസനവീകരണത്തെ സംബന്ധിച്ചു് 1971-ൽ പ്രസിദ്ധപ്പെടുത്തിയ ശ്ലൈഹിക ലേഖനത്തിലും പ്രാർത്ഥനയ്ക്കു് സന്യാസനവീകരണത്തിലുള്ള പ്രസക്തി പ്രത്യേകം പ്രസ്താവിക്കുന്നു. ''പ്രാർത്ഥനയിലുള്ള വിശ്വസ്തത എക്കാലത്തും ഊർജ്ജസ്വലമായ സന്യാസജീവിതത്തിന്റെ ലക്ഷണമായിരുന്നു. നേരെമറിച്ചു് പ്രാർത്ഥനയിലുള്ള ഉപേക്ഷ സന്യാസജീവിതത്തിന്റെ അന്ത്യം കുറിക്കലുമായിരുന്നു. ചരിത്രം വിരൽ ചൂണ്ടുന്ന ഈ യാഥാർത്ഥ്യം നിങ്ങളും ഒരിക്കലും വിസ്മരിക്കരുതെ. (3)

ഫ്രാൻസിലെ വി. ലൂയീസു് പതിനഞ്ചാമൻ രാജാവു് പ്രാർത്ഥനയ്ക്കു് ധാരാളം സമയം ചെലവഴിച്ചിരുന്നു. ആധുനികനായ ഒരു സോഷ്യലിസ്റ്റു് പ്രവർത്തകൻ തന്നെ പ്രസ്താവിച്ചിട്ടുള്ളതു് അദ്ദേഹത്തെപ്പോലെ രാജ്യത്തിനും തൊഴിലാളികൾക്കും നന്മ ചെയ്തിട്ടുള്ള രാജാക്കന്മാരില്ലെന്നാണു്. ഇന്നു് ശക്തിയേറിയ സമരായുധങ്ങളും വഹിച്ചിരിക്കുന്ന സൈന്യനിരകളെക്കാളും പ്രാർത്ഥനാജീവിതംവഴി ലോകത്തെ രക്ഷിക്കുന്നവരെയാണു് ആവശ്യം.

സന്യാസികളും പ്രാർത്ഥനയ്ക്കായി ധാരാളം സമയം ചെലവഴിക്കുന്നുണ്ടു്. എന്നാൽ എപ്രകാരമാണു് പ്രാർത്ഥി

---

(3) നവീകരണം സന്യാസത്തിൽ. റവ. ഫാ. സിലാസു് സി. എം. ഐ. No. 42.

ക്കുന്നതു് എന്നുകൂടി ചിലപ്പോഴെങ്കിലും ചിന്തിക്കണം. 'ഈ ജനം അധരങ്ങൾകൊണ്ടു മാത്രം എന്നെ സ്തുതിക്കുന്നു. എന്നാൽ അവരുടെ ഹൃദയമാകട്ടെ എന്നിൽനിന്നും വളരെ വിദൂരതയിലാണു് (വി. മത്താ. XV) എന്നു് ദിവ്യഗുരു അരുളിച്ചെയ്തിട്ടുണ്ടല്ലൊ. മാനസികപ്രാർത്ഥനയും വാചികപ്രാർത്ഥനകളും, സാമൂഹ്യവും ഔദ്യോഗികവുമായ പ്രാർത്ഥനകളും സർവ്വോപരി ദിവ്യബലിയുമുണ്ടു്. ഇവയിൽ എപ്രകാരം സംബന്ധിക്കുന്നു. സജീവമായും ശ്രദ്ധയോടും ഭക്തിയോടും ഫലദായകമായ വിധത്തിലും ഭാഗഭാക്കുകളായി അവർ ദൈവത്തോടു് എത്ര അവഗാഢമായ ബന്ധം പുലർത്തുന്നുവോ അതിനനുസരിച്ചാണു് അവർ ലോകത്തിനു് നന്മ ചെയ്യുന്നതു്. പല വിശുദ്ധരും അഭിപ്രായപ്പെട്ടുണ്ടു് ധ്യാനം പരിത്യജിക്കുന്ന സന്യാസി പാപം പരിത്യജിക്കുകയില്ലെന്നു്. പാപരഹിതമായ ജീവിതം നയിക്കുന്നതിനു് മാനസിക പ്രാർത്ഥനയ്ക്കുള്ള പ്രാധാന്യം മനസ്സിലാക്കി മാനസിക പ്രാർത്ഥനയ്ക്കായി നിശ്ചിത സമയം വിനിയോഗിക്കണം. നന്നായി പ്രാർത്ഥനാജീവിതം നയിക്കുന്ന വ്യക്തികളുടെ മാത്രമെ തങ്ങളുടെ പ്രവർത്തനവും പ്രാർത്ഥനയായി രൂപാന്തരപ്പെടുത്തുവാൻ സാധിക്കുകയുള്ളു. പ്രേഷിതപ്രവർത്തനത്തിന്റെ ഉൽബോധനം ശ്രദ്ധേയമത്രെ. "സഹോദരങ്ങളെ നിങ്ങൾ ഭക്ഷിക്കുകയും, പാനംചെയ്യുകയും മറ്റെന്തെങ്കിലും ചെയ്യുകയും ചെയ്യുന്നെങ്കിൽ എല്ലാം ദൈവമഹത്വത്തിനായി ചെയ്യുവിൻ (I. കോ. X 31) ഇപ്രകാരം ജീവിതം ഒരു നിരന്തര പ്രാർത്ഥനയായി രൂപാന്തരപ്പെടണം. ദൈവൈക്യം പ്രാർത്ഥനാചൈതന്യം, ശുദ്ധനിയോഗം എന്നിവയോടുകൂടി ചെയ്യുന്ന പ്രവർത്തനങ്ങൾ പ്രാർത്ഥനയാണു്. ദൈവത്തിനുവേണ്ടി ചെയ്യുന്ന ഒരു പ്രവൃത്തി ഏറ്റവും നല്ല

പ്രാർത്ഥനയാണു്. കാരണം അതു് സ്നേഹം പ്രവൃത്തി പഥത്തിലെത്തിയതാണു്. ഏറ്റവും ലൗകികമായ പ്രവർത്തനങ്ങൾപോലും ആരാധന, കൃതജ്ഞത, പരിഹാരം യാചന എന്നീ ദൈവാരാധനയുടെ ഘടകങ്ങളെ ഉൾക്കൊള്ളുന്നു. പക്ഷേ നാം വരപ്രസാദാവസ്ഥയിലായിരിക്കണം. അതിനാൽ പ്രവർത്തനം മാത്രം മതി എന്നും വിവക്ഷയില്ല. യഥാർത്ഥത്തിൽ പ്രവർത്തനത്തെ പ്രാർത്ഥനയാക്കി മാറുവാൻ സാധിക്കുന്നവർ പ്രാർത്ഥനയിലും തല്പരരായിരിക്കും.

നമ്മുടെ പ്രാർത്ഥനയും ജീവിതവും തമ്മിൽ പൊരുത്തപ്പെടണം. പ്രാർത്ഥിക്കുകയും അതെ അവസരത്തിൽ ജീവിതനവീകരണത്തിനായി പരിശ്രമിക്കുകയും ചെയ്യാത്തതു് ഒരു വിരോധാഭാസമാണു്. നന്നായി പ്രാർത്ഥിക്കുന്നവൻ നന്നായിജീവിക്കുന്നു എന്നു് വി. ആഗ്സ്തീനോസു് പറയുന്നു. ശരിയായി പ്രാർത്ഥിക്കുന്നതിനു് നാല്വവിധത്തിലുള്ള ശുദ്ധത ആവശ്യമാണു് എന്നത്രെ വി. തോമസു് അകിനാസിന്റെ അഭിമതം. മനഃസാക്ഷിയുടെ ശുദ്ധത അഥവാ പാപരാഹിത്യം, ഹൃദയശുദ്ധത, നിയോഗശുദ്ധത പ്രവർത്തനത്തിലുള്ള ശുദ്ധത എന്നിവയാണവ.

വത്തിക്കാൻ സൂനഹദോസു് പ്രണിധാനത്തിനു് (Contemplation) നല്കുന്ന നിർവചനം വളരെ ലളിതമാണു്. ബുദ്ധികൊണ്ടു് ദൈവത്തെ സ്മരിക്കുകയും ഹൃദയംകൊണ്ടു് സ്നേഹിക്കുകയും ചെയ്യുക. അഥവാ വിശ്വാസം ശരണം സ്നേഹം എന്ന പുണ്യങ്ങളുടെ പ്രായോഗിക പ്രവർത്തനം. സന്യാസികളും പ്രവർത്തനവും പ്രണിധാനവും തമ്മിൽ സമഞ്ജസമായി സമ്മേളിപ്പിച്ചു്, മലയിൽ ധ്യാനിക്കുകയും ദരിദ്രരെയും പീഡിതരെയും സമാശ്വസിപ്പിക്കു

കയും ചെയ്യ ക്രിസ്തുവിനു് സാക്ഷ്യം വഹിക്കണം.[4] അതിനാൽ വത്തിക്കാൻ സൂനഹദോസിന്റെ വെളിച്ചത്തിലും നാം പ്രാത്ഥനയുടെ മനുഷ്യരായിരിക്കണം. പ്രാത്ഥിക്കുമ്പോഴും ദൈവത്തിന്റെ അനന്തമായ ശക്തിയിൽ തന്നെ നമുക്കു് ഭാഗഭാഗിത്വം സിദ്ധിക്കുന്നുവെന്നും വിശുദ്ധ ആഗ്സ്തീനോസു് അഭിപ്രായപ്പെടുന്നു. സന്യാസികളുടെ ജീവിതത്തിൽ പ്രാത്ഥനയ്ക്കുള്ള പ്രാധാന്യം നാം മനസ്സിലാക്കി അതനുസരിച്ചു് നമ്മുടെ ജീവിതം നയിക്കേണ്ടതാണു്.

4. വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളും സന്യാസനവീകരണവും.

അദ്ധ്യായം. പന്ത്രണ്ടു്

ദിവ്യകാരുണ്യ സമൂഹം

സന്യാസം ഒരു ദിവ്യകാരുണ്യ സമൂഹമായിരിക്കണം. സന്യാസ സൗഭാഗ്യത്തെ വർദ്ധിപ്പിക്കുന്ന ഒന്നാണു് ദിവ്യകാരുണ്യനാഥന്റെ സന്യാസഭവനങ്ങളിലെ അധിവാസം. അതുവഴി സന്യാസഭവനത്തെ അവിടുന്നു് ഭൂമിയിലെ സ്വർഗ്ഗമാക്കിത്തീർത്തു. ആദിമക്രൈസ്തവ സമൂഹത്തെപ്പറ്റി ശ്ലീഹന്മാരുടെ നടപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നതു് ഇപ്രകാരമാണു്. അവർ ഏകമനസ്സോടെ പ്രാർത്ഥനയിലും എവുക്കറിസ്തിയ മുറിക്കുന്നതിലും സ്ഥിരപ്പെട്ടിരുന്നു. (നടപടി: II. 42.) ഇതാണു് ഇന്നത്തെ സന്യാസ സമൂഹത്തിന്റെയും ആദർശമായിരിക്കേണ്ടതു്. ക്രൈസ്തവ ജീവിതത്തിന്റെ ഉറവിടങ്ങളിലേയ്ക്കു് പോവുക എന്നതാണല്ലോ വത്തിക്കാൻ സൂനഹദോസിന്റെ ഉൽബോധനം. പ. കുർബ്ബാന സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ പ്രതീകവും ഉപവിയുടെ ഉടമ്പടിയുമാണു് എന്നതെ വത്തിക്കാൻ സൂനഹദോസു് പ്രഖ്യാപിച്ചിട്ടുള്ളതു്. [1]

പ. കുർബ്ബാന സ്നേഹത്തിന്റെ കൂദാശയാണു്. നമ്മിൽ ദൈവസ്നേഹവും പരസ്നേഹവും ഉജ്ജ്വലിക്കു

(1) വത്തിക്കാൻ സൂനഹദോസു് പ്രമാണരേഖകം. ആരാധനക്രമം. No. 47.

ന്നതിനു് പ. കുർബ്ബാന സഹായകമത്രെ. ആധുനിക ലോകത്തിന്റെ ക്ലേശയാണു് ദിവ്യകാരുണ്യം. ആധുനിക ലോകത്തിലെ പ്രശ്നങ്ങൾക്കും യാതനകൾക്കും ദിവ്യകാരുണ്യം പ്രതിവിധിയാണു്. സ്നേഹം ഒരു ശക്തിയായോ സ്ഥാപനമായോ ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ ക്ലേശയായ ദിവ്യകാരുണ്യത്തിൽ നിന്നും വിഭിന്നമായി കാണുകയില്ല. അതിനാൽ ആധുനിക ലോകത്തിന്റെ രക്ഷ പ. കുർബ്ബാനയിലാണു്.

പ. കുബ്ബാനയിൽ മിശിഹായെ കാണുന്നവർക്കു് സഹോദരരിലും ഈശോയെ കാണുവാനും സ്നേഹിക്കുവാനും സേവിക്കുവാനും സാധിക്കുമെന്നാണു് കർത്താവൊരിക്കൽ പ്രസ്താവിച്ചതു്. അപ്പമെടുത്തു് ഇതു് എന്റെ ശരീരമാകുന്നു (വി. മത്തായി. XXVI–26) എന്നു് പ്രസ്താവിച്ച മിശിഹാതന്നെയാണു് ''ഈ ചെറിയവരിൽ ഒരുത്തനു് നിങ്ങളം ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു് ചെയ്തതു് (വി. മത്തായി. XXV 34–45) എന്നരുളിച്ചെയ്തിട്ടുള്ളതു്. ദൈവത്തിന്റെ അജയ്യമായ സ്നേഹത്തിന്റെ ക്ലേശയാണു് ദിവ്യകാരുണ്യം. ഒരുവൻ തന്റെ സ്നേഹിതന്മാർക്കുവേണ്ടി ജീവൻ ഹോമിക്കുന്നതിലും വലുതായ സ്നേഹമില്ല എന്നരുളിച്ചെയ്ത മിശിഹാ നമുക്കു് ഓരോരുത്തർക്കുംവേണ്ടി മരിക്കുകയും എന്നാൽ ലോകാവസാനംവരെ നമ്മോടുകൂടി ഉണ്ടായിരിക്കുമെന്നുള്ള അവിടുത്തെ വാഗ്ദാനം സാർത്ഥകമാക്കിക്കൊണ്ടു് പ. കുർബ്ബാനയിൽ വസിക്കുകയും ചെയ്യുന്നു. തന്നെത്തന്നെ നമുക്കു് പൂർണ്ണമായി നൽകുന്നതിലും വലുതായ സ്നേഹത്തിന്റെ ലക്ഷ്യമില്ല. അതുതന്നെ മിശിഹാ പ. കുർബ്ബാനയിൽ ചെയ്തു. അവിടുത്തെ സ്നേഹത്തിന്റെയും, ബലിയുടെയും അനശ്വരസ്മാരകം – സ്നേഹവിരുന്നാണു് – ദിവ്യകാരുണ്യം;

ഇസ്രായേൽ ജനത ഈജിപ്തിൽനിന്നും മോചിതരായ പ്പോൾ അവരെ ദൈവം മേഘത്തൂണിന്റെ രൂപത്തിൽ പകലും അഗ്നിസ്തംഭമായി രാത്രിയിലും നയിച്ചിരുന്നതു പോലെ ദിവ്യകാരുണ്യനാഥൻ നമ്മെ ഇപ്പോൾ നയിക്കുന്നു.

പ. കുർബ്ബാന ഐക്യത്തിന്റെ പ്രതീകമാണു്. അനേകം കോതമ്പുകൂമ്പേർന്നു് ഒരു അപ്പമായിത്തീരുന്നതുപോലെ നാമേവരും മിശിഹായിൽ ഒന്നാണു്.(വി. പൗലോസു്. Iകോ: x 17) ദൈവജനം എല്ലാവരുംകൂടിചേർന്നു് ഒരു മൗതികശരീരമായിത്തീരുന്നു. വീരുന്നു് പരസ്പരം ഐക്യത്തെയാണു് പ്രദ്യോതിപ്പിക്കുന്നതു്. മനുഷ്യനു് ദൈവവുമായിട്ടുള്ള ഐക്യത്തിനു് അത്യധികമായ ആഗ്രഹമുണ്ടായിരുന്നു. അതിനു് പ്രതീകാത്മകമായ മാർഗ്ഗങ്ങളിലൂടെ പരിശ്രമിച്ചു. എന്നാൽ മാനുഷികമായ പരിശ്രമങ്ങളും വിഫലമായതിനാൽ ദൈവംതന്നെ സ്നേഹത്തിന്റെ ഒരു മഹാ അത്ഭുതം പ്രവർത്തിച്ചു. എല്ലാം ദൈവത്തെ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നു. എല്ലാം ദൈവത്തിലേയ്ക്കു് പ്രയാണംചെയ്യുന്നു. മാനവകുലത്തിന്റെ സാവ്ത്രികമായ ആഗ്രഹത്തിന്റെ സാക്ഷാൽക്കാരവും മകുടവുമാണു് പ. കുർബ്ബാന: പരസ്പര ഐക്യത്തിനും കാരണമാണു്.

ദിവ്യകാരുണ്യം ഉപവിയുടെ ഉടമ്പടിയാണു്. ദൈവം ഇസ്രായേൽ ജനതയോടു് ചെയ്ത ഉടമ്പടി കാളക്കുട്ടിയുടെ രക്തത്തിലാണു് ഉറപ്പിച്ചതു്. എന്നാൽ നവീന ഇസ്രായേലിനോടു്, ദൈവജനത്തോടു് ചെയ്ത ഉടമ്പടി സ്വസുതന്റെ അമൂല്യരക്തത്തിലാണു് ഉറപ്പിച്ചതു്. പ. കുർബ്ബാന ഉടമ്പടിയുടെ ബലിയും ഭക്ഷണവുമാണു്. പരിത്രാണകർമ്മത്തിന്റെ മുഴുവൻ സംഗ്രഹമത്രെ. ക്രൂശാരോപരമായ

ആവർത്തനവും അനുസ്മരണവുമാണു്. ദൈവത്തിന്റെ ഉടമ്പടിവഴി കേവലം നൈയ്യാമികമായ ബന്ധമല്ല, സംജാതമാകുന്നതു് പ്രത്യുതാ സ്വാഭാവികമായ ഒരു ബന്ധം ഉള്ളവാകുന്നു. ആ ബന്ധമാകുന്ന പ. കുബ്ബാനയിലൂടെ സുശക്തമാകുന്നതു്. സന്യാസം ഒരു ഉടമ്പടിയുടെ ജീവിതമാണു്. (Covenantal life) അതു് കൂടുതൽ സജീവവും ഫലദായകവുമാക്കിത്തീർക്കുന്ന ദിവ്യകാരുണ്യം. ദിവകാരുണ്യ സ്ഥാപനത്തിൽ മിശിഹാനാഥൻ പ്രദർശിപ്പിച്ച സ്നേഹത്തിനു് മറ്റെല്ലാവരെക്കാളും കൂടുതലായി കൃതജ്ഞത പ്രകാശിപ്പിക്കുവാൻ കടപ്പെട്ടവരാണു് സന്യാസികൾ. നാം നേരത്തെ കണ്ടിട്ടുള്ളതുപോലെ വ്രതത്രയങ്ങൾ ഒരു ആരാധനാസമൂഹത്തിനു് രൂപം കൊടുക്കുന്നു.

കൃതജ്ഞതാപ്രകാശനം പ്രധാനമായും മൂന്നുവിധത്തിൽ പ്രകടമാക്കാം. ഒന്നാമതായി ദിവ്യബലി ഭക്തിപൂർവ്വം സമർപ്പിച്ചുകൊണ്ടും അതിൽ സജീവമായി ഭാഗഭാക്കുകളായിക്കൊണ്ടുമാണു്. ഏതെങ്കിലും വിധത്തിൽ ഒന്നു തീർത്തിട്ടുപോകണമെന്നുള്ള ഉദ്ദേശ്യത്തോടെ അർപ്പിക്കാതെ മഹോന്നതമായ ഈ ബലിഅർപ്പണത്തിനു് നമ്മെ ക്ഷണിച്ചതിൽ സന്തോഷത്തോടും അഭിമാനത്തോടുംകൂടി ആയിരിക്കണം നാം ദിവ്യബലി അർപ്പിക്കുക. അർപ്പകനും സമൂഹവും ദൈവത്തെ അനുഭവിച്ചറിയുവാൻ സാധിക്കത്തക്ക വിധത്തിലായിരിക്കണം നമ്മുടെ ബലിഅർപ്പണം. ദിവ്യബലിയുടെ സമയത്തു് നാലുവിധത്തിൽ മിശിഹാ സന്നിഹിതനാകുന്നുണ്ടെന്നാണു് ആധുനികവേദശാസ്ത്രജ്ഞന്മാരുടെ അഭിമതം. അതു് ഒരു മതപരമായ കർമ്മമാണു്. മനുഷ്യനു് ചെയ്യാവുന്ന ഏറ്റവും പ്രധാനപ്പെട്ട കർമ്മമത്രെ ദിവ്യബലി. ഗാഗുൽത്തായിലെ ബലിയുടെ ക്ഷമാശാപരമായ നവീകരണമാണു് അതു്; പ്രാർത്ഥനാചൈതന്യ

ത്തോടുകൂടിയായിരിക്കണം ദിവ്യബലിയിൽ സംബന്ധിക്കേണ്ടതു്. മൂകസാക്ഷികളോ, പ്രേക്ഷകരോ ശ്രോതാക്കളോ ആയിരുന്നാൽ മതിയാവുകയില്ല. സഹഅർപ്പകർ എന്നുള്ള ബോദ്ധ്യത്തോടുകൂടി പ്രാർത്ഥനകളും വൈദികനോടുകൂടി ജപിച്ചു് സജീവമായി പങ്കെടുക്കണം.

ദിവ്യബലി ഏറ്റവും മഹോന്നതമായ ഒരു രഹസ്യമാണു്. അതു് പൂർണ്ണമായവിധത്തിൽ നമുക്കു് മനസ്സിലാക്കുവാൻ സാധിക്കുകയില്ല. സ്വർഗ്ഗസ്ഥനായ പിതാവു് അവിടുത്തെ അനന്തമായ സ്നേഹവും ശക്തിയും ഒരുമിച്ചു് പ്രവൃത്തിപഥത്തിലാക്കി കാൽവരി ശാശ്വതമാക്കി. അതാണു് ദിവ്യബലി സന്യാസകുടുംബത്തിലെ അംഗങ്ങളും എല്ലാവരും സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭവനത്തിൽ ഒരുമിച്ചു ചേർന്നിരിക്കുന്ന എന്നുള്ള ബോദ്ധ്യത്തോടും ഹൃദയൈകൃത്തോടുംകൂടി നാം ദിവ്യബലിയിൽ സംബന്ധിക്കണം. നമ്മുടെ ജീവിതം ദിവ്യബലിയിൽ കേന്ദ്രീകൃതമായിരിക്കട്ടെ. സകലജോലികളും, ത്യാഗങ്ങളും സഹനങ്ങളുമെല്ലാം ദിവ്യബലിയോടു് യോജിപ്പിച്ചുകൊണ്ടു് ദൈവത്തിനു് നമ്മുടെതായ ബലി അർപ്പിക്കണം. അങ്ങനെ അവയും പവിത്രീകരിക്കപ്പെടും. നമ്മുടെ അനുദിനജീവിതം ബലിയുടെ തുടർച്ചയായിരിക്കേണ്ടതാണു്. എല്ലാവിശ്വാസികളും ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു് ഉത്സുകരായിരുന്നു. പരേതനായ റോബർട്ടു് കെന്നഡി ദേവാലയത്തിൽ ചെല്ലുമ്പോഴും ശുശ്രൂഷികളില്ലെങ്കിൽ അദ്ദേഹം തന്നെ ദിവ്യബലിക്കു സഹായിച്ചിരുന്നതായിട്ടറിയാം. നമ്മുടെ സ്ഥാനമോ മറ്റു യോഗ്യതകളൊ ഒക്കെ വിസ്മരിച്ചുകൊണ്ടു് അതിൽ സംബന്ധിക്കേണ്ടതാണു്. പ്രതിത്രയങ്ങളും ഒരു ആരാധനാസമൂഹത്തിനാണു് രൂപംകൊടുക്കുന്നതു്. അതു് ഒരു ദിവ്യകാരുണ്യസമൂഹവുംകൂടിയായിരിക്കണം.

പ. കുബ്ബാന സ്വീകരണം നമ്മുടെ ക്രിസ്തുവൽക്കരണത്തിനു് വളരെ പ്രയോജനകരമാണു്. നമ്മെ ക്രിസ്തുവിലേയ്ക്കും ക്രിസ്തുവിനെ നമ്മിലേയ്ക്കും രൂപാന്തരപ്പെടുത്തുന്നതിനു് വി. കുബ്ബാനസ്വീകരണത്തോളം ശക്തമായ മാർഗ്ഗം വേറെയില്ല.

നമ്മുടെ ഹൃദയകവാടത്തിൽ മിശിഹാ മുട്ടിക്കൊണ്ടു് ഇപ്രകാരം ആവശ്യപ്പെടുന്നു. മകനെ അഥവാ മകളെ, നിന്റെ ഹൃദയം എനിക്കു് തുറന്നുതരിക. അവിടെ ഒരു സ്നേഹരാജനായി ഞാൻ വാഴട്ടെ. എന്റെ സന്തോഷം മനുഷ്യപുത്രരോടുകൂടി ഇരിക്കുന്നതാകുന്നു. ദൈവപുത്രൻ മനുഷ്യപുത്രനായതു് മനുഷ്യപുത്രരെ ദൈവപുത്രരാക്കിത്തീർക്കുന്നതിനാണു്. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു് നിങ്ങളിൽതന്നെ ജീവനില്ല. (വി. യോഹ. VI. 47–58) എന്നു് മിശിഹാനാഥൻ അരുളിച്ചെയ്തിട്ടുണ്ടു്. ലോകത്തിലെ ഏറ്റവും സജീവമതം കത്തോലിക്കസഭയാണു് എന്നു് പണ്ഡിറ്റു് ജവഹർലാൽ നെഹ്രു ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ അതിനുള്ള കാരണമെന്താണു്? ജീവദാതാവായ ക്രിസ്തുനാഥൻ നമ്മോടുകൂടി വസിച്ചു് അവിടുത്തെ ജീവൻ നമുക്കു് പ്രദാനംചെയ്യുന്നു. ''ഞാൻ വന്നിരിക്കുന്നതു് അവർക്കു് ജീവൻ ഉണ്ടാകുവാനും അതു് സമൃദ്ധമായി ഉണ്ടാകുവാനുമാണു്'' എന്നു് ഈശോ (യോഹ.X. 10) വ്യക്തമാക്കി. പ. കുർബ്ബാന സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ പ്രതീകവും ഉപവിയുടെ ഉടമ്പടിയുമാണു്. ക്രിസ്തുവിന്റെ പെസഹാരഹസ്യം ജീവിക്കുകയാണല്ലൊ നമ്മുടെ ദൗത്യം.

വ. കുർബ്ബാനയിൽ കേന്ദ്രീകൃതമാകണം നമ്മുടെ ജീവിതം. ദിവ്യകാരുണ്യത്തിൽ സന്നിഹിതനായ മിശിഹായെ അനുദിനം കൂടെക്കൂടെ സന്ദർശിക്കുന്നതിനും സന്യാസികൾ ഉത്സുകരാകണം. ''അദ്ധ്വാനിക്കുന്നവരും ഭാരംവഹിക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം'' എന്നു് നമ്മെ ഓരോരുത്തരേയും മാടിവിളിച്ചുകൊണ്ടു് സക്രാരിയിലെ പ്രേമകാരാഗൃഹത്തിൽ വാസം ചെയ്യുന്ന സ്നേഹമൂർത്തിയെ വിസ്മരിക്കുന്നതു് എത്ര വലിയ കൃതഘ്നതയാണു്. വി. തോമസ്അകവിനാസു്, വി. പീറർ ജൂലിയൻ എയ്മാർഡു്, വി. മാർഗരറ്റുമേരിഅലക്കോക്കു്, വി. ഫ്രാൻസിസു് സേവ്യർ മുതലായ വിശുദ്ധരും പ്രേഷിതരും വി. കുർബ്ബാനയിൽ സന്നിഹിതനായിരിക്കുന്ന ഈശോനാഥനെറനേരെ അതീവഭക്തി പ്രദർശിപ്പിച്ചിരുന്നു. നമുക്കു് സങ്കടങ്ങളും ക്ലേശങ്ങളും, സഹനങ്ങളുമുണ്ടാകുമ്പോഴും മാനുഷികമായ ആശ്വാസം അന്വേഷിക്കുന്നു. എന്നാൽ യഥാർത്ഥത്തിലുള്ള ആശ്വാസദായകനെ സമീപിക്കുന്നില്ല. വിശ്വാസപ്രചാരകതിരുസംഘത്തിന്റെ സ്ഥാപകയായ പാവുലിൻജാരിക്കോട്ടും ദൈവദാസനായ ചാവറകുര്യാക്കോസു് ഏലിയാസച്ചനും മറ്റും ദിവ്യകാരുണ്യഭക്തരായിരുന്നു. പ. പിതാവു് ആറാംപൗലോസു്പാപ്പാ സന്യാസനവീകരണത്തെ സംബന്ധിച്ചു് നല്കിയ ഉപദേശത്തിലും അതിന്റെ പ്രധാന്യം അനുസ്മരിപ്പിക്കുന്നു. ''മിശിഹായുടെ തിരുശരീരരക്തങ്ങളോടുള്ള സംയോജ്യത ഈ നവീകരണത്തിന്റെ സുപ്രധാന ഉറവിടമാകണം (സന്യാസനവീകരണം No. 15) യഥാർത്ഥസ്നേഹം പ്രകടിപ്പിക്കാനും നിങ്ങളുടെ ജീവൻപോലും ആവശ്യമെങ്കിൽ ബലിഅർപ്പിക്കാനു

മുള്ള അനുസ്യൂതമായ ആത്മശക്തിയും പ. കുബ്ബാനയിൽ നിന്നു് നിങ്ങൾ പ്രാപിക്കുമാറാകട്ടെ.[2]

അനുദിനം ദിവ്യബലിയിൽ സജീവമായി ഭാഗഭാഗിത്വം വഹിച്ചും ദിവ്യകാരുണ്യ സ്നേഹവിരുന്നിൽ പങ്കെടുത്തുകൊണ്ടും സന്യാസികനും പരിപൂർണ്ണമായ ഐക്യത്തിൽ എത്തിച്ചേരണം, അപ്പോഴും സന്യാസികനും കൂടുതൽ ക്രിസ്തുവിന്റെ ചൈതന്യത്താൽ ഉത്തേജിതരാകും. കർത്താവിനുമായിരുന്നു. വത്തിക്കാൻ സൂനഹദോസിനുശേഷമുള്ള ആദ്ധ്യാത്മികതയിൽ ഫാ. തെയ്യാദേഷർദാന്റെ ഗ്രന്ഥങ്ങൾ വളരെ സ്വാധീനം ചെലുത്തുന്നുണ്ടു്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ദിവ്യകാരുണ്യസ്ഥാപനംവഴി മിശിഹാ ഈ പ്രപഞ്ചത്തിന്റെ തന്നെ സാരാംശഭേദം വരുത്തിയിരിക്കുന്നു എന്നു പ്രസ്താവിക്കുന്നുണ്ടു്.[3]

---

(2) ആറാംപൗലോസ്ശ്ലീഹാ തിരുമനസ്സിലെ സന്യാസികനുള്ള ഉപദേശം, നവീകരണം സന്യാസത്തിൽ റവ. ഫാ. സീലാസ്, സി. എം. ഐ. No. 47

(3) Fr. Teilhard de Chardain Le Melieu Divin. P. 125

അദ്ധ്യായം പതിമൂന്നു്

മറിയം
സന്ന്യാസികളുടെ ജീവിതത്തിൽ

പ. കന്യകമറിയം സന്ന്യാസികളുടെ ഒന്നാമത്തെ മാതൃകയാണു്.1 (Prototype of the religion) ഏതു സന്ന്യാസസഭയിലുള്ളവർക്കും പ. കന്യകമറിയത്തോടുള്ള ഭക്തി അനിവാര്യമത്രെ. അവൾ ദൈവമാതാവും സഹരക്ഷകയും നമ്മുടെ ആദ്ധ്യാത്മിക മാതാവും സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥയുമാണു്. എല്ലാവർക്കും പ. കന്യകമറിയത്തോടുള്ള ഭക്തി കൂടിയെ തീരൂ. നമ്മുടെ പരിത്രാണകർമ്മത്തിൽ പ. കന്യകയ്ക്കു് സുപ്രധാനമായ ഒരു പങ്കുണ്ടു്. ദിവ്യജനനി സകല സന്ന്യാസ സുകൃതങ്ങളുടെയും പരമോന്നതമായ മാതൃകയാണു്. [2] എല്ലാ സന്ന്യാസസഭകളും പ. കന്യകയെ തങ്ങളുടെ നാഥയും, അമ്മയും, മദ്ധ്യസ്ഥയുമായി കരുതുന്നുണ്ടു്. പല സന്ന്യാസ സഭകളുടെയും സ്ഥാപനത്തിൽ പ. കന്യകയുടെ വ്യക്തമായ ഇടപെടൽതന്നെ കാണുവാൻ സാധിക്കും.

നമുക്കു് ദൈവവിളി ലഭിച്ചതിനു് നാം അവളോടു്

---

1. Rev. Fr. Ladslans M. Ossay. Open to the spirit. P. 15.
2. Rev. Fr. Lenis Collins. M ry Queen of the religious P.

കടപ്പെട്ടുന്നു. ഇതിനും ഇതിനോടു് വിശ്വസ്ഥത പ്രദർശിപ്പിക്കാനും ആജീവനാന്തം തുടൻകൊണ്ടുപോകുന്നതിനും ദിവ്യാംബികയുടെ പ്രത്യേകമായ മാതൃപരിലാളനയും സംരക്ഷണവും വേണ്ടിയിരിക്കുന്നു. ദൈവത്താൽ പ്രത്യേകവിധം ഒരു ജോലിയ്ക്കോ, ദൗത്യനിർവ്വഹണത്തിനൊ, ജീവിതാന്തസ്സിലേയ്ക്കോ തെരഞ്ഞെടുക്കപ്പെട്ടവരുടെ മാതൃകയും, നേത്രിയും, സംരക്ഷകയുമാണു് മറിയം [3]

വി. വലിയ അൽബർത്തോസു് ഒരു വൈദികവിദ്യാർത്ഥിയായിരുന്ന കാലത്തു് സന്യാസവും വൈദിക വൃത്തിയും ഉപേക്ഷിച്ചു പോകുവാനുള്ള പ്രലോഭനം ഉണ്ടായി. എന്നാൽ അദ്ദേഹം പ. കന്യകയുടെ പ്രത്യേക സഹായത്താൽ അതിനെ എല്ലാം അതിജീവിച്ചു. (Fr. Furlen Vocation talks) പ. കന്യകയോടു് ഭക്തി ഇല്ലാതിരുന്ന നോവിസസിനെ വി. ഫ്രാൻസീസു് ബോർജിയാ അതിനിശിതമായവിധം കുറപ്പെടുത്തി. ഇന്നു് സന്യാസവൈദികജീവിതത്തിലുണ്ടായിട്ടുള്ള തകർച്ചയുടെ ഒരു കാരണം പ. കന്യകയോടുള്ള ഭക്തിയിലുണ്ടായിട്ടുള്ള മാന്ദ്യമാണെന്നു് മൊൺ. ഫ്ലംട്ടൻ. ജെ. ഷിൻ അദ്ദേഹത്തിന്റെ ഒരിടയലേഖനത്തിൽ പ്രസ്താവിക്കുന്നു. [4] കന്യാവ്രതം സംരക്ഷിക്കുവാൻ പ. കന്യകയുടെ നേരെയുള്ള ഭക്തി അത്യന്താപേക്ഷിതമാണു്. മറിയത്തിന്റെ നേരെയുള്ള യഥാർത്ഥമായ ഭക്തി ശുദ്ധതയുടെ ഏറ്റവും സുനിശ്ചിതമായ അടയാളമാണു് [5] എന്നു് ഒരു ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. ദൈവമാതാവാണു് ആദ്യമായി കന്യാത്വം ദൈവത്തിനർപ്പിച്ചതു്. അവൾ ദൈവദൂതനോടു് പ്രസ്താവിച്ച വാക്കു

(3) Rev. Fr. Perenielle. O. P. God's High ways. 175.
(4) Living word. Feb:—March, 1970.
(5) Rev. Fr. Perenielle. O. P. God's High ways.

കയ അതിനുപോൽബലകമത്രെ. അവയം കന്യകകളുടെ കന്യകയാണു്. അവളുടെ മാതൃകയുമാണു്. അവയം അനു സരണത്തിന്റെയും എളിമയുടെയും നിദർശനമാണല്ലൊ. പ. കന്യകമറിയത്തിന്റെ എളിമയാണു് ദൈവസുതനെ അവളുടെ പക്കലേയ്ക്കാകർഷിച്ചതു്. അവളുടെ കൃതജ്ഞതാ ലാപം അതു് വ്യക്തമാക്കുന്നു. (വി. ലൂക്കാ. I 46-55) അവയം ദരിദ്രപൂർണ്ണമായ ഒരു ജീവിതമാണു് നസ്രസിൽ നയിച്ചിരുന്നതു്. വിശ്വാസം, പ്രത്യാശ, സേവനസന്ന ദ്ധത, പ്രേഷിതതീഷ്ണത മുതലായവയിലും പ. കന്യ കയെ വെല്ലുന്നവർ ആരുമില്ല. അതിനാൽ അവയം സന്യാ സജീവിതത്തിന്റെ പരമോന്നതമായ മാതൃകയാണു്.

പ. കന്യക സഹരക്ഷകയാണു്. രണ്ടാം വത്തിക്കാൻ സൂനഹദോസു് സഭയെക്കുറിച്ചുള്ള ഡിക്രിയിൽ മിശിഹാ കഴിഞ്ഞാൽ നമ്മുടെ പരിത്രാണ കർമ്മത്തിൽ മറിയം സഹ കരിച്ചു എന്നു്പ്രഖ്യാപിച്ചിട്ടുണ്ടു്. [6] മനുഷ്യാവതാര രഹ സ്യത്തിനു സമ്മതം നല്കിയും ദിവ്യസുതനെ വളർത്തിയും കുരിശിൻ ചുവട്ടിൽ നിന്നുകൊണ്ടു് സ്വപുത്രന്റെ സഹന ത്തിൽ പങ്കുചേർന്നും അവയം നമ്മുടെ രക്ഷണീയകർമ്മത്തിൽ സഹകരിച്ചു. അതിനാൽ നമുക്കു് മാതാവിനോടു് വലിയ കടപ്പാടുണ്ടു്. നമ്മുടെ പരിത്രാണകർമ്മം വ്യക്തിഗതമായി പൂർത്തിയാക്കാനുള്ളതിലും (Subjective redemption) ദിവ്യജനനിക്കു് ഒരു പങ്കുണ്ടു്. ക്രിസ്തുവിനോടുള്ള സാദൃ പ്യമാണു് നമ്മുടെ പുണ്യപരിപൂർണ്ണത. ഈശോയെ ഏറ റവും പൂർണ്ണമായി അനുകരിച്ചതു് മറിയമാണു്. നാം ഓരോ രുത്തരും ഈശോയെ ഏപ്രകാരമാണു് അനുകരിക്കേണ്ടതു് എന്നു് അവയം നമ്മെ പഠിപ്പിക്കും. പ. കന്യകയാണു് ഈ ശോയെ രൂപീകരിച്ചതു്. അവയം തന്നെ മൗതീകശരീര

6. വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകയം. അദ്ധ്യാ. VIII

ത്തെയും രൂപീകരിക്കണം. മറിയം സഭയുടെ പ്രതീകമാണ്. അതിലുള്ള ഓരോ അവയവത്തെയും ആ കരങ്ങൾ തന്നെ രൂപപ്പെടുത്തണം. എല്ലാ തരഞ്ഞെടുക്കപ്പെട്ടവരിലും ഈശോയുടെ രൂപം മുദ്രിതമാകുന്നതു വരെ അവരെ മറിയം തന്റെ ഉദരത്തിൽ സംവഹിച്ചിരിക്കുന്നു എന്നാണ് വി. ആഗസ്തീനോസിന്റെ അഭിമതം.

ദിവ്യജനനി നമ്മുടെ ആദ്ധ്യാത്മിക മാതാവാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ത്രിതീയ സമ്മേളന പരിസമാപ്തിയിൽ പ. പിതാവു് ആറാം പൗലോസു് തിരുമനസ്സുകൊണ്ടു് മറിയം സഭയുടെ മാതാവാണെന്നു പ്രഖ്യാപിച്ചു നാടകീയമാംവിധം. അവൾ എല്ലാവരുടെയും മാതാവാണെങ്കിൽ സന്യാസികളുടെയും വൈദികരുടെയും മാതാവാണ്. പ. കന്യക നമ്മുടെ രണ്ടു ആദ്ധ്യാത്മിക ജനനത്തിനും മാതൃത്വം വഹിക്കുന്നു.[7] ജ്ഞാനസ്നാനത്തിലും, സന്യാസ പ്രതാനുഷ്ഠാനത്തിൽ അഥവാ പൗരോഹിത്യത്തിൽ. ആദ്ധ്യാത്മികജീവിതത്തിൽ എല്ലാവരും ശിശുക്കളാണ്, ആ ശൈശവത്വം ഒരു മാതൃപരിലാളന അവശ്യാവശ്യമാക്കി. അതിനാലാണു് മിശിഹാ അവിടത്തെ ദിവ്യമാതാവിനെ തന്നെ നമ്മുടെയും മാതാവായി നല്കിയതു്. വി. കൊച്ചുത്രേസ്യാ, ദൈവദാസി അല്പോത്സാ മുതലായവരുടെ ചരിത്രത്തിൽ അവരുടെ മാതാക്കളുടെ സ്ഥാനത്തു് അവർ പ. കന്യകയെ സ്വീകരിച്ചതായി നാം കാണുന്നു.

മറിയം സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥയാണ്. വത്തിക്കാൻ സൂനഹദോസു് സഭയെ കുറിച്ചുള്ള

---

7. Bossout quoted in Our Lady Queen of religious Life by Rev. Fr. Luins Collins. (Translation) Chapt. VII

ഡിക്രിയിൽ, അഭിഷേക, മദ്ധ്യസ്ഥ, സഹായിക എന്ന അഭിധാനങ്ങളും അംഗീകരിക്കുമ്പോൾ അതു് പരോക്ഷമായി പ്രഖ്യാപിച്ചിരിക്കുന്നു. അതിനാൽ അവളോടുള്ള ഭക്തി നമ്മുടെ ആദ്ധ്യാത്മികവും ലൗകികവുമായ ജീവിതത്തിനു് ഒഴിച്ചു കൂട്ടുവാൻ പാടില്ലാത്തതാണു്. രണ്ടാം വത്തിക്കാൻ സൂനഹദോസു് പ. കന്യകയോടുള്ള ഭക്തി പരിപോഷിപ്പിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പലരും അക്കാര്യം വിസ്മരിച്ചിരിക്കുന്നു, അതിനാൽ നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിൽ അതിനേറെതായ കുറവുകളും ഉണ്ടാകുന്നുണ്ടു്. യഥാർത്ഥ വിശ്വാസി പ്രേഷിതചൈതന്യം എന്നിവ മറിയത്തിലൂടെയാണു് നാം പ്രാപിക്കേണ്ടതു്. മിശിഹായെ രൂപീകരിച്ച അവളുടെ കരങ്ങൾ തന്നെ നമ്മെയും രൂപീകരിക്കണം. വത്തിക്കാൻ സൂനഹദോസു് പ്രഖ്യാപിച്ചിരിക്കുന്നതുപോലെ കേവലം വൈകാരികവും ബാഹ്യവുമായ ഭക്തിപ്രകടനത്തെക്കാൾ ദൈവശാസ്ത്രാധിഷ്ഠിതവും യഥാർത്ഥവും ആന്തരികവുമായ ഭക്തിയാണാവശ്യം. മറിയത്തെ നമ്മുടെ മാതൃകയായി നാം സ്വീകരിക്കണം. അവളുടെ സുകൃതങ്ങൾ നമ്മിലേയ്ക്കു പകർത്തണം. അവൾ വിലമതിച്ചിരുന്നവ നാമും വിലമതിക്കണം. പ. കന്യകയുടെ സേവനത്തിനു് നമ്മെതന്നെ പ്രതിഷ്ഠിക്കണം. യഥാർത്ഥത്തിലുള്ള മറിയ ഭക്തി എന്താണെന്നു് വി. ഗ്രീത്തോൺ. ദെ. മോൺഫോർട്ടു് പ്രസ്താവിക്കുന്നു. നമ്മെ പരിപൂർണ്ണമായി മറിയത്തിനു് പ്രതിഷ്ഠിക്കുക. അതിനു ശേഷം നമ്മുടെ സകല പ്രവർത്തികളും മറിയത്തോടുകൂടി മറിയ ചൈതന്യത്തിൽ, മറിയത്തിനുവേണ്ടി മറിയംവഴി ഈശോയിക്കു സമർപ്പിക്കണം. [8] നമ്മുടെ അനുദിനജീവിതത്തിലെ ഓരോ നിമിഷവും പ. കന്യകയ്ക്കു് സ്ഥാന

8. Grignor. De. Montfort. True devotion to her B. V. Mary. P. 142

മുണ്ടായിരിക്കേണ്ടതാണു്. അഥവാ നാം ഒരു മരിയാത്മക മായ ജീവിതം നയിക്കേണ്ടിയിരിക്കുന്നു. ഇതാണു് പ്രേഷിതരുടെ പ്രവർത്തനങ്ങളം. അത്ഭുതാവഹമായ വിധ ത്തിൽ ഫലപ്രദമാകുവാൻ അദ്ദേഹം ഉപദേശിക്കുന്ന മറി യരഹസ്യം. പ. കന്യകയ്ക്കു് നമ്മിൽ ഒരു മൗതികമായ സാന്നിദ്ധ്യം ഉണ്ടാകുവാൻ പാടുണ്ടു്. [9] എന്നു് വേദ ശാസ്ത്രജ്ഞനായ ഫാ. ഗാരിഗോലഗ്രാഞ്ചും പ്രസ്താവിച്ചി രിക്കുന്നു.

അതിനാൽ നാമും ഈ ഭക്തമറ പ്രാവർത്തികമാക്കു ന്നതു് വിശുദ്ധിക്കു് വളരെ സഹായകമാണു്. ആധുനിക ലോകത്തിന്റെ ഭാവിയിൽ പ. കന്യകയ്ക്കും സുപ്രധാന മായ ഒരു പങ്കു വഹിക്കുവാനുണ്ടു് എന്നു് പ. പിതാവു് 1971 ജൂലൈ മാസത്തിൽ ഒരു തീർത്ഥകസംഘത്തോടു് പ്രഖ്യാപിച്ചതും ശ്രദ്ധേയമത്രെ. ഈശോയുടെ ഭരണം മറി യംവഴി സ്ഥാപിതമാക്കുക എന്നതായിരിക്കണം ഓരോ പ്രേഷിതന്റെയും ജീവിതാദർശം. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സന്യാസനവീകരണത്തെക്കുറിച്ചുള്ള ഡിക്രി സമാപിച്ചിരിക്കുന്നതു് ഇപ്രകാരമാണു്. ദൈവ മാതാവായ കന്യകമറിയത്തിന്റെ ജീവിതം എല്ലാവരുടെ യും ജീവിതനിയമമാണു്. (St. Ambrose De Virginitate) ആ മാതാവിന്റെ പ്രാർത്ഥനാപരമായ സഹായം വഴി സന്യാസസമൂഹങ്ങളം അനുദിനം സംഖ്യയിൽ വളരു കയും രക്ഷാകരമായ ഫലം സമൃദ്ധമായി പുറപ്പെടുത്തുകയും ചെയ്യും.[10]

---

9. Rev. Fr. Garrigen. Secret of Mary Lagrange. The mother of God and our Interios life.

10- വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളം സന്യാസ നവീ കരണം No. 25.

പ. പിതാവു് ആറാം പൗലോസു് മാർപ്പാപ്പാ തിരു മനസ്സുകൊണ്ടു് സന്യാസികന്മാരു് 1971 ജൂൺ 29–ാം തീയതി നൽകിയ നവീകരണത്തെ സംബന്ധിച്ച ശ്ലൈഹിക സന്ദേശത്തിൽ ഉപസംഹരിച്ചിരിക്കുന്നതു് ഇപ്രകാരമാണു്. പ. കന്യകയുടെ ജീവിതമാതൃക അനുസരിച്ചാണു് നിങ്ങളുടെ ജീവിതം നിങ്ങൾ ദൈവത്തിനു് സമർപ്പിച്ചിരിക്കുന്നതു്. ഈശോസ്സുമാത്രം നൽകുവാൻ സാദ്ധ്യമായ ആനന്ദവായ്പു് നിങ്ങളുടെ അനുദിനജീവിതത്തിൽ അനുഭവിക്കുന്നതിനുള്ള ഭാഗ്യം നമ്മുടെ കർത്താവിന്റെ ഏറ്റവും പ്രിയപ്പെട്ട മാതാവു് തന്നെ പ്രാപിച്ചുതരട്ടെ. മനുഷ്യരുടെ ആത്മീയജനനത്തിൽ സഹകരിച്ചുകൊണ്ടു് തിരുസ്സഭയുടെ ശ്ലൈഹികധർമ്മത്തിൽ പങ്കുചേരുന്ന എല്ലാവരെയും മറിയത്തിന്റെ മാതൃസ്നേഹം ഉത്തേജിപ്പിക്കുന്നുണ്ടു്. (തിരുസ്സഭ 65) വത്തിക്കാൻ സൂനഹദോസിന്റെയും പ. പിതാവിന്റെയും മനോഭാവം നാം മനസ്സിലാക്കി അതിനനുയോജ്യമായ ഒരു മരിയഭക്തി നമ്മിൽ പരിപോഷിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണു്.

അദ്ധ്യായം പതിനാല്

കെനോസിസ് ജീവിക്കുക

കെനോസിസ് എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം ശൂന്യമാക്കൽ (to empty oneself) എന്നാണല്ലൊ. നരകുലപരിത്രാതാവായ മിശിഹായുടെ ജീവിതത്തെ മുഴുവൻ വി. പൗലോസ് അപ്പസ്തോലൻ ഒരു വാക്കിൽ സംഗ്രഹിച്ചിരിക്കുന്നു. ''മിശിഹാതന്നെ വിചാരിച്ചതുപോലെ നിങ്ങളും വിചാരിക്കുവിൻ. ഫീലിപ്പോസുകാർക്കുള്ള ലേഖനത്തിൽ അപ്പസ്തോലൻ തുടരുന്നു. അവൻ ദൈവത്തിന്റെ സാദൃശ്യത്തിലായിരിക്കെ ദൈവത്തോടു തുല്യനാണെന്നു കരുതുന്നതു'' അപഹരണമായി പരിഗണിച്ചില്ല. പിന്നെയോ അവൻ തന്നെത്തന്നെ വെറുമയാക്കി ദാസന്റെ സാദൃശ്യം എടുക്കുകയും മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്നു രൂപത്തിൽ മനുഷ്യരെപ്പോലെ കാണപ്പെടുകയും തന്നെത്തന്നെ താഴ്ത്തി മരണത്തോളം അതോ കുരിശുമരണത്തോളം അനുസരണമുള്ളവനായിത്തീരുകയും ചെയ്തു. ഇതിനാൽ ദൈവം അവനെ ഉയർത്തി എല്ലാ നാമത്തെക്കാളും വലുതായ ഈശോ എന്ന നാമം അവനു നൽകി. (ഫീലി: II 6-9)

അഹങ്കാരം ഒരു സ്വയം ദൈവമാക്കിത്തീർക്കലാണു്. അതു് ദൈവം ഏറ്റവും ദ്വേഷിക്കുന്നു. മാലാഖമാരുടെയും ആദിമാതാപിതാക്കന്മാരുടെയും അധ:പതനത്തിനു കാരണം അഹങ്കാരമായിരുന്നു എന്നുള്ളതു് വിശുദ്ധഗ്രന്ഥ

ത്തിൽനിന്നും വ്യക്തമാകുന്നതാണു്. അഹങ്കാരത്താൽ നശിച്ച മനുഷ്യനെ രക്ഷിക്കുവാൻ ദൈവം എളിമയുടെ മാർഗ്ഗം സ്വീകരിച്ചു. അല്ലെങ്കിൽ മിശിഹായുടെ സ്വയം ശൂന്യമാക്കലിൽ (കൊനോസിസിൽ) അർത്ഥം കാണുന്നില്ല. അവിടത്തെ ജീവിതംവഴി എളിമയുടെ മാർഗ്ഗം കാണിച്ചുതന്നു. മിശിഹായുടെ ആഗമനത്തിനുമുമ്പു് എളിമയുടെ മാഹാത്മ്യം ലോകത്തിനു് അജ്ഞാതമായിരുന്നു. അവിടത്തെ ജനനം, രഹസ്യജീവിതം, പരസ്യജീവിതം, പീഡാനുഭവം എന്നിവയിൽ അഗാധമായ എളിമ പ്രശോഭിച്ചിരുന്നു. ഒരു പടികൂടി കടന്നു് ദിവ്യകാരുണ്യജീവിതത്തിൽ അതു് അതിന്റെ പരമകാഷ്ഠ പ്രാപിച്ചു.

ദൈവത്തെയും നമ്മെതന്നെയും ശരിയായി അറിയുക. ആ അറിവിന്റെ പ്രകാശത്തിൽ ദൈവത്തോടും മറ്റു് സൃഷ്ടവസ്തുക്കളോടുമുള്ള ബന്ധത്തിൽ നമ്മുടെ യഥാർത്ഥസ്ഥാനമെന്താണോ അതു് നമുക്കു നൽകുന്നതാണു് യഥാർത്ഥമായ എളിമ. ക്രിസ്തീയമായ അടിസ്ഥാന മനോഭാവമാണു് എളിമ.[1] തികച്ചും ക്രിസ്തീയമായ ഒരു സുകൃതമാണു് അതു്. ക്രിസ്തീയ സുകൃതങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതു് എന്താണു് എന്നു ചോദിച്ചാൽ അതു് എളിമയാണെന്നു ഞാൻ പറയും. രണ്ടാം പ്രാവശ്യവും മൂന്നാം പ്രാവശ്യവും ചോദിച്ചാലും ഞാൻ പറയും അതു് എളിമയാണു് എന്നത്രെ വി. ആഗസ്തീനോസു് രേഖപ്പെടുത്തുന്നതു്. എളിമ അഭ്യസിക്കുവാനുള്ള ഏറ്റം പറ്റിയ മാർഗ്ഗം അനുസരണമാണു് എന്നും വിശുദ്ധർ പറയുന്നുണ്ടു്. സകല പുണ്യങ്ങളുടെയും അടിസ്ഥാനമാണു് എളിമ എന്നു് വി. ആഗസ്തീനോസും പ്രസ്താവിച്ചിരിക്കുന്നു. വി. ബർണാർഡു്

1. Rev. Fr. Bernard Harens C. S. S. R Law of Christ vol. I

പറയുകയാണു്; എളിമ മറ്റു പുണ്യങ്ങളെ സ്വീകരിക്കയും സ്വീകരിച്ചവയെ സംരക്ഷിക്കയും സംരക്ഷിച്ചവയെ മകുട മണിയിക്കയും ചെയ്യും. രണ്ടാമത്തെ ക്രിസ്തുവെന്ന അപരാഭിധാനത്തിനർഹനായ വി. ഫ്രാൻസീസു് അസ്സീസി എളിമയുടെ ഏറ്റവും നല്ല മാതൃകയാണു്.

വിശുദ്ധന്മാർ എല്ലാവരും അഗാധമായ എളിമയുള്ളവരായിരുന്നു. കാരണം ദൈവത്തിൽ നിന്നും അനുഗ്രഹങ്ങളും ലഭിക്കുന്നതിനുള്ള ഏറ്റവും പറ്റിയമാർഗ്ഗം അതാണു്. തന്നെ തന്നെ അറിയുക. അതാണു് യഥാർത്ഥജ്ഞാനത്തിന്റെ താക്കോൽ എന്നു് ഒരു ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. ചുങ്കക്കാരന്റെയും പ്രീശന്റെയും ഉപമയിൽ മിശിഹാ ഇപ്രകാരം അരുളിചെയ്തു. തന്നത്താൻ ഉയർത്തുന്ന ഏവനും താഴ്ത്തപ്പെടും. തന്നത്താൻ താഴ്ത്തുന്ന ഏവനും ഉയർത്തപ്പെടുകയും ചെയ്യും. (വി. ലൂക്കാ. XVIII. 14) യഥാർത്ഥമഹത്വത്തിനുള്ള മാർഗ്ഗം എളിമയാണു്. അതാണു് മിശിഹാനമുക്കു് മാതൃക നല്കിയിരിക്കുന്നതു്.

ഇന്നു് എളിമ ഒരു പിന്തിരിപ്പൻ ചിന്താഗതിയായി പലരും അവഗണിച്ചിരിക്കുകയാണു്. എന്നാൽ യഥാർത്ഥ എളിമയുള്ളവർക്കുമാത്രമെ ദൈവസ്നേഹത്തിലും മറ്റു് സുകൃതങ്ങളിലും പുരോഗമിക്കുവാൻ സാധിക്കൂ. ശ്രദ്ധിച്ചു പാലിക്കണമെങ്കിൽ എളിമ അത്യന്താപേക്ഷിതമാണു്. ഇന്നത്തെ നാസ്തികവാദത്തിന്റെ പിന്നിലുള്ളതു് ബൗദ്ധികമായ അഹങ്കാരമാണു്. ചില വൈദികരും സന്യാസിനീസന്യാസികളും അവരുടെ ദൈവികാഹ്വാനം പരിത്യജിച്ചുപോകുവാനുള്ള കാരണവും മറ്റൊന്നല്ല. ഒരിജൻ, മാർട്ടിൻ ലൂതർ, ചാത്സ് ഡേവിസു് മുതലായവരെല്ലാം ഇതിനു് ഉദാഹരണമാണു്. ദൈവം അഹങ്കരിക്കുന്നവർക്കു് പ്രതിരോ

ധിയാകുന്നു. താഴ്മയുള്ളവർക്കു് കൃപ നല്കുകയും ചെയ്യുന്നു. (I പത്രോ. ൫. 5)

പ. കന്യകമറിയത്തിന്റെ കൃതജ്ഞതാലാപത്തിൽ യഥാർത്ഥ എളിമ പ്രകാശിക്കുന്നു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ തുക്കൺപാർത്തു. ഇതാ ഇതുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു് കീർത്തിക്കും. ശക്തനായവൻ എന്നിൽ വലിയ കാര്യങ്ങളും ചെയ്തിരിക്കുന്നുവല്ലൊ. അവന്റെ നാമം പരിശുദ്ധമാകുന്നു. (ലൂക്കാ I 48-49) എളിമ സത്യവും നീതിയുമാണു് എന്നു വി. ത്രേസ്യായും അഭിപ്രായപ്പെടുന്നു. യഥാർത്ഥ എളിമയും അപകർഷബോധവും (Inferiority Complex) ഒന്നല്ല. എളിമയുടെ വ്യാജവേഷം അഹങ്കാരത്തിന്റെ മറെറാരു പതിപ്പാണു്, വ്യാജമായ എളിമ പല രൂപത്തിൽ പ്രത്യക്ഷപ്പെടാം. സ്വയം താഴ്ത്തിപ്പറയുക, അല്ലെങ്കിൽ ആന്തരികമായ ചൈതന്യമില്ലാതെ എളിമ നടിക്കുക മുതലായവ. എളിമയുടെ ബാഹ്യമായ പ്രവർത്തനങ്ങൾ ആന്തരികമായ മനോഭാവത്തിന്റെ പ്രകാശനമായിരിക്കണം. ബാഹ്യമായ പ്രവൃത്തികൾ ആന്തരികമായ മനോഭാവം ഉളവാക്കുവാനും പരിപോഷിപ്പിക്കുവാനും സഹായകമാണു്

ഒരു സൗധം എത്ര കൂടുതൽ ഉന്നതമായിരിക്കണമൊ അതനുസരിച്ചു് അടിസ്ഥാനം ഭൂമിയിൽ താഴ്ത്തിയിടണം. നമ്മുടെ സുകൃതജീവിതമാകുന്ന സൗധം എത്രമാത്രം എളിമയിൽ അധിഷ്ഠിതമാണോ അത്ര കൂടുതൽ അതു് ഉയരും. വി. തോമസ്സു് അകവിനാസ്സു് വിശുദ്ധിയിലും വിജ്ഞാനത്തിലും ഏറെറവും ഉന്നതി പ്രാപിച്ച വ്യക്തിയായിരുന്നു. എന്നാൽ അദ്ദേഹം ഏറെറവും എളിമയോടുകൂടിയാണു് പെരുമാറിയിരുന്നതു്. ഒരിക്കൽ ഒരു

സഹായസഹോദരൻ അദ്ദേഹത്തെ ആളറിയാതെ കോപിച്ചപ്പോൾ അദ്ദേഹം പ്രശാന്തമായി അതു സ്വീകരിക്കുകയും പിന്നീടു് സഹോദരൻ വന്നു ക്ഷമായാചനം ചെയ്തപ്പോൾ ആ സഹോദരനോടു് അദ്ദേഹം ക്ഷമ ചോദിക്കുകയും ചെയ്തു. അപ്പസ്തോലന്മാരിൽ വലിയവൻ ആരാണെന്നു തർക്കമുണ്ടായപ്പോൾ മിശിഹാ അവരോടു് അരുളിച്ചെയ്തു: ''നിങ്ങളിൽ പ്രധാനിയാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകൻ ആകണം. നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം' (വി. മത്താ. xx 26–27) സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാണു് എന്നു ശിഷ്യർ ഈശോയോടു ചോദിച്ചപ്പോൾ ഈശോ ഒരു ശിശുവിനെ വിളിച്ചു് അവരുടെ മദ്ധ്യത്തിൽ നിറുത്തിയിട്ടു് അവരോടു് അരുളിച്ചെയ്തു: ''ഞാൻ സത്യമായി നിങ്ങളോടു പറയുന്നു നിങ്ങൾ വീണ്ടും പൈതങ്ങളെപ്പോലെ ആകയില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല, ആകയാൽ ഈ പൈതലിനെപ്പോലെ തന്നെത്തന്നെ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവനായിരിക്കും. (വി. മത്താ. xviii 1-4) വീണ്ടും ഈശോ അങ്ങിൽനിന്നും പഠിക്കുവാൻ ആവശ്യപ്പെട്ട രണ്ടു സുകൃതമാണു് എളിമയും ശാന്തതയും. ''ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകുന്നു. നിങ്ങളും എന്നിൽനിന്നു പഠിക്കുവിൻ. നിങ്ങളുടെ ആത്മാക്കൾക്കു് ആശ്വാസം കണ്ടെത്തും'' എന്നാണല്ലൊ മിശിഹാ (വി. മത്താ. xi 29) ആഹ്വാനം ചെയ്തിരിക്കുന്നതു്.

എളിമ ദൈവത്തിനു നമ്മെ ഏറ്റം പ്രിയങ്കരനാക്കിത്തീർക്കുന്നു. വിശുദ്ധന്മാർ ആ രഹസ്യം മനസ്സിലാക്കി പ്രവർത്തിച്ചിരുന്നതായിക്കാണാം. വി. ബനഡിക്ടും വി. ഇഗ്നേഷ്യസ്ലയോളായും എളിമയും വിശുദ്ധിയി

ലുള്ള പുരോഗമനവും പരസ്പര ബന്ധിതമായി കാണിക്കുന്നു. ദൈവത്തോടും, സഹോദരങ്ങളോടും നമ്മോടുതന്നെയുമുള്ള പെരുമാറ്റത്തിൽ എളിമ അഭ്യസിക്കണം. എളിമ സ്ത്രീ ഒരു സാർവ്വത്രികമായ സ്വഭാവമുണ്ട്. എളിമ ഉണ്ടെങ്കിൽ മറ്റു പല പുണ്യങ്ങളും എളുപ്പത്തിൽ അഭ്യസിക്കാം. എല്ലാ ക്രൈസ്തവർക്കും എളിമ അത്യാവശ്യമാണ്. പ്രത്യേകിച്ചും മിശിഹായെ പൂർണ്ണമായി അനുകരിക്കുവാൻ പ്രതിഷ്ഠിതരായ വ്യക്തികൾ എന്ന നിലയിൽ സന്യാസിനീ സന്യാസികൾ അതിൽ മറ്റുള്ളവർക്കു മാതൃകകളായിരിക്കേണ്ടതാണല്ലോ. ഉന്നതമായ വിശുദ്ധി പ്രാപിക്കേണ്ടവർ എളിമയിലും പുരോഗമിക്കണം.

അദ്ധ്യായം പതിനഞ്ചു്.

മിശിഹായുടെ പെസഹാരഹസ്യം ജീവിക്കുക

പെസഹാ എന്ന വാക്കിന്റെ വാച്യാർത്ഥം കടന്നു പോകൽ എന്നാണു്. പെസഹാരഹസ്യം എന്നവാക്കു് പലവിധ അർത്ഥത്തിൽ ഉപയോഗിക്കുന്നു. യഹൂദന്മാരുടെ പെസഹാ, മിശിഹായുടെ പീഡാനുഭവവും മരണവും ഉത്ഥാനവും, പരിത്രാണകർമ്മം തുടർന്നുകൊണ്ടുപോകുന്ന ദിവ്യബലി, പെസഹാകാലത്തിൽ നല്കുന്ന ക്ലാശകം എന്നെല്ലാം വിവക്ഷയുണ്ടു്. ക്രിസ്തുവിന്റെ പെസഹാ രഹസ്യം ജീവിക്കുക എന്നു പറയുമ്പോൾ അവിടുത്തെ പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയിൽ നാമും ഭാഗഭാക്കുകളാകുക എന്നാണു് പ്രത്യേതിപ്പിക്കുന്നതു്. ''ഈശോമിശിഹാ മരിച്ചവരിൽ നിന്നു് പിതാവിന്റെ മഹത്വത്തോടുകൂടി ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതത്തിൽ വ്യാപരിക്കേണ്ടതിനു് നാം അവനോടുകൂടി മാമ്മോദീസാമൂലം സംസ്കരിക്കപ്പെട്ടിരിക്കുന്നു. (റോമ: VI 4)

The basic Christian attitude is openess to the spirit. This openess to the spirit is the living of the pascal mystery of Christ in us, which means

profound humility, Strong faith, desire and a total dependance on God or the Christian Commitment. [1]) ക്രിസ്തീയമായ അടിസ്ഥാന മനോഭാവം അരുപിയുടെനിമന്ത്രണങ്ങളം ശ്രവിക്കുവാനുള്ള സന്നദ്ധതയാണു്. ഇതു മിശിഹായുടെ പെസഹാരഹസ്യം ജീവിക്കുന്നതിലത്രെ. അഗാധമായ എളിമ, സജീവമായ വിശ്വാസം, പ്രത്യാശ, ദൈവത്തിലുള്ള പരിപൂർണ്ണസമാശ്രയത്വം അഥവാ ക്രിസ്തീയമായ അപ്പണമാണു് അതു് ഉൾക്കൊള്ളുന്നതു് എന്നത്രെ റവ. ഫാ. ഫിൻഫാർകൊന്നേലിയുടെ അഭിമതം.

1971–മേയ്മാസത്തിൽ ഒരു പത്രവാർത്ത കാണുകയുണ്ടായി. ഒരു സ്ത്രീ അവളുടെ ഏഴു സന്താനങ്ങളെ ഒരു ടാങ്കിൽ മുക്കിക്കൊന്നതിനുശേഷം സ്വയം ആത്മഹത്യ ചെയ്യുവാൻ മുതിരുകയാണു്. തത്സമയം പോലീസു് അവളെ പിടികൂടി. ജീവിതപ്രശ്നങ്ങളുമായി ഏറുമുട്ടി നൈരാശ്യം പൂണ്ടാണു് അവൾ അപ്രകാരം ചെയ്തതു്. പ്രശ്നങ്ങളുടെ മുമ്പിൽ അസ്വസ്ഥചിത്തരും നിരാശരുമായി തീരുന്നതു് ജീവിതത്തിന്റെ അർത്ഥം അഥവാ ജീവിത വീക്ഷണം കണ്ടെത്താത്തതിനാലാണു്. [2] എന്നു് ഫാ. എസ്വേർഡ്ലീൻ അഭിപ്രായപ്പെടുന്നു. കുരിശു് ഒരു ജീവിത തത്വശാസ്ത്രമാണു് നമ്മോടു് പ്രസംഗിക്കുന്നതു്. നമ്മുടെ ഈ ലോകജീവിതലക്ഷ്യം സുഖഭോഗങ്ങളം ആസ്വദിക്കുകയല്ല പ്രത്യുതാ നമ്മെതന്നെ പവിത്രീകരിക്കുകയാണു്. The Cross of Christ is the answer to the Problem of

---

1. Rev. Fr. Finbar Connelly. C. S. S. R. Lecture on New Spirituality Cfr also. Rev. Fr. Charles & Curran. A New book at Christian Morality.

(2). Rev. Fr Edward Leen. In the Likeness of Christ. Triumph of Failure. P 151

life (3) ക്രിസ്തുവിന്റെ കുരിശാണു് ജീവിതപ്രശ്നങ്ങളുടെ ഏക സമാധാനം. നാം ഈ ലോകത്തിൽ എപ്രകാരമാണു് ജീവിക്കേണ്ടതു്, ലോകത്തെ എപ്രകാരം ഉപയോഗിക്കണം, ലോകത്തിൽനിന്നു് എന്താണു് പ്രതീക്ഷിക്കേണ്ടതു്, ആഗ്രഹിക്കേണ്ടതു് എന്നുള്ള വസ്തുതകളെല്ലാം കുരിശു് നമ്മോടു് പ്രസംഗിക്കുന്നുണ്ടു് എന്നതത്രെ കർദ്ദിനാൾ ന്യൂമാന്റെ അഭിപ്രായം.

എന്നെ അനുഗമിക്കുവാൻ മനസ്സാകുന്നവൻ സ്വയം പരിത്യജിച്ചു് അവന്റെ കുരിശും എടുത്തു് എന്റെ പിന്നാലെ വരട്ടെ. (വി. മത്താ. XVI. 24) മിശിഹായെ അനുഗമിക്കുന്നതിനുള്ള ഒരു വ്യവസ്ഥയാണു് കുരിശു്. അതു് ഒരു അവകാശവുമാണു്. അവിടുത്തെ അനുഗമിക്കുന്നവരുടെ ലക്ഷണവുമായിരിക്കും കുരിശു്. സ്നേഹം ചിലകാര്യങ്ങൾ കർശനമായിത്തന്നെ ആവശ്യപ്പെടുന്നുണ്ടു്. ക്രിസ്തുവിനെ അനുകരിക്കുന്നതു് പ്രധാനമായും സഹനത്തിലാണു്. ക്രിസ്തുവിനോടുള്ള സാരൂപ്യമല്ല പ്രത്യുത വിശ്വാസത്തിലും അനുസരണത്തിലും. സഹനമില്ലെങ്കിൽ മനുഷ്യൻ പകുത പ്രാപിക്കുകയില്ല. അവന്റെ ചൈതന്യം ബലഹീനമാകും. ചുമതലകളുടെ മുമ്പിൽ യുക്ത്യനുസരണമായ പെരുമാറ്റവും ഉത്തരവാദിത്വപൂർണ്ണമായ സ്വാതന്ത്ര്യവുമാണു് ആധുനികമായ ആദ്ധ്യാത്മികത[4]. (New manner of asceticism) എന്നതത്രെ ഫാ. കാൽറാനും അഭിപ്രായപ്പെട്ടിട്ടുള്ളതു്.

ആധുനികലോകത്തിൽ ഉത്തമമായ ക്രിസ്തീയജീവി

---

(3). Cardinal New man. The Cross of Christ measure of universe.

4. Life in the Spirit I Changes in Spirituality by Thomas Surtoy with a preface by Fr. Hans kung.

തവും വിശിഷ്യാ സന്യാസജീവിതവും നയിക്കണമെങ്കിൽ കുറച്ചു് ത്യാഗവും ഉത്തരവാദിത്വബോധവും പ്രദർശിപ്പിക്കാതെ സാദ്ധ്യമല്ല. പരിമിതമായവിധം അതിനെങ്കിലും നാം സന്നദ്ധത പ്രദർശിപ്പിക്കേണ്ടതാണു്. കുരിശാണു് ഈലോകത്തിലെ ഏറ്റവും ചലനാത്മകമായ ശക്തി. കുരിശിന്റെ മുമ്പിൽ നില്ക്കുന്ന ഒരുവൻ ഒന്നുകിൽ സ്വയം ക്രിസ്തുവിനോടുകൂടി ക്രൂശിക്കും. അല്ലെങ്കിൽ വീണ്ടും ക്രിസ്തുവിനെ കുരിശിൽ തറയ്ക്കും. വി. പൗലോസു് ശ്ലീഹാ ഉൽബോധിപ്പിക്കുന്നു. നിങ്ങളും നിങ്ങളുടെ ജഡത്തെ അതിന്റെ സകല ദുരാശകളോടും ആഗ്രഹങ്ങളോടുംകൂടി ക്രൂശിക്കാതിരുന്നാൽ നിങ്ങളും ക്രിസ്തുവിനുള്ളവരായിരിക്കുകയില്ല. (ഗാല: v. 26) മിശിഹായുടെ പീഡാനുഭവത്തിൽ കുറവുള്ളതിനെ അവിടുത്തെ സഭാശരീരത്തിനുവേണ്ടി എന്റെ ശരീരത്തിൽ ഞാൻ പരിഹരിക്കുന്നു. (കൊളോ. I 24-25)

വി. ആഗസ്തീനോസും ഈ വാക്കുകളെ വ്യാഖ്യാനിച്ചുകൊണ്ടു് പ്രസ്താവിക്കുന്നു. മിശിഹായുടെ പീഡാനുഭവം ഇതുപോലെ അനേകം ലോകങ്ങളെ സംരക്ഷിക്കുവാൻ പര്യാപ്തമാണു്. പിന്നെന്തുകൊണ്ടു് അപ്പസ്തോലൻ ഇപ്രകാരം പറയുന്നു. അവിടുത്തെ മൗതികശരീരത്തെ പരാമർശിച്ചാണു് മൗതികശരീരത്തിലെ ഓരോ അംഗവും സ്വസഹനം വഴി രക്ഷണീയ കർമ്മത്തിൽ സഹകരിക്കേണ്ടതു് ആവശ്യമാണെന്നു് വിശുദ്ധൻ പറയുന്നതു്. (ഗാല: II. 19, VI. 14; വേദപാരംഗതനായ വി. ആഗസ്തീനോസും വീണ്ടും സഹനത്തിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നുണ്ടു്. ഈലോകം തന്നെ കയ്പേറിയതാണു്. എന്നിരുന്നാലും മനുഷ്യൻ ലോകത്തെ സ്നേഹിക്കുന്നു. എന്നാൽ ഈലോകം മാധുര്യപൂർണ്ണമായിരുന്നെങ്കിൽ ദൈ

വത്തെ സ്നേഹിക്കുവാൻ ആരുണ്ടാകുമായിരുന്നു. ആപദിഭജന്തി, നഭജന്തി സുലഭാതേ്ഥ എന്നു് സംസ്കൃതത്തിലും ഒരാപ്തവാക്യമുണ്ടു്.

വി. തോമസ്സു് അകവീനാസും ഈലോകത്തിലെ സഹനത്തെ പരാമർശിക്കുന്നു. പരിത്രാണകർമ്മത്തിനു ശേഷവും ദൈവം എന്തുകൊണ്ടു് സഹനം അനുവദിക്കുന്നു? ജ്ഞാനസ്നാനത്തിലാണു് നമ്മിൽ പരിത്രാണകൃത്യം സമാരബ്ധമാകുന്നതു്. ജ്ഞാനസ്നാനത്തോടുകൂടി സഹനത്തിൽനിന്നും വിമുക്തമാകുമെങ്കിൽ പ്രകൃത്യതീതമായ ഉദ്ദേശ്യത്തോടുകൂടി എന്നതിനെക്കാൾ സഹനത്തിൽനിന്നും മോചനം പ്രാപിക്കുന്നതിനായി എല്ലാവരും ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനിടയാകും. കൂടാതെ മൂന്നു കാരണങ്ങൾകൂടി വിശ്രുദ്ധൻ നല്കുന്നു. ഒന്നാമതു് നാം ക്രിസ്തുവിനോടു് അനുരൂപരാകുന്നതിനു്. നാം മിശിഹായോടുകൂടി സഹരക്ഷകരാണു്. നാം എത്രമാത്രം രക്ഷണീയകർമ്മത്തിൽ സഹകരിക്കുന്നുവോ അത്രമാത്രമെ ഈശോയോടു് അനുരൂപരാവുകയുള്ളു. നാം നേരത്തെ കണ്ടതുപോലെ സഹനത്തിലും അവിടുത്തോടു് സദൃശരാകണം. രണ്ടാമതു് നമ്മുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു് പരിഹാരമർപ്പിക്കുക. അവസാനമായി നമുക്കു് യോഗ്യത ലഭിക്കുന്നതിനുവേണ്ടിയുമാണു്. ഈലോകത്തിലെ സകല പീഡനങ്ങളും ദൈവം തന്റെ നീതിമാന്മാക്കായി ഒരുക്കിയിരിക്കുന്ന നിത്യസൗഭാഗ്യത്തോടു് തുലനം ചെയ്യുമ്പോൾ വളരെ നിസ്സാരമാണു്. (വി. പൗലോ: റോമ്മാ. VIII. 19) നാം എത്രമാത്രം ക്രിസ്തുവിനോടു് അനുരൂപരായിത്തീരുന്നുവോ അത്രമാത്രമെ പരിപൂർണ്ണരായിരിക്കുകയുള്ളു[5]. എന്നു് വിശ്രുദ്ധ തോമസ്സു് അകവീനാസ്സു് അഭിപ്രായപ്പെടുന്നു.

5. St. Thomas Summa Theologica III 69, a 3.

വിശുദ്ധന്മാർ സഹനത്തിന്റെ ഈ മാഹാത്മ്യം നന്നായി മനസ്സിലാക്കിയവരാണു്. Suffering is a great Sacrament for the Sanctification of souls (Fr. Faber. Growth in holiness) സഹനം ആത്മാക്കളെ പവിത്രീകരിക്കുന്ന ഒരു കൂദാശയാണെന്നാണു് ഫാ. ഫേബറിന്റെ അഭിമതം. മിശിഹായുടെ പെസഹാരഹസ്യമാണു് സഹനത്തിന്റെ മാഹാത്മ്യം നമ്മെ മനസ്സിലാക്കുന്നതു്. The resurrection is the Sacrifice of the Cross heard and answered by Father. [6] പുനരുത്ഥാനം കുരിശിലെ ബലി പിതാവായ ദൈവം അംഗീകരിച്ചു് മറുപടി നൽകിയതാണു് എന്നു് റവ. ഫാ. എഡ്വേർഡ് ഷില്ലബക്കു് അഭിപ്രായപ്പെടുന്നു. മിശിഹാനാഥൻ സഹനം തലയിലെഴുത്താണു്, അതു് സഹിച്ചുകൊള്ളുക എന്നു പറഞ്ഞില്ല. മാത്രമല്ല സഹനം മഹത്വത്തിനുള്ള മാർഗ്ഗമായി കാണിച്ചുതന്നു. ന്യായമായ മാർഗ്ഗങ്ങളിലൂടെ സഹനം ദൂരീകരിക്കുവാൻ പരിശ്രമിക്കുന്നതിലും തെറ്റില്ല എന്നും മാതൃക നൽകി പഠിപ്പിച്ചു. അവിടുന്നു് ജനിച്ചപ്പോൾമുതൽ കാൽവരിയിലെ കുരിശിന്റെ തണലിലാണു് ജീവിച്ചിരുന്നതു്.

മിശിഹായെ അനുഗമിക്കുന്നവരും സഹനത്തിനു് വിധേയരായേ മതിയാവൂ. പലതരത്തിലുള്ള സഹനമായിരിക്കും ഓരോരുത്തരും അഭിമുഖീകരിക്കേണ്ടി വരിക. രോഗം, മർദ്ദനം, മാനസിക ക്ലേശങ്ങൾ, സാമ്പത്തിക പ്രശ്നം എന്നിങ്ങനെ പലതും. Suffering and Poverty

---

6. Rev. Fr. Edward Schillebeeckx O. P. Christ the Sacrament of Encounter with God. P. 37. St. Augustine P. L. 35. Col: 1463. In Evangeleum Joanem.

are two sacraments of sin [7] സഹനവും ദാരിദ്ര്യവും പാപത്തിന്റെ ക്ലേശകളാണെന്നാണു് ഫാ. ചാത്സു് കരാനും രേഖപ്പെടുത്തുന്നതു്. ഒരു മനുഷ്യൻ രോഗവും പട്ടിണിയും മറ്റു നിരവധി ക്ലേശങ്ങളും അഭിമുഖീകരിച്ചു് മരിക്കുവാൻ തുടങ്ങിയപ്പോഴും ''ഞാൻ ഇപ്പോഴത്തെപ്പോലെ ദൈവത്തോടടുത്ത വേറൊരു നിമിഷവുമില്ലെന്നു് ഭാര്യയെ അറിയിച്ചാലും'' എന്നാണു് സുഹൃത്തുക്കളോടാവശ്യപ്പെട്ടതു്. (Rev. Fr. Riquet S. J. Christian facing the ruins) നാം വലിയ പാപമൊന്നും ചെയ്തിട്ടില്ലെങ്കിലും പാപപങ്കിലമായ ഒരു മാനവരാശിയോടു് ഏകീഭവിച്ചിരിക്കുന്നതിനാൽ സഹനം അനുപേക്ഷണീയമത്രെ. വിശുദ്ധർ സഹനത്തെ സ്നേഹിച്ചിരുന്നു. സഹനത്തിൽ സന്തോഷം കണ്ടെത്തി.

മേരി വൊളയിൻ എന്ന ബാലിക 14-ാമത്തെ വയസ്സിൽ കഷ്ടരോഗബാധിതയായി. അവളുടെ ബന്ധുമിത്രാദികളും അവളെ സമാശ്വസിപ്പിക്കുവാൻ ചെന്നപ്പോഴും അവളും ഇപ്രകാരമാണു പറഞ്ഞതു്. ഞാൻ പ. കന്യകയ്ക്കു് ഒരു സന്ദേശമയച്ചിരിക്കയാണു്. ഞാൻ രോഗിണിയായിരിക്കണമോ ആരോഗ്യവതിയായിരിക്കണമോ എന്നു തീരുമാനിക്കുവാനുള്ള അധികാരം ദൈവത്തിനേറതത്രെ. എന്നാൽ ഞാൻ ക്രൂശിതനായ ക്രിസ്തുവിനോടും ശോകാംബികയോടും സാരൂപ്യം പ്രാപിച്ചതിൽ സന്തോഷിക്കുന്നു.[8] സ്നേഹത്തിന്റെ നിയമമാണു് ത്യാഗം. (Mgr. Fulton J. sheen. World's First Love) അതു് സ്നേഹത്തിന്റെ മാറ്റു് ഉരച്ചുനോക്കുന്ന ഉരകല്ലാണു്. ആധുനിക

7. Rev. Charles E. Curran. A New book at Christian morality. P. 21.
8. Message to heaven. Ligourian Nov. 1966.

ലോകത്തിലെ ഏഴു മാരക പാപങ്ങളിൽ ഒന്നു ത്യാഗമി ല്ലാത്ത മതജീവിതമാണു എന്നു മലയായിൽനിന്നും പ്ര സിദ്ധീകരിക്കുന്ന ഒരു മാസികയിൽ ഒരു ലേഖകൻ സമർ ത്ഥിക്കുകയുണ്ടായി. (Lift up your hearts, Christopher Publication) നമ്മുടെ രാഷ്ട്രപതി വി. വി. ഗിരിയും ഒരു പ്രസംഗമദ്ധ്യേ അതാവത്തിച്ചു പ്രസ്താവിച്ചു. ആധു നികരായ ചിലർ തങ്ങളുടെ സകല അഭിരുചികളെയും സംതൃപ്തിപ്പെടുത്തുന്ന ഒരു ക്രിസ്തുമതത്തിനുവേണ്ടി പരിശ്ര മിക്കുന്നതായി പ. പിതാവു പൗലോസു ആറാമൻ തിരു മനസ്സുകൊണ്ടു ഒരു പ്രഭാഷണമദ്ധ്യേ അരുളിച്ചെയ്കയു ണ്ടായി. (1969–November)

എന്നെ അനുഗമിക്കുവാൻ മനസ്സാകുന്നവൻ സ്വയം പരിത്യജിച്ചു അവന്റെ കുരിശുമെടുത്തു എന്റെ പിന്നാ വരട്ടെ എന്നാണു മിശിഹാ എല്ലാവരോടും ആഹ്വാനം ചെയ്തിരിക്കുന്നതു. എന്നാൽ സന്യാസികളോടു കുരി ശിന്മേൽ കുരിശു വഹിച്ചു എന്നെ അനുഗമിക്കുവാനായി രിക്കും പറയുക എന്നു വി. ഗ്രിഗരിയും പ്രസ്താവിച്ചിരിക്കു ന്നു. നാം വ്രതത്രയം വഴി ക്രിസ്തുവിനോടു സ്വയം ക്രൂശി ക്കുകയാണല്ലോ ചെയ്യുന്നതു.

ഒരിക്കൽ വി.തോമസു അക്വീനാസു വേറൊരുവൈ ദികനുമൊരുമിച്ചു വി. ബൊനവന്തുരയെ സന്ദർശിച്ചു. തദ വസരത്തിൽ വി. ബൊനവന്തുരാ ഇരുന്നുകൊണ്ടു വി. ഫ്രാൻസിസു അസീസിയുടെ ജീവചരിത്രം എഴുതുകയാ ണു. അപ്പോഴും വി. തോമസു അക്വീനാസു അദ്ദേഹ ത്തിന്റെ സഹഗാമിയായ വൈദികനോടു ഇപ്രകാരം പറ ഞ്ഞു ''ഇതാ ഒരു വിശുദ്ധൻ ഇരുന്നുകൊണ്ടു ഒരു വിശുദ്ധ ന്റെ ജീവചരിത്രം എഴുതുന്നു'',

അതിനശേഷം വി. തോമസും അകപിനാസും വി. ബൊനവന്തുരായോടു് ഇപ്രകാരം ചോദിച്ചു. ''അങ്ങു്എ പ്രകാരമാണു് ഇത്രവലിയ വിശുദ്ധിയും വിജ്ഞാനവും സമ്പാദിച്ചതു്. ഉടനെ വി. ബൊനവന്തുരാ അദ്ദേഹത്തി ന്റെ മേശപ്പുറത്തിരുന്ന ക്രൂശിതരൂപം കാണിച്ചുകൊടുത്തി ട്ടു് ഇപ്രകാരം പറഞ്ഞു ''ഈ ക്രൂശിതരൂപത്തിൽനിന്നാ ണു് ഞാൻ എന്റെ വിജ്ഞാനവും വിശുദ്ധിയും പകർന്നെട ുത്തതു്. കുരിശു് ദൈവത്തിന്റെ അനന്തമായ ജ്ഞാനവും സ്നേഹവും നമ്മോടു് പ്രസംഗിക്കുന്ന ഒരു ത്രുടന്ന പുസ്തകമാ ണെന്നാണു് വി. ജോൺക്രിസോസ്റ്റോം പ്രസ്താവിച്ചിട്ടുള്ള തു്. അദ്ദേഹം യാതനയുടെ തീച്ചൂളയിൽ ദഹിച്ച ഒരു വ്യക്തിയായിരുന്നു.

ഒരിക്കൽ മഹാത്മജി ഇപ്രകാരം പ്രസ്താവിച്ചു. ''ക്രി സ്തുവിന്റെ ജീവിതം ജീവിക്കുന്ന കുരിശാണു്. അതു കൂടാതെ ജീവിതം സജീവ മരണമാണു്''[9] നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിക്കു് ഇപ്രകാരം പറയുവാൻ സാധിക്കുമെങ്കിൽ ക്രിസ്തുവിനെ പദാനുപദം അനുകരി ക്കേണ്ട ക്രിസ്ത്യാനികളും, വിശിഷ്യാ സന്യാസിനീസന്യാ സികളും എത്ര കൂടുതൽ അതു് പറയുവാൻ കടപ്പെട്ടവരാ.

ദൈവം തിന്മയുടെ കാരണഭ്രൂതനല്ല; പ്രത്യുത തിന്മ അനുവദിക്കുന്നു. തിന്മയിൽ നിന്നും നന്മ പുറപ്പെടുവി ക്കുവാൻ സാധിക്കുന്നിടത്തോളം മാത്രമെ അവിടുന്നു് തിന്മ അനുവദിക്കുകയുള്ളു. (St. Augustine. City of God) സഹനം അതിൽത്തന്നെ ഒരനുഗ്രഹമല്ല. അതു് അനുഗ്രഹ

9. Young India, December 1931. Quoted in the Message of Jesus Christ. P. 37. Bharatiya Vidya Bhavan- Bombay, 1964.

പ്പിക്കു ഭാവിമഹത്വത്തിനുള്ള ഒരു മാർഗ്ഗം മാത്രമാണു്. പുനരുത്ഥാനത്തിൽ മാത്രമാണു് കുരിശ്ശു് സാർത്ഥകമാകുന്നതു്. ഇതുപോലെ നമ്മുടെ ഓരോരുത്തരുടെയും ഭാവിമഹത്വത്തിലാണു് ഭൗമികജീവിതത്തിലെ സഹനം അർത്ഥപൂർണ്ണമാകുന്നതു്.

ആദിമാതാപിതാക്കന്മാരുടെ പാപമാണു് മാനവകുലത്തിൽ നാം ഇന്നു കാണുന്ന സകല യാതനകൾക്കും കാരണം. എന്നാൽ ആദത്തിന്റെ നാശം ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു നവ്യലോകസൃഷ്ടിക്കു് വഴി തെളിച്ചു. അതാണല്ലോ ഓ! ആദത്തിന്റെ ഭാഗ്യപൂർണ്ണമായ പാപമെ! ഇത്ര വലിയ ഒരു പരിത്രാതാവിനെ ഞങ്ങൾക്കു ലഭിച്ചതന്ന പാപമെ! എന്നൽഘോഷിക്കുവാൻ വി. ആഗ്രസ്തീനോസിനെ പ്രേരിപ്പിച്ചതു്. ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ നന്മയ്ക്കായി ഈലോകത്തിലുള്ളതെല്ലാം ക്രമീകരിക്കുന്നു എന്നു് വി. അപ്പസ്തോലനും പറയുന്നുണ്ടു്. പലപ്പോഴും സഹനം വ്യാജവേഷത്തിൽ പ്രത്യക്ഷപ്പെടുന്ന അനുഗ്രഹങ്ങളാ (Blessings in disguise) ആയിരിക്കും. സംഭവിക്കുമ്പോൾ നാം അതു് മനസ്സിലാക്കുകയില്ല. എന്നാൽ പിന്നീടു് നാം അതിൽ വിസ്മയഭരിതരാകും.

''നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും മിശിഹായുടെ സഹനത്തിലും മരണത്തിലും മഹത്വത്തിലും പങ്കുചേരേണ്ടതു് ഈ ഭൗത്യനിവ്വഹണത്തിനാവശ്യമാണെന്നു് ഇതിൽനിന്നു മനസ്സിലാക്കുകയും ചെയ്യണം. (പീലി: III. 10–11) എന്നു് മാർപ്പാപ്പാ സന്യാസികൾക്കുള്ള ഉദ്ബോധനത്തിൽ അനുസ്മരിപ്പിക്കുന്നുണ്ടു്. ഇന്നത്തെ ലോകം സഹനവും ദുഃഖവും ഇല്ലാത്ത

ഒരു ലോകസൃഷ്ടിക്കുവേണ്ടി പരിശ്രമിക്കുന്നുണ്ട്. സന്യാസികരും ലോകത്തിലെ യാതനകളും ക്ലേശങ്ങളും സഹിക്കുന്നവരോടു് സഹതാപാർദ്രമായ ഒരു ഹൃദയത്തോടുകൂടി പെരുമാറണം. അതെ അവസരത്തിൽ മറ്റുള്ളവരുടെ ക്ലേശങ്ങളെ ലഘൂകരിക്കുവാൻ പരിശ്രമിക്കണം. ദൈവദാസി സിസ്റ്റർ അല്ഫോൻസായെപ്പോലുള്ള ധീരചിത്തർ സഹനത്തിന്റെ ബലിവേദിയിൽ ഹോമിച്ചു് അനേകം ആത്മാക്കളെ രക്ഷിച്ചതുപോലെ അസാധാരണമായ ആ ഫലം ചിലർക്കു ലഭിച്ചേക്കാം. സഹനത്തിന്റെ സ്വതോവാതീതമായ മാഹാത്മ്യം ഏതായാലും സന്യാസജീവിതത്തിലും വിസ്മരിക്കാനാവുകയില്ല.

അദ്ധ്യായം പതിനാല്

നമ്മുടെ ആഹ്വാനം

വത്തിക്കാൻ സൂനഹദോസിന്റെ നവീകരണ പ്രക്രിയയിൽ നമുക്കു് നാലു് ആഹ്വാനമാണു് ലഭിച്ചിട്ടുള്ളതു്. കേവലം ബാഹ്യമാത്രമായ നവീകരണത്തിനും ഉപരിയായി അഭ്യന്തരമായ ഒരു നവീകരണമാണു് സൂനഹദോസ് നമുക്കു് നൽകിയിട്ടുള്ള ആഹ്വാനം. സൂനഹദോസിന്റെ ഡിക്രികൾ എല്ലാംതന്നെ അതു് വ്യക്തമാക്കുന്നു. ഈ നവീകരണ പ്രക്രിയയിൽത്തന്നെ നമുക്കു് നാലു വ്യത്യസ്ത ആഹ്വാനങ്ങൾ നൽകിയിട്ടുണ്ടു്. അതിൽ ഒന്നാമത്തെതു് ദൈവത്തിൽനിന്നും നമുക്കു് ലഭിക്കുന്ന ഒരു നിത്യമായ ആഹ്വാനമത്രെ. ദൈവവുമായി ഐക്യപ്പെട്ടു് ജീവിക്കുക. ലോകത്തിലുള്ള എല്ലാ മനുഷ്യർക്കുമായി നൽകിയിട്ടുള്ള ആ ആഹ്വാനം നാം എപ്രകാരമാണു് നിർവ്വഹിക്കുന്നതു്.

സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ. എന്നുള്ള മിശിഹായുടെ ആഹ്വാനമനുസരിച്ചു് നാം പിതാവിന്റെ പരിപൂർണ്ണതയുടെ നിദർശനങ്ങളായിരിക്കണം. The nun is a Sacrament of the Presence of God.[1] ഒരു സന്യാസി ഈ ലോകത്തിൽ ദൈവസാന്നിദ്ധ്യത്തി

1. The Nun is a Sacrament of God's Saving Presence, Gabriel Cardinal Garrone. St. Paul's Publication. P. 1.

ന്റെ ഒരു കൂദാശയാണു്. ഇതു് എല്ലാ സന്യാസികളെക്കുറിച്ചും പറയുവാൻ പാടുണ്ടു്. ദൈവകല്പനകളും, തിരുസ്സഭയുടെ നിർദ്ദേശങ്ങളും, സന്യാസജീവിതത്തിന്റെ കടമകളും, പ്രാർത്ഥന, കൂദാശപരമായ ജീവിതം, സൽകൃത്യങ്ങളും എന്നിവവഴി നാം ദൈവവുമായി ഐക്യപ്പെട്ടു് ദൈവികമനുഷ്യരായിരിക്കണം. ഒരു വൈദ്യുതദീപം പ്രകാശിക്കണമെങ്കിൽ പവർ ഹൗസുമായി ബന്ധിതമായിരിക്കണം. അതുപോലെ ഇന്നത്തെ അന്ധകാരാവൃതമായ ലോകത്തിൽ നാം പ്രകാശിക്കുന്ന ദീപങ്ങളാകണമെങ്കിൽ ദൈവവുമായി ഐക്യപ്പെട്ടുള്ള ഒരു ജീവിതം നയിക്കണം.

ഒരുവൻ ദൈവത്തെ സ്നേഹിക്കാതെ സ്വയം സ്നേഹിക്കുന്നെങ്കിൽ തന്നെത്തന്നെയല്ല സ്നേഹിക്കുന്നതു്. എന്നാൽ തന്നെത്തന്നെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കുന്നെങ്കിൽ സ്വയം സ്നേഹിക്കുന്നു എന്നു് വരും. ആഗസ്തീനോസും് പ്രസ്താവിച്ചിരിക്കുന്നു. കാരണം നമ്മുടെ സമ്പൂർണ്ണതയും അടങ്ങിയിരിക്കുന്നതു് ദൈവസ്നേഹത്തിലാണു്. നാസ്തികമായ ഇന്നത്തെ ലോകത്തിൽ നാം ദൈവത്തെ നമ്മുടെ ജീവിതം വഴിയായി കാണിച്ചുകൊടുക്കണം. നമുക്കു് ഇന്നു് ദൈവത്തിനു് രണ്ടു മണ്ഡലങ്ങളിൽ സാക്ഷ്യം വഹിക്കണം. ഒന്നാമതായി ദൈവികമനുഷ്യരായി ജീവിച്ചുകൊണ്ടു് അനുഭവത്തിന്റെ തലത്തിൽ സാക്ഷ്യം വഹിക്കണം. രണ്ടാമതായി ബൗദ്ധികമണ്ഡലത്തിൽ സയുക്തികം ദൈവാസ്തിത്വത്തെ സ്ഥാപിക്കേണ്ടതാണു്.

ഈ ലോകത്തിലുള്ളതെല്ലാം നമ്മെ ദൈവവുമായിട്ടു് ഐക്യപ്പെടുത്തുവാൻ പര്യാപ്തമാണു്. ദൈവവുമായിട്ടുള്ള പരിപൂർണ്ണ ഐക്യം സ്വർഗ്ഗത്തിൽവച്ചുമാത്രമേ സാധിക്കു

കയുള്ള. എന്നാൽ ഇവിടെവച്ചു് വിശുദ്ധീകരണ വരപ്ര സാദംവഴിയും ബുദ്ധിയുടെയും മനസ്സിന്റെയും പ്രവർത്തന ങ്ങളം വഴിയും നമുക്കു് ദൈവവുമായിട്ടു് ഐക്യപ്പെടുവാൻ സാധിക്കും. വിശുദ്ധീകരണവരപ്രസാദംവഴി ദൈവവുമാ യിട്ടുള്ള ഐക്യവും വിശുദ്ധിയും പരസ്പരബന്ധിതമാണു്. ക്ഷമാശസ്വീകരണം, പ്രാർത്ഥന, സൽകൃത്യങ്ങളം എന്നിവ വരപ്രസാദ ദ്വാരായുള്ള ഐക്യത്തെ കൂടുതൽ സജീവവും അവിഭാജ്യവുമാക്കുന്നു. വിശ്വാസം, ശരണം, സ്നേഹം മുതലായ ദൈവീക സുകൃതങ്ങളുടെ അഭ്യസനവും ദൈവ ത്തെയും ദൈവികമായ കാര്യങ്ങളെപ്പറ്റിയുള്ള ചിന്തയും ദൈവവുമായി നമ്മെ ഐക്യപ്പെടുത്തുന്നതിനു് പര്യാപ്ത മാണു്.

അടുത്തതായി നമുക്കു് ഒരു സ്വാഭാവികമായ ആഹ്വാ നമുണ്ടു്. ഒരു പുരുഷൻ അഥവാ ഒരു സ്ത്രീ എന്നുള്ളനില യിൽ നമുക്കു് ലഭിച്ചിരിക്കുന്ന ചില പ്രത്യേകഗുണങ്ങളു ണ്ടു്. പൗരുഷികമായഗുണങ്ങളം, ധീരത, നേതൃത്വം, അർപ്പ ണമനോഭാവം മുതലായവ നാം പരിപോഷിപ്പിച്ചു് അവ യെ ദൈവസേവനത്തിനും പരസേവനത്തിനുമായി വിനി യോഗിക്കണം. ദൈവദത്തമായി നമുക്കു് ലഭിച്ചിരിക്കുന്ന കഴിവുകളം പരമാവധിപ്രയോജനപ്പെടുത്തണം. ഏതെങ്കി ലും കഴിവുകളം നാം പൂഴ്ത്തിവച്ചാൽ ദൈവം അതിനു് നമ്മോടു് കണക്കുചോദിക്കും. മിശിഹാ അരുളിച്ചെയ്ത കക്രായുടെ ഉപമ (വി. മത്താ XXV.) യിലെ അലസനാ യ ഭൃത്യനോടു് നാം സദൃശരാകാതിരിക്കണമെങ്കിൽ ദൈവ ത്തിന്റെ ദാനങ്ങളം പരമാവധി ഫലദായകമാകത്തക്കവി ധത്തിൽ വിനിയോഗിക്കണം. സ്ത്രീകളും അവരുടെ സ്ത്രൈ ണികമായ ഗുണവിശേഷങ്ങളം പരിപോഷിപ്പിക്കണം. സ്നേഹം, സേവനം, ത്യാഗം എന്നിവയാണു് സ്ത്രീയുടെ

ഏറ്റവും വിശിഷ്ടമായഗ്രണങ്ങൾ. ആധുനികലോകത്തിന്റെ ധാർമ്മികമായ ഭാവി സ്ത്രീയുടെ കരങ്ങളിലാണെന്നാണ് കർദ്ദിനാൾസുവനൻസ് അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇന്ന് സ്ത്രീകൾ എല്ലാരംഗങ്ങളിലും പുരുഷന്മാരോടൊപ്പം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സഭാസേവനത്തിലും ദൈവസേവനത്തിലും അപ്രകാരമുള്ള ഒരു മുന്നേറ്റം ഉണ്ടാകണം. ഭാരതത്തിൽ മുപ്പതിനായിരം സന്യാസിനികൾ ഉണ്ടെന്നാണ് അടുത്തകാലത്തു കണക്കാക്കപ്പെട്ടിരിക്കുന്നതു. ഈ മുപ്പതിനായിരംപേരും പരിപൂർണ്ണ അർപ്പണമനോഭാവത്തോടുകൂടി പ്രവർത്തിച്ചിരുന്നെങ്കിൽ ഭാരതസഭയ്ക്ക് അതു എത്ര വലിയനേട്ടമായിരുന്നു. എത്രവലിയസ്വാധീനം ഭാരത ത്തിലെ ആദ്ധ്യാത്മികവും, സാമൂഹ്യവും, വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ നാം ചെലുത്തുന്നുണ്ട്. മാനസികമായ മൂല്യങ്ങളെയും നാം വിലമതിക്കണം, സന്യാസജീവിതത്തിനു പ്രതിബന്ധമാകാത്തിടത്തോളം.

മൂന്നാമതായി ജ്ഞാനസ്നാനസ്ഥീകരണത്തോടുകൂടി ഓരോ ക്രിസ്ത്യാനിക്കും ലഭിക്കുന്ന പ്രകൃത്യതീതമായ ഒരാഹ്വാനമാണ്, ക്രിസ്തുവിന്റെ ജീവിതംതന്നെ തുടർന്നുകൊണ്ടുപോവുക. മിശിഹാനാഥൻ തന്നെ അരുളിച്ചെയ്തിട്ടുണ്ട് നാം അവിടുത്തെ ജീവിതമാണ് നയിക്കേണ്ടതെന്നു. ''ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു. ശാഖ മുന്തിരിവള്ളിയിൽ വസിക്കുന്നില്ലെങ്കിൽ അതിനു തന്നെ ഫലങ്ങൾ പുറപ്പെടുത്തുവാൻ സാദ്ധ്യമല്ല. ഇപ്രകാരം തന്നെ നിങ്ങളും എന്നിൽ ജീവിക്കാതിരുന്നാൽ നിങ്ങൾക്കും ഫലങ്ങൾ പുറപ്പെടുത്തുവാൻ സാദ്ധ്യമല്ല. എന്തെന്നാൽ എന്നെ കൂടാതെ നിങ്ങൾക്ക് യാതൊന്നും ചെയ്യുവാൻ സാദ്ധ്യമല്ല''. (വി. യോഹ XV) വി. പൗലോസ് ശ്ലീഹായും നമ്മെ ഇക്കാര്യം അനുസ്മരിപ്പിക്കുന്നു. ''ഞാൻ

ജീവിക്കുന്നു. പ്രത്യുതാ ഞാനല്ല മിശിഹാ എന്നിൽ ജീവിക്കുന്നു.'' നിങ്ങളിൽ ഓരോരുത്തരിലും മിശിഹാ ഉരുവാകുവോളം ഞാൻ പ്രസവവേദന അനുഭവിക്കുന്നു. (ഗാല. IV 19)

വി. ആഗ്രസ്തീനോസും വളരെ ഭംഗിയായി പ്രതിപാദിക്കുകയാണു്. ''അല്ലയോ ക്രിസ്ത്യാനി, നീ ക്രിസ്ത്യാനിയല്ല, ക്രിസ്തുവാണു്. നീ എവിടെപോകുന്നുവോ, അവിടെ ക്രിസ്തുവിന്റെ പാദമാണു്. നീ എവിടെ പ്രവർത്തിക്കുന്നുവോ, അവിടെ ക്രിസ്തുവിന്റെ കരമാണു്. നീ എവിടെ സംസാരിക്കുന്നുവോ, അവിടെ ക്രിസ്തുവിന്റെ അധരമാണു്. നീ എവിടെ ഉണ്ടോ അവിടെ ക്രിസ്തുവും ഉണ്ടു്. ''രണ്ടാംവത്തിക്കാൻ സൂനഹദോസു് എല്ലാ ക്രിസ്ത്യാനികൾക്കും നലുകുന്ന ദൗത്യം ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുവാനാണു്. രണ്ടായിരം വർഷങ്ങൾക്കപ്പുറത്തു് ജീവിച്ചുമരിച്ച ചരിത്രപുരുഷനായ ക്രിസ്തുവിനല്ല നാം സാക്ഷ്യം വഹിക്കേണ്ടതു്. പ്രത്യുതാ പുനരുത്ഥിതനായി ഇന്നു് നമ്മിൽ ഓരോരുത്തരിലും ജീവിക്കുന്ന ക്രിസ്തുവിനു് സാക്ഷ്യംവഹിക്കണം. നമ്മുടെ കരങ്ങൾവഴി മിശിഹാ പ്രവർത്തിക്കണം, അധരങ്ങൾവഴി മിശിഹാ സ്നേഹിക്കണം ബുദ്ധിവഴി മിശിഹാ ചിന്തിക്കണം. അഥവാ നാം വേറൊരു ക്രിസ്തുവായി നമ്മുടെ ജീവിതം നയിക്കണം. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ മഹത്വത്തിനു് നിദാനം അദ്ദേഹം ക്രിസ്തുവിനെ ഏറ്റവും കൂടുതൽ അനുകരിച്ചു എന്നുള്ളതാണു്.

ഒരു ഹിന്ദുമതപരിഷ്കർത്താവായ കേസബു് ചന്ദ്രസെൻ മിശിഹായെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതു് നാം ഓരോരുത്തരും ഹൃദിസ്ഥമാക്കി പ്രാവർത്തികമാക്കേണ്ടതാണു്.

''ഓ ഈശോയെ, എന്റെ മധുരമുള്ള ഈശോയെ, എന്റെ ആത്മാവിന്റെ മംഗളമാല്യമേ, ഇരുപതുവർഷക്കാലത്തേയ്ക്ക് ഞാൻ അങ്ങയെ എന്റെ ആത്മാവിൽ സംഗ്രഹിച്ചിരുന്ന പലപ്പോഴും പാപത്താൽ മലിനമാക്കിയിട്ടുണ്ടെങ്കിലും. എന്നിരുന്നാലും എന്റെ നാഥനായ ഈശോയിൽ ഞാൻ അചഞ്ചലമായ സൗഭാഗ്യം കണ്ടെത്തി. പൗലോസിനോടുകൂടി ഞാനും പറയും എനിക്ക് ജീവിക്കുക എന്നു പറഞ്ഞാൽ അത് ഈശോയാണ്, എന്റെ ഭക്ഷണവും പാനീയവും ഈശോയാണ്.'' ഒരു ഹിന്ദുമതസ്ഥനു് ഇപ്രകാരം നമ്മുടെ കർത്താവിനെക്കുറിച്ചു് പറയുവാൻ സാധിച്ചെങ്കിൽ ഓരോ സന്യാസിയും എത്രകൂടുതൽ അതു പറയുവാൻ കടപ്പെട്ടിരുന്നു, നാം എത്രകൂടുതൽ മിശിഹായുടെ പ്രതിരൂപങ്ങളാകുന്നുവോ അത്രമാത്രമെ നമുക്കു് പരിപൂർണ്ണരാകുവാൻ സാധിക്കുകയുള്ളൂ.

അവസാനമായി നമ്മുടെ ഓരോരുത്തരുടേയും പ്രത്യേക സാഹചര്യത്തിൽ നമുക്കു് ലഭിക്കുന്ന ഒരു ആഹ്വാനമാണു് അദ്ധ്യാപകവൃത്തിയൊ, സാമൂഹ്യസേവനമൊ, പത്രപ്രവർത്തനമൊ, ആശുപത്രിയിലുള്ള സേവനമൊ അതുമല്ലെങ്കിൽ ആശ്രമത്തിലെ എന്തെങ്കിലും ജോലിയൊ. ആ രംഗത്തിൽ നമുക്കു് പ്രത്യേകമായി ചെയ്യേണ്ട ജോലി ഏറ്റവും ഭംഗിയായി ചെയ്യുന്നതോടൊപ്പം ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുവാനും നമുക്കു കഴിയണം. ഒരു സാധാരണ വിശ്വാസി ആ രംഗങ്ങളിൽ പ്രവർത്തിക്കുന്നതും നാം അതേരംഗങ്ങളിൽ പ്രവർത്തിക്കുന്നതും തമ്മിൽ കാതലായ എന്തു വ്യത്യാസമാണുള്ളതു്. നമ്മുടെ സന്യാസാർപ്പണത്തിന്റെ മഹനീയത ആ രംഗത്തിൽ പ്രതിഫലിപ്പിക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ. സ്വീഡനിലെ ഗവൺ

മെൻറിൻെറ വിദ്യാഭ്യാസപ്രവർത്തകർക്കുള്ള അവാർഡ് സമ്പാദിച്ച ഒരു കന്യാസ്ത്രീയാണ് റവ. സിസ്റ്റർ റോസ് മേരി. അവർ സംഗീതമാണ് പഠിപ്പിച്ചുകൊണ്ടിരുന്നത്. അവരുടെ വിജയരഹസ്യം എന്താണ് എന്നു ചോദിച്ചപ്പോൾ അവർ പറഞ്ഞതു് ഇപ്രകാരമാണ്. ഞാൻ ഒന്നാമതായി ഈശോയെ പ്രസാദിപ്പിക്കുവാനാണ് എൻെറ ജോലി ചെയ്തിരുന്നതു്. രണ്ടാമതു് അതുവഴി മറ്റുള്ളവരേയും സന്തോഷിപ്പിക്കണമെന്നു ചിന്തിച്ചിരുന്നു. ഇതുപോലെ നാം പ്രവർത്തിക്കുന്ന ഓരോ മണ്ഡലത്തിലും ഈശോയ്ക്കുവേണ്ടി നിസ്വാർത്ഥതയോടും സേവനതല്പരതയോടുംകൂടി പ്രവർത്തിക്കുവാൻ നമുക്കു കഴിയണം. അപ്പോൾ സന്യാസജീവിതം മറ്റുള്ളവർക്കു് കൂടുതൽ ആകർഷണീയമായി തോന്നും. സന്യാസത്തിലേയ്ക്കുള്ള ദൈവീകാഹ്വാനം വർദ്ധിക്കുന്നതിനും അതിടയാക്കുന്നതാണ്.

അദ്ധ്യായം പതിനേഴ്

പ്രേഷിതാഭിമുഖ്യം

രണ്ടാം വത്തിക്കാൻ സൂനഹദോസ് മറ്റു് മതങ്ങളും രക്ഷണീയ പദ്ധതിയിൽ ഒരു സ്ഥാനമുണ്ടെന്നു് പ്രഖ്യാപിച്ചപ്പോഴും സഭയുടെ യുഗാന്തര ക്ഷയോന്മുഖ പ്രകൃതിയിൽനിന്നുള്ള പ്രേഷിതപരമായ ചലനാത്മകതയ്ക്കു് മാന്ദ്യം സംഭവിച്ചിട്ടുണ്ടു്. സഭ രക്ഷയുടെ സാവ്ത്രികമൂലാശയാണു്. എന്നിരുന്നാലും മറ്റു് മതസ്ഥരും രക്ഷ പ്രാപിക്കും. അവർ സുവിശ്വാസത്തോടുകൂടി ജീവിക്കുമ്പോഴും പരോക്ഷമായി സഭയിലെ അംഗങ്ങളാണു്. ദൈവരാജ്യത്തിന്റെ രഹസ്യം (Mystery of the kingdom of God) സഭാരഹസ്യത്തെ (Mystery of the Church) അതിലംഘിക്കുന്നു. അതിനാൽ മറ്റു മതസ്ഥരും വരപ്രസാദാവസ്ഥയിലാണെങ്കിൽ ദൈവരാജ്യത്തിലെ അംഗങ്ങളാണു്. എന്നാൽ പിന്നീടു് പ്രേഷിതപ്രവർത്തനത്തിന്റെ ആവശ്യകത എന്താണെന്നു് ഒരു പ്രശ്നമുദിയ്ക്കുന്നു.

വത്തിക്കാൻ സൂനഹദോസ് എല്ലാ ഡിക്രികളിലും പ്രേഷിതപ്രവർത്തനത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നുണ്ടു്.

സഭ പ്രേഷിത സ്വഭാവത്തോടുകൂടിയവളാണെന്നു് തിരുസഭയെ സംബന്ധിച്ച ഡിക്രിയിൽ പ്രസ്താവി

ക്കുന്നു. അല്പമായപ്രേഷിതത്വം, പ്രേഷിതപ്രവർത്തനം, എക്കുമേനിസം എന്നീ ഡിക്രിക്കളിൽ വീണ്ടും പ്രേഷിത പ്രവർത്തനത്തിന്റെ ആവശ്യകതയെ സൂചിപ്പിച്ചിട്ടുണ്ട്. സന്യാസനവീകരണ ഡിക്രിയിൽ സന്യാസികളുടെ ദൗത്യത്തെ സംബന്ധിച്ച് പ്രസ്താവിക്കുമ്പോൾ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക, ദൈവരാജ്യം പടുത്തുയർത്തുക, രക്ഷണീയകർമ്മത്തിൽ സഹകരിക്കുക എന്നിവ സന്യാസധർമ്മമായി പരിഗണിച്ചിരിക്കുന്നു.

ക്രിസ്തുനാഥൻ അവിടുത്തെ ശിഷ്യന്മാർക്കു നല്കിയ കല്പന ''ലോകം മുഴുവനും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിച്ചു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ'' എന്നുള്ളതാണല്ലോ (വി. മത്തായി XXVIII 18-19) അവിടുത്തെ അന്തിമാഭിലാഷംതന്നെ സഭയുടെ പ്രേഷിതസ്വഭാവത്തിനു വേണ്ടുവോളം മതി. മൗതികശരീരം ജീവനുള്ള ഒന്നാണു. അതിന്റെ വളർച്ച പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തെ ആശ്രയിച്ചാണിരിക്കുന്നതു. കൂടാതെ ദൈവത്തെക്കുറിച്ചും, മനുഷ്യാവതാരം, പരിത്രാണകർമ്മം, മനുഷ്യന്റെ പ്രകൃത്യതീതജീവിതലക്ഷ്യം, തിരുസഭ എന്നിവയെ സംബന്ധിച്ചും മറ്റു മതസ്ഥർക്കു ശരിയായ അറിവില്ല. ധാർമ്മികമൂല്യങ്ങളും സനാതനമൂല്യങ്ങളും വിലമതിക്കപ്പെടുന്നതിനും പ്രേഷിതപ്രവർത്തനങ്ങളും അനുപേക്ഷണീയങ്ങളാണു.

രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ ജപ്പാനിലുണ്ടായിരുന്ന അമേരിക്കൻ വൈദികരെ അവിടെനിന്നും കൊണ്ടുപോകുന്നതിനായി ഒരു അമേരിക്കൻ കപ്പൽ യോക്കഹൊമയുടെ തീരത്തെത്തി. വൈദികർ കപ്പലിൽ കയ

റിക്കൊണ്ടിരിക്കുമ്പോൾ ജപ്പാനിലെ ഏറ്റവും വലിയ യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസർ അദ്ദേഹത്തിന്റെ ഒരു മിത്രമായ വൈദികനെ സമീപിച്ചിട്ട് അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു. ബ. അച്ചാ, ഞാൻ നിങ്ങളുടെ മതം പഠിക്കുകയായിരുന്നു. ഈ തത്വസംഹിത സ്വീകരിച്ചാൽ ലോകസമാധാനം കരഗതമാകും. ജപ്പാന്റെ ഇന്നത്തെ നാശത്തിനു കാരണക്കാർ ഒരർത്ഥത്തിൽ കത്തോലിക്കരായ നിങ്ങളാണ്. കാരണം ഞങ്ങൾ രക്ഷസ്സായി ഒന്നാമതായി അമേരിക്കയുടെ പക്കലേയ്ക്കാണ് തിരിഞ്ഞതു്. എന്നാൽ നിങ്ങൾ നിങ്ങളുടെ യന്ത്രങ്ങളും സുഖലോലുപമായ ജീവിതവുമാണ് നല്കിയതു്. പിന്നീട് ഞങ്ങൾ ഇംഗ്ലണ്ടിലേയ്ക്കാണ് തിരിഞ്ഞതു്. അവർ ഞങ്ങൾക്കു് വ്യവസായങ്ങളും വ്യവസായവിപ്ലവത്തിന്റെ ദുരന്തഫലങ്ങളും നല്കി. പിന്നീട് ഞങ്ങൾ റഷ്യയിലേയ്ക്കാണ് പോയതു്. അവർ ഞങ്ങളുടെ പ്രശ്നങ്ങൾക്കു് പരിഹാരമായി മാർക്സിയൻ സിദ്ധാന്തവും അതു് പ്രചരിപ്പിക്കുന്നതിനായി തീക്ഷ്ണതയുറ്റ പ്രവർത്തകരെയും നൽകി. എന്നാൽ ജപ്പാന്റെ രക്ഷസ്സു് ഇതൊന്നും പ്രയോജകീഭവിച്ചില്ല. ക്രിസ്തുവിന്റെ സുവിശേഷമാണ് അതിനുള്ള പ്രതിവിധി. അതു് നിങ്ങൾ ഞങ്ങൾക്കു് നൽകിയില്ല. അതിനാലാണ് ജപ്പാൻ ഇന്നത്തെ വിപത്തിൽ ഉൾപ്പെട്ടിരിക്കുന്നതു്.[1] ഇതുപോലെ നമ്മുടെ മാതൃഭൂമിയായ ഭാരതവും മറ്റു പല രാജ്യങ്ങളും ഇന്നും കത്തോലിക്കരോടു് പറയുന്നുണ്ടു്, നിങ്ങളുടെ കൃത്യവിലോപമാണു് ഞങ്ങളുടെ ഇന്നത്തെ ദുരന്തങ്ങൾക്കു് കാരണമെന്നു്.

---

1. Rev. Fr. James Keller. The Priest and his world vision. P 1-6.

ഭാരതാപ്പസ്തോലനായ മാർതോമ്മാശ്ലീഹാ നമുക്ക് സുവിശേഷദീപം നൽകിയിട്ട് ഇരുപത്തു ശതാബ്ദങ്ങളായി. എന്നാൽ ഭാരതത്തിലെ ജനകോടികളിൽ എത്ര ശതമാനമുണ്ട് ഇന്നും ക്രിസ്തുവിനെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നവരായി. കേവലം അമ്പതു കൊല്ലം മാത്രം പ്രായമുള്ള കമ്യൂണിസ്റ്റ് പാർട്ടി ഭാരതത്തിൽ ചെലുത്തുന്ന സ്വാധീനശക്തി ഇന്നു രണ്ടായിരം കൊല്ലത്തെ പാരമ്പര്യമുള്ള കത്തോലിക്കർക്ക് ചെലുത്തുവാൻ സാധിക്കുന്നുണ്ടോ. ഇല്ലെന്നു ഖേദപൂർവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു. കാരണം നമുക്ക് ഒരു പ്രേഷിതപരമായ ആഭിമുഖ്യമില്ലായിരുന്നു എന്നുള്ളതാണ്. ക്രിസ്തുവും സഭയും പരാജയപ്പെട്ടതുകൊണ്ടല്ല സ്വന്തം വിശ്രുദ്ധീകരണവും ആത്മരക്ഷയും മാത്രമായിരുന്ന നമ്മുടെ പ്രധാനപ്പെട്ട ചിന്ത. എന്നാൽ തന്റെ സഹോദരന്റെ ആത്മാവിനെ രക്ഷിക്കുന്നവൻ തന്റെ തന്നെ ആത്മാവിനെ രക്ഷിച്ചിരിക്കുന്നു എന്നുള്ള വി. യാക്കോബ് ശ്ലീഹായുടെ ഉൽബോധനം നാം വിസ്മരിച്ചു. നമുക്ക് പ്രേഷിതപരമായ ആഭിമുഖ്യമില്ലാത്തതിന്റെ പ്രധാന കാരണം നമുക്കു ഒരു ലോകവീക്ഷണമില്ലാത്തതാണ്. ദൈവത്തിന്റെ പിതൃത്വത്തിലും മനുഷ്യരുടെ ക്രിസ്തുവിലുള്ള വിശ്വസാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു ജീവിത വീക്ഷണം പലർക്കുമില്ല. ശരിയായ പ്രേഷിത തീക്ഷ്ണതയ്ക്ക് ഇന്നത്തെ ലോകത്തെ കുറിച്ചും, സഭയുടെ അവസ്ഥയെ സംബന്ധിച്ചും ക്രിസ്തുവിന്റെ സ്നേഹത്തെ പറ്റി നമുക്ക് ശരിയായ അറിവുണ്ടാകണം.

ഇന്നത്തെ മനുഷ്യനിൽ മറ്റു മതങ്ങളും, ശാസ്ത്രവും സമാശ്വാസം നല്കുന്നതിനു അപര്യാപ്തമാണെന്നു ഒരു ബോധം ഉണ്ടായിട്ടുണ്ട്. തന്മൂലം ഉള്ളവായിട്ടുള്ള ശൂന്യതയിൽ കമ്യൂണിസം കയറിപ്പറ്റുവാൻ പരിശ്രമിക്കുന്നു.

എന്നാൽ ശാസ്ത്രീയമായ പുരോഗമനം, സാമ്പത്തികാഭിവൃദ്ധി എന്നിവയുടെയെല്ലാം പൂർത്തികരണവും മനുഷ്യനെ അലട്ടുന്ന പ്രശ്നങ്ങളുടെ സമാധാനവും ക്രിസ്തുമതത്തിൽ മാത്രമേ കണ്ടെത്തുവാൻ സാധിക്കുകയുള്ളു എന്നും മനസ്സിലാക്കികൊടുക്കുന്ന കാര്യത്തിൽ നാം ശ്രദ്ധിക്കുന്നില്ല. ഇന്നും അന്ധകാരശക്തികളും സർവ്വശക്തിയും സമാഹരിച്ചു കർമ്മനിരതരായി ലോകത്തെ മുഴുവൻ കീഴടക്കുവാൻ, ഒരു നവ്യലോകസൃഷ്ടിക്കാണെന്നുള്ള വ്യാജേന അനുസ്യൂതം പരിശ്രമിക്കുമ്പോൾ കത്തോലിക്കർ അലസരായി, കർമ്മവിമുഖരായി, സുഖസുഷുപ്തിയിൽ ലയിച്ച ഒരു ജീവിതമാണു നയിക്കുന്നതു്. അതിനാൽ അതിൽ നിന്നും ഉണർന്നു ലോകത്തെ മുഴുവൻ ക്രിസ്തുവിനായി കീഴടക്കുന്നതിനു ഓരോ കത്തോലിക്കനും, വിശിഷ്യാ ഓരോ സന്യസിയും, ഓരോ പ്രേഷിതനായിത്തീരണം.

ഒന്നാമത്തെ പ്രേഷിത വൃത്തി മാതൃകാപരമായ സന്യാസജീവിതമാണു്. നമ്മുടെ ജീവിതം വിശ്വാസത്തിന്റെയും പ്രസംഗത്തിന്റെയും ഒരു മാംസമണിയലായിരിക്കണം. രണ്ടാംലോകമഹായുദ്ധകാലത്തു് ഒരു ഇംഗ്ലീഷു വനിത കമ്യൂണിസ്റ്റു്ചൈനയിൽ ഒരു പര്യടനം നടത്തി. ചൈനീസു് വൻകരയുടെ മദ്ധ്യഭാഗത്തുള്ള ഒരു ചെറിയ പട്ടണത്തിൽ ഒരാശ്രുപത്രി അവർ സന്ദർശിച്ചു. അവിടെ കന്യാസ്ത്രീകൾ നിസ്വാർത്ഥമായ സേവനം അർപ്പിക്കുന്നതു് അവർ കണ്ടു. അവരും പാശ്ചാത്യരാണെന്നു മനസ്സിലാക്കിയ ആ കമ്യൂണിസ്റ്റുകാരി അവരോടു് ചോദിച്ചു 'നിങ്ങൾ ഏതു രാജ്യക്കാരാണു്'. ഉടനെ ആ ബ. കന്യാസ്ത്രീകൾ പറഞ്ഞു 'ഞങ്ങൾ ഒരു പ്രത്യേക രാജ്യക്കാരല്ല. ഞങ്ങൾ ഈ ലോകത്തിന്റെ പൊതുവാണു്. ക്രിസ്തുവിൻ സഹോദരിമാരാണു്.' അവരുടെ വാക്കുകൾ

ആ കമ്യൂണിസ്റ്റ്കാരിയെ ഇരുത്തി ചിന്തിപ്പിച്ചു. കത്തോലിക്കാസഭയുടെ സാവ്വത്രികതയും ജനാധിപത്യവും പരാമർശിച്ച് പ്രസംഗിക്കുവാനായി അവസാനം പിന്നീട് ജീവിതാപ്പണം ചെയ്തു. (2) കട്ടിനാം സുവനൻസ് പ്രസ്താവിക്കുന്നതുപോലെ ലോകമാണ് എന്റെ ആശ്രമം അഥവാ മാം എന്ന വിശ്വവിശാലമായ വീക്ഷണഗതിയോടുകൂടി ഓരോ സന്യാസിയും നിസ്വാർത്ഥ സേവനത്തിനപ്പിതമായ ജീവിതം നയിക്കുമ്പോഴാം അതുതന്നെ ഒരു വലിയ പ്രേഷിതവൃത്തിയാണ്. (The Nun in the world).

അടുത്തതായി പ്രാർത്ഥനവഴിയും നമുക്ക് പ്രേഷിതരായിത്തീരാം. വി അമ്മത്രേസ്യാ, വി. കൊച്ചുത്രേസ്യാ മുതലായ വിശുദ്ധർ അവരുടെ പ്രാർത്ഥനവഴി അനേകം ആത്മാക്കളെ രക്ഷിച്ചിട്ടുണ്ട്. മാനസാന്തരം ദൈവത്തിന്റെ ദാനമാണ്. അതിനാൽ അതു പ്രാർത്ഥനയെക്കൂടി സമാശ്രയിച്ചാണ് നടക്കുന്നതു. നാം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്ന പ്രാർത്ഥനയിൽ നിന്റെ രാജ്യം വരണമെ എന്ന പ്രാർത്ഥിക്കുമ്പോഴാം അതു ലോകത്തിന്റെ മുഴുവൻ മാനസാന്തരത്തെ ഉദ്ദേശിച്ചുകൂടിയായിരിക്കട്ടെ. പാപികളുടെയും കമ്യൂണിസ്റ്റുകളുടെയും അക്രൈസ്തവരുടെയും മാനസാന്തരം, ഏകൃമൈനിസവിജയം എന്നിങ്ങനെ അനേകം കാര്യങ്ങൾക്കുവേണ്ടി നാം പ്രാർത്ഥിക്കേണ്ടതാണ്.

സെയ്ഗ്രോണിലെ മെത്രാപ്പോലീത്താ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി പ്രേഷിതരംഗത്തു പ്രവർത്തിക്കുന്ന അനേകം പ്രേഷിതരെക്കാം പ്രാർത്ഥനാനിരതമായ ജീവിതം നയിക്കുന്ന ആറു കർമ്മലീത്താ കന്യാസ്ത്രീ

(2). Hid. P. 51

കളെ ഞാൻ ഇഷ്ടപ്പെടുന്നു എന്നു്. മുൻനിരയിൽനിന്നു പ്രവ
ർത്തിക്കുന്ന അനേകംപേരുടെ ശക്തികേന്ദ്രമാണു് പ്രാർത്ഥ
നാനിരതമായ ജീവിതം നയിക്കുന്നവർ. കർമ്മനിരതമായ
ജീവിതം നയിക്കുന്ന വ്യക്തികൾക്കും ശക്തി സംഭരിക്കുന്ന
തിനുള്ള മാർഗ്ഗമാണു് പ്രാർത്ഥന. വി. കൊച്ചുത്രേസ്യാ
ആഗ്രഹമാകുന്ന ചിറകു വിരിച്ചു് ലോകത്തിലുള്ള എല്ലാ
മിഷൻരംഗങ്ങളിലും ചെന്നു് അവളുടെ പ്രാർത്ഥനവഴി
യായി മിഷനറിമാരെ സഹായിച്ചിരുന്നു. അവൾ തന്നെ
അവളുടെ സ്വയംകൃതജീവചരിത്രത്തിൽ പ്രസ്താവിക്കുന്നു
'ഞാൻ എല്ലാ മിഷൻരാജ്യങ്ങളിലും ചെന്നു് ഒരു ക്രൂശുയു
ദ്ധയോദ്ധാവിന്റെ ധീരതയോടെസമരം ചെയ്യും'. ആബട്ടു്
ഡോംഷത്തോർ സ്വാനുഭവത്തിൽനിന്നും രേഖപ്പെടുത്തുന്ന
തുപോലെ പ്രാർത്ഥനയാണു് പ്രേഷിതജീവന്റെ ആത്മാവു്

മാനസാന്തരം ദൈവത്തിന്റെ ഒരു ദാനമായതിനാൽ
വരപ്രസാദ സഹായംകൂടാതെ മാനസാന്തരം നടക്കുകയില്ല.
വി. കൊച്ചുത്രേസ്യാ ഫ്രാൻസീനി എന്ന തസ്കരവീര
ന്റെ മാനസാന്തരത്തിനായി പ്രാർത്ഥിച്ച സംഭവം നാം
അനുസ്മരിക്കണം. സാങ്കേതികമായ പുരോഗമനവും മാനു
ഷികമായ സമീപനവും (anthropological approach)
എല്ലാം ഉണ്ടെങ്കിലും ഇന്നു് മാനസാന്തരം വളരെ വിരളമാ
യിരിക്കുന്നതിന്റെ കാരണം പ്രാർത്ഥനയുടെ കുറവാണു്.
ക്രിസ്തുമതത്തെ ദേശീയസംസ്കാരത്തോടു് അനുരൂപപ്പെ
ടുത്തി അവതരിപ്പിക്കുന്നതുകൊണ്ടുമാത്രവും മാനസാന്തരം
ത്വരിതപ്പെടുകയില്ല. യഥാർത്ഥമായ ജീവിതവിശുദ്ധി
യും പ്രാർത്ഥനാചൈതന്യവും നമ്മുടെ പ്രവർത്തനങ്ങളെ
കൂടുതൽ ഫലദായകമാക്കും. അതാണു് മദർ തെരേസായുടെ
വിജയത്തിനു് നിദാനം. വി. ഫ്രാൻസീസു് സേവ്യർ ഫാ.
ഡിനോബിലി, വി. ജോൺ ബ്രിട്ടോ, ദൈവദാസൻ ചാ

വറ കര്യാക്കോസ് ഏലിയാസച്ചൻ മുതലായ പ്രേഷിത രുടെ വിജയത്തിന കാരണം മറെറാന്നമല്ല. വി. ഫ്രാൻ സീസ് സേവ്യർ പകൽ മുഴവൻ പ്രേഷിതപ്രവത്തനങ്ങ ളിൽ ഏർപ്പെട്ടശേഷം രാത്രിയിൽ അധികസമയം പ്രാർ ത്ഥനയ്ക്കായി ചെലവഴിച്ചിരുന്നു.

നാം ജീവിതത്തിൽ ഏതു രംഗത്തായിരുന്നാലും അവിടെയെല്ലാം ക്രിസ്തുവിനു സാക്ഷ്യം വഹിക്കണം. കലാലയത്തിലൊ, സ്കൂളിലൊ, ആശുപത്രിയിലൊ, തൊ ഴിൽശാലകളിലൊ, സാമൂഹ്യരംഗത്തൊ എവിടെയായി രുന്നാലും നമ്മിലൂടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാൻ സാധിക്കണം. ക്രിസ്തീയ തൊഴിലാളിപ്രസ്ഥാനത്തിന്റെ പ്രണേതാവായ കർദ്ദിനാൾ കർഡേയിൻ ഒരു ലോകപര്യ ടനം നടത്തി. അദ്ദേഹം ലോകത്തിലുള്ള പ്രധാന ഫാക്ട റികളെല്ലാം സന്ദർശിച്ചു. അവയുടെ കവാടത്തിലെല്ലാം ഇപ്രകാരം എഴുതി വച്ചിട്ടുണ്ട്. "ഇവിടെ തൊഴിലാളി കൾക്കു മാത്രമെ പ്രവേശനമുള്ള." എന്നാൽ കർദ്ദിനാൾ തുടന്ന പ്രസ്താവിക്കുകയാണു തൊഴിലാളികൾവഴി കമ്യൂ ണിസത്തിന്റെ ആചാര്യനായ മാർക്സ് അവിടെ പ്രവേശി ക്കുന്നുണ്ട്[3] എന്നു. ഇതുപോലെ നാം പ്രവേശിക്കുന്ന രംഗ ങ്ങളിലെല്ലാം മിശിഹാ പ്രവേശിക്കുന്നുണ്ടോ. നമുക്കു ഇന്നു നമ്മിൽ ജീവിക്കുന്ന മിശിഹായ്ക്കു സാക്ഷ്യം വഹി ക്കുവാൻ കഴിയണം. ഒരിക്കൽ ചിക്കാഗോയിൽ ഒരു സെമ്മിനാരിക്കു പുതിയ കെട്ടിടം നിർമ്മിച്ചു. അതിന ശേഷം പഴയകെട്ടിടത്തിലുള്ള സാധനസാമഗ്രികളെല്ലാം പുതിയ കെട്ടിടത്തിലേയ്ക്കു കൊണ്ടുപോയി. അവസാനം അവിടെ ഒരു ക്രൂശിതരൂപം കണ്ടു. ആ ക്രൂശിതരൂപത്തി നു രണ്ടു കൈകളും ഇല്ലായിരുന്നു. അതിനാൽ ജോലി ക്കാർ ചെന്നു സെമ്മിനാരിയുടെ ബർസച്ചനോടു

3. Fr. Bernard F. Meyer. Lend me your Hands. P. 157.

രണ്ടു കൈയ്യും ഇല്ലാത്ത ഒരു ക്രൂശിതരൂപം ഇവിടെ ഉണ്ടു്. അതു് പുതിയ കെട്ടിടത്തിലേയ്ക്കു കൊണ്ടുപോകേണ്ട ആവശ്യമുണ്ടോ എന്നു ചോദിച്ചു. അപ്പോഴും ആ ക്രൂശിത രൂപം ഈ സെമ്മിനാരിയിലെ വിദ്യാർത്ഥികൾക്കു് ഒരു പ്രത്യേകദൗത്യം കൊടുക്കുന്നതിനുപകരിക്കും. അതിനാൽ അതു് കൊണ്ടുപോകണമെന്നു പറഞ്ഞു.

അദ്ദേഹം ആ ക്രൂശിതരൂപം സെമ്മിനാരിയിലുള്ള വൈദികവിദ്യാർത്ഥികളും നടക്കുന്ന ഒരു സ്ഥലത്തു കൊണ്ടുപോയി സ്ഥാപിച്ചിട്ടു് അതിന്റെ അടിയിൽ ഇപ്രകാരം എഴുതി വച്ചു. ''you are my arms'' (നിങ്ങളും എന്റെ കരമാണു്)[4] അതെ ഇതു തന്നെയാണു് ഇന്നു് ഓരോ ക്രൈസ്തവനും വിശിഷ്യാ ഓരോ സന്യാസിക്കും ചെയ്യുവാനുള്ളതു്. നമ്മുടെ കരങ്ങളംവഴി മിശിഹാ പ്രവർത്തിക്കണം, അഥവാ നാം മിശിഹായുടെ സജീവ പ്രതിരൂപങ്ങളായിരിക്കണം. തിരുസ്സഭ ഇന്നു് സന്യാസികളിൽ നിന്നും വൈദികരിൽനിന്നും പ്രതീക്ഷിക്കുന്നതു് ഇതാണു്. നാം എല്ലായിടത്തും ക്രിസ്തുവിനു സാക്ഷ്യം വഹിക്കണം. ഇന്നത്തെ ലോകം ക്രിസ്തുവിനെ ഏറ്റം ദ്വേഷിക്കുന്ന ഒരു യുഗമാണെങ്കിൽ ക്രിസ്തുവിനെ ഏറ്റവും അത്യാവശ്യമുള്ള യുഗവും ഇതുതന്നെയാണു്. ക്രിസ്തുവാണു് ഇന്നത്തെ വൈരുദ്ധ്യങ്ങളെ പരിഹരിക്കേണ്ടതു്. ക്രിസ്തുവിനെ കൂടാതെ ജീവിതം മരണമാണു്. ക്രിസ്തുവിനോടുകൂടി മരണംതന്നെ ജീവിതമാണു്. നാം അവിടുത്തെ വിജയപതാകയായ കുരിശിന്റെ പിന്നിൽ അണിനിരന്നും പ. കന്യകയുടെ നേതൃത്വത്തിൽ ലോകം മുഴുവൻ ക്രിസ്തുവിനായി കീഴടക്കുന്ന ഒരു ധർമ്മസമരത്തിൽ ഏർപ്പെടണം.

4. Rev Fr. Furleno. Vocation Talks P. 14

അദ്ധ്യായം പതിനെട്ട്

താക്കോൽ

അനുസരണം ക്രിസ്തുവിന്റെ ജീവിതത്തിലേയ്ക്കുള്ള താക്കോലാണു്. [1] എന്നു്. ഫാ. ഫ്രാൻസിസ്കു്. ജെ. റിപ്ലേ അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. പരമാന്ത്യമായ ദൈവത്തിനു മാത്രമെ നമ്മുടെ ബുദ്ധിയെ കീഴ്പ്പെടുത്തുവാൻ സാധിക്കുകയുള്ളു. കാരണം പരമാന്ത്യം പ്രാപിക്കാതിരുന്നാൽ അതു് അപരിഹാര്യമായ ഒരു നഷ്ടമാണു്. നിഷ്കൃഷ്ടമായ അർത്ഥത്തിൽ ഒരു മനുഷ്യനു് മറെറാരു മനുഷ്യനെ അനുസരിക്കുവാൻ ചുമതലയില്ല. മനുഷ്യർ എല്ലാവരും സമന്മാരാണു്. എന്നാൽ മേലധികാരികളെ അനുസരിക്കണമെന്നു് പറയുവാൻ കാരണമെന്താണു്? അവർ ദൈവത്തെ പ്രതിനിധീകരിക്കുന്നതിനാലാണു്. സകല അധികാരങ്ങളും ദൈവത്തിൽ നിന്നാകുന്നു. ദൈവത്തിൽനിന്നല്ലാതെ യാതൊരധികാരവും മനുഷ്യനു് നലകപ്പെട്ടിട്ടില്ല. (വി. പൗലോ റോമ XIII. 1)

അനുസരണം സഭാസേവനാർത്ഥം സ്വയം പ്രതിഷ്ഠിക്കുന്ന ഒരു ദാനമാണു്. [2] നമ്മുടെ കർത്താവീശോമിശിഹാ

---

1. Rev. Fr. Francis J. Riplay. The Priest of Christ Chapter IX.

2. Rev. Fr, Ladislaus M. Ossay. Openess to the Spirit-Religious life after II Vatican. P. 33.

യുടെ അനുസരണം തന്നെയാണു് സന്യാസാനുസരണത്തിന്റെ മാതൃകയും അടിസ്ഥാനവും. ഈശോയെ പന്ത്രണ്ടാമത്തെ വയസ്സിൽ കാണാതെപോയശേഷം മൂന്നാം ദിവസം ദേവാലയത്തിൽവച്ചു കണ്ടു. പിന്നീടു് മിശിഹായുടെ മുപ്പതാമത്തെവയസ്സുവരെയുള്ള ജീവിതം സുവിശേഷകൻ സംഗ്രഹിക്കുന്നതു് ഇപ്രകാരമാണു്. പിന്നെ അവൻ അവരോടുകൂടി നസ്രത്തിൽചെന്നു് അവർക്കു് അധീനനായിരുന്നു. അവന്റെ അമ്മ കാര്യങ്ങളെല്ലാം സഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു. ഈശോ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ കൃപയിലും വളർന്നുവന്നു. (വി. ലൂക്കോ. II. 51–52)

മിശിഹാ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ കൃപയിലും, ജ്ഞാനത്തിലും വളർന്നുവന്നതും മാതാപിതാക്കന്മാരെ അനുസരിച്ചതും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടു്. അനുസരിക്കുന്നതു് നമ്മുടെ സ്വാതന്ത്ര്യത്തിനു് ഭഞ്ജകമാണോ? ഒരിക്കലുമല്ല. പ്രത്യുതാ അനുസരണം ഏറ്റവും വലിയ സ്വാതന്ത്ര്യമാണു്. എന്തും ചെയ്യുവാനുള്ള ഒരു ലൈസൻസല്ല സ്വാതന്ത്ര്യം. സ്വയം നിഷ്ക്രിയാവകാശത്തിലാണു് സ്വാതന്ത്ര്യത്തിന്റെ സത്തഅടങ്ങിയിരിക്കുന്നതു്. അല്ലെങ്കിൽ നന്മചെയ്യുവാനുള്ള അവകാശമാണു് സ്വാതന്ത്ര്യം [3]. നാം ക്രിസ്തുവിന്റെ ബലിയപ്പണപരമായ അനുസരണത്തിൽ എത്ര കൂടുതൽ ഭാഗഭാക്കുകളാകുന്നുവോ അത്ര കൂടുതൽ നാം ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിക്കുന്നു. ''ദൈവമക്കളുടെ സ്വാതന്ത്ര്യം എല്ലാ ഭൗതികമായ സാഹചര്യങ്ങളെയും അനന്തമായി അതിലംഘിക്കുന്നു. [4] നമുക്കു് സൃഷ്ടികളുടെ സ്വാതന്ത്ര്യമല്ല, ദൈവമ

3. Fr. Bernard Haring. The Law of Christ Vol. 1
4. Rev. Fr. Bernard Haring. The Christian in changing world. P. 47.

ക്കളുടെ സ്വാതന്ത്ര്യമാണുള്ളതു്.'' അനുസരണം മനുഷ്യവ്യക്തിയുടെ മാഹാത്മ്യം കുറയ്ക്കുകയല്ല നേരെമറിച്ചു് ദൈവപുത്രന്മാർക്കുള്ള സ്വാതന്ത്ര്യത്തോടുകൂടി അതിനെ കൂടുതൽ പരിപക്വമാക്കുകയാണു് ചെയ്യുന്നതു്. 5

മേലധികാരികളും ദൈവത്തിന്റെ പ്രതിനിധികളാണു് എന്നു് അംഗീകരിച്ചുകൊണ്ടു് നമ്മുടെ മനസ്സിനെ അവരുടെ നിർദ്ദേശങ്ങൾക്കു് വിധേയമാക്കുകയാണു് അനുസരണം. അനുസരണത്തെ പ്രകൃത്യതീതമാക്കുന്നതു് ഈ വീക്ഷണമാണു്. നാം മേലധികാരികളെ അനുസരിക്കുന്നതു വഴിയായിട്ടാണു് ദൈവം നിശ്ചയിച്ചിരിക്കുന്ന കൃത്യസ്ഥാനത്തിൽ ഓരോ നിമിഷവും നാം എത്തിച്ചേരുന്നതു് എന്നാണു് വി. തോമസു് അക്വീനാസു് പ്രസ്താവിച്ചിട്ടുള്ളതു്. മനുഷ്യനെ നയിക്കുന്നതിനായി ദൈവപരിപാലനയിൽ സ്വീകരിച്ചിരിക്കുന്ന ഒരു ക്രമീകരണമാണു് അനുസരണം. ഒരിക്കൽ ഒരു അന്ധനായ ബാലൻ അമേരിക്കയിലെ ഒരു പട്ടണത്തിന്റെ നാൽക്കവലയിൽ നില്ക്കുകയാണു്. അവനു് വാഹനഗതാഗതം നിമിത്തം കടന്നുപോകുവാൻ നിർവാഹമില്ലാതായി. യാത്രക്കാർ പലരും അവനെ നാല്ക്കവലയിൽ കൈപിടിച്ചു് നയിക്കാമെന്നു് പറഞ്ഞു. എന്നാൽ അവൻ പറഞ്ഞു 'എന്റെ അപ്പച്ചൻ വരും. അപ്പച്ചന്റെ കരങ്ങളിൽ ഞാൻ പരിപൂർണ്ണ സുരക്ഷിതനാണെന്നു് എനിക്കറിവുണ്ടു്''. ജീവിതമാകുന്ന നാല്ക്കവലയിൽ നമുക്കു് മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതു് അനുസരണം വഴിയത്രെ.

മറ്റു വ്രതങ്ങളും വഴി നാം നമുക്കുള്ളവ ദൈവത്തിനു്

5. വത്തിക്കാൻ സൂനഹദോസു് ഡിക്രി സന്ന്യാസനവീകരണം. No. 14

അർപ്പിക്കുന്നു. എന്നാൽ അനുസരണവ്രതം വഴി നാം നമ്മെ ത്തന്നെ ദൈവത്തിനർപ്പിക്കുകയാണു് എന്നു് വി. ഗ്രിഗരി പ്രസ്താവിച്ചിരിക്കുന്നു. സ്വ മനസ്സിന്റെ പരിത്യാഗം ഉൾക്കൊള്ളുന്നതു് നിമിത്തം അനുസരണം മറ്റു വ്രത ങ്ങളെക്കാൾ ശ്രേഷ്ഠമാകുന്നു. ഒരർത്ഥത്തിൽ മറ്റു വ്രതങ്ങൾ ഉൾക്കൊള്ളുന്നു. അതിനാൽ ചില സന്ന്യാസസഭകൾ അനുസരണം മാത്രം അനുഷ്ഠിക്കുന്നു. പ. പിതാവു് ഇരുപ ത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ ദിവംഗതനായപ്പോൾ കാൻറർബറി മെത്രാപ്പോലീത്താ ഡോ. മൈക്കിൾ റാംസേ പ്രസ്താവിച്ചു. ''യോഹന്നാൻ മാർപ്പാപ്പായിൽ ദൈവ ത്തിനു നൽകപ്പെട്ട ഒരു വ്യക്തിയെ നാം കാണുന്നു. മാർ പ്പാപ്പായുടെ മരണത്തിൽ ലോകം മുഴുവൻ മിശിഹായുടെ പെസഹാരഹസ്യത്തിൽ പങ്കുകൊണ്ടു. ഇതുപോലെ അനു സരണംവഴി നാമും മിശിഹായുടെ പെസഹാ രഹസ്യ ത്തിൽ ഭാഗഭാക്കുകളാകുന്നു.

അനുസരണത്തിനു് പല പദവികൾ ഉണ്ടു്. ഒന്നാമ ത്തേതു് ബാഹ്യമാത്രമായ അനുസരണമാണു്. പ്രകൃത്യതീ തമായ യോഗ്യതയ്ക്കു് ഇതു് പര്യാപ്തമാകുന്നില്ല. രണ്ടാമ ത്തേതു് മാനസികമായ അനുസരണം. ഇതു് യോഗ്യതാർ ഹമെങ്കിലും പൂർണ്ണമല്ല. അടുത്തപടി ബുദ്ധിപരമായ അനു സരണമത്രെ. മേലധികാരിയുടെ ബുദ്ധിയോടു് നാമും യോജിച്ചു് പ്രവർത്തിക്കുന്നു. അവസാനമായി അന്ധമായ അനുസരണം. ഇതാണു് ഏറ്റവും ഉന്നതമായ അനുസരണം. എന്നാൽ ഇന്നത്തെ മനുഷ്യൻ എല്ലാറ്റിനേയും ചോദ്യം ചെയ്തു തുടങ്ങിയിരിക്കുന്നു. സഭയെ സംബന്ധിച്ച സമീ പനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളും അനുസരണത്തിലെ പുതിയ കാഴ്ചപ്പാടുകളും നിദാനമായ , പുനരുത്ഥിതനാ യ ക്രിസ്തുവിന്റെ അരൂപിയിൽ പിതാവിന്റെ പക്കലേയ്ക്കു

തീർത്ഥാടനം ചെയ്യുന്ന സംനേഹസമൂഹമാണു് സഭ. അതിനാൽ അവിടെ എല്ലാം സംനേഹത്താൽ നയിക്കപ്പെടണം. പരിശുദ്ധാത്മാവു് എല്ലാവരും വഴി സംസാരിക്കുന്നു. എന്നാൽ ഔദ്യോഗികമായി അതു് ലഭിക്കുന്നതു് മേലധികാരികൾക്കാണു്. അധീനർവഴി വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ നിയന്ത്രണങ്ങൾ സമൂഹത്തിന്റെ സുസ്ഥിതിക്കുവേണ്ട തിരുസഭയുടെ സേവനത്തിനായി സമഞ്ജസമായി സമ്മേളിപ്പിക്കേണ്ട ചുമതലയാണു് മേലധികാരികൾക്കുള്ളതു്. അതിനു് സംഭാഷണം (ഡയലോഗു്) ആവശ്യമാണു്. സംനേഹവും എളിമയും സംഭാഷണവിഷയത്തിനാവശ്യമത്രെ. ഈ അർത്ഥത്തിൽ അനുസരണം ദൈവതിരുമനസ്സിന്റെ ഒരന്വേഷണമായിരിക്കും. എങ്കിലും അവസാന തീരുമാനം എടുക്കുവാനുള്ള അധികാരവും അവകാശവും മേലധികാരിക്കാണു്. ഇതാണു് കൗൺസിൽ വിഭാവനം ചെയ്ത ഉത്തരവാദിത്വപൂർണ്ണവും കർമ്മനിരതവുമായ അനുസരണം.

നാം നമ്മുടെ സകല പ്രവർത്തനങ്ങളെയും പ്രകൃത്യതീതമാക്കി തീർക്കുന്നതു് അനുസരണംവഴിയാണല്ലൊ. അതിനാൽ അനുസരണം സാവ്ത്രികവും പ്രകൃത്യതീതമായ വീക്ഷണത്തിലും സന്തോഷത്തോടും ഉത്സാഹത്തോടും കൂടിയതുമായിരിക്കണം.[6] പ്രയാസമുള്ളതോ സുഗമമോ എന്നുനോക്കാതെ എല്ലാ കാര്യത്തിലും അനുസരിക്കണം. മേലധികാരികൾ ദൈവത്തിന്റെ പ്രതിനിധികളാണു് എന്നുള്ള ബോദ്ധ്യത്തോടുകൂടി അനുസരിക്കുമ്പോൾ അതു നമ്മെ കൂടുതൽ ഉന്നതരാക്കുന്നു. നേരെ മറിച്ചാണെങ്കിൽ അതു് ദാസ്യവൃത്തിയായിരിക്കും. അനുസരണം നമ്മുടെ ബുദ്ധിയെ പൂർണ്ണരാക്കുന്നു. നാം മേലധികാരിക

6. Mgr. Charles Gay. Religious Life and the Vows. p. 3

ളെ അനുസരിക്കുമ്പോൾ ദൈവത്തിന്റെ അനന്തമായ ജ്ഞാനത്തിൽ ഭാഗഭാഗിത്വം സിദ്ധിക്കുകയത്രെ ചെയ്യുന്നതു്. അനുസരണം സന്തോഷത്തോടും ഉത്സാഹപൂർവ്വവുമായിരിക്കണം.

അനുസരണം മാനസികമായ പക്വതയ്ക്കും സഹായകമാണു്. നാം സ്വാർത്ഥപരമായ ചിന്തകളാൽ നയിക്കപ്പെടാതെ വികാരങ്ങൾക്കധീനരാകാതെ പ്രവർത്തിക്കുവാൻ അനുസരണം നമ്മെ സഹായിക്കുന്നു. അനുസരണം ധാരാളമായ യോഗ്യത സമ്പാദിക്കുന്നതിനുള്ള ഒരു മാർഗ്ഗമത്രെ. അനുസരണത്തിന്റെ പേരിൽ ചെയ്യുന്നതെല്ലാം ദൈവീകപുണ്യമായിത്തീരുന്നു. ദൈവാരാധനാപരം. അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണെന്നു വി. ഗ്രന്ഥത്തിൽത്തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. By obedience we are in our proper place in the comsic liturg.y[7] അനുസരണം വഴി പ്രാപഞ്ചികാരാധനയിൽ നാം നമ്മുടെ ഭാഗം നിർവഹിക്കുന്നു. എല്ലാ യോഗ്യതകളും അനുസരണത്തിൽ നിന്നാണെന്നു വി. തോമസ്[8] അകവീനാസും അഭിപ്രായപ്പെട്ടിട്ടുണ്ട്[9]. അനുസരണം ഏകദേശം ഒരു കൂദാശയാണെന്നും (quasi Sacrament) ചില ഗ്രന്ഥകാരന്മാർ അഭിപ്രായപ്പെടുന്നു.

അനുസരണം നമ്മുടെ പ്രായോഗികജീവിതത്തിൽ ഒരു പാപരാഹിത്യം നല്കി[8] നമ്മെ ഏറ്റവും സുരക്ഷിതരാക്കിത്തീർക്കുന്നു. മിശിഹാ സീയന്നായിലെ വി. കാതറൈനോടു് ഇപ്രകാരം അരുളിച്ചെയ്തു. ''മകളെ നീ അനുസരണത്തിന്റെപേരിൽ ചെയ്യുന്നതിനു് നിന്നോടു് കണക്കു ചോദിക്കു

7 Rev. Fr. R. W. Glosen S. J. To live in Christ Chapter VI
8. Fr. Ferdinand Valentine. O. P. obedience. P. 73

കയില്ല. അതിന്റെ കണക്കു് അധികാരികളോടായിരിക്കും ചോദിക്കുന്നതു്.[9] സ്പഷ്ടമായി ദൈവപ്രമാണങ്ങൾക്കോ, തിരുസഭയുടെ കല്പനകൾക്കോ സന്ന്യാസവ്രതങ്ങൾക്കോ എതിരല്ലാത്ത എല്ലാകാര്യത്തിലും നാം അനുസരിക്കുമ്പോൾ യാതൊരു പാപത്തിലും ഉൾപ്പെടുകയില്ല. അനുസരണം എളിമ അഭ്യസിക്കുന്നതിനുള്ള ഏറ്റവും പറ്റിയ മാർഗ്ഗവുമത്രെ''ക്രിസ്തീയസുകൃതങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു് ഏതാണു് എന്നു് ചോദിച്ചാൽ എളിമയാണെന്നു് ഞാൻ പറയും.'' എളിമ അഭ്യസിക്കുന്നതിനുള്ള ഏറ്റവും പറ്റിയ മാർഗ്ഗം അനുസരണമാണെന്നാണു് വി. ആഗ്സ്തീനോസു് പ്രസ്താവിച്ചിട്ടുള്ളതു്.

അനുസരണം നമ്മെ ദൈവത്തോടു് ഏറ്റവും അവഗാഢമായ ഐക്യത്തിലേയ്ക്കു നയിക്കുന്നു. ദൈവതിരുമനസ്സു് നിറവേറ്റുന്നതാണു് ദൈവൈക്യത്തിനു് ഏറ്റവും പറ്റിയ മാർഗ്ഗം. കർത്താവേ, കർത്താവേ എന്നു് വിളിക്കുന്നവനല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക. പ്രത്യുത സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹിതം നിവ്വഹിക്കുന്നവനാണു്. (മത്താ. VII. 21) എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം കാക്കുന്നു. അപ്പോൾ എന്റെ പിതാവു് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുക്കൽ വന്നു് അവനോടുകൂടി വസിക്കുകയും ചെയ്യും. (യോ: XIV. 23) അനുസരണം ദൈവതിരുമനസ്സു് അന്വേഷിക്കുകയാണു്. Every Call to obedience is a call to encounter with God.[10] അനുസരണത്തിനുള്ള ഓരോ ആഹ്വാ

---

9. Fr Thomas Dubeuy Religious Formation P. 122

10. Rev. Fr. Bernard Haring Christian Renewal in a changing world. P. 35

നവും ദൈവൈക്യത്തിനുള്ള ആഹ്വാനമാണു്. എന്നു ഫാ. ബർണാർദു് ഹേയറിംഗ്സ് പ്രസ്താവിക്കുന്നു. അനുസരണവും വിശുദ്ധിയും ഒന്നുതന്നെയാണെന്നു വേണമെങ്കിൽ പറയാം, ദൈവഹിതം നിവർത്തിക്കുന്നതായാൽ.

അനുസരണം വഴി നാം രക്ഷണീയകർമ്മത്തിൽ സഹകരിക്കുന്നു[11]. ''ഒരു മനുഷ്യന്റെ അനുസരണമില്ലായ്മ നിമിത്തം വളരെപ്പേർ പാപികളായതു് എങ്ങനെയോ, അങ്ങനെതന്നെ ഒരുത്തന്റെ അനുസരണം നിമിത്തം വളരെപ്പേർ നീതിമാന്മാരായും തീരുന്നു.'' (റോമ. V .19) ക്രിസ്തുവിന്റെ പെസഹാരഹസ്യം നമ്മിൽ പൂർത്തീകരിക്കപ്പെട്ടു് നാം ക്രിസ്തുവിനോടു് സദൃശരും രക്ഷണീയകർമ്മത്തിൽ ഭാഗഭാക്കുകളുമാകുന്നു.

അനുസരണം വ്യക്തിഗതമായ കഴിവുകളെ നശിപ്പിക്കുന്നില്ല. പ്രകൃതിയുടെയും പ്രസാദവരത്തിന്റെയും ബുദ്ധിയുടെയും മനസ്സിന്റെയും കഴിവുകളും പൂർണ്ണമായി വിനിയോഗിച്ചുകൊണ്ടു്[12] കർമ്മനിരതവും ഉത്തരവാദിത്വപൂർണ്ണവുമായ അനുസരണം പ്രായോഗികമാക്കണം. അനുസരണം നമ്മുടെ പ്രവർത്തനങ്ങളും കൂടുതൽ ഫലദായകമാക്കുന്നു. അനുസരണംവഴി നമ്മുടെ പ്രവർത്തനങ്ങളും ദൈവനിഷ്ഠങ്ങളാണെന്നു പറയാം. അതിനാൽ അതു് കൂടുതൽ ഫലദായകമായിത്തീരും. പലപ്പോഴും അന്ധമായ അനുസരണം അത്ഭുതങ്ങളുംപോലും പ്രവർത്തിക്കുന്നതിനു് ശക്തമായിട്ടുള്ളതായിക്കാണുന്നു. വി. ഫ്രാൻസീസു് അസീസി, വി. വിൻസെന്റു് ഫെറർ മുതലായ വിശുദ്ധരുടെ ചരിത്രത്തിൽ ഇപ്രകാരമുള്ള സംഗതികളും കാണുന്നുണ്ടു്.

---

11. Rev. Fr Ladislaus. M. Ossay. Open to the spirit. P. 39
12. വത്തിക്കാൻ സൂനഹദോസു് ഡിക്രീ. സന്യാസനവീകരണം, No. 14.

അനുസരണം പരസ്പരബഹുമാനത്തിലും സ്നേഹത്തിലും അധിഷ്ഠിതമായിരിക്കണം. ഉത്തരവാദിത്വപൂർണ്ണവും കർമ്മനിരതവുമായ അനുസരണത്തിൽ സ്വഭാവത്തിന്റെയും പ്രസാദവരത്തിന്റെയും ബുദ്ധിയുടെയും മനസ്സിന്റേതുമായ എല്ലാ കഴിവുകളും ഉപയോഗിച്ചു് വ്യക്തിമാഹാത്മ്യത്തിനു യോജിച്ച വിധത്തിൽ അനുസരിക്കണം. അതാണു് വത്തിക്കാൻ സൂനഹദോസിന്റെ നവീകരണപ്രക്രിയയുടെ ഫലമായി സന്യാസത്തിലുണ്ടാകേണ്ട ആഭിമുഖ്യം. അധികാരവും അനുസരണവും മിശിഹായുടെ ആത്മാർപ്പണത്തിൽ പങ്കുചേരുന്നതിനു് സഹായിക്കുന്ന പരസ്പരപൂരകങ്ങളായ രണ്ടു ഘടകങ്ങളാണു്. അവ രണ്ടും ഉപയോഗിക്കേണ്ടതു് പൊതുനന്മയെ ലക്ഷ്യമാക്കിയുമായിരിക്കണം. അധികാരിയെ സംബന്ധിച്ചിടത്തോളം അധികാരം, ദൈവപിതാവിന്റെ സ്നേഹനിഷ്ഠമായ പദ്ധതി സ്വസഹോദരനിൽ നിറവേറ്റുന്നതിനുള്ള സേവനമാണു്. കീഴുള്ളവരെ സംബന്ധിച്ചു പറഞ്ഞാൽ അധികാരികളുടെ നിർദ്ദേശം സ്വീകരിച്ചുകൊണ്ടു് അവർ മിശിഹായുടെ മാതൃകയനുസരിക്കുകയും (ലൂക്കാ. II. 51) രക്ഷാകർമ്മത്തിൽ സഹകരിക്കുകയുമാണു് ചെയ്യുക. അതിനാൽ അധികാരവും വ്യക്തിസ്വാതന്ത്ര്യവും പരസ്പരവിരുദ്ധങ്ങളായ ഘടകങ്ങളല്ല, പ്രത്യുത അവ രണ്ടും ദൈവഹിതനിവ്വഹണത്തിനായി തോളോടു തോളുരുമ്മി പ്രവർത്തിക്കേണ്ടവയാണു്.[13]

---

13. ആറാം പൗലോസു് മാർപ്പാപ്പായുടെ സന്യാസികൾക്കുള്ള ഉപദേശം. റവ. ഫാ. സീലാസു് സി. എം. ഐ. നവീകരണം സന്യാസത്തിൽ. No. 25

അദ്ധ്യായം പത്തൊമ്പതു്

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ

എനിക്കു് സ്വർഗ്ഗത്തെ നീക്കിക്കളയുവാൻ സാദ്ധ്യമല്ലെങ്കിൽ ഞാൻ സകല നരകീയ ശക്തികളെയും സ്വർഗ്ഗത്തിനെതിരായി അണിനിരത്തും എന്നു് സിഗ്മണ്ടു് ഫ്രോയിഡു് എന്ന മന:ശാസ്ത്ര പണ്ഡിതൻ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. ഫ്രോയിഡിന്റെ മതം മനുഷ്യൻ കേവലം ജഡികപൂരണത്തിനു വേണ്ടിമാത്രം ജീവിക്കേണ്ട ഒരു മൃഗമാണെന്നാണു്. എന്നാൽ ഫ്രോയിഡിന്റെ ശിഷ്യന്മാർതന്നെ അദ്ദേഹത്തിന്റെ സിദ്ധാന്തത്തെ നിരാകരിച്ചു. മനുഷ്യനു് വേറെചില പ്രവണതകൂടി കൂടിയുണ്ടു് അതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് മതപരമായ അനുഭൂതി. എന്നുമാത്രമല്ല മതപരമായ അനുഭൂതി മറ്റുള്ളവയെ നിയന്ത്രിക്കുകയും ചെയ്യേണ്ടതാണു്.

മനുഷ്യനിൽ വിശപ്പു് എന്നൊരു പ്രവണത ദൈവം നല്കിയിട്ടുണ്ടു്. നാം ഭക്ഷണം കഴിച്ചു് അരോഗ ദൃഢഗാത്രരായി ജീവിക്കണം. അതിനു വേണ്ടിയാണു് വിശപ്പു് നലകിയിരിക്കുന്നതു്. വിശപ്പുള്ളതുകൊണ്ടുമാത്രം നാം ഭക്ഷണം കഴിക്കുകയില്ല. ആഹാരസാധനങ്ങളോടു് രുചിയും നലകിയിരിക്കുന്നു. എന്നാൽ രുചി ഉള്ളതുകൊണ്ടു് ഒരു മനുഷ്യൻ യാതൊരാരോഗ്യ നിയമങ്ങളും മിതത്വവും

പാലിക്കാതെ ഭക്ഷിക്കുന്നെങ്കിൽ ഏതെങ്കിലും രോഗം പിടിപെട്ടു് അകാല മരണമടയുന്നതിനു് ഇടയാകും. ഇതു പോലെതന്നെ ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ഒരു പ്രവണതയാണു് ലൈംഗിക സുഖഭോഗങ്ങളിലേയ്ക്കുള്ള പ്രവണത. സൃഷ്ടികർമ്മത്തിൽ ദൈവത്തോടു് സഹകരിക്കുക എന്നതാണു് അതിന്റെ ലക്ഷ്യം.

ലൈംഗികമായ സുഖഭോഗങ്ങളും ഭാര്യാഭർതൃസംയോഗത്തിൽ സന്താനോല്പാദനത്തിനു് പ്രതിബന്ധമില്ലാത്ത രീതിയിൽ പ്രവർത്തിക്കുമ്പോഴും മാത്രമെ നിയമാനുസൃതവും അനവദ്യവുമായിരിക്കുകയുള്ളു. അതിനു പുറമെ എപ്പോഴെങ്കിലും നാം അതു് അനുഭവിച്ചാൽ ദൈവസ്ഥാപിതമായ ക്രമലംഘനവും നമ്മുടെതന്നെ സ്വഭാവത്തിൽ ഒരു തകിടം മറിച്ചിലുമാണു്. [1] സെക്സു് അതിൽതന്നെ പരിപാവനമാണു്. ദൈവത്തിന്റെ ദാനമാണു്. സ്നേഹ വിഷയമാണു്. അതു് പരിത്രാണ പരിപാടിയിലെ ഒരു സ്നേഹ രഹസ്യവുമാണു്. അതിനാൽ വൈവാഹിക ജീവിതത്തിനു് പുറമെ ആ സന്തോഷം അനുഭവിക്കുമ്പോഴും ദൈവപുത്രർ എന്നുള്ള നമ്മുടെ ഉന്നതമായ സ്ഥാനമാഹാത്മ്യത്തിനു അനുയോജ്യമല്ല. പ്രോയിഡും അനുഗാമികളും പറയുന്നതുപോലെ മനുഷ്യർ ജഡികപൂരണത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഒരു മൃഗമല്ല. അവനു് ആത്മാവും സുബുദ്ധിയും സ്വാതന്ത്ര്യവും ഉള്ളതിനാൽ സെക്സു് ധാർമ്മികമായ ഒരു ഉത്തരവാദിത്വവും പ്രദാനം ചെയ്യുന്നുണ്ടു്. അതുവഴി സൃഷ്ടികർമ്മത്തിലും പരിത്രാണ രഹസ്യത്തിലും മനുഷ്യൻ ദൈവത്തോടു് സഹകരിക്കുന്നു. അതിനാൽ സെക്സിനോടുള്ള ബഹുമാനമാണു് ശ്രുദ്ധത.

---

1. Fr. Bernard. F. Meyer. Lend me your hands. Chapt. II

മനുഷ്യനിൽ സെക്സ് കേവലം ഒരു ശാരീരിക പ്രതിഭാസം മാത്രമല്ല. മാനസികവും ആദ്ധ്യാത്മികവുമായ വശങ്ങളും അതു് ഉൾക്കൊള്ളുന്നു. ആധുനിക മനഃശാസ്ത്ര പണ്ഡിതന്മാരുടെ (Sex Psychology) അഭിമതമനുസരിച്ചു് ഒരു വ്യക്തിയുടെ വ്യക്തിത്വം പൂർണ്ണമാകുന്നതു് മറെറാരു വ്യക്തിയുമായിട്ടുള്ള സ്നേഹബന്ധത്തിലാണു്. വ്യക്തിസാഫല്യത്തിനുള്ള ഈ സ്നേഹപ്രവണത പൂർണ്ണമായി ഈ ലോകത്തിൽ യാതൊരു വ്യക്തിയോടുമുള്ള സ്നേഹത്തിൽ സംതൃപ്തിയടയുന്നില്ല. ഗബ്രിയേൽ മാഴ്സൽ എന്ന അസ്തിത്വവാദ താത്വികൻ ഈ പ്രവണതയിൽ നിന്നുതന്നെ ദൈവാസ്തിത്വത്തെ തെളിയിക്കുന്നുണ്ടു്. വ്യക്തിത്വം ഏറെറവും പൂർണ്ണമായ വിധത്തിൽ മഹോന്നതമാംവിധം സാഫല്യമടയുന്നതു് (highest fullfilment) ദൈവത്തോടുള്ള സ്നേഹത്തിലാണു്. അതാണു് കന്യാവ്രതത്തിന്റെ മാഹാത്മ്യം.

മനുഷ്യൻ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിന്റെ ഏറെറവും അനിഷേധ്യമായ പ്രഖ്യാപനം ക്രിസ്തുവിനെ കന്യാവ്രതാനുഷ്ഠാനത്തിലൂടെ അനുകരിക്കുന്നതാണു്. സെക്സിന്റെ സൃഷ്ടിപരവും പരിത്രാണപരവുമായ സ്വഭാവം മനസ്സിലാക്കി അതിനോടു് പ്രദർശിപ്പിക്കുന്ന ബഹുമാനമാണു് ശുദ്ധത. അതുവഴി ഒരു മനുഷ്യനു് ശാരീരികവും മാനസികവും വൈകാരികവുമായ ആധിപത്യം ലഭിക്കുന്നു. കന്യാവ്രതത്തിൽ ദൈവം ആത്മമിത്രമായി നമ്മുടെ ജീവിതത്തിലേയ്ക്കു് പ്രവേശിക്കുകയാണു്. പവിത്രതത്വത്തിന്റെ ആന്തരികസ്നേഹം ഒരു വ്യക്തിയെ ലൈംഗിക സുഖഭോഗങ്ങൾക്കതീതനായി ജീവിക്കുവാൻ പ്രാപ്തനാക്കും. അതിനു് വൈകാരികവും മാനസികവും ലൈംഗികവുമായ പക്വത ആവശ്യമാണു്. പരിശുദ്ധാത്മാവു് നമ്മി

ൽ ഒരു രൂപാന്തരീകരണംതന്നെ ഉളവാക്കും. കന്യാവ്രതം പരിശുദ്ധാത്മാവിന്റെ സഭയിലുള്ള ഫലനാത്മകമായ പ്രവർത്തനഫലമാണു്, ദാനവുമത്രെ.

ശാരീരികമായ അഭംഗുരതസംരക്ഷിച്ചു് ദൈവസേവനത്തിനും പരസേവനത്തിനുമായിട്ടുള്ള ഒരർപ്പണമാണു് കന്യാവ്രതം എന്നത്രെ വി. ആഗ്നസ്റ്റീനോസും കന്യാവ്രതത്തെ നിർവചിച്ചിരിക്കുന്നതു്. ''പ. കർബ്ബാനയിൽ നമുക്കു് സ്വയം നല്കുന്ന ക്രിസ്തുനാഥനോടുള്ള കൃതജ്ഞതയും പ്രത്യർപ്പണവുമാണു് വിരക്തി.'' [2] കന്യാവ്രതം ഒരു പ്രത്യേകദാനമാണു്. (Charism) അവിഭക്തഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുകയാണു് അതിന്റെ ഉദ്ദേശ്യം. വിവാഹത്തിൽ ഒരു മാദ്ധ്യമംവഴി ദൈവവുമായിട്ടു് ഐക്യപ്പെടുമ്പോഴും കന്യാവ്രതത്തിൽ മിശിഹായെ ആത്മമണവാളനായി സ്വീകരിച്ചു് സ്നേഹിക്കുകയാണു്. (I കോ. VII. 32–35) കന്യാവ്രതത്തിനുള്ള ആഹ്വാനം ലഭിച്ചിരിക്കുന്നു എന്നറിയുന്നതിനു് ചില ലക്ഷണങ്ങളുണ്ടു്. അവ ക്രിസ്തുവിനോടുള്ള തീക്ഷ്ണമായ സ്നേഹം, പ്രേഷിതചൈതന്യം, ത്യാഗസുരഭിലമായ ജീവിതം നയിക്കുന്നതിനുള്ള മഹാമനസ്കത, ഏതു പ്രതിസന്ധിഘട്ടങ്ങളേയും തരണം ചെയ്യുവാൻ കെല്പുള്ള ആദ്ധ്യാത്മികശിക്ഷണം എന്നിവയത്രെ.

മിശിഹായുടെ ജീവിതവും പ്രബോധനവും കന്യാവ്രതത്തിന്റെ മഹനീയത വ്യക്തമാക്കുന്നു. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർ ദൈവത്തെക്കാണും.

---

2. Rev Fr. Bernard Haring. C SSR. The Law of Christ. Submission to the Loving Domain of God in marriage and Virginity Chap. V.

(വി. മത്തായി. v. 8) നാം പലപ്പോഴും കന്യാവ്രതത്തെ മനസ്സിലാക്കുന്നതു് നിഷേധാത്മകമായി മാത്രമാണു്. എന്നാൽ ശുദ്ധതയുടെ ഭാവാത്മകമായ (positive) അഥവാ സ്ഥിരാത്മകമായ വശത്തിനു് പ്രാധാന്യം നല്കിയാൽ അതു് കൂടുതൽ സുഗമമാകും. ലൈംഗികസുഖഭോഗങ്ങളും അനുഭവിക്കാതെ സ്വസ്സംഗപരിത്യാഗികളായി ജീവിക്കുന്നതു് ഉന്നതമായ ഒരു ലക്ഷ്യത്തെ മുൻനിറുത്തിയാണു്. സകല മാനവകുലത്തെയും ഈശോയുടെ ഹൃദയത്തിൽ സമാശ്ലേഷിക്കുന്നതിനും സാവ്ത്രികമായ ഒരു പിതൃത്വത്തിനും മാതൃത്വത്തിനുംവേണ്ടിയാണു്. പരിത്രാണകർമ്മത്തിൽ സഹകരിക്കുന്നതോടൊപ്പം കലാസംസ്കാരാദി മൂല്യങ്ങളുടെ പോഷണവുമായിരിക്കണം [3] നമ്മുടെ കന്യാവ്രതത്തിന്റെ ഉദ്ദേശ്യം.

യഥാർത്ഥമായ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വീക്ഷിക്കുമ്പോൾ വിരക്തി വലിയ സൗഭാഗ്യത്തിനു് നിദാനമാണു്. വിരക്തിവഴി സ്വാർത്ഥീയജീവിതം സമാരംഭിച്ചുകഴിഞ്ഞു എന്നാണു് വി. തോമസ് അക്വീനാസിന്റെ അഭിമതം. യുഗാന്തരത്തിൽമാത്രം പൂർണ്ണമായ മഹത്വം വെളിപ്പെടുന്ന ഒരു സുകൃതമാണു് (escatalogical virtue) ഇതു്. വി. യോഹന്നാന്റെ വെളിപാടിൽ 'വിഷയ വിരക്തർക്കു മാത്രം കുഞ്ഞാടിനെ എല്ലായിടത്തും അനുഗമിക്കുവാനും ഒരു പ്രത്യേകഗാനം ആലപിക്കുവാനുമുള്ള അനുഗ്രഹം ലഭിക്കുമെന്നു്'' (വെളിപാടു് XIV 1–5, രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. പ. കന്യക മറിയം അവളുടെ ദൈവമാതൃത്വത്തെക്കാൾ ഒരർത്ഥത്തിൽ കന്യാവ്രതത്തെ സ്നേഹിച്ചിരുന്നുവെന്നു് വി. അഗസ്റ്റിൻ പ്രസ്താവിക്കുന്നു. പ. കന്യകയാണു് അതിന്റെ ഏറ്റവും പൂർണ്ണമായ മാതൃക. പല വിശു

3. Reginald Van Kaam· The vowed life. P. 187.

ഭരും അവരുടെ ജീവൻ ഹോമിച്ചു കന്യാവ്രതം സംര ക്ഷിക്കുന്നതിനു് സന്നദ്ധരായിരുന്നു. വി. ആഗ്നസു്, വി. ലൂസി, വി. മരിയ ഗൊരേത്തി മുതലായവരുടെ നാമങ്ങളും സ്മരണീയമാണു്. ഒരു വ്യക്തിക്കു് കന്യാവ്രത ത്തിനെതിരായിട്ടുള്ള പ്രലോഭനങ്ങളും ഉണ്ടാവുകയും വിവാ ഹജീവിതത്തോടു് ആകർഷണം തോന്നുകയും ചെയ്താലും വിരക്തജീവിതത്തിനുള്ള ആഹ്വാനമുണ്ടായിരിക്കും. [4]

കന്യാവ്രതം സംരക്ഷിക്കുന്നതിനുള്ള ഏറ്റവും സുഗമ മായ മാർഗ്ഗം നമ്മുടെ ലൈംഗിക പ്രവണതകളുടെ ഉദാത്ത വൽക്കരണമാണു്. (Sublimation) ദൈവസേവനം, പര സേവനം, നമ്മുടെ ജീവിതാന്തസിന്റെ ചുമതലകളുടെ യ ഥാവിധിയായ നിർവ്വഹണം ജോലികാര്യങ്ങളിലുള്ള ശ്രദ്ധ മുതലായവയാണു് അതു്. കലാപരവും വിദ്യാഭ്യാസപര വുമായ രംഗങ്ങളിൽ സർഗ്ഗാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും വളരെ നല്ലതാണു്. എളിമയോടുകൂടിയ പ്രാർത്ഥന വളരെ അത്യന്താപേക്ഷിതം. ഒരിക്കൽ റെജി നാൾഡു് എന്ന വൈദികൻ വി. തോമസു് അക്വിനാ സിനെ സമീപിച്ചു് ബുദ്ധിപരമായിട്ടുള്ള പ്രവർത്തനങ്ങ ളിൽ പുരോഗമിക്കുന്നതിനുള്ള മാർഗ്ഗമെന്താണെന്നു് ചോദി ച്ചു. ഉടനെ വി. തോമസു് പറഞ്ഞതു് ഇപ്രകാരമാണു്. ''എളിമയും അനുസരണവും ഉള്ളവനായിരിക്കുക. ശുദ്ധത പാലിക്കുക. അതിപരിചയം വർജ്ജിക്കണം. ത്യാഗപൂർണ്ണ മായ ഒരു ജീവിതം നയിക്കുക.'' സുഖലോലുപമായ ജീ വിതം നയിക്കുന്നവർക്കു് ശുദ്ധത സംരക്ഷിക്കുക വിഷമ മാണു്. ക്രമവിരുദ്ധമായി ലൈംഗിക സുഖഭോഗങ്ങളിൽ മുഴുകുന്നവർക്കു് ദൈവികമായ കാര്യങ്ങളും ഗ്രഹിക്കുവാനും

---

4. Rev. Fr. Ladislaus. M. Ossay. Open to the spirit. P. 27

അതാസ്വദിക്കുവാനുമുള്ള കഴിവു് ഇല്ലാതാകും എന്നതത്രെ വിശുദ്ധന്റെ അഭിമതം.

പലർക്കും വിരക്തജീവിതത്തിൽ ഒരു ഏകാന്തത അനുഭവപ്പെടുന്നു എന്നു പറയാറുണ്ടു്. എന്നാൽ നമ്മുടെ സ്നേഹവിഷയമായ ക്രിസ്തുനാഥനോടുള്ള ഒരു വൈയ്യക്തികബന്ധം സ്ഥാപിച്ചാൽ ആ വിരസത അനുഭവപ്പെടുകയില്ല. ശരിയായ വിരക്തജീവിതം നയിക്കുന്നവർ പ. കന്യകയുടെ അമലോത്ഭവം പോലുള്ള ഒരു പ്രത്യേകാനുഗ്രഹത്തിനർഹരായിത്തീരും. [5]

കന്യാവ്രതം സംരക്ഷിക്കുന്നതിനു് പ. കന്യകയോടുള്ള ഭക്തിയും അനിവാര്യമാണു്. സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥയായ മറിയം വഴി മാത്രമെ കന്യാവ്രതപാലനത്തിനുള്ള ആഹ്വാനവും അതു് സംരക്ഷിക്കുവാനുള്ള അനുഗ്രഹവും ലഭിക്കുകയുള്ളൂ. രണ്ടാം വത്തിക്കാൻ സൂനഹദോസിനു് ശേഷം ചില വൈദികരും, സന്യാസിനീസന്യാസികളും ദൈവമാതാവിനോടുള്ള ഭക്തിയുടെ ആവശ്യം വിസ്മരിച്ചു. അതും ഇന്നത്തെ സന്യാസ പൗരോഹിത്യ ദൈവവിളികളുടെ തകർച്ചയ്ക്കു കാരണമായിട്ടുണ്ടു്. എളിമയോടുകൂടിയ പ്രാർത്ഥനയും അപരിത്യാജ്യമാണു്. എളിമ സകല സുകൃതങ്ങളുടെയും അടിസ്ഥാനമത്രെ. പ്രത്യേകിച്ചും ശുദ്ധത അഭംഗുരം സംരക്ഷിക്കുവാൻ അതു് കൂടിയേതീരൂ. ഭക്ഷണപാനിയങ്ങളിലുള്ള മിതത്വം, പഞ്ചേന്ദ്രിയ നിഗ്രഹം എന്നിവയിലും ശ്രദ്ധ പതിക്കണം. അനുവദനീയമായ എല്ലാസുഖങ്ങളും അനുഭവിക്കണം എന്ന ചിന്തയുള്ളവർ അനുവദനീയമല്ലാത്തതിലും ഉൾപ്പെടും.

---

5. Rev. Fr. Sehleck S. J. Religion Review Vol: 24 Nov: 1965 Sanctification through Virginity.

നമ്മുടെ ജീവിതത്തിലും സന്യാസ വ്രതങ്ങളും മറ്റും അനുഷ്ഠിച്ച് ജീവിക്കുമ്പോഴും ദുരാശകൾ തല്ക്കാലത്തേയ്ക്ക് ഉറക്കം ഭാവിച്ചെന്നുവരാം. എന്നാൽ പിന്നീട് ത്യാഗ കൃത്യങ്ങളും, പ്രാർത്ഥനയും പഞ്ചേന്ദ്രിയ സംയമനവും പാലിക്കാതിരുന്നാൽ അത് വീണ്ടും തല ഉയർത്തും. ചിലപ്പോൾ അതിന്റെ അടിമകളായി അധ:പതിക്കും. അത് സംഭവിക്കുമ്പോഴായിരിക്കും പലപ്പോഴും ദൈവ വിളികൾ നഷ്ടപ്പെട്ടുന്നത്. അതിനാൽ നാം അവധാന പൂർവ്വവും വിവേകത്തോടുകൂടിയും മുമ്പോട്ട പോകണം. അതിരുകടന്ന ഭയവും പാടില്ല.

മാംസ രക്ത നിർമ്മിതരായിരിക്കുന്ന മനുഷ്യരായിരി ക്കുന്നിടത്തോളംകാലം നാം അശുപികളൊ മാലാഖമാരോ അല്ല, അതിനാൽ ശുദ്ധതയ്ക്കെതിരായ പ്രലോഭനങ്ങളും ആശ്രഹങ്ങളുമൊക്കെ ഉണ്ടാകാം. അവയൊന്നും അതിൽ തന്നെ പാപകരമല്ല. പ്രലോഭനങ്ങൾ ശുദ്ധതയുടെ യോഗ്യത വർദ്ധിപ്പിക്കുന്നു. വിശുദ്ധന്മാർക്കുപോലും പ്ര ലോഭനങ്ങൾ ഉണ്ടായിരുന്നതായി അവരുടെ ചരിത്രത്തിൽ കാണുന്നു. അതിനാൽ നമ്മിൽതന്നെ ആശ്രയിക്കാതെ ദൈവത്തിലും പ. കന്യകയിലും സമാശ്രയിച്ച് സമചി ത്തതയോടുകൂടി മുമ്പോട്ട പോകണം. ലൈംഗിക പ്രവ ണത മനുഷ്യനിൽ അഗാധമായ ഒന്നായതിനാൽ ഒരു മനുഷ്യനും സ്വന്തശക്തികൊണ്ട് ശുദ്ധത പാലിക്കുക സാദ്ധ്യമല്ല. കന്യാവ്രതം വന്ധ്യത്വമല്ല. അത് ആദ്ധ്യാ ത്മിക ജനനത്തിന്റെ ഉറവിടമാണ്. പ. കന്യകയുടെ കന്യാത്വം ലോകപരിത്രാതാവിനെ ജനിപ്പിച്ചു. അത് സകല ആദ്ധ്യാത്മിക ജനനത്തിന്റെയും ഉറവിടമാണ്. ഇതുപോലെ നമ്മുടെ കന്യാവ്രതവും ആദ്ധ്യാത്മിക ജനനത്തിന്റെ ഉറവിടമാകണം. പ്രേഷിതപരമായ ഒരു

ആഭിമുഖ്യം അതിനാവശ്യമാണു്. അപ്പോൾ കന്യാവ്രതം ആദ്ധ്യാത്മിക ഫലദായകത്വത്തിനു് പര്യാപ്തമാകും. സുഗമമായിരിക്കും. അതു് (ബ്രഹ്മചര്യം) മിശിഹായ്ക്കും സഭയ്ക്കും തമ്മിലുള്ള സ്നേഹൈക്യത്തിൽ ഒരുവനെ നേരിട്ടു് പങ്കാളിയാക്കുകയും മറെറല്ലാ മാനുഷിക സ്നേഹങ്ങളുടെയും ലക്ഷ്യമായിരിക്കേണ്ട ദൈവസ്നേഹത്തിന്റെ പാരമ്യത്തിലേയ്ക്കു് നയിക്കുകയും ചെയ്യുന്നു. ഭോഗാസക്തി എവിടെയും പ്രബലപ്പെട്ടവരുന്ന ഇക്കാലഘട്ടത്തിൽ ബ്രഹ്മചര്യത്തെ കൂടുതൽ വിലമതിക്കുകയും അതിന്റെ പരിശുദ്ധി അഭംഗം പാലിക്കുകയും ഹൃദയ വിശാലതയോടെ അനുഷ്ഠിക്കുകയും ചെയ്യണം. ബ്രഹ്മചര്യം വെറും നിഷേധാത്മകമായ ഒരു സുകൃതമല്ല. പ്രത്യുത മിശിഹായോടു് പ്രദർശിപ്പിക്കേണ്ട അതിരററ സ്നേഹത്തിനു് സാക്ഷ്യം വഹിക്കുകയും മൗതിക ശരീരത്തിനു് അതിന്റെ ശിരസ്സിനോടുള്ള ഐക്യത്തെ ഏററം ശ്രേഷ്ഠമായ രീതിയിൽ പ്രകാശിപ്പിക്കുകയും ചെയ്യുന്ന ഒന്നാണു് [6].

ബ്രഹ്മചര്യം പാലിക്കുന്നതിനു് സമൂഹ ജീവിതത്തിൽ യഥാർത്ഥമായ സഹോദരസ്നേഹം വളരെ സഹായകമാണെന്നാണു് വത്തിക്കാൻ സൂനഹദോസു് സന്യാസ നവീകരണത്തെ കുറിച്ചുള്ള ഡിക്രിയിൽ പ്രഖ്യാപിച്ചിട്ടുള്ളതു്. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള മനുഷ്യന്റെ പ്രവണതയെ സന്യാസ സാഹോദര്യം സംതൃപ്തമാക്കുന്നു. അതിനാൽ സന്യാസ സാഹോദര്യം പരിപോഷിപ്പിക്കേണ്ടതു്, കന്യാവ്രതപാലനത്തിനു് ആവശ്യമത്രെ. അതില്ലെങ്കിൽ അവിഹിതമായ സ്നേഹം മുളയെടുക്കുന്നതിനും കാരണമാകും. —

---

(6). ആറാം പൗലോസു് മാർപ്പാപ്പയുടെ സന്യാസികൾക്കുള്ള ഉപദേശം. (നവീകരണം സന്യാസത്തിൽ. റവ. ഫാ. സിലാസു്. സി. എം. ഐ. No. 13.

അദ്ധ്യായം ഇരുപതു്

അരുപിയിൽ ദരിദ്രർ

സമ്പന്നനായ ഒരു യുവാവു് ഈശോയെ സമീപിച്ചു കൊണ്ടു് നിത്യായുസ്സു് പ്രാപിക്കുവാൻ എന്തു ചെയ്യണമെന്നു ചോദിച്ചപ്പോഴും നീ പ്രമാണങ്ങളും അനുഷ്ഠിക്കുക എന്നരുളിച്ചെയ്തു. എന്നാൽ ആ യുവാവു് പ്രമാണങ്ങളെല്ലാം ഞാൻ ബാല്യംമുതൽ അനുസരിക്കുന്നുണ്ടു്. ഇനി എനിക്കെന്താണു് കുറവുള്ളതു് എന്നു ചോദിച്ചപ്പോഴും മിശിഹാ സ്നേഹപൂർവ്വം അവനെ നോക്കിക്കൊണ്ടു് പറഞ്ഞു. നിനക്കു് ഒരു കുറവുണ്ടു്. പരിപൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു് കൊടുത്തശേഷം എന്റെ പിന്നാലെ വരിക. നിനക്കു് സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും. (വി. മത്താ. XIX 16–22, വി. മർക്കോ. X 17–23) പരിപൂർണ്ണതാപ്രാപ്തിയും ദ്രവ്യപരിത്യാഗവും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടു് എന്ന ക്രിസ്തുവിന്റെ വാക്കുകളിൽനിന്നു വ്യക്തമാകുന്നു.

അരുപിയിൽ ദരിദ്രർ ഭാഗ്യവാന്മാർ (വി. മത്താ. v 3) എന്നു് ഗിരിപ്രഭാഷണത്തിൽ അവിടുന്നു് അരുളിച്ചെയ്തു. അതുകൊണ്ടു് വിവക്ഷിക്കുന്നതു് ലൗകികവസ്തുക്കളുടെ സ്വതന്ത്രമായ പരിത്യാഗവും സമ്പത്തിനോടുള്ള അമിതമായ ആസക്തിയെ നിയന്ത്രിക്കുകയുമാണു്. സമ്പത്തി

നോട്ടുള്ള സമീപനത്തിൽ മൂന്നു തരക്കാരെ കാണുവാൻ സാധിക്കും. ഒന്നാമത്തെ തരക്കാർ സമ്പത്തു് തങ്ങളുടെ ജീവിതത്തിന്റെ അന്ത്യമായി കരുതുന്നു. ദ്രവ്യപൂജയാണു് അതു്. വിഗ്രഹാരാധനതന്നെ. രണ്ടാമത്തേതു് ധൂർത്തു്. ദുർവ്യയം ചെയ്യ നശിപ്പിക്കുകയാണു്; അതും നിഷിദ്ധ മത്രെ. ഉദാരതയാണു് ധനത്തോടുള്ള സമീപനത്തിൽ സുകൃതം. സന്യാസദാരിദ്ര്യത്തെ സുകൃതമാക്കുന്നതു് ഉദാരത യാണു്. ദാരിദ്ര്യം നിഷേധാത്മകമത്രെ. ദാരിദ്ര്യത്തിന്റെ ഉദ്ദേശ്യം ലൗകികവസ്തുക്കളിൽനിന്നും അകന്നു് ദൈവ ത്തോടു് അവഗാഢമായ ഐക്യം പ്രാപിക്കുകയാണല്ലൊ. ലൗകികസമ്പത്തു് നമ്മുടെ പരമാന്ത്യപ്രാപ്തിക്കു് സഹാ യകമാംവിധം ഉപയോഗിക്കേണ്ടതാണു്.

ദരിദ്രർ ഭാഗ്യവാന്മാർ എന്നല്ല ക്രിസ്തുനാഥൻ അരുളി ച്ചെയ്തതു്. അങ്ങനെയെങ്കിൽ ഇന്നു് ദാരിദ്ര്യം ഒരു പ്രശ്നമായിരിക്കുകയില്ലായിരുന്നു. ദൈവവിശ്വാസമില്ലാത്ത ത ലമുറയ്ക്കു് ദാരിദ്ര്യം ഒരു ശാപമായിരിക്കും എന്നു് സഭാ പ്രസംഗകൻ എന്ന വിശുദ്ധഗ്രന്ഥത്തിൽ നാം വായിക്കു ന്നു. (Eccli. XIII 30) എന്നാൽ മിശിഹാ അരുളിച്ചെയ്തതു് അരൂപിയിൽ ദരിദ്രർ ഭാഗ്യവാന്മാർ എന്നത്രെ. ദരിദ്രർ ക്കും അരൂപിയിൽ ദാരിദ്ര്യമുണ്ടാകാം.

നമുക്കു് ധനത്തെ രണ്ടു വിധത്തിൽ അതിജീവിക്കാം. ഒന്നാമത്തേതു് പരിപൂർണ്ണമായ പരിത്യാഗമാണു്. രണ്ടാ മത്തെ മാർഗ്ഗം ന്യായമായ വിനിയോഗമത്രെ. സന്യാസ അധികാരികളുടെ അനുവാദവും ക്ലുപ്തമായ ജീവിതമുറയുമാ ണു് ദാരിദ്ര്യാഭ്യസനത്തിനുള്ള മാർഗ്ഗം. ദാരിദ്ര്യം ഒരു പ്രേ ഷിത ജീവിതാവസ്ഥ (Apostolic state of life) കൂടി യാണു്. ക്രിസ്തുനാഥൻ അവിടുത്തെ ശിഷ്യരെ സുവിശേ

ഷ പ്രസംഗത്തിനായി അയച്ചപ്പോൾ അവരോട് അരുളി ച്ചെയ്തു: നിങ്ങൾ മടിശീലകളിൽ സ്വർണ്ണമോ, വെള്ളി യോ കരുതരുതു്. രണ്ടു കുപ്പായമോ, ചെരിപ്പോ ധരിക്ക രുതു്. (വി. മത്താ. X, വി. ലൂക്കാ. XII) സന്യാസ ദാരി ദ്ര്യത്തിനു് രണ്ടു ഘടകങ്ങളും ആവശ്യമാണു്. പരിപൂർണ്ണ മായ പരിത്യാഗമനോഭാവവും മേലധികാരികളിലുള്ള സമാശ്രയത്വവും.

ദാരിദ്ര്യത്തിനു് പല ലക്ഷ്യങ്ങളുമുണ്ടു്. അതു് അരു പിയുടെ പരിപൂർണ്ണമായ സ്വാതന്ത്ര്യം നല്കുന്നു, വലിയ സുരക്ഷിതത്വം പ്രദാനം ചെയ്യും. ലൗകികസമ്പത്തിനോ ടുള്ള സ്നേഹം ദൈവസ്നേഹത്തിനു പ്രതിബന്ധമാണു്. എന്നാൽ സന്യാസദാരിദ്ര്യം സമ്പത്തിൽനിന്നും നമ്മെ സ്വതന്ത്രരാക്കി പരിപൂർണ്ണസ്നേഹത്തിൽ വളരുവാൻ സ ഹായിക്കുന്നു. പ. പിതാവു് ജോൺ ഇരുപത്തിമൂന്നാമൻ മരണാസന്നനായി കിടക്കുമ്പോൾ ഇപ്രകാരം അരുളിച്ചെ യ്തു. ''ഞാൻ ദരിദ്രനായി ജനിച്ചു. ദരിദ്രനായി ജീവിച്ചു. ദരിദ്രനായി മരിക്കുന്നതിൽ അഭിമാനംകൊള്ളുന്നു'' ഇതു പോലെ സന്യാസിസമൂഹം തങ്ങളുടെ ദാരിദ്ര്യത്തിൽ അ ഭിമാനംകൊള്ളുവാൻ സാധിക്കണം. സന്യാസദാരിദ്ര്യത്തി ന്റെ ഒരു ലക്ഷ്യം സൃഷ്ടികളിൽനിന്നും അകന്നു് സ്രഷ്ടാ വിലേയ്ക്കു് അടുക്കുക എന്നതാണു്. മിശിഹാ ദരിദ്രരിൽ ദരി ദ്രനായി ജനിച്ചു ജീവിച്ചു നമ്മെ അവിടുത്തെ ദാരിദ്ര്യ ത്താൽ സമ്പന്നരാക്കുവാൻവേണ്ടി. ഇതുപോലെ നാമും ദാരിദ്ര്യചൈതന്യമുള്ളവരായി ക്രിസ്തുവിനെ അനുകരി ക്കണം.

സന്യാസദാരിദ്ര്യം ഒരു പരിപൂർണ്ണമായ ഹോമ ബലി യാണു്. അതു് പൗരോഹിത്യവുമത്രെ. നമ്മുടെ ദാരിദ്ര്യം

കൗദാശികവുമാണു്. [1] (Sacramental) സന്യാസദാരിദ്ര്യം വഴി ലൗകിക സമ്പത്തുകളുടെ യഥാർത്ഥമൂല്യം ലോകത്തോടു് പ്രഖ്യാപിക്കുന്നതിനു് പര്യാപ്തമാകണം. എന്നാൽ ഇന്നത്തെക്കാലത്തു് ദാരിദ്ര്യവ്രതം അനുഷ്ഠിച്ചവർതന്നെ ലൗകിക വസ്തുക്കൾക്കും സ്ഥാനമാനങ്ങൾക്കുംവേണ്ടി പരക്കം പായുന്ന ദയനീയമായ സ്ഥിതിവിശേഷമാണു് സംജാതമായിട്ടുള്ളതു്. ക്രിസ്തുനാഥൻ ഈ ലോകത്തിലേയ്ക്കു വന്നതു് ഒരു മനുഷ്യന്റെ മഹത്വം അവനു് എന്തുണ്ടു് എന്നതിലല്ല പ്രത്യുതാ അവൻ എന്താണു് എന്നതിലാണു് അടങ്ങിയിരിക്കുന്നതു് എന്നുള്ള മഹനീയമായ പാഠം നമ്മെ പഠിപ്പിക്കുവാനാണു്. ലൗകിക വസ്തുക്കളുടെ നശ്വരത നമ്മെ അവിടുന്നു് അനുസ്മരിപ്പിക്കുന്നു. ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവു് നശിച്ചാൽ എന്തു പ്രയോജനം എന്നു് അവിടുന്നു ചോദിച്ചിട്ടുണ്ടല്ലോ, (മത്താ XVI. 26)

നമ്മുടെ ദാരിദ്ര്യം സന്തോഷപൂർവ്വകമായിരിക്കണം. ചിലപ്പോഴും ദാരിദ്ര്യവ്രതം അനുഷ്ഠിച്ചതിനാൽ ബുദ്ധിമുട്ടുകളും, ക്ലേശങ്ങളും അനുഭവിക്കേണ്ട അവസരങ്ങളും ഉണ്ടായേക്കാം. ഇഷ്ടപ്പെട്ട ഭക്ഷണ സാധനങ്ങളോ, വസ്ത്രമോ, പെരുമാറ്റസാധനങ്ങളോ, രോഗചികിത്സയോ ലഭിച്ചില്ലെന്നു വന്നേക്കാം. അപ്പോഴും പിറുപിറുപ്പോ അക്ഷമതയോ പ്രദർശിപ്പിക്കാതെ സമചിത്തതയോടെ കഴിയുമെങ്കിൽ മന്ദസ്മിതത്തോടെ അതിനെ അഭിമുഖീകരിക്കുവാൻ പരിശ്രമിക്കണം. ''ചിലരെല്ലാം സന്യാസത്തിൽ പ്രവേശിക്കുന്നതിനുമുമ്പു് വലിയ ത്യാഗങ്ങളും അനുഷ്ഠിക്കും. പക്ഷേ സന്യാസത്തിൽ പ്രവേശിച്ചശേഷം നിസ്സാരമായ

---

1. Rev. Fr. Sehleck. C. S. C. Poverty and *Sanctification*. Religious Review. July. 1965

വസ്തുക്കളിൽ തങ്ങളുടെ സ്നേഹം നിക്ഷേപിക്കുന്നതു് എത്ര ബുദ്ധിഹീനമാണു്'' എന്നു് വി. ഫ്രാൻസിസു് സാലസു് ചോദിക്കുന്നു. നമ്മുടെ ദാരിദ്ര്യം സ്വതന്ത്രവും നൈസർഗ്ഗികവുമായിരിക്കണം. മറ്റുള്ളവർ നിബ്ബന്ധിക്കുന്നതിനാലല്ല നാം ദാരിദ്ര്യവ്രതം സ്വീകരിച്ചതു്; സ്വതന്ത്രമായിട്ടാണു്. നൈസർഗ്ഗികമായിത്തീരുന്ന അതു് പ്രാവർത്തികമാക്കണം. ബാഹ്യമായ ദാരിദ്ര്യം (Material Poverty) ആന്തരികമായതിനു് സഹായകമായിരിക്കും. വി. ഫ്രാൻസിസു് അസീസി, വി. ബനഡിക്ടു് ജോസഫു് ലാബ്രെ, വി. അലേക്സിസു് മുതലായ വിശുദ്ധന്മാരുടെ ജീവിതത്തിൽ അതു പ്രകടമാകുന്നു.

നമ്മുടെ ദാരിദ്ര്യം രക്ഷാകരമായിരിക്കണം.[2] ഇന്നത്തെ കമ്യൂണിസ്റ്റു് വെല്ലുവിളിക്കു മുമ്പിൽ തിരുസഭയുടെ മറുപടിയാണു് സന്യാസദാരിദ്ര്യം. ഇവിടെ സന്യാസദാരിദ്ര്യത്തിന്റെ കൗദാശികമൂല്യം (Sacramental mission or Symbol) വ്യക്തമാകുന്നു. വ്യക്തിക്കാൻ സൂനഹദോസു് പറയുന്നുണ്ടു് ക്രിസ്തുവിനെ അനുകരിച്ചുള്ള സന്യാസദാരിദ്ര്യം ഇന്നു് എല്ലാക്കാലത്തേക്കാളും വിലമതിക്കപ്പെടുന്നുവെന്നു്. ക്രിസ്തുനാഥൻ രണ്ടായിരംവർഷങ്ങൾക്കപ്പുറത്തു് ദരിദ്രരിൽ ദരിദ്രനായി പരിത്യക്തരിൽ പരിത്യക്തനായി ജനിച്ചതു് മറെന്നത്തെക്കാളുമുപരിയായി ഇന്നത്തെലോകത്തെ വെല്ലുവിളിച്ചുകൊണ്ടാണു്. അതിനാലാണു് വ്രതിക്കാൻസൂനഹദോസു് പ്രഖ്യാപിച്ചതു് സന്യാസികരം തങ്ങളുടെ സാമൂഹ്യവും വ്യക്തിഗതവുമായ ജീവിതത്തിൽ ക്രിസ്തുവിന്റെ ദാരിദ്ര്യത്തിനു സാക്ഷ്യം വഹിക്കണമെന്നു്''

കൂടാതെ സോദ്രർക്കു് ക്രിസ്തുവിന്റെ സ്നേഹം നമ്മിലൂ

---

2. Rev. Fr. Sehleck S. J. Hid.

ടെ ദർശിക്കുവാൻ സാദ്ധ്യമായ വിധത്തിൽ നാം പെരുമാറണം. ദരിദ്രരെ ഉദാരമായി സഹായിക്കണം. സന്യസികളുടെ സമ്പത്തു് ദരിദ്രരെ സഹായിക്കുവാനായിരിക്കണമെന്നാണു് കൗൺസിലിന്റെ മനോഭാവം. തിരുസഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ ഉദാരമായി സഹായിക്കുന്നതിനും സന്യാസികൾക്കു കടമയുണ്ടു്. വേലയുടെ മാഹാത്മ്യം മനസ്സിലാക്കി ജോലി ചെയ്യുവാനും സന്യാസദാരിദ്ര്യം ചുമതലപ്പെടുത്തുന്നതായി സൂനഹദോസു് ഡിക്രിയിൽ പ്രസ്താവിക്കുന്നു.

സന്യാസദാരിദ്ര്യം വിശുദ്ധിക്കുള്ള ഒരു മാർഗ്ഗമാണു്. (ascetical means) വിശ്വാസം ശരണം സ്നേഹം എന്ന ദൈവീക പുണ്യങ്ങളിലുള്ള പുരോഗമനത്തിനും ദാരിദ്ര്യം സഹായിക്കുന്നു. ദൈവഭയം, ഭക്തി, ബുദ്ധി എന്ന പരിശുദ്ധാത്മാവിന്റെ ദാനങ്ങളും സന്യാസദാരിദ്ര്യഫലമായി നമുക്കു് ലഭിക്കുന്നു. ദാരിദ്ര്യം ഇന്നത്തെ മാനുഷിക പ്രശ്നങ്ങൾക്കും ഒരു സമാധാനമാണു്. [3] ഇക്കാര്യങ്ങളെല്ലാം നാം വേണ്ടവിധം മനസ്സിലാക്കി സന്യാസദാരിദ്ര്യം അഭ്യസിക്കണം. സന്യാസദാരിദ്ര്യത്തിൽ ലളിതമായ ജീവിതവും, ജീവിത സാഹചര്യങ്ങളും പെരുമാറ്റ സാധനങ്ങളും മറ്റുംകൊണ്ടു് തൃപ്തരാകുക. പ്രത്യേകിച്ചും സാധാരണക്കാരുടെ ജീവിതനിലവാരം പുലർത്തുവാൻ സന്യാസികൾ പരിശ്രമിക്കണം. അതിനാൽ വൃത്തിഹീനമായ വസ്ത്രങ്ങൾ ധരിക്കണമെന്നോ, പട്ടിണി കിടക്കണമെന്നോ വിവക്ഷയില്ല. ഒരു സാമ്രാജ്യത്തിന്റെ ഉടമയായിക്കൊണ്ടു് നമുക്കു് ദരിദ്രരായിരിക്കുവാൻ സാധിക്കുമെന്നാണു് വി. ഡോമിനിക്കു് പ്രസ്താവിച്ചിട്ടുള്ളതു്. വി. പത്താം

3. Rev- Fr. Vitus Gaini. O. F. M. For a letter Religious life. P. 122.

പീയൂസും, ജോൺമാപ്പാപ്പായും അവരുടെ ബാല്യകാലത്തു ണ്ടായിരുന്ന ദാരിദ്ര്യചൈതന്യം പത്രോസിന്റെ സിംഹാസനത്തിൽ വാണിരുന്നപ്പോഴും പ്രകടിപ്പിച്ചിരുന്നു. ഭക്ഷണം, വസ്ത്രം, രോഗചികിത്സ, പെരുമാറ്റസാധനങ്ങൾ മുതലായവയിൽ ദാരിദ്ര്യത്തിന്റെ പരിമിതികൾ അനുഭവപ്പെടുമ്പോൾ അതിനെ സന്തോഷപൂർവ്വം അഭിമുഖീകരിക്കുവാനുള്ള സന്നദ്ധത ഉണ്ടാകണം. ''ദാരിദ്ര്യംവഴി സ്വർഗ്ഗരാജ്യം ഇപ്പോൾ ഇവിടെ സമാഗതമായി എന്നു പ്രഖ്യാപിക്കുന്നു. ഒന്നാമതായി ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ.'' ഇതെല്ലാം കൂട്ടിച്ചേർത്തു തരപ്പെട്ടം (വി. മത്താ. VI)

എല്ലാ ഭൗമികമായ ജീവിത സാഹചര്യങ്ങൾക്കും അതീതരായി വർത്തിക്കുവാൻ നാം പ്രാപ്തരാകണം. എന്നാൽ സന്യാസികൾ പോലും പ്രസ്തുത സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനു വിധേയരായി വർത്തിക്കുമ്പോൾ സാധാരണ ജനങ്ങൾ തങ്ങളുടെ ആകുലചിന്തകൾ പ്രദർശിപ്പിക്കുന്നതിൽനിന്നും വിഭിന്നരല്ല. ദൈവത്തെ അല്ലാതെ എന്തെങ്കിലും വേണ്ടവൻ എത്ര ദരിദ്രനാണു്. ദൈവമല്ലാതെ മറ്റൊന്നും ഇല്ലാത്തവൻ എത്ര സമ്പന്നനാണു[4] എന്നു് വാഴ്ത്തപ്പെട്ട കർമ്മീല്ലാ ബാറ്റിസ്റ്റാ പറയുന്നതു് എത്ര അന്വർത്ഥം.

സന്യാസദാരിദ്ര്യംവഴി താഴ്ന്ന ഒരു മണ്ഡലത്തിൽ നാം ചിലതെല്ലാം പരിത്യജിക്കുന്നു. എന്നാൽ ഉന്നതമായ മണ്ഡലത്തിൽ അനേകമടങ്ങു് നമുക്കു ലഭിക്കുന്നു. ''എന്നെപ്രതി തന്റെ അപ്പനെയോ അമ്മയേയോ പരിത്യജി

4. Religious life after II Vatican. Daughters of St. Paul. P. 170.

ക്കുന്നവനു് ഒന്നിനു് ന്യൂനിരട്ടിയും വരുവാനിരിക്കുന്ന ലോകത്തിൽ നിത്യായുസ്സും ലഭിക്കുമെന്നു് ദിവ്യഗ്രന്ഥം അരുളിച്ചെയ്തിട്ടുണ്ടു്. (വി. മക്കോ. x 28–30) ഇന്നത്തെ ജീവിതരീതിയിൽ അനുവാദവും കൂട്ടമായ ജീവിതമുറയുമാണു് സന്യാസദാരിദ്ര്യത്തെ പരിരക്ഷിക്കുന്നതു്. അനുവാദത്തെ സംബന്ധിച്ചിടത്തോളം മേലധികാരികളും ഉദാരമായി വർത്തിക്കേണ്ടതാണു്. എന്നാൽ ഓരോ സന്യാസിയും ഉത്തരവാദിത്വപൂർണ്ണമായി ദാരിദ്ര്യം അഭ്യസിക്കുവാൻ സന്നദ്ധരാകണം. നിസ്സാരമായ വസ്തുക്കളോടുള്ള അതിരുകടന്ന സ്നേഹംപോലും നമ്മെ ദൈവസ്നേഹത്തിൽനിന്നും അകറ്റുന്നതിനിടയായേക്കാം. ''പ്രിയ മക്കളെ, ഇന്നത്തെ ലോകത്തിന്റെ ആവശ്യങ്ങളും മിശിഹായോടുള്ള ഹൃദയംഗമമായ ഐക്യത്തിലൂടെ അനുഭവിച്ചറിയുവാൻ കഴിയുമ്പോഴും മാത്രമാണു് അതു നിങ്ങളുടെ ദാരിദ്ര്യാഭ്യസനത്തിനു് കൂടുതൽ ആഴവും വ്യാപ്തിയും പ്രദാനം ചെയ്യുന്നതു് എന്ന വസ്തുത നിങ്ങളും പ്രത്യേകം സ്മരിക്കണം. ചുറ്റും വസിക്കുന്ന സഹോദരങ്ങളുടെ സാമാന്യജീവിതരീതി കണക്കിലെടുത്തുകൊണ്ടു് നിങ്ങളുടെ ജീവിതനിലവാരം അവരുടേതിനോടു് പൊരുത്തപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതേപ്പറ്റി സംശയിക്കാനില്ല. എന്നിരുന്നാലും നിങ്ങളുടെ ചുറ്റുപാടുകളോടുള്ള അനുരൂപണത്തിൽ മാത്രമാണു് ദാരിദ്ര്യം അടങ്ങിയിരിക്കുന്നതു് എന്നു വരുന്നതു ശരിയല്ല. [5]

---

5. ആറാം പൗലോസു് മാർപ്പാപ്പായുടെ സന്യാസികൾക്കുള്ള ഉപദേശം. റവ. ഫാ. സീലാസു് സി. എം. ഐ. (നവീകരണം സന്യാസത്തിൽ. No. 22)

അദ്ധ്യായം ഇരുപത്തിഒന്നു്

സന്ന്യാസസഭയുടെ ചൈതന്യം

നമ്മുടെ കർത്താവിനെ സമീപിച്ചു് യുവാവു് ചോദിക്കുകയുണ്ടായി ഗുരോ നിത്യായുസ്സു് പ്രാപിക്കുവാൻ ഞാൻ എന്താണു് ചെയ്യേണ്ടതു്? ഉടനെ ദിവ്യഗുരു അരുളിച്ചെയ്തു. നീ നിത്യായുസ്സു് പ്രാപിക്കുവാൻ മനസ്സാകുന്നെങ്കിൽ പ്രമാണങ്ങളെ അനുഷ്ഠിക്കുകഎന്നു്. (വി. മത്തായി. XIX. 19-22) ഒരു സമൂഹത്തിന്റെ നന്മയിൽ ഉത്തരവാദപ്പെട്ടവർ പൊതു നന്മയ്ക്കായി എർപ്പെടുത്തുന്ന ബുദ്ധിപൂർവ്വകമായ ക്രമീകരണമാണു് നിയമം. നിയമങ്ങളെ ദൈവീകം മാനുഷീകം എന്നു് രണ്ടായി തരം തിരിക്കാം. ദൈവീക നിയമങ്ങളെ സാർവ്വത്രികവും അചഞ്ചലവുമാണു്. മാനുഷീക നിയമങ്ങളെ തിരുസഭാ നിയമങ്ങളെന്നും സിവിൽ നിയമങ്ങളെന്നും വീണ്ടും വിഭജിക്കാം.

ഒരു സന്ന്യാസസഭയുടെ നിയമം തിരുസഭ അംഗീകരിക്കുമ്പോൾ ആ നിയമം അനുസരിച്ചു് ജീവിക്കുന്നവർ പുണ്യപരിപൂർണ്ണത പ്രാപിക്കുമെന്നുള്ള ഒരു പരോക്ഷമായ പ്രഖ്യാപനവും അതു് ഉൾക്കൊള്ളുന്നുണ്ടു്. സന്ന്യാസ സഭാനിയമങ്ങളെ അതിൽ തന്നെ പാപത്തിൻകീഴു് കടപ്പെടുത്തുന്നില്ല വ്രതത്തോടും ദൈവീകപ്രമാണങ്ങളോടും ബന്ധപ്പെടാത്തിടത്തോളം. എന്നാൽ നിയമത്തോടൊ അധികാരത്തോടൊ ഉള്ള വിദ്വേഷം നിമിത്തം നിയമം ലംഘിച്ചാൽ അതു്

എപ്പോഴും ഗൗരവതരമായ പാപമായിരിക്കും. സുവിശേഷത്തിന്റെ ഒരു നിശ്ചിത്യസാഹചര്യത്തിലുള്ള വ്യാഖ്യാനമാണു് സന്യാസസഭാനിയമങ്ങളം. പൊതുനന്മയാണു് നിയമത്തിന്റെ എല്ലാം പിന്നിലുള്ള ഉദ്ദേശ്യം, അക്കാരണത്താൽ തന്നെ നിയമം പരിപാവനമായി സമാദരിക്കപ്പെടേണ്ടതാണു്.

ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം വിശ്വാസമായിരിക്കുന്നതുപോലെ സന്യാസജീവിതത്തിന്റെ അടിസ്ഥാനം നിയമത്തിലുള്ള വിശ്വാസമാണു്. സാമൂഹ്യജീവിതത്തിൽ ചില നിയമങ്ങളം അനപേക്ഷണീയമാണല്ലൊ, നിയമം നമ്മുടെ സ്വാതന്ത്ര്യത്തെ ഭഞ്ജിക്കുകയല്ല പ്രത്യുതാ, ചിലരുടെ സ്വാതന്ത്ര്യവിനിയോഗം മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിലുള്ള ഒരു കൈകടത്തലാകാതിരിക്കുവാൻ അതിനെ ശരിയായ മാർഗ്ഗത്തിലൂടെ നയിക്കുന്നു. നിയമം ഒരു ഭാരമായിട്ടാണു് നാം കാണുന്നതെങ്കിൽ അതു് എന്നും ഭാരമായിരിക്കും. എന്നാൽ നിയമത്തിന്റെ ആത്മാവു് സ്നേഹമാണു്. [1] ശിക്ഷ ഭയന്നിട്ടോ, മറേറതെങ്കിലും നാശം ഉണ്ടാകും എന്നുള്ള ചിന്തകൊണ്ടോ അല്ല സ്നേഹത്താൽ പ്രചോദിതരായിട്ടായിരിക്കണം നാം നിയമം അനുസരിക്കേണ്ടതു്. സന്യാസജീവിതം സമാശ്ലേഷിച്ചതുകൊണ്ടു് ഒരു സന്യാസി ദൈവികനിയമത്തിൽനിന്നോ സഭാനിയമത്തിൽനിന്നോ പ്രകൃതിനിയമത്തിൽനിന്നോ വിമുക്തനാകുന്നില്ല. പ്രസ്തുത നിയമങ്ങളം അനുസരിച്ചുകൊണ്ടു് പ്രാപിക്കാവുന്ന പൂർണ്ണതയെക്കാളം ഉന്നതമായ ഒരു പൂർണ്ണതയാണു് സന്യാസജീവിതം ലക്ഷ്യം വയ്ക്കുന്നതു്. ഫരിസേയരെപ്പോലെ നിയമം അക്ഷരംപ്രതി വ്യാഖ്യാനിച്ചു് അനുസരിക്കുകയല്ല നിയമത്തിന്റെ ചൈതന്യം.

1. Rev. Fr. Perrenielle O. P. Gods high ways. P. 141

എന്താണെന്നു മനസ്സിലാക്കി അതിനനുസരണമായി നിയമം അനുസരിക്കുകയാണു് ഒരു സന്യാസിയുടെ ധർമ്മം. ഒരു സന്യാസിയെ വിധിക്കുമ്പോഴും മിശിഹാ സന്യാസസഭാനിയമങ്ങളുടെ വെളിച്ചത്തിലായിരിക്കും അതു് നടത്തുക.

നിയമം ദൈവതിരുമനസ്സു് നമുക്കു കാണിച്ചു തരുന്ന ഒരടയാളമാണു്. ദൈവതിരുമനസ്സാകുമ്പോഴും ഏറ്റവും നിസ്സാരമായ നിയമവും സുപ്രധാനമാണു്. കർത്താവേ, കർത്താവേ, എന്നു് വിളിക്കുന്നവനല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക. പ്രത്യുത സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം നിവർത്തിക്കുന്നവനാരോ അവനാണു് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക. സന്യാസസഭാനിയമങ്ങളും ഒരു സന്യാസിയെ സംബന്ധിച്ചിടത്തോളം ദൈവതിരുമനസ്സാണെന്നു മനസ്സിലാക്കി അതനുസരിക്കുമ്പോഴും വളരെ വലിയ വിശുദ്ധിക്കു സഹായകമാണു്.

ഏലീശ്വാനിവ്യാ ഇസ്രായേലിൽ ജീവിച്ചിരുന്നപ്പോഴും സിറിയാക്കാരനായ നാമാൻ കുഷ്ഠരോഗത്തിൽ നിന്നും ഏലീശ്വാ അത്ഭുതം പ്രവർത്തിച്ചു് സുഖപ്പെടുത്തുമെന്നു കരുതിവന്നു. നാമാൻ വന്നപ്പോഴും ഏലീശ്വാനിവ്യാ നാമാനോടു് യോർദ്ദാൻ നദിയിൽപോയി ഏഴു പ്രാവശ്യം കുളിക്കുന്നതിനാണു് ആവശ്യപ്പെട്ടതു്. അപ്പോഴും നാമാൻ അയാളുടെ പരിചാരകനോടു് പറഞ്ഞു സിറിയായിൽ ഇതിലും നല്ല വെള്ളമുണ്ടു്. പിന്നെ എന്തിനാണു് യോർദ്ദാനിൽ കുളിക്കുവാൻ ആവശ്യപ്പെട്ടതു്?. അതിനാൽ നാമാൻ അസന്തുഷ്ടനായി കുളിക്കാതെ തിരിച്ചു പോകുവാനാണു് തീരുമാനിച്ചതു്. അപ്പോഴും അദ്ദേഹത്തിന്റെ ഭൃത്യൻ ഇപ്രകാരം പ്രതിവചിച്ചു. യജമാനനെ ദീർഘദർശി ഇതിലും വലിയ സംഗതി ആവശ്യപ്പെട്ടാൽ

നാം ചെയ്യുമായിരുന്നു. എന്നാൽ അദ്ദേഹം ആവശ്യപ്പെട്ട ഈ നിസ്സാരസംഗതി നമുക്കു ചെയ്യാനോക്കാം. (II രാജാ. v 1-19) നാമാൻ അപ്രകാരം ചെയ്യുതിനാൽ അദ്ദേഹം രോഗവിമുക്തനായി. ഇതുപോലെതന്നെ സന്യാസസഭാ നിയമങ്ങളും അതിൽതന്നെ നിസ്സാരമാണെങ്കിലും അതു നമ്മെ വിശുദ്ധിയിലേയ്ക്കു നയിക്കും. ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ടല്ലൊ. അല്പത്തിൽ വിശ്വസ്തനായിരിക്കുന്നവൻ അധികത്തിലും വിശ്വസ്തനായിരിക്കും. അല്പത്തിൽ അവിശ്വസ്തൻ അധികത്തിലും അവിശ്വസ്തനായിരിക്കും. ചെറിയ കായ്ങ്ങളും ചെറിയ കായ്ങ്ങളുതന്നെ. പക്ഷെ ചെറിയ കായ്ങ്ങളിലുള്ള വിശ്വസ്തതയിൽ വലിയ ഒരു മഹത്വമുണ്ടു് എന്നു് വി. ആഗ്രസ്തീനോസു് പ്രസ്താവിക്കുന്നു. ''Little things make perfection'' ചെറിയ കായ്ങ്ങളിലാണു് പൂർണ്ണത അടങ്ങിയിരിക്കുന്നതു്.

ഒരു സന്യാസസഭയുടെ ചൈതന്യത്തിൽ നിയമത്തിനു് സുപ്രധാനമായ ഒരു പങ്കുണ്ടു്. അതിനാൽ ഓരോരുത്തരും അവരവരുടെ സന്യാസസഭയെ സ്നേഹിക്കുകയും അതിന്റെ നിയമങ്ങളും പൂജ്യമായി അനുസരിക്കുകയും ചെയ്യേണ്ടതാണു്. 'Keep the rules and the rules will keep you' നീ നിയമം പാലിക്കുക നിയമം നിന്നെ സുരക്ഷിതനായി കാത്തുകൊള്ളും. വത്തിക്കാൻ സൂനഹദോസിന്റെ നവീകരണദൗത്യം ശരിയായി മനസ്സിലാക്കി നിയമങ്ങളും നവീകരിക്കണം. പക്ഷേ ഓരോരുത്തരും നിയമം എടുത്തു് സ്വന്തം അഭീഷ്ടം അനുസരിച്ചു് വ്യാഖ്യാനിച്ചാൽ സന്യാസ ജീവിതത്തിനു് അതു് വലിയ ഭീഷണിയാണു്. നിയമങ്ങളും വർദ്ധിപ്പിക്കുകയല്ല, ഉള്ള നിയമങ്ങളും കൃത്യമായി അനുസരിക്കുകയാണു് ആവശ്യം. നവീകരണം പോരെന്നുള്ള വ്യാജേന സകല

നിയമങ്ങളും ലംഘിക്കുന്നതും സന്യാസചൈതന്യത്തിന്റെ അഭാവമാണു്.

പഴയതെല്ലാം തെറ്റാണു്, പുതിയതു മാത്രമാണു് ശരി എന്നു കരുതുന്നതു് പൂർണ്ണമായും സത്യമായിരിക്കുകയില്ല. പുരോഗമനം സന്യാസജീവിത ലക്ഷ്യത്തിനു് സഹായകമായിരിക്കണം. സന്യാസസംഘടയുടെ നിയമങ്ങളും അനുസരിക്കുന്നതു് വിശുദ്ധിയിലേയ്ക്കുള്ള ഏറ്റവും സുഗമമായ ഒരു മാർഗ്ഗമാണു്.

വിശ്വാസത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ഓരോ നിയമവും വളരെ പ്രാധാന്യമുള്ളതായിക്കാണും. എന്നാൽ വിശ്വാസ ചൈതന്യമില്ലെങ്കിൽ അതു് കേവലം അർത്ഥരഹിതമായ ചില നിർദ്ദേശങ്ങളായി തോന്നും. ഇന്നു് പുരോഗമനത്തിന്റെ പേരിൽ നിയമങ്ങളെഅനാദരിക്കുന്നതു് കാണാം. ഇൻസ്റ്റിറ്റ്യൂഷണലിസത്തിലേയ്ക്കു് സന്യാസത്തെ നിപതിപ്പിക്കുമെന്നുപറഞ്ഞു് നിയമങ്ങളെ ലംഘിക്കുന്നതും ഭംഗിയല്ല. അധികാരികളും തങ്ങളുടെ ജീവിതമാതൃകയും നിർദ്ദേശങ്ങളും വഴി നിയമാനുഷ്ഠാനത്തിനു് പ്രോത്സാഹനം നല്കേണ്ടതാണു്. ന്യായമായ ആവശ്യമുള്ളപ്പോഴല്ലാതെ നിയമത്തിൽ നിന്നു് ഒഴിവു് കൊടുക്കാതിരിക്കണം. വി. മേരി മഗ്ദലേനാ ദേ പാസിയുടെതായി വി. അല്ഫോൻസു് രേഖപ്പെടുത്തുന്ന നിയമത്തെ ദൈവീകമായി കരുതുക. നിങ്ങളും മാത്രമാണു് നിയമം അനുസരിക്കേണ്ടതു് എന്നും പരിഗണിക്കണം. മറ്റുള്ളവർ അനുസരിക്കാത്തതിനു് പരിഹാരമായി ഞാൻ നിയമം അനുഷ്ഠിക്കണമെന്നുള്ള ചിന്തയോടുകൂടി നിയമങ്ങളും ആദരിക്കുക. [2]

ഇന്നത്തെ ചിന്താഗതി കഴിവതും നിയമങ്ങളും കുറയ്ക്കുകയും എന്നാൽ ഉള്ള നിയമങ്ങളും കൃത്യമായി അനുസരി

---

2. Rev. Fr. Louis Collins. Practice of the Rule. Chap. V

ക്കുകയും ചെയ്യുക എന്നതാണ്. വ്യക്തികൾക്കു കഴിവതും ഉത്തരവാദിത്വബോധം ഉളവാക്കി പരമാവധി സ്വാതന്ത്ര്യം നല്കുകയും ചെയ്യണം. എന്നാൽ യാതൊരു നിയമവുമില്ലാതിരിക്കുക സന്യാസജീവിതത്തിനനുയോജ്യമല്ല. നിയമാനുഷ്ഠാനം വിശുദ്ധിക്കുള്ള ഒരു മാർഗ്ഗമാണ്. നിയമത്തോടുള്ള വിശ്വസ്തത വളരെ വലിയ ത്യാഗം ആവശ്യപ്പെട്ടേക്കാം. സന്യാസസഭാ നിയമങ്ങളം നവീകരിക്കുമ്പോഴും സന്യാസസഭയുടെ ലക്ഷ്യം, ചൈതന്യം, പ്രവർത്തനം, പരമ്പര്യം എന്നിവ പരിഗണിക്കേണ്ടതാണ്.

വത്തിക്കാൻ സൂനഹദോസും സന്യാസസഭാനിയമങ്ങളം നവീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ അവസരം വിനിയോഗിച്ചുകൊണ്ട് സഭയുടെ ചൈതന്യത്തിനും ചരിത്രത്തിനും പാരമ്പര്യത്തിനും വിരുദ്ധമായ നിയമനിർമ്മിതി നടത്തിയാൽ അതും കൗൺസിലിനോട് വിശ്വസ്തമായിരിക്കുകയില്ല. പ. പിതാവും സന്യാസനവീകരണത്തെ സംബന്ധിച്ച് 1971-ൽ നല്കിയിട്ടുള്ള ഉപദേശം സന്യാസസഭയുടെ വ്യക്തിത്വത്തെ നിഹനിക്കാത്ത നവീകരണമെ നടത്താവു എന്നു പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു.

കാല ദേശ സംസ്കാരികമായ ചില അനുരൂപണങ്ങളും ആദ്ധ്യാത്മിക നവോത്ഥാനവും ഉന്നം വച്ചുകൊണ്ടുള്ളതായിരിക്കണം നവീകരണം. സന്യാസസഭാനിയമങ്ങളം നവീകരിക്കുമ്പോഴും നാം പരിഗണിക്കേണ്ട മാനദണ്ഡം സൂനഹദോസ് സന്യാസനവീകരണ ഡിക്രിയിൽ നൽകിയിട്ടുണ്ട്. അതിനാൽ അതിന്റെയെല്ലാം പശ്ചാത്തലത്തിലായിരിക്കണം ഓരോ സന്യാസസഭയും നിയമങ്ങളം നവീകരിക്കേണ്ടത്. വത്തിക്കാൻ കൗൺസിലിനുശേഷം നവീകരണത്തിന്റെ മറയിൽനിന്നും ഏതു നിയമത്തേയും അനാദരിക്കുക എന്നതു ഇന്നു ചിലർക്ക് ഒരു പതിവാ

യിരിക്കുന്നു. കൗൺസിലിന്റെ വെളിച്ചത്തിലാണു് എ
ന്നൊരു സമാധാനവും സ്വാർത്ഥസംതൃപ്തിയുമുണ്ടു്.

സന്യാസസഭാ നിയമങ്ങളും അനുസരിക്കുന്നതു് പാപപരിഹാരത്തിനുള്ള ഒരു അവസരമാണു്. അതിനാൽ അതു് വിശുദ്ധിക്കുള്ള കുറുക്കുവഴിയാണെന്നതെ വി. അൽ ഫോൻസു്ലിഗോരി പ്രസ്താവിച്ചിട്ടുള്ളതു്. നിയമാനുഷ്ഠാ നം ഈശോസ്സു നമ്മെ പ്രിയങ്കരനാക്കി തീർക്കുന്നു. കൂടാ തെ നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളും കൂടുതൽ ഫലദായ കമാകുന്നു. ഈശോയും പ. കന്യകമറിയവും നിയമാനു ഷ്ഠാനത്തിനു് നമുക്കു് ഏറ്റവുംനല്ല മാതൃക നല്കിയിട്ടുണ്ടു്. നിയമാനുഷ്ഠാനംവഴി നാം ദൈവത്തിന്റെ രക്ഷണീയമാ യ തിരുമനസ്സിനു് വിധേയമാകുന്നു. എല്ലാ സന്യാസസ ഭയുടെയും അംഗങ്ങളുടെലക്ഷ്യം ഒന്നാണെങ്കിലും ചൈത ന്യവും പ്രവർത്തനവും വിവിധമാണു്. അതിനാൽ ഒരു കർമ്മലീത്താ സന്യാസിയിൽനിന്നും പ്രതീക്ഷിക്കുന്ന ചൈതന്യമല്ല ഒരു ഈശോസഭാംഗത്തിൽ നിന്നോ ഒരു ട്രാപിസ്റ്റു് സന്യാസിയിൽനിന്നോ പ്രതീക്ഷിക്കുന്നതു്. സന്യാസസഭയുടെ ചൈതന്യം നിണ്ണയിക്കുന്നതിൽ പല ഘട്ടങ്ങളുമുണ്ടു്. നിയമമാണു് ചൈതന്യത്തെ നിണ്ണയി ക്കുന്ന ഒരു ഘടകം. പിന്നീടു് സഭയുടെ പ്രവർത്തനം, സ്ഥാപകന്റെ ജീവിതം, പാരമ്പര്യം, ചരിത്രം എന്നിവ യെല്ലാം പരിഗണിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഓരോ സന്യാസസഭാംഗവും ആ സഭയുടെ നിയമം അനുസരിക്കേ ണ്ടതു് ഏറ്റവും അത്യാവശ്യമാണു്. സ്ഥാപകപിതാക്ക ന്മാരുടെ ചൈതന്യത്തിലേയ്ക്കു് പിന്തിരിയുക എന്നതാണു് വത്തിക്കാൻ സൂനഹദോസു് നല്കിയിരിക്കുന്ന ആഹ്വാനം. എങ്കിലും സ്ഥലകാലസാഹചര്യങ്ങൾക്കനുസൃതമായ അനു രൂപീകരണങ്ങളും ആഭിമുഖ്യങ്ങളും കൂടിയേ തീരൂ.

ACHARYA PALACKAL JOSEPH MEMORIAL LIBRARY

ഗ്രന്ഥകർത്താവിന്റെ

ഇതരകൃതികൾ

മറിയം സഭാമാതാവു്

സ്വപ്നസദൃ

വിശുദ്ധ ഗ്രന്ഥം

ഇന്നത്തെ ക്രിസ്തു

സന്യാസവും വത്തിക്കാൻ സൂനഹദോസും



വത്തിക്കാൻ സൂനഹദോസിന്റെ വെളിച്ചത്തിലും സന്യാസം കാലഹരണപ്പെട്ടിട്ടില്ല. അതു് നിത്യ നൂതനമായ ഒരു ജീവിതാദർശമത്രേ. ക്രിസ്തുവിന്റെ ജീവിത മാതൃകയും പ്രബോധനങ്ങളുമാണു്. സന്യാസത്തിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനം. സന്യാസം ദൈവത്തിലും സഭയിലും കേന്ദ്രീകൃതമായ ഒരു ജീവിതമത്രേ. നവീകരണ പ്രക്രിയയിൽ നാം ക്രിസ്തുവിനോടും സഭയോടും കൗൺസിലിനോടും വിശ്വസ്തത പുലർത്തേണ്ടതു് അനുപേക്ഷണീയമാണു്. സന്യാസ വ്രതങ്ങളുടെ മൂല്യങ്ങളും പരിഗണിക്കേണ്ടിയിരിക്കുന്നു എന്നു് ഈ ഗ്രന്ഥത്തിൽ സമർത്ഥിച്ചിരിക്കുന്നു.

ഫാ. കമിൽ സി. എം. ഐ.